
atma book with a soul

കത്തോലിക്കാവിശ്വാസവും വെല്ലുവിളികളും – 3

# ഇപ്പോഴെങ്കിലും



ഡോ. മൈക്കിൾ കാരിമറ്റം



# ഇപ്പോഴെങ്കിലും

ഡോ. മൈക്കിൾ കാരിമറ്റം

2019 ഡിസംബർ മാസത്തിൽ ചൈനയിൽ ആരംഭിച്ച, കോവിഡ് - 19 എന്ന സാംക്രമികരോഗം അതിവേഗം ഒരു മഹാമാരിയായി ലോകം മുഴുവൻ വ്യാപിച്ചുകഴിഞ്ഞു. ഒന്നരവർഷം ലോകമാസകലമുള്ള ശാസ്ത്രജ്ഞന്മാർ കിണഞ്ഞു പരിശ്രമിച്ചിട്ടും ഈ മഹാമാരിയെ നിയന്ത്രണാധീനമാക്കാൻ കഴിഞ്ഞിട്ടില്ല. മനുഷ്യവംശത്തിന്റെ നിലനില്പുതന്നെ അപകടത്തിലാക്കുമാറ് ആഗോളതലത്തിൽ ഉറഞ്ഞുതുള്ളുന്ന ഈ മഹാമാരിക്കു മുന്നിൽ മനുഷ്യസമൂഹം ഒന്നാകെ ഭയന്നു വിറയ്ക്കുന്നു.

സ്വന്തമായി ഒരു ന്യൂക്ലിയസ് പോലുമില്ലാത്ത ഈ സൂക്ഷ്മജീവി ആരെയും വെറുതെ വിടുന്നില്ല, മാനിക്കുന്നുമില്ല. രാഷ്ട്രീയാധികാരികളും മതാധികാരികളും, സമ്പന്നരും ദരിദ്രരും, വൃദ്ധരും യുവാക്കളും എല്ലാം കോവിഡിനു മുന്നിൽ തുല്യർ.

ഇത്തരം ഒരു സൂക്ഷ്മജീവിയുടെ ആക്രമണത്തിലൂടെ എന്തു സന്ദേശമാണ് ദൈവം നല്കുന്നത് എന്ന്, ദൈവവചനമായ ബൈബിളിന്റെ വെളിച്ചത്തിലുള്ള ഒരന്വേഷണമാണ് ഈ ഗ്രന്ഥം. ഏറ്റുപറയുന്ന വിശ്വാസത്തിനെതിരേ ഉയരുന്ന ശക്തമായൊരു വെല്ലുവിളിയായി ഇതിനെ കാണണം. ദൈവം നിർദ്ദേശിക്കുന്ന പ്രതിവിധികൾ മനസിലാക്കി, സ്വീകരിക്കാൻ ശ്രമിക്കണം. ഇപ്പോഴെങ്കിലും മനസു തിരിയാൻ, വഴിമാറാൻ തയ്യാറാകണം. വസ്ത്രമല്ല, ഹൃദയമാണ് കീറേണ്ടത്.

atma books
Parayanchery, Kozhikode - 673 016
Ph: +0495 4022600
+91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

atma book with a soul

ISBN: 978-93-90790-73-9

₹ 190

Available at: amazon.in & atmabooks.com

Scripture

കത്തോലിക്കാവിശ്വാസവും വെല്ലുവിളികളും – 3

# ഇപ്പോഴെങ്കിലും

# ഡോ. മൈക്കിൾ കാരിമറ്റം

പതിനഞ്ചു വർഷക്കാലം തലശ്ശേരി അതിരൂപതയിൽ ബൈബിൾ അപ്പോസ്റ്റൊലേറ്റിന്റെ ഡയറക്ടറായും നാലുവർഷം മുരിങ്ങൂർ ഡിവൈൻ ബൈബിൾ കോളജിന്റെ പ്രിൻസിപ്പലായും പ്രവർത്തിച്ച ഡോ. മൈക്കിൾ കാരിമറ്റം 2002 മുതൽ തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിൽ അദ്ധ്യാപകനായി സേവനം ചെയ്തുവരുന്നു.

മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ ബൈബിൾ വ്യാഖ്യാനമായ ആൽഫാ ബൈബിൾ കമന്ററിയുടെ ചീഫ് എഡിറ്റർ കൂടിയാണ് അദ്ദേഹം.

**ഞങ്ങൾ പ്രസാധനം ചെയ്ത ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ**

1. അങ്ങയുടെ ചിറകിൻ കീഴിൽ
2. വെളിപാടുപുസ്തകം ഒരു വ്യാഖ്യാനം
3. കുരിശിന്റെ സുവിശേഷം
4. ആത്മാക്കളുടെ ലോകം
5. പുതിയനിയമത്തിലെ സ്ത്രീകൾ
6. കഴുതകൾ സംസാരിക്കുമ്പോൾ
7. നസ്രത്തിൽനിന്നൊരു പ്രവാചകൻ
8. കാണാപ്പുറം
9. പരാജിതരുടെ സുവിശേഷം
10. വിശ്വാസത്തിന്റെ വേരുകൾ
11. 101 വാഗ്ദാനങ്ങൾ
12. ഗുരുമൊഴികൾ
13. പാതയിൽ പ്രകാശം
14. പ്രത്യാശയിൽ സന്തോഷം
15. ദൈവം, ദൈവപുത്രൻ, ദൈവമാതാവ്
16. മോശയെപ്പോലെ ഒരു പ്രവാചകൻ

# ഇപ്പോഴെങ്കിലും

## ഡോ. മൈക്കിൾ കാരിമറ്റം

atmabooks@gmail.com

Malayalam
Ippozhengilum
(Scripture)
Author: Dr. Michael Karimattam
Copyright: Author

Layout: Sheeja M
Cover Design: Sreejith George

First Published: May 2021

ISBN: 978-93-90790-73-9

Printed, Published & Distributed by

Pavanatma Publishers Pvt. Ltd.
Parayanchery, Kuthiravattam (P.O.)
Kozhikode - 673 016
Ph: +91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

# ഉള്ളടക്കം


| | | |
|---|---|---|
| | ആമുഖം | 07 |
| 1. | കോവിഡ് - 19: ദൈവശാപമോ ശിക്ഷയോ അതോ സാത്താന്റെ സൃഷ്ടിയോ? | 11 |
| 2. | മനുഷ്യന്റെ മഹത്വം | 20 |
| 3. | ആധിപത്യം - ഉത്തരവാദിത്വം | 29 |
| 4. | മണ്ണും മനുഷ്യനും | 36 |
| 5. | മണ്ണിനു ശാപം | 45 |
| 6. | രക്തം കുടിച്ച ഭൂമി | 55 |
| 7. | കായേൻ ഇന്ന് | 61 |
| 8. | ദൈവത്തിന്റെ ദുഃഖം | 78 |
| 9. | തീമഴ | 85 |
| 10. | നിലവിളി കേൾക്കുന്ന ദൈവം | 94 |
| 11. | മരുഭൂമിയിലെ പ്രലോഭനങ്ങൾ | 103 |
| 12. | അനുഗ്രഹവും ശാപവും | 115 |
| 13. | പ്രവാചക വീക്ഷണം | 126 |
| 14. | പുതിയനിയമത്തിൽ | 156 |
| | ഉപസംഹാരം | 179 |

# ആമുഖം

*"കർത്താവ് അരുളിച്ചെയ്യുന്നു: ഇപ്പോഴെങ്കിലും ഉപവാസത്തോടും വിലാപത്തോടും നെടുവീർപ്പോടും കൂടെ നിങ്ങൾ പൂർണഹൃദയത്തോടെ തിരിച്ചുവരുവിൻ, നിങ്ങളുടെ ഹൃദയമാണ് വസ്ത്രമല്ല കീറേണ്ടത്. നിങ്ങളുടെ ദൈവമായ കർത്താവിങ്കലേക്കു മടങ്ങിവരുവിൻ"* (ജോയേൽ 2, 12-13).

കത്തോലിക്കാ വിശ്വാസവും വെല്ലുവിളികളും എന്ന പരമ്പരയിലെ മൂന്നാമത്തെ പുസ്തകമാണിത്. കത്തോലിക്കാ വിശ്വാസത്തിനെതിരേ വിവിധ മേഖലകളിൽനിന്നുയരുന്ന ചോദ്യങ്ങൾക്കും വെല്ലുവിളികൾക്കും, ബൈബിളിന്റെയും കത്തോലിക്കാസഭയുടെ ആധികാരിക പ്രബോധനങ്ങളുടെയും വെളിച്ചത്തിൽ ഉത്തരം കണ്ടെത്താനും മറുപടി നല്കാനും വിശ്വാസികളെ സഹായിക്കുക എന്നതാണ് ഈ പഠന പരമ്പരയുടെ മുഖ്യലക്ഷ്യം.

കത്തോലിക്കാ വിശ്വാസത്തിനെതിരേയുള്ള വെല്ലുവിളികൾ മുഖ്യമായും ഇതരമതസ്ഥരിൽ നിന്നും, ക്രിസ്ത്യാനികൾ എന്ന് സ്വയം വിശേഷിപ്പിക്കുകയും എന്നാൽ കത്തോലിക്കാസഭയുടെ പല പ്രബോധനങ്ങളെയും ചോദ്യംചെയ്യുകയും നിഷേധിക്കുകയും ചെയ്യുന്ന അകത്തോലിക്കരിൽനിന്നുമാണുയരുന്നത്. അതോടൊപ്പം, ദൈവാസ്തിത്വം തന്നെ നിഷേധിക്കുന്ന നിരീശ്വരവാദികളും മനുഷ്യബുദ്ധിയിൽ മാത്രം ആശ്രയിക്കുന്ന യുക്തിവാദികളും സഭയുടെ വിശ്വാസത്തിനെതിരേ ഉയർത്തുന്ന ചോദ്യങ്ങളുമുണ്ട്.

ഇവയെല്ലാം തന്നെ വിശ്വാസികൾ പുറമേനിന്ന് നേരിടുന്ന വെല്ലുവിളികളാണെന്നു പറയാം. എന്നാൽ ഇവയേക്കാൾ ശക്തവും തീവ്രവും അപകടകരവും അതിനാൽ അടിയന്തിര

മായി ഉത്തരം നല്കേണ്ടതുമായ വെല്ലുവിളികളും ചോദ്യങ്ങളും വിശ്വാസത്തിനുള്ളിൽ നിന്നുതന്നെ ഉയരുന്നുണ്ട്. ഇപ്രകാരം ഒരു വെല്ലുവിളിയാണ് ഈ പുസ്തകത്തിലെ ചർച്ചാവിഷയം; കോവിഡ് - 19 എന്ന മഹാമാരി. കത്തോലിക്കാവിശ്വാസത്തിനു മാത്രമല്ല, ദൈവവിശ്വാസത്തിനുതന്നെ എതിരേ ഉയരുന്ന ഒരു വെല്ലുവിളിയായി ഈ മഹാമാരിയെ കാണണം.

2020 മെയ്മാസം 5-ാം തിയതിയാണ് ലേഖന പരമ്പര എഴുതാൻ തുടങ്ങിയത്. 2020 ജൂലായ് മുതൽ വചനോത്സവം മാസികയിൽ പ്രസിദ്ധീകരണം ആരംഭിച്ചു. ഈ എഴുത്തും പ്രസിദ്ധീകരണവും തുടങ്ങിയപ്പോൾ കൊറോണ ഇത്രമാത്രം ഭീകരമാകും എന്ന് ആരും കരുതിയില്ല. രോഗനിവാരണത്തിനും പ്രതിരോധത്തിനും ആവശ്യമായ മരുന്നുകൾ താമസിയാതെ വിപണിയിൽ എത്തും, കൊറോണ പത്തിമടക്കി പിൻവലിയും എന്ന് എല്ലാവരും വിചാരിച്ചു. എന്നാൽ പ്രതീക്ഷകൾക്കു നേർവിപരീതമാണ് കൊറോണയുടെ വ്യാപനം.

ഇതു ഞാൻ എഴുതുന്നത് 2021 മെയ് 11-ാം തിയതിയാണ്. കോവിഡ് 19 എന്ന മഹാമാരിയുടെ ആഗോളവ്യാപനത്തെക്കുറിച്ച് ഇന്നു രാവിലെ സോഷ്യൽ മീഡിയാവഴി കിട്ടിയ കണക്കു ചുവടെ ചേർക്കുന്നു.

| രാജ്യം | രോഗബാധിതർ | മരിച്ചവർ | സുഖംപ്രാപിച്ചവർ |
|---|---|---|---|
| ആഗോളതലം | 15,95,96,606 | 33,17,492 | 13,72,59,864 |
| യു എസ് എ | 3,35,15,308 | 5,96,179 | 2,65,09,42 |
| ഇന്ത്യ | 2,29,91,927 | 2,50,025 | 1,90,21,207 |
| ബ്രസീൽ | 1,52,14,030 | 4,50,250 | 1,37,59,125 |

ഏറ്റം കൂടുതൽ രോഗബാധിതരും മരിച്ചവരും ലോകത്തിലെ ഏറ്റം അധികം വികസിതവും സമ്പന്നവും എന്നു കരുതപ്പെടുന്ന അമേരിക്കൻ ഐക്യനാടുകളിലാണെന്നത് ഒരു വിരോധാഭാസമായി തോന്നും. എന്നാൽ ദിവസങ്ങൾ കഴിയുന്തോറും ഇന്ത്യ ഒന്നാം സ്ഥാനത്തേക്കു കുതിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. പ്രതിദിനം നാലുലക്ഷത്തിൽപരം പേർ രോഗബാധിതരുടെ പട്ടികയിൽ പുതുതായി ചേരുന്നതു കാണുമ്പോൾ ഒന്നാം സ്ഥാനം ഇന്ത്യക്കുതന്നെ എന്ന് ഉറപ്പിക്കാം. ആഗോളതലത്തിൽ

സഹതാപവും സഹായവും ഇന്ത്യയിലേക്ക് ഒഴുകുന്നുണ്ടെങ്കിലും രോഗവ്യാപനത്തിൽ കുറവല്ല, വൻവർദ്ധനയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. 12-13 പേജുകളിൽ കൊടുത്തിരിക്കുന്ന കണക്കുകളുമായി താരതമ്യം ചെയ്താൽ ഈ മഹാമാരിയുടെ കുതിപ്പിന്റെ വേഗത വ്യക്തമാകും.

കൊറോണ വൈറസ് രാജ്യത്തു വ്യാപിക്കുന്നു എന്നു മനസിലാക്കിയ ഉടനെ ഇന്ത്യയുടെ കേന്ദ്രസർക്കാർ 2020 മാർച്ച് 26-ാം തിയതി, യാതൊരു മുന്നറിയിപ്പും കൂടാതെ ലോക്ഡൗൺ പ്രഖ്യാപിച്ചു. അതു കോടിക്കണക്കിനു ജനങ്ങൾക്കു വലിയ ദുരിതങ്ങൾക്കു കാരണമായി. എന്നാലും കുറച്ചുകാലത്തേക്കു കൊറോണയുടെ വ്യാപനം തടയാൻ സർക്കാരിന്റെ ഇടപെടൽ സഹായകമായി. കോവിഡിനെ ഇന്ത്യ പരാജയപ്പെടുത്തി എന്ന ധാരണ പരന്നു; അധികാരികൾ അഭിമാനം പങ്കിട്ടു. പക്ഷേ വരാനിരുന്ന കടുത്ത ആക്രമണത്തിന് ഒരുങ്ങിയില്ല. ഫലം ഭയാനകം എന്നേ പറയാനാകൂ. രോഗപ്രതിരോധ കുത്തിവയ്പിനുള്ള മരുന്ന് ആവശ്യത്തിൽ പകുതിപോലും ലഭ്യമല്ല. ആശുപത്രികൾ നിറഞ്ഞുകവിയുന്നു. പ്രാണവായു കിട്ടാതെ രോഗികൾ ആശുപത്രി കിടക്കകളിൽ പിടഞ്ഞുമരിക്കുന്നു; ആശുപത്രിതിണ്ണകളിലും. ഇത് എവിടെച്ചെന്ന് അവസാനിക്കും എന്നു ആർക്കും അറിയില്ല. ലോക്ഡൗൺ വീണ്ടും കർശനമാക്കി. രോഗികളെ ആശുപത്രിയിൽ എത്തിക്കാൻ പോലും കഴിയാതാകുന്നു. എത്തിച്ചാൽതന്നെ ആശുപത്രിയിൽ പ്രവേശിക്കാൻ സാധിക്കുന്നില്ല. പരിചരണത്തിലേർപ്പെടുന്ന അനേകർ മരിക്കുന്നതോടെ ഭയം എല്ലാവരെയും ഗ്രസിച്ചിരിക്കുന്നു. ഇനി എന്ത്?

ബി.സി. നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇസ്രായേൽ നേരിട്ട ഭീകരമായ വെട്ടുക്കിളിശല്യത്തിന്റെ പശ്ചാത്തലത്തിൽ ദൈവവചനവുമായി കടന്നുവന്ന ജോയേൽ പ്രവാചകന്റെ ആഹ്വാനമാണ് തുടക്കത്തിൽ ഉദ്ധരിച്ചത്. 2019 ഡിസംബറിൽ ചൈനയിൽ ആരംഭിച്ച് ഏതാനും ദിവസങ്ങൾക്കകം ലോകം മുഴുവൻ വ്യാപിച്ച കൊറോണ മഹാമാരിയും ജോയേൽ പ്രവാചകൻ നേരിൽ കണ്ട വെട്ടുക്കിളി ബാധയും തമ്മിൽ സാമ്യമുണ്ട്. ഈ സാഹചര്യത്തിൽ കൊറോണാ എന്ന മഹാമാരിയിലൂടെ ദൈവമായ കർത്താവ് എന്തു സന്ദേശമാണ് നമുക്ക് നല്കുന്നത് എന്ന ഒരു വിചിന്തനം, ദൈവ

വചനത്തിന്റെ വെളിച്ചത്തിൽ നടത്താനുള്ള ശ്രമത്തിന്റെ ഫലമാണ് ഈ പുസ്തകം. ഉൽപത്തി മുതൽ വെളിപാടുവരെയുള്ള 73 പുസ്തകങ്ങളിൽ സമാനമായ അനേകം മഹാമാരികൾ പരാമർശവിഷയമാകുന്നുണ്ട്. അവയിലൂടെ ഒന്നു കടന്നുപോയി പ്രസക്തമായ സന്ദേശം ദൈവവചനത്തിൽനിന്നു കണ്ടെത്താനുള്ള ശ്രമമാണിത്.

**ഡോ. മൈക്കിൾ കാരിമറ്റം**

# 1

## കോവിഡ് - 19: ദൈവശാപമോ ശിക്ഷയോ അതോ സാത്താന്റെ സൃഷ്ടിയോ?

കഴിഞ്ഞ ഒന്നരവർഷമായി ലോകജനതകളെ മുഴുവൻ ഭയത്തിന്റെ മുൾമുനയിൽ നിർത്തി, സംഹാരതാണ്ഡവമാടുന്ന കൊറോണാ വൈറസ് ദൈവശാപത്തിന്റെ അടയാളമെന്ന് അനേകം സുവിശേഷപ്രഘോഷകർ പഠിപ്പിക്കുന്നു. അല്ല, അതു ദൈവം അയച്ച ശിക്ഷയാണെന്നു മറ്റനേകർ. ലോകാവസാനത്തിന്റെ അടയാളമാണിതെന്നു കരുതുന്നവർ അനേകം. എന്നാൽ ഇതൊന്നുമല്ല, ഇവിടെ ദൈവം തന്നെ പരാജയപ്പെടുകയും സാത്താൻ ജയിക്കുകയും ചെയ്തിരിക്കുന്നു എന്നു പ്രഘോഷിക്കുന്നവരും ഏറെയുണ്ട്.

അവസാന നിഗമനത്തിനു പിൻബലമായി എടുത്തുകാട്ടാൻ ധാരാളം കാര്യങ്ങളുണ്ട്. എല്ലാ മതങ്ങളുടെയും ആരാധനാലയങ്ങൾ ശൂന്യമായിരിക്കുന്നു. അഞ്ചുപേരിൽ അധികം ആളുകൾ, പ്രാർത്ഥിക്കാനാണെങ്കിൽപോലും ഒരുമിച്ചുകൂടുന്നത് കുറ്റകൃത്യമായി പരിഗണിച്ച് ശിക്ഷിക്കുന്നു. ക്രൈസ്തവരെയാണ് ഇത് ഏറ്റം അധികം ഭാരപ്പെടുത്തുന്നത്. ദിവ്യബലിയിൽ പങ്കെടുക്കാൻ കഴിയുന്നില്ല. കൂദാശകൾ ഒന്നും സ്വീകരിക്കാനാവുന്നില്ല. ഒരുമിച്ചിരുന്നു പ്രാർത്ഥിക്കാൻപോലും കഴിയാത്ത സാഹചര്യം സംജാതമായിരിക്കുന്നു. ജനത്തെ ദൈവത്തിൽനിന്നകറ്റാൻ സാത്താൻ തന്നെ പടച്ചുവിട്ടതാണ് ഈ രോഗാണു എന്നു പറഞ്ഞാൽ നിഷേധിക്കാനാകുമോ?

ദൈവവചനത്തിന്റെ വെളിച്ചത്തിൽ ഇതിനെക്കുറിച്ച് എന്തു പറയാനാകും? സമാനമായ എന്തെങ്കിലും സംഭവമോ, ഇന്നത്തെ സാഹചര്യത്തിലേക്കു വെളിച്ചം പകരുന്ന എന്തെങ്കിലും സന്ദേശമോ ബൈബിളിൽനിന്നു കണ്ടെത്താനാകുമോ?

## കോവിഡ് – 19

കൊറോണ വൈറസ് ഡിസീസ് 2019 (Corona Virus Disease 2019) എന്ന വാക്കുകളുടെ ചുരുക്കെഴുത്താണ് കോവിഡ് – 19 (Covid 19). അതിശക്തമായ ശ്വാസതടസ്സം (Strong Acute Respiratory Symptom - SARS) എന്ന രോഗവിഭാഗത്തിൽ പെട്ടതാണ് 2019 ഡിസംബർ ആരംഭത്തിൽ, മധ്യ ചൈനയിലെ ഹുവെയ് (Huvei) പ്രവിശ്യയുടെ തലസ്ഥാനമായ വുഹാൻ (Wuhan) നഗരത്തിൽ പ്രത്യക്ഷപ്പെട്ട കൊറോണാ വൈറസ് രോഗം. കിരീടം എന്നാണ് കൊറോണാ എന്ന ലത്തീൻ വാക്കിന്റെ അർത്ഥം. രോഗവാഹിയായ വൈറസിന്റെ ആകൃതിയാണ് ഈ പേരു നല്കാൻ ശാസ്ത്രജ്ഞന്മാർക്കു പ്രചോദകമായത്. പനി, ചുമ, ശ്വാസതടസ്സം, പേശികൾക്കു വേദന, കഫം, മൂക്കൊലിപ്പ്, തൊണ്ടവേദന, വയറിളക്കം മുതലായവയാണ് രോഗലക്ഷണങ്ങൾ. ഈ രോഗം ശക്തിയാർജ്ജിക്കുമ്പോൾ ശ്വാസകോശത്തെ ബാധിക്കുന്ന ന്യൂമോണിയാ ആയി രൂപപ്പെടും; ആന്തരികാവയവങ്ങൾ ഒന്നൊന്നായി നിഷ്ക്രിയമാകും. വ്യക്തവും കൃത്യമായി ഫലപ്രദവുമായ ഒരു ചികിത്സാരീതിയോ മരുന്നോ ഇനിയും കണ്ടുപിടിക്കപ്പെട്ടിട്ടില്ല. അതിവേഗം വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ മാരകരോഗം ലോകജനതകളെ മുഴുവൻ വലിയ ഭീതിയിൽ ആഴ്ത്തിയിരിക്കുന്നു എന്നതിനു സംശയമില്ല.

2019 ഡിസംബർ ആരംഭത്തിൽ ചൈനയിൽ തുടങ്ങിയ ഈ രോഗം ഇതിനോടകം ലോകത്തിലെ മിക്കവാറും എല്ലാ രാജ്യങ്ങളിലേക്കും വ്യാപിച്ചുകഴിഞ്ഞു. 2020 മെയ് നാലാം തിയതി ലോകാരോഗ്യസംഘടന (World Health Organization - WHO) പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് ലോകരാഷ്ട്രങ്ങളും സ്വതന്ത്ര മേഖലകളും ഉൾപ്പെടുന്ന 212 രാജ്യങ്ങളിൽ കൊറോണാ രോഗം സ്ഥിരീകരിച്ചു കഴിഞ്ഞു. ഉത്തരകൊറിയയും മറ്റുചില കൊച്ചുരാജ്യങ്ങളും ഈ രോഗങ്ങളെക്കുറിച്ച് യാതൊരു രേഖകളും പുറത്തുവിട്ടിട്ടില്ല; അതിനാൽ അവ രോഗവിമുക്തമാണെന്നു തീർച്ചയാക്കാനാവില്ല.

2020 മെയ് 4 ന്റെ കണക്കിൻപ്രകാരം ലോകമാകെ 35,95,567 പേർക്കു രോഗം ബാധിച്ചു. അതിൽ 2,49,225 പേർ മരിച്ചു. 11,66,556 പേർ രോഗമുക്തരായി. അമേരിക്ക (USA) ആണ് രോഗികളുടെ കണക്കിൽ മുൻപന്തിയിൽ. 11,92,216 പേർക്കു രോഗം ബാധിച്ചു;

68,745 പേർ മരിച്ചു. തൊട്ടുപിന്നാലെ സ്പെയിൻ – 24,830/25,428; ഇറ്റലി – 2,10,717/28,884, ഫ്രാൻസ് – 1,68,699/24,895 ഇങ്ങനെ പോകുന്നു കണക്കുകൾ. വികസിത രാജ്യങ്ങൾ എന്നറിയപ്പെട്ടിരുന്ന പാശ്ചാത്യലോകത്തെ രാജ്യങ്ങളിലാണ് രോഗികളുടെയും മരിച്ചവരുടെയും എണ്ണം ഏറ്റം കൂടുതൽ. മൊത്തം സംഖ്യയുടെ മൂന്നിൽ ഒരു ഭാഗം USA യിൽ നിന്നാണെന്നതു തീർച്ചയായും ആശ്ചര്യം ഉളവാക്കുന്നു.

പല രാജ്യങ്ങളിലും പുതിയ രോഗികളുടെയും ഈ രോഗം മൂലം മരിക്കുന്നവരുടെയും എണ്ണം കുറയുന്നുണ്ടെങ്കിലും മറ്റു രാജ്യങ്ങളിൽ അതു വർദ്ധിച്ചുവരുന്നത് വീണ്ടും ഉൽകണ്ഠാജനകം തന്നെ. രോഗവ്യാപനം നിർബാധം തുടരുന്നതുവഴി അനിർവചനീയമായ ക്ലേശങ്ങളിലൂടെയാണ് ലോകജനസംഖ്യയിൽ ഭൂരിഭാഗവും കടന്നുപോകുന്നത്. ജോലി നഷ്ടപ്പെട്ടവർ, അനുദിനാഹാരത്തിനു വഴി കാണാത്തവർ, ദാരിദ്ര്യം, പട്ടിണി, വിദേശങ്ങളിലും അന്യസംസ്ഥാനങ്ങളിലും കഴിയുന്നവരുടെ ദുരിതങ്ങൾ, അവരെക്കുറിച്ച് ഓർത്തു വീട്ടിലിരുന്നു തീതിന്നുന്നവർ. കേരളത്തിൽത്തന്നെ പ്രവാസികളുടെ മടങ്ങിവരവും അന്യസംസ്ഥാനക്കാരുടെ തിരിച്ചുപോകലും എല്ലാം വരുത്തിത്തീർക്കുന്ന ക്ലേശങ്ങൾ, പ്രശ്നങ്ങൾ.

എല്ലാം ശാന്തമായി കൈകാര്യം ചെയ്യാൻ ശ്രമിക്കുമ്പോഴും ഉൽക്കണ്ഠയിലും ഭീതിയിലും ഭാവിയെ സംബന്ധിച്ച അവ്യക്തതയിലും ആണ്ടുപോകുന്ന അധികാരികൾ. എന്നാണിതിനൊരു ശമനമുണ്ടാകുക? ഇതിനുശേഷം എന്തായിരിക്കും സംഭവിക്കുക? കഴിഞ്ഞ നൂറുവർഷത്തിനിടയിൽ ഉണ്ടാകാത്തത്ര ഭീകരമായ ദാരിദ്ര്യവും പട്ടിണിയും അനുബന്ധരോഗങ്ങളും ഉണ്ടാകുമെന്ന് പ്രവചിക്കുന്നവർ. തകർന്നടിയുന്ന സാമ്പത്തികക്രമങ്ങൾ, വില കെട്ടുപോകുന്ന ഷെയറുകൾ, കൂപ്പുകുത്തുന്ന ഷെയർമാർക്കറ്റുകൾ, എല്ലായിടത്തും അന്ധകാരം നിറയുന്ന, ഭീതിജനകമായ അന്തരീക്ഷം.

ഫലപ്രദമായ ചികിത്സയും രോഗനിരോധന മരുന്നുകളും കണ്ടെത്താൻ അനേകം മാസങ്ങൾ വേണ്ടിവരും എന്നു ശാസ്ത്രജ്ഞന്മാർ. അതേസമയം കണ്ടുപിടിക്കാൻ പോകുന്ന മരുന്നിന്റെ കുത്തകാവകാശം (Patent) സ്വന്തമാക്കാൻ ശ്രമിക്കുന്ന കമ്പനികൾ, നേതാക്കന്മാർ, മുഖാവരണം ചികിത്സയ്ക്കുള്ള ഉപകരണ

ങ്ങൾ മുതലായവ നിർമ്മിച്ച് ടൺകണക്കിനു കയറ്റി അയച്ചു സ്വത്തു സമ്പാദിക്കുന്ന കമ്പനികൾ. എല്ലാം, മരണംപോലും, ധന സമ്പാദന മാർഗ്ഗമായി ഉപയോഗിക്കപ്പെടുമ്പോൾ ഇവിടെ സാത്താൻ വിജയിക്കുകയല്ലേ എന്ന ചോദ്യം തികച്ചും പ്രസക്ത മാകുന്നു.

കൊറോണാ വൈറസ് രോഗം മരണം വിതച്ച് കുതിച്ചുപാ യുമ്പോൾ അതിന്റെ ഉത്ഭവത്തെക്കുറിച്ചുതന്നെ ഭീതിജനകമായ ചില വിവരണങ്ങളും വിശദീകരണങ്ങളും കേൾക്കുന്നു. ആണ വായുധങ്ങൾക്കും രാസായുധങ്ങൾക്കും ശേഷം അവയെക്കാൾ ചിലവു കുറഞ്ഞതും അതേസമയം ആയിരമിരട്ടി വിനാശക വുമായ ജൈവായുധങ്ങൾ കണ്ടുപിടിക്കാൻ ശ്രമിച്ച ഏതോ ഒരു വൻരാഷ്ട്രത്തിന്റെ പരീക്ഷണശാലയിൽനിന്ന് ഒളിച്ചുകടന്നതാണ് കൊറോണാ എന്ന വില്ലൻ എന്ന വാർത്ത അതിവേഗം പ്രചരി ക്കുന്നുണ്ട്. പല രാഷ്ട്രങ്ങളും പരസ്പരം ആരോപണ പ്രത്യാ രോപണങ്ങൾ നടത്തുന്നു. അതേസമയം രോഗത്തിന്റെ പശ്ചാ ത്തലത്തിൽ ചില രാഷ്ട്രങ്ങളും കമ്പനികളും വലിയ ലാഭം കൊയ്യുന്നതു കാണുമ്പോൾ ഈ ആരോപണങ്ങളിൽ എന്തോ സത്യമില്ലേ എന്ന സംശയം ശക്തിയാർജ്ജിക്കുന്നു. വൈവിധ്യ മാർന്ന ഈ സാഹചര്യ പശ്ചാത്തലത്തിൽ ഒരു വിശദീകരണം തേടി ബൈബിളിലേക്കു തിരിയാനാണ് ആരംഭത്തിൽ ഉന്നയിച്ച ചോദ്യങ്ങൾ പ്രേരിപ്പിക്കുന്നത്.

## ഇതൊരു താക്കീതു മാത്രം: യേശുവിന്റെ പ്രബോധനം

രണ്ട് സമകാലിക സംഭവങ്ങളുടെ വെളിച്ചത്തിൽ യേശു നല്കിയ ഒരു ഉപദേശവും ആഹ്വാനവുമാണ് ആദ്യമേ ശ്രദ്ധയിൽ പ്പെടുന്നത്. ലൂക്കാ സുവിശേഷകൻ മാത്രമേ ഈ സംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളൂ. *"ഗലീലിക്കാരായ ഏതാനും പേരുടെ ബലികളിൽ അവരുടെ രക്തം കൂടെ പീലാത്തോസ് കലർത്തിയ വിവരം, ആ സമയത്ത് അവിടെ ഉണ്ടായിരുന്ന ചിലർ അവനെ അറിയിച്ചു. അവൻ ചോദിച്ചു: ഇവയെല്ലാം സംഭവിച്ചതുകൊണ്ട് അവർ മറ്റെല്ലാ ഗലീലിയക്കാരെയുംകാൾ കൂടുതൽ പാപികളാ യിരുന്നു എന്നു നിങ്ങൾ കരുതുന്നുണ്ടോ? അല്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാ വരും അതുപോലെ നശിക്കും. അഥവാ, സീലോഹായിലെ ഗോപുരം ഇടിഞ്ഞുവീണു കൊല്ലപ്പെട്ട ആ പതിനെട്ടുപേർ, അന്നു*

*ജറുസലെമിൽ വസിച്ചിരുന്ന എല്ലാവരെയുംകാൾ കൂടുതൽ കുറ്റക്കാരായിരുന്നു എന്നു നിങ്ങൾ വിചാരിക്കുന്നുവോ? അല്ല എന്നു ഞാൻ പറയുന്നു. പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങൾ എല്ലാവരും അതുപോലെ നശിക്കും"* (ലൂക്കാ 13,1-5).

അധിനിവേശ ശക്തിയായ റോമിനെതിരേ ഒളിപ്പോരു സംഘടിപ്പിച്ച, സെലട്ട് എന്ന പേരിൽ അറിയപ്പെട്ടിരുന്ന തീവ്രവാദികൾ യേശുവിന്റെ കാലത്തെ പലസ്തീനായിൽ ധാരാളമുണ്ടായിരുന്നു. ഗലീലിക്കാരായിരുന്നു അവരിൽ ഭൂരിഭാഗവും. പെസഹാ, പന്തക്കുസ്ത, കൂടാരത്തിരുനാൾ മുതലായ പ്രധാന തിരുനാളുകൾക്ക് പതിനായിരക്കണക്കിന് ഇസ്രായേൽക്കാർ ജറുസലെമിലേക്കു തീർത്ഥാടകരായി വരും. ആ കൂട്ടത്തിൽ തീവ്രവാദികളും ഉണ്ടാകും. ജനക്കൂട്ടത്തിൽ ഇടകലരുന്ന തീവ്രവാദികൾ പലപ്പോഴും ജറുസലെമിൽവച്ച് റോമൻപടയാളികളെ കൊല്ലും. പ്രതികരിക്കാൻ റോമൻസൈന്യം വൈകില്ല. നിരപരാധികൾ ആര്, തീവ്രവാദികൾ ആര് എന്നൊന്നും പട്ടാളക്കാർ അന്വേഷിക്കാറില്ല. ഇപ്രകാരം നടന്ന ഒരു പ്രതികാരനടപടിയെക്കുറിച്ചാണ് ശ്രോതാക്കൾ യേശുവിനോടു പറയുന്നത്.

രണ്ടാമത്തെ ഉദാഹരണവും പീലാത്തോസിന്റെ ഭരണകാലത്തു സംഭവിച്ചതാണ്. ജലക്ഷാമം ജറുസലെമിൽ എന്നും വലിയൊരു പ്രശ്നമായിരുന്നു. അതിന് ഒരു ശാശ്വത പരിഹാരമുണ്ടാക്കാൻവേണ്ടി നഗരത്തിലേക്ക് ഒരു കനാൽ (നീർപ്പാത്തി) നിർമ്മിക്കാൻ പീലാത്തോസ് തീരുമാനിച്ചു. തുരങ്കങ്ങളും കമാനങ്ങളും പാലങ്ങളും വഴി വെള്ളം കൊണ്ടുപോകുന്ന വിദ്യയിൽ (aqueduct) റോമാക്കാർ വിദഗ്ധരായിരുന്നു. ഈ നിർമ്മാണപ്രക്രിയയുടെ ഭാഗമായി സീലോഹായിൽ ഗോപുരം പണിതപ്പോൾ ഉണ്ടായൊരു അത്യാഹിതമാണ് 18 പേരുടെ മരണത്തിനു കാരണമായ സംഭവം.

പ്രത്യക്ഷത്തിൽ ദൈവത്തിന്റെ ശിക്ഷയോ ശാപമോ ആയി വിശദീകരിക്കാൻ അവസരം നല്കുന്നതായിരുന്നു ഈ സംഭവങ്ങൾ. എന്നാൽ യേശു നല്കുന്ന വിശദീകരണം അതല്ല. മരിച്ചവർ പാപികളും മറ്റുള്ളവരെല്ലാം വിശുദ്ധരും എന്ന കാഴ്ചപ്പാട് യേശു പൂർണ്ണമായും തിരുത്തിക്കുറിക്കുന്നു. എന്തെങ്കിലും അപ്രതീക്ഷിതമായ അത്യാഹിതമുണ്ടാകുമ്പോൾ പാപ-പുണ്യങ്ങളുടെയോ ശിക്ഷ-രക്ഷയുടെയോ ശാപം - അനുഗ്രഹത്തിന്റെയോ

മാനദണ്ഡം ഉപയോഗിച്ചു തീരുമാനമെടുക്കുന്നതു ശരിയല്ല എന്ന് ആദ്യമേ ശക്തമായി യേശുനാഥൻ ഉദ്ബോധിപ്പിക്കുന്നു. ഓരോ പ്രവൃത്തിക്കും വീഴ്ചയ്ക്കും അപ്പോൾത്തന്നെ ശിക്ഷയോ സമ്മാനമോ നല്കുന്നത് ദൈവികസ്വഭാവത്തിന്റെ ഭാഗമല്ല.

ശാപത്തെക്കുറിച്ചും ഇതേ പ്രബോധനമാണ് യേശു നല്കുന്നത്. ജറുസലെം ദേവാലയത്തിന്റെ വാതില്ക്കൽ ഭിക്ഷയാചിച്ചിരുന്ന ഒരു കുരുടനെ സംബന്ധിച്ച സംഭാഷണത്തിൽ യേശു ഇതു വ്യക്തമാക്കുന്നു. *"അവൻ കടന്നുപോകുമ്പോൾ ജന്മനാ അന്ധനായ ഒരുവനെ കണ്ടു. ശിഷ്യന്മാർ യേശുവിനോടു ചോദിച്ചു. റബ്ബീ, ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്! ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ? യേശു മറുപടി പറഞ്ഞു: ഇവന്റെയോ ഇവന്റെ മാതാപിതാക്കന്മാരുടെയോ പാപം നിമിത്തമല്ല, പ്രത്യുത, ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്"* (യോഹ 9,1-3). പൂർവീകരുടെ പാപത്തിന്റെ ഫലം ദൈവശാപമായി തലമുറകളിലൂടെ മനുഷ്യനെ വേട്ടയാടുമെന്നും മനുഷ്യനു സംഭവിക്കുന്ന അത്യാഹിതങ്ങൾ, രോഗങ്ങൾ നഷ്ടങ്ങൾ എന്നിങ്ങനെ എല്ലാ ദുരിതങ്ങളും ആ പാപങ്ങളുടെ ശിക്ഷയും ശാപത്തിന്റെ ഫലവും ആണെന്നുമുള്ള വിശ്വാസവും പ്രബോധനവും ഒറ്റയടിക്ക് തള്ളിപ്പറയുന്നതാണ് യേശുവിന്റെ ഈ മറുപടി.

## ദൈവത്തിന്റെ അസഹിഷ്ണുത

ഉടമ്പടിയുടെ പ്രമാണങ്ങളുടെ തന്നെ ഭാഗമായി പഴയ നിയമത്തിൽ അവതരിപ്പിച്ചതാണ് തലമുറകളിലൂടെ നീളുന്ന ശിക്ഷ എന്ന പ്രമേയം. ദൈവത്തെ ആരാധിക്കണം, മറ്റൊന്നിനെയും ആരാധിക്കരുത് എന്ന ഒന്നാം പ്രമാണത്തിന്റെ ഭാഗമായി ഇപ്രകാരം കാണുന്നു: *"എന്തെന്നാൽ ഞാൻ നിന്റെ ദൈവമായ കർത്താവ് അസഹിഷ്ണുവായ ദൈവമാണ്. എന്നെ വെറുക്കുന്ന പിതാക്കന്മാരുടെ കുറ്റങ്ങൾക്ക് അവരുടെ മക്കളെ മൂന്നും നാലും തലമുറവരെ ഞാൻ ശിക്ഷിക്കും"* (പുറ 20, 5).

അസഹിഷ്ണുത ഒരു നല്ല സ്വഭാവമാണോ എന്നു ചോദിച്ചേക്കാം. അസൂയ എന്നും അസഹിഷ്ണുത എന്നും വിശേഷിപ്പിക്കുന്ന ദൈവിക ഭാവത്തിന്റെ അർത്ഥം, സ്വന്തമായുള്ളതിനെ കാത്തുസൂക്ഷിക്കാൻ പ്രേരിപ്പിക്കുന്ന നൈസർഗ്ഗിക ഭാവം തന്നെയാണ്. മറ്റുള്ളവരുടെ വളർച്ചയിൽ തോന്നുന്ന അസൂയ എന്ന

വികാരമല്ല ഇത്. സ്വന്തം മക്കൾ ശത്രുക്കൾക്ക് ഇരയായിത്തീരാതിരിക്കാൻ പ്രേരിപ്പിക്കുന്ന ശക്തിയാണിത്, പ്രാപ്പിടിയനിൽ നിന്ന് കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ സംരക്ഷിക്കുകയും ചുണ്ടും നഖവും കൊണ്ട് പൊരുതുകയും ചെയ്യുന്ന തള്ളക്കോഴിയുടെ വികാരം.

ഒന്നാം പ്രമാണത്തിന്റെ പ്രാധാന്യം എടുത്തു കാട്ടാൻ വേണ്ടിയാണ് ദൈവത്തിന്റെ അസൂയയെയും ശിക്ഷയെയും കുറിച്ചു പ്രതിപാദിക്കുന്നത്. വിമോചകനായ ദൈവത്തെ അല്ലാതെ മറ്റാരെയെങ്കിലും, മറ്റെന്തിനെയെങ്കിലും ആരാധിച്ചാൽ അടിമത്തമായിരിക്കും ഫലം. അനേകം അദ്ഭുതപ്രവർത്തനങ്ങളിലൂടെ ഈജിപ്തിലെ അടിമത്തത്തിൽനിന്നു മോചിപ്പിച്ച്, മരുഭൂമിയിലൂടെ വഴി നടത്തി, സീനായ് മലയടിവാരത്തുവച്ച് ഉടമ്പടി വഴി സ്വന്തം ജനമായി സ്വീകരിച്ച ഇസ്രായേൽ മറ്റാരെയെങ്കിലും ആരാധിച്ച് അടിമയായിത്തീരരുത് എന്നതാണ് ഒന്നാം പ്രമാണത്തിന്റെയും മറ്റെല്ലാ പ്രമാണങ്ങളുടെയും ലക്ഷ്യം. അതിനാൽ തലമുറകളിലൂടെ നീളുന്ന ശിക്ഷയെക്കുറിച്ചുള്ള താക്കീത് പ്രമാണത്തിന്റെ പ്രാധാന്യം ഊന്നിപ്പറയാൻവേണ്ടിയാണെന്നതു മറക്കരുത്. ഇസ്രായേൽജനത്തെ ഒരു സംഘാതവ്യക്തിത്വമായി കാണുന്ന കാഴ്ചപ്പാടാണ് ഈ നിലപാടിനു പിന്നിലുള്ളത്. ഓരോ വ്യക്തിയുടെയും പാപവും പുണ്യവും, നന്മയും തിന്മയും സംഘത്തിലെ മറ്റുള്ളവരെയും ബാധിക്കും; ഓരോരുത്തരും എല്ലാവരുടെയും പേരിൽ ഉത്തരവാദികളായിരിക്കും. എന്നാൽ കാലക്രമത്തിൽ ഈ കാഴ്ചപ്പാടിനു മാറ്റം വന്നു, പ്രത്യേകിച്ചും ജറെമിയാ പ്രവാചകന്റെ കാലം മുതൽ.

## വ്യക്തിപരമായ ഉത്തരവാദിത്വം

*“പിതാക്കന്മാർ പച്ചമുന്തിരിങ്ങതിന്നു, മക്കളുടെ പല്ലു പുളിച്ചു എന്ന് ആ നാളുകളിൽ ആരും പറയുകയില്ല. ഓരോരുത്തനും അവനവന്റെ അകൃത്യം നിമിത്തമാണ് മരിക്കുക. പച്ചമുന്തിരിങ്ങ തിന്നവന്റെ പല്ലേ പുളിക്കൂ”* (ജറെ 31,29-30). വ്യക്തിപരമായ ഉത്തരവാദിത്വത്തിന് ഊന്നൽ നല്കുന്ന ഈ പ്രബോധനം എസെക്കിയേൽ പ്രവാചകനിലൂടെ കൂടുതൽ വ്യക്തവും ശക്തവുമായി ആവർത്തിക്കപ്പെട്ടു. *“പുത്രൻ പിതാവിന്റെ തിന്മകൾക്കുവേണ്ടിയോ പിതാവ് പുത്രന്റെ തിന്മകൾക്കുവേണ്ടിയോ ശിക്ഷിക്കപ്പെടുകയില്ല”* (എസെ 18, 20). എസെ. 18-ാം അധ്യായം

മുഴുവൻ വ്യക്തിയുടെ ഉത്തരവാദിത്വത്തെ ഊന്നിപ്പറയുന്നുണ്ട്. *"മക്കൾക്കുവേണ്ടി പിതാക്കന്മാരെയോ പിതാക്കന്മാർക്കുവേണ്ടി മക്കളെയോ വധിക്കരുത്. പാപത്തിനുള്ള മരണശിക്ഷ അവനവൻ തന്നെ അനുഭവിക്കണം"* (നിയ 24, 16) ഈ ആശയം സംശയത്തിന് ഇടനല്കാതെ വ്യക്തമാക്കുന്നു.

ഈ കാഴ്ചപ്പാടിൽനിന്നു നോക്കുമ്പോൾ കൊറോണാ രോഗം ബാധിച്ചവരും അതുമൂലം മരിച്ചവരും ദൈവത്തിൽനിന്നു ശിക്ഷ ഏറ്റുവാങ്ങിയവരെന്നോ തങ്ങളുടെ തെറ്റിനു ശിക്ഷ അനുഭവിച്ചവരെന്നോ കരുതാനാവില്ല. അതേസമയം അതിവേഗം വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ മഹാമാരിയെ പ്രകൃതിയിലൂടെ ദൈവം നല്കുന്ന ഒരു മുന്നറിയിപ്പും താക്കീതുമായി പരിഗണിച്ചേ മതിയാകൂ. യേശുവിന്റെ തന്നെ വാക്കുകൾ ഇവിടെയും വഴികാട്ടുന്നു. മേലുദ്ധരിച്ച രണ്ടു സംഭവങ്ങൾ വിവരിക്കുന്നതിനുമുമ്പേ കാലത്തിന്റെ അടയാളങ്ങൾ വായിച്ചറിയാനും അതനുസരിച്ചു ജീവിതം ക്രമീകരിക്കാനും യേശു നല്കിയ ആഹ്വാനവും അതിൽ പരാജയപ്പെടുന്ന ശ്രോതാക്കളോടുള്ള കലഹവും ലൂക്കാ തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

## അടയാളങ്ങൾ തിരിച്ചറിയുക

*"പടിഞ്ഞാറു മേഘം ഉയരുന്നതു കണ്ടാൽ മഴവരുന്നു എന്നു നിങ്ങൾ പറയുന്നു; അങ്ങനെ സംഭവിക്കുകയും ചെയ്യുന്നു. തെക്കൻ കാറ്റടിക്കുമ്പോൾ അത്യുഷ്ണം ഉണ്ടാകും എന്നു നിങ്ങൾ പറയുന്നു; അതും സംഭവിക്കുന്നു. കപടനാട്യക്കാരേ, ഭൂമിയുടെ ഭാവഭേദം വ്യാഖ്യാനിക്കാൻ നിങ്ങൾക്കറിയാം. എന്നാൽ ഈ കാലത്തെ വ്യാഖ്യാനിക്കാൻ നിങ്ങൾക്ക് അറിയാത്തത് എന്തുകൊണ്ട്? എന്തുകൊണ്ടു നിങ്ങൾ ശരിയായി വിധിക്കുന്നില്ല?"* (ലൂക്കാ 12,54-56). പാലസ്തീനായുടെ പടിഞ്ഞാറ് മധ്യധരണ്യാഴിയാണ്. കടലിൽനിന്നു മേഘം ഉയരുന്നതു കണ്ടാൽ മഴയുണ്ടാകും എന്നു നിശ്ചയിക്കാം. തെക്ക് മരുഭൂമിയാണ് മരുഭൂമിയിൽനിന്ന് തീക്കാറ്റു വീശുമ്പോൾ അത്യുഷ്ണമുണ്ടാകുമെന്നും അനുഭവം പഠിപ്പിക്കുന്നു. ഈ ഉദാഹരണങ്ങളുടെ പശ്ചാത്തലത്തിലാണ് യേശു തന്റെ സമകാലികർ മനസിലാക്കാതെ പോകുന്ന അടയാളങ്ങളെക്കുറിച്ചു സൂചിപ്പിക്കുന്നത്.

അവരുടെ മധ്യേ നില്ക്കുന്ന യേശു തന്നെയാണ് അവർ മനസിലാക്കാതെ പോകുന്ന അടയാളം. യേശുവിന്റെ ജീവിതം,

പ്രബോധനം, പ്രവർത്തനങ്ങൾ എല്ലാം ദൈവം നിർണായക മാംവിധം ചരിത്രത്തിൽ ഇടപെടുന്നതിന്റെ അടയാളങ്ങളാണ്. സ്നാപകശിഷ്യന്മാരുടെ മുമ്പിൽ ഈ അടയാളങ്ങൾ ചൂണ്ടിക്കാണിച്ചതിനുശേഷം തീരുമാനം എടുക്കാൻ അവരെയും സ്നാപകനെയും പ്രേരിപ്പിക്കുന്നതുകാണാം (ലൂക്കാ 7,18-23). *"എന്നിൽ തുടർച്ചയുണ്ടാകാത്തവൻ ഭാഗ്യവാൻ"* (ലൂക്കാ 7, 23) എന്നു പറഞ്ഞു സന്ദേശം സമാപിക്കുമ്പോൾ വലിയൊരു താക്കീതാണ് നല്കുന്നത് - അന്നത്തെ ചോദ്യകർത്താക്കൾക്കു മാത്രമല്ല; എക്കാലത്തും പ്രസക്തമാണ് ഈ താക്കീത്. അടയാളങ്ങൾ ചോദിച്ചുവന്ന മതനേതാക്കൾക്ക് യേശു നല്കുന്ന ഏക അടയാളം യോനായുടെ പ്രഘോഷണവും നിനവേക്കാരുടെ മാനസാന്തരവുമാണ് (മത്താ 16,1-4). കാലത്തിന്റെ അടയാളങ്ങൾ വിവേചിച്ചറിയാൻ കഴിയാതെപോയ ജറുസലെമിനെനോക്കി വിലപിക്കുന്നതും (ലൂക്കാ 19,41-44) അടയാളങ്ങൾ വഴി ലഭിക്കുന്ന ദൈവത്തിന്റെ താക്കീതുകൾക്കു കാതോർക്കാൻ പ്രേരിപ്പിക്കുന്നു.

## ചുരുക്കത്തിൽ

ഇന്നു നാം നേരിടുന്ന മാരകമായ മഹാമാരി ശാപവും ശിക്ഷയുമല്ല; ലോകാവസാനത്തിന്റെ തുടക്കവുമല്ല, മറിച്ച് അതിഗൗരാവഹമായ ഒരു മുന്നറിയിപ്പും താക്കീതുമാണ്, ഒപ്പം ആഴമേറിയ ആത്മശോധനയ്ക്കും മനഃപരിവർത്തനത്തിനും വേണ്ടി അടിയന്തിര സ്വഭാവത്തോടെയുള്ള ആഹ്വാനവും. ദേവാലയങ്ങൾ ശൂന്യവും തിരുനാളുകൾ ആർഭാടരഹിതവും ആകുന്നെങ്കിൽ ഇവിടെ സാത്താൻ ജയിക്കുന്നു എന്നു തീരുമാനിക്കുകയല്ല, മറിച്ച് എന്തു സന്ദേശമാണ് തികച്ചും അസാധാരണവും സംഭ്രമജനകവുമായ ഈ സംഭവങ്ങൾ വഴി ദൈവം നല്കുന്നത് എന്നന്വേഷിക്കുകയാണ് വേണ്ടത്. മാനസാന്തരത്തിനുള്ള ഒരാഹ്വാനമാണിത് എന്നതിൽ സംശയത്തിനിടയില്ല. എന്നാൽ എന്താണ് ഇപ്രകാരം ഒരു നിസ്സാര അണുവിലൂടെ ലോകത്തെ മുഴുവൻ വിഭ്രാന്തിയിലാഴ്ത്തുന്നതുവഴി ദൈവം നമ്മോടു പറയുന്നത്? എഴുതപ്പെട്ട ദൈവവചനമായ ബൈബിളിന്റെ താളുകളിലൂടെ പരതിയാൽ വ്യക്തമായ ചില സൂചനകൾ ലഭിക്കും. അതിനാണ് തുടർന്നു ശ്രമിക്കുന്നത്.

# 2

## മനുഷ്യന്റെ മഹത്വം

*“ദൈവം വീണ്ടും അരുളിച്ചെയ്തു: നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം... സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു”* (ഉല്‍ 1, 26-27).

ലോകത്തെ മുഴുവന്‍ ഭയത്തിന്റെ മുള്‍മുനയില്‍ നിര്‍ത്തുന്ന, ഭൂമിയില്‍ മനുഷ്യന്റെ നിലനില്പുതന്നെ അപകടത്തിലാക്കും എന്ന പ്രതീതി ജനിപ്പിക്കുന്ന കൊറോണാ വൈറസിന്റെ സംഹാരതാണ്ഡവം നിര്‍ബാധം തുടരുമ്പോള്‍ എന്താണിതിലൂടെ പ്രപഞ്ചസ്രഷ്ടാവു നല്കുന്ന സന്ദേശം എന്നു കണ്ടെത്താനുള്ള ഒരു ശ്രമത്തിന്റെ ഭാഗമാണ് ഈ ലേഖനപരമ്പര.

### ബൈബിളിന്റെ പുനര്‍വായന

സ്രഷ്ടാവായ ദൈവം തന്നെത്തന്നെയും തന്റെ രക്ഷാകരപദ്ധതിയും വെളിപ്പെടുത്തുന്നതിന്റെ ലിഖിതരൂപമാണ് ബൈബിള്‍. ദൈവവചനം എന്നു വിശേഷിപ്പിക്കുന്ന ഈ വെളിപാടു സംഗ്രഹം രണ്ടായിരം വര്‍ഷങ്ങള്‍ക്കുമുമ്പു രൂപം കൊണ്ടതാണെങ്കിലും നിത്യനായ ദൈവത്തിന്റെ വെളിപ്പെടുത്തലുകള്‍ എന്നതിനാല്‍ അവയ്ക്ക് കാലത്തിനതീതമായ പ്രസക്തിയുണ്ട്. അതേസമയം ഓരോ കാലഘട്ടത്തിലും ദൈവവചനത്തിന്റെ പ്രസക്തിയും പ്രാധാന്യവും ഗ്രഹിക്കാന്‍ ആനുകാലികമായ ഒരു പുനര്‍വായന (re reading) ആവശ്യമായിവരുന്നു. ഇപ്രകാരം ഒരു പുനര്‍വായനയ്ക്കായിരിക്കും ഈ പരമ്പരയിലൂടെ ശ്രമിക്കുന്നത്.

### ആദിചരിത്രം

ബൈബിളിലെ ആദ്യത്തെ പുസ്തകം ഉല്‍പത്തി എന്ന പേരിലാണ് അറിയപ്പെടുന്നത്. അസ്തിത്വം ഉള്ള എല്ലാറ്റിന്റെയും ഉത്ഭവമാണിവിടെ പരാമര്‍ശവിഷയം. എല്ലാറ്റിന്റെയും ആദികാരണവും സ്രഷ്ടാവുമായ ദൈവത്തിനുമാത്രം ആരംഭമില്ല; അതി

നാൽത്തന്നെ അവസാനവുമില്ല. ഉൽപത്തിപുസ്തകത്തിലെ ആദ്യത്തെ പതിനൊന്നധ്യായങ്ങൾ ആദിചരിത്രം എന്നും ചരിത്രാതീതചരിത്രം എന്നും (Primeval History) വിളിക്കപ്പെടുന്നു. അവയിൽത്തന്നെ ആദ്യത്തെ മൂന്നധ്യായങ്ങളാണ് പ്രപഞ്ചത്തിന്റെയും അതിലുള്ള മനുഷ്യരടക്കം, സകല ജീവജാലങ്ങളുടെയും ഉത്ഭവത്തെയും അവയ്ക്കെല്ലാം ദൈവം നിശ്ചയിക്കുന്ന ലക്ഷ്യത്തെയും പരസ്പരബന്ധങ്ങളെയും കുറിച്ചു പ്രതിപാദിക്കുന്നത്. അതിനാൽ നമ്മുടെ അന്വേഷണം അവിടെ തുടങ്ങണം.

## രണ്ടു വിവരണങ്ങൾ

പ്രപഞ്ചസൃഷ്ടിയെക്കുറിച്ചുതന്നെ രണ്ടു വിവരണങ്ങൾ ഉണ്ട് എന്നതാണ് ആദ്യമേ ശ്രദ്ധയിൽപ്പെടുന്നത്. രണ്ടിന്റെയും ശൈലിയിലും അവതരണക്രമത്തിലും ചെറിയ വ്യത്യാസങ്ങൾ കാണാം. ഉൽപ 1, 1-2, 4a ആണ് ആദ്യത്തെ വിവരണം. ഒരു കീർത്തനത്തിന്റെ ചട്ടക്കൂട്ടിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന ഈ വിവരണം ബാബിലോൺ പ്രവാസകാലത്ത്, ബി.സി. 6-ാം നൂറ്റാണ്ടിൽ രൂപപ്പെട്ടതാണെന്നു ബൈബിൾ വ്യാഖ്യാതാക്കൾ കരുതുന്നു. സൃഷ്ടപ്രപഞ്ചത്തിന്റെ പേരിൽ സ്രഷ്ടാവിനെ സ്തുതിക്കുന്ന ഒരു സ്തോത്രഗീതം പോലെ(സങ്കീ 104, 19, 95, 97 മുതലായ ഉദാഹരണങ്ങൾ)യാണ് ഈ വിവരണം. പഞ്ചഗ്രന്ഥത്തിന്റെ പിന്നിൽ ഉണ്ടെന്നു കരുതപ്പെടുന്ന നാലു പാരമ്പര്യങ്ങളിൽ അവസാനത്തേതായ പുരോഹിതപാരമ്പര്യത്തിന്റെ (P-Priestly tradition) ഭാഗമാണിതെന്നും വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

ഉൽപ 2, 4-25 ൽ സൃഷ്ടികർമ്മത്തിന്റെ രണ്ടാം വിവരണം കാണാം. ഇത് ദാവീദിന്റെയും സോളമന്റെയും ഭരണകാലത്ത്, ബി.സി. 10-ാം നൂറ്റാണ്ടിൽ രൂപപ്പെട്ടതാണെന്നു കരുതപ്പെടുന്നു. മോശയ്ക്ക് മരുഭൂമിയിൽവച്ചു തന്റെ പേരു വെളിപ്പെടുത്തിയതു രേഖപ്പെടുത്തുന്നതിനു (പുറ 3,14-15) മുമ്പുതന്നെ യാഹ്‌വേ എന്ന പേരുപയോഗിക്കുന്നതിനാൽ ഇതിനെ യാഹ്‌വേ പാരമ്പര്യം (J. Yahwist) എന്നും വ്യാഖ്യാതാക്കൾ വിളിക്കുന്നു.

ഈ രണ്ടു വിവരണങ്ങളിലും സൃഷ്ടപ്രപഞ്ചത്തെയും അതിൽ മനുഷ്യനുള്ള സ്ഥാനത്തെയും ദൈവം മനുഷ്യനെ ഏല്പിച്ചിരിക്കുന്ന ദൗത്യത്തെയും കുറിച്ച് വ്യക്തമായ ചില ഉൾക്കാഴ്ചകൾ നല്കപ്പെടുന്നുണ്ട്. അവ അടുത്തു പരിശോധിക്കാനാണ് തുടർന്നു ശ്രമിക്കുന്നത്.

## മനുഷ്യൻ സൃഷ്ടിയുടെ മകുടം

ഏഴു ദിവസത്തിന്റെ ചട്ടക്കൂട്ടിൽ പ്രപഞ്ചസൃഷ്ടിയെ അവതരിപ്പിക്കുന്ന പുരോഹിതഗ്രന്ഥകാരൻ ഏഴാം ദിവസം ദൈവം വിശ്രമിച്ചതായി രേഖപ്പെടുത്തുന്നു. ഈ ചട്ടക്കൂടിന്റെ മുഖ്യലക്ഷ്യം തന്നെ അതായിരുന്നു. രാജ്യവും രാജാവും, ദേവാലയവും ബലിയർപ്പണവും എല്ലാം നഷ്ടപ്പെട്ട്, പ്രവാസികളായി ബാബിലോണിൽ കഴിയുന്ന ഇസ്രായേൽ ജനത്തിന് തങ്ങളുടെ സ്വത്വവും തനതാത്മകതയും ഇതരജനതകളുടെ മുമ്പിൽ പ്രകടിപ്പിക്കാൻ സഹായകമായിരുന്നു സാബത്താചരണം. അതിനു ദൈവശാസ്ത്രപരമായി നല്കുന്ന ഒരു ന്യായീകരണവും അടിത്തറയും ഈ ചട്ടക്കൂട്ടിൽ കാണാൻ കഴിയും. ഏഴാം ദിവസം ദൈവം വിശ്രമിച്ചു. അതിനാൽ നിങ്ങളും വിശ്രമിക്കണം. അത് ദൈവത്തോടൊന്നിച്ചുള്ള നിത്യവിശ്രമത്തിന്റെ മുന്നോടിയും പ്രതീകവുമായിരിക്കും എന്നു ഏഴു ദിവസത്തിന്റെ ക്രമീകരണം വഴി പഠിപ്പിക്കുന്നു.

ഈ വിവരണത്തിൽ ഏറ്റം അവസാനമായി സൃഷ്ടിക്കപ്പെടുന്നതാണ് മനുഷ്യൻ. മറ്റു വസ്തുക്കളും ജീവജാലങ്ങളും എല്ലാം "ഉണ്ടാകട്ടെ" എന്ന ഒറ്റവാക്കുകൊണ്ട് സൃഷ്ടിക്കുന്ന ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നതിനുമുമ്പേ ആലോചിക്കുന്നു; തീരുമാനിക്കുന്നു; അതുവഴി സൃഷ്ടിക്കപ്പെടുന്ന മനുഷ്യന്റെ സ്വഭാവവും ലക്ഷ്യവും വ്യക്തമാക്കുന്നു. ആറാം ദിവസത്തെ തന്നെ, രണ്ടാമത്തെ സൃഷ്ടിയാണ് മനുഷ്യൻ. *"ദൈവം വീണ്ടും അരുളിച്ചെയ്തു നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം. അവർക്ക്... സർവ്വജീവികളുടെയും മേൽ ആധിപത്യം ഉണ്ടായിരിക്കട്ടെ"* (ഉൽപ 1, 26).

## ഛായ – സാദൃശ്യം

ദൈവം ആലോചിച്ചു, തീരുമാനിച്ചു എന്നു പറയുന്നതുതന്നെ ഈ സൃഷ്ടികർമ്മത്തിന്റെയും സൃഷ്ടിക്കപ്പെടുന്ന വ്യക്തികളുടെയും പ്രാധാന്യം അടിവരയിട്ടുറപ്പിക്കുന്നു. നമുക്ക്, നമ്മുടെ എന്ന ബഹുവചനപ്രയോഗം സംശയം ജനിപ്പിക്കാം. ദൈവം ആരോടാണ് ആലോചിക്കുന്നത്? മാലാഖമാരോട് എന്നു കരുതുന്നവരുണ്ട്. എന്നാൽ ആ വ്യാഖ്യാനത്തിന് അടിസ്ഥാനമില്ല. "ദൈവം" എന്നു വിവർത്തനം ചെയ്യുന്ന "ഏലോഹിം" എന്ന ഹീബ്രു വാക്ക് ബഹു

വചനമാണ്. വ്യാകരണനിയമമനുസരിച്ച് കർത്താവും ക്രിയയും വിശേഷണങ്ങളും തമ്മിൽ പൊരുത്തമുണ്ടാകണം. ഇവിടെ കർത്താവ് ഏലോഹിം എന്ന ബഹുവചനമാകയാൽ ക്രിയയും വിശേഷണവും ബഹുവചനമാകണം. അതുകൊണ്ടാണ് നമുക്ക്, നമ്മുടെ എന്ന ബഹുവചനരൂപം ഉപയോഗിക്കുന്നത്. അല്ലാതെ പല ദൈവങ്ങൾ ഉണ്ടെന്നോ മറ്റാരോടെങ്കിലും ഉപദേശം തേടി യെന്നോ ഒന്നും അർത്ഥമാക്കുന്നില്ല.

എന്നാലും എഴുതിയ ഗ്രന്ഥകാരനുപോലും അറിയാനോ ചിന്തിക്കാനോ കഴിയാതിരുന്ന ഒരു ദൈവികരഹസ്യം ഈ ബഹു വചനപ്രയോഗത്തിനു പിന്നിൽ കാണാൻ കഴിയും, ഏകദൈവ ത്തിലെ ബഹുത്വം. യേശുവിലൂടെ വെളിവാക്കപ്പെട്ട ത്രിയേക ദൈവത്തെക്കുറിച്ചുള്ള ഒരു സൂചന ഇവിടെ കാണാം എന്നു കരുതുന്ന വ്യാഖ്യാതാക്കളുണ്ട്. ഏതായാലും നമുക്ക്, നമ്മുടെ എന്ന ബഹുവചനം ഒരു ബന്ധത്തിലേക്ക് വിരൽചൂണ്ടുന്നു. മൂന്നു വ്യക്തികൾ തമ്മിലുള്ള ഗാഢമായൊരു ബന്ധമാണ് ബൈബി ളിൽ സ്വയം വെളിപ്പെടുത്തുന്ന ദൈവം എന്ന സൂചന സുപ്രധാ നമാണ്, ദൈവത്തിന്റെ സ്വഭാവത്തെക്കുറിച്ചു മാത്രമല്ല മനുഷ്യ സ്വഭാവത്തെക്കുറിച്ചും.

രണ്ടു വാക്കുകളാണ് ഈ ബന്ധത്തെ സൂചിപ്പിക്കാനായി വിശുദ്ധ ഗ്രന്ഥകാരൻ ഉപയോഗിക്കുന്നത്. രണ്ടും അടുത്തു പരി ശോധിക്കേണ്ടതുണ്ട്.

**ഛായ:** "സേലെം" എന്നാണ് ഹീബ്രുമൂലം. പ്രതിഛായ, പ്രതിരൂപം, പ്രതിമ എന്നൊക്കെയാണ് ഈ വാക്കിന്റെ വാച്യാർത്ഥം. ഉടമ്പടിയുടെ പേടകം ഇസ്രായേലിലേക്കു തിരി ച്ചയച്ച ഫിലിസ്ത്യർ പേടകത്തിന്റെ കൂടെ അവരുടെ കാണിക്ക യായി വച്ച സ്വർണ്ണനിർമ്മിതമായ എലികളുടെയും കുരുക്കളു ടെയും രൂപങ്ങൾ അഥവാ പ്രതിമകൾ എന്നതിന് ഉപയോഗിച്ചി രിക്കുന്നത് "സേലെം" എന്ന ഈ വാക്കാണ് (1 സാമു 6,5-11). വിഗ്രഹാരാധനയിൽ മുഴുകിയ ഇസ്രായേൽക്കാരോട് അവർ നിർ മ്മിച്ച ദേവന്മാരുടെ പ്രതിമകൾ ചുമന്നുകൊണ്ടു പോകാൻ ദൈ വനാമത്തിൽ കല്പിക്കുന്ന ആമോസ് പ്രതിമയ്ക്ക് "സേലെം" എന്ന പദമാണുപയോഗിക്കുന്നത് (ആമോ 5, 26). അപ്പോൾ ദൈവം തന്നെ, തന്റെ രൂപത്തിൽ നിർമ്മിച്ച ഒരു പ്രതിമയാണ് മനുഷ്യൻ എന്ന സൂചന ലഭിക്കുന്നു. മനുഷ്യനു ദൈവം കല്പി

ക്കുന്ന പ്രാധാന്യം എത്രയെന്ന് സൂചിപ്പിക്കുന്നതാണ് ഈ പ്രയോഗം. എന്നാൽ ഇതു മാത്രമല്ല.

**സാദൃശ്യം:** "ദ്മൂത്" എന്നാണ് ഹീബ്രുമൂലം. സാമ്യമുള്ളത്, പോലെ, തോന്നുന്നത്, എന്നൊക്കെയാണർത്ഥം. *"മനുഷ്യനെപ്പോലെ ഒരുവൻ"* (ദാനി 7, 13)ൽ ഉപയോഗിച്ചിരിക്കുന്നത് അർത്ഥം വ്യക്തമാക്കും. ഇതൊരു തനിപ്പകർപ്പോ, മറ്റൊരു ദൈവമോ, ദൈവത്തിന്റെ പ്രതിമയോ അല്ല, മറിച്ച് ദൈവത്തോടു സാദൃശ്യമുള്ളവനായിരിക്കും മനുഷ്യൻ. ഈ വാക്ക് മനുഷ്യന് ദൈവത്തോടുള്ള സാദൃശ്യം ഉറപ്പുവരുത്തുന്നു; അതേസമയം മനുഷ്യൻ മറ്റൊരു ദൈവമല്ല, ദൈവവിഗ്രഹവുമല്ല എന്ന് വ്യക്തമാക്കുകയും ചെയ്യുന്നു.

ഈ രണ്ടു വാക്കുകൾ ഒരുമിച്ചു പരിഗണിക്കുമ്പോൾ മനുഷ്യന്റെ മഹത്വവും ദൈവം അവന് പ്രപഞ്ചത്തിൽ നല്കുന്ന സ്ഥാനവും വ്യക്തമാകും. പണ്ടൊക്കെ നഗരങ്ങളിൽ സ്ഥാപിച്ചിരുന്ന രാജാക്കന്മാരുടെ പ്രതിമയുടെ സ്ഥാനമാണ് പ്രപഞ്ചത്തിൽ മനുഷ്യനുള്ളത്. പ്രതിമ രാജാവല്ല, പക്ഷേ രാജാവിനെ അനുസ്മരിപ്പിക്കും. രാജാവിന്റെ തിരുനാളുകളിൽ രാജകൊട്ടാരത്തിൽ എത്താൻ കഴിയാത്തവർക്ക് ഈ പ്രതിമയുടെ മുമ്പിൽവന്ന് ആദരാഞ്ജലികൾ അർപ്പിക്കാം. അപ്പോൾ പ്രതിമ രാജാവിന്റെ പ്രതിനിധിയായി നിലകൊള്ളുന്നു. ഇതാണ് സൃഷ്ടപ്രപഞ്ചത്തിൽ മനുഷ്യനുള്ള സ്ഥാനം. ദൈവത്തിന്റെ പ്രതിനിധിയായി ഈ ഭൂമിയിൽ കഴിയുക. അതിന്റെ സവിശേഷതകളാണ് അടുത്ത രണ്ടു വാക്കുകളിലൂടെ തുടർന്നു വ്യക്തമാകുന്നത്. അതിലേക്കു കടക്കുന്നതിനുമുമ്പേ ഇതുവരെ കണ്ടതിന്റെ വെളിച്ചത്തിൽ മനുഷ്യനെ സംബന്ധിച്ച ആനുകാലിക പ്രസക്തമായ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

**1. മനുഷ്യന്റെ മഹത്വം:** മറ്റെല്ലാ ജീവികളിൽനിന്നും വ്യത്യസ്തനായി, അവയുടെയെല്ലാം മകുടം എന്ന രീതിയിലാണ് മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നത് എന്നതുതന്നെ ആദ്യത്തെ ശ്രദ്ധാകേന്ദ്രം. ബൈബിൾ വിവരിക്കുന്ന ദൈവിക വെളിപ്പെടുത്തലും ശാസ്ത്രം അവതരിപ്പിക്കുന്ന പരിണാമസിദ്ധാന്തവും ഇവിടെ ഫലത്തിൽ ഒന്നിക്കുന്നു. ഇതുവരെ ഈ ഭൂമിയിൽ പ്രത്യക്ഷപ്പെട്ട ജീവികളിൽ ഏറ്റം ഉൽകൃഷ്ടജീവിയാണു മനുഷ്യൻ; ഏറ്റം

അവസാനത്തെ സൃഷ്ടി, അഥവാ ഇതുവരെ ഉണ്ടായ പരിണാമ ങ്ങളുടെ അവസാനത്തെ പടി, ഉച്ചകോടി.

മഹത്വത്തിനു നിദാനം ദൈവവുമായുള്ള ബന്ധമാണ്. ദൈ വത്തിന്റെ ഛായയും സാദൃശ്യവും ആയിരിക്കുക, ഈ പ്രപഞ്ച ത്തിൽ ദൈവത്തിന്റെ പ്രതിനിധി ആയിരിക്കുക. എന്തിലാണ് ഈ ഛായാസാദൃശ്യം അടങ്ങിയിരിക്കുന്നത് എന്ന് വ്യക്തമായി പറയുന്നില്ലെങ്കിലും ചില സൂചനകൾ നല്കുന്നുണ്ട്. മറ്റെല്ലാ സൃഷ്ടികളിൽ നിന്നും മനുഷ്യനെ വ്യത്യസ്തനും ഉന്നതനുമാ ക്കുന്നതാണ് ഈ ഛായാസാദൃശ്യങ്ങൾ. ദൈവത്തെ അറിയാനും ദൈവത്തോടു സംവദിക്കാനും, അവിടുത്തെ തിരുഹിതമനുസ രിച്ച് ജീവിതം ക്രമീകരിക്കാനുമുള്ള മനുഷ്യന്റെ കഴിവും ഉത്തര വാദിത്വവും ഈ ചിത്രത്തിനു പിന്നിലുണ്ട്. ഇതിനെ സ്വാതന്ത്ര്യം, തീരുമാനം എടുക്കാനുള്ള കഴിവ്, മനഃസാക്ഷി എന്നൊക്കെ വിശേ ഷിപ്പിക്കാം. ആത്മാവും ശരീരവുമുള്ളവർ എന്നു വളരെ ലളിത മായി പറയാം; ആത്മാവിലാണ് ദൈവിക സാദൃശ്യം പതിഞ്ഞി രിക്കുന്നതെന്നും. എന്നാൽ അതുമാത്രമല്ല.

*"ആദത്തിനു നൂറ്റിമുപ്പതു വയസ്സായപ്പോൾ അവന്റെ സാദൃ ശ്യത്തിലും ഛായയിലും ഒരു പുത്രൻ ജനിച്ചു"* (ഉൽപ 5, 2) എന്ന വിവരണം മനുഷ്യമഹത്വത്തിന്റെ മറ്റൊരു മാനം എടുത്തു കാട്ടുന്നു. സൃഷ്ടിയുടെ വിവരണത്തിൽ മനുഷ്യനു നല്കി അതേ രണ്ടു വിശേഷണങ്ങളാണ് ആദാമിന്റെ ആദ്യത്തെ സന്തതിക്കും നല്കുന്നത്. അപ്പോൾ ദൈവം മനുഷ്യരെ തന്റെ മക്കളായിട്ടാണ് സൃഷ്ടിച്ചത് എന്ന ധ്വനി ഉയരുന്നു. ഒരു പ്രജനനപ്രക്രിയയിലൂ ടെയല്ല, വചനംകൊണ്ടുള്ള സൃഷ്ടികർമ്മത്തിലൂടെയാണ് ഇതു സംഭവിക്കുന്നത്. മനുഷ്യർ കുട്ടിദൈവങ്ങളാണ് എന്നു പറയു ന്നില്ലെങ്കിലും ദൈവിക സ്വഭാവത്തിൽ പങ്കുചേരുന്നവരാണ് എന്ന സൂചന നല്കുന്നു. അതിനാൽ മനുഷ്യൻ തന്റെ മഹത്വത്തെക്കു റിച്ചു ബോധവാനാകണം, പരിണാമത്തിന്റെ അവസാനം വാലു നഷ്ടപ്പെട്ട കുരങ്ങൻ ആണെന്നു കരുതിയാൽ പോരാ. ഈ ബോധ്യം ജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രകടമാകണം.

## എല്ലാവരും തുല്യമഹത്വമുള്ളവർ

ദൈവം സൃഷ്ടിക്കുന്നതു മനുഷ്യനെയാണ്. അവരുടെ ഇട യിൽ ഉച്ചനീചത്വമുണ്ടാകാൻ പാടില്ല. മനുഷ്യനെ പല ചേരിക

ളിലും തട്ടുകളിലുമായി തിരിച്ചതും തിരിക്കുന്നതും ദൈവമല്ല, മനുഷ്യൻ തന്നെയാണ്. ജാതി, വർണ്ണ, വർഗ്ഗ വ്യത്യാസങ്ങളെല്ലാം മനുഷ്യനിർമ്മിതമാണ്. ബൈബിൾ നല്കുന്ന സൃഷ്ടിയുടെ വിവരണത്തിന്റെ കാഴ്ചപ്പാടിൽ എല്ലാ മനുഷ്യരും തുല്യരാണ്. തുല്യ മഹത്വവും, അവകാശങ്ങളും, കടമകളും ഉള്ളവരാണ്. ആരും ആരെയും അടിമയാക്കരുത്; ആരും ആരുടെയും അടിമയാകുകയുമരുത്. അതാണ് മനുഷ്യനെ സംബന്ധിച്ച ദൈവഹിതം. ദൈവമക്കൾ, അതിനാൽത്തന്നെ പരസ്പരം സഹോദരർ, തുല്യ അവകാശമുള്ളവർ, തുല്യ ആദരം അർഹിക്കുന്നവർ.

## സ്ത്രീ-പുരുഷ വ്യത്യാസം, തുല്യത

തികച്ചും ശ്രദ്ധേയമായ മറ്റൊന്നാണ് ഈ ചിത്രം അവതരിപ്പിക്കുന്ന സ്ത്രീ-പുരുഷ തുല്യത. ഇരുവരും ഒരുപോലെ ദൈവഛായയും സാദൃശ്യവും വഹിക്കുന്നു. ഇന്നും അനേകരുടെ മനസിൽ നിലനില്ക്കുന്ന ദൈവസങ്കല്പത്തെത്തന്നെ തിരുത്തിക്കുറിക്കുന്നതാണ് ഈ പ്രസ്താവന. ദൈവം പുരുഷനാണ് എന്ന ഒരു ചിന്ത എങ്ങനെയോ മനുഷ്യമനസിൽ കയറിപ്പറ്റി. ബൈബിൾ തന്നെ അതിന് അടിസ്ഥാനമിട്ടതായും കരുതപ്പെടുന്നു, കാരണം ബൈബിൾ അവതരിപ്പിക്കുന്ന ദൈവചിത്രം പുരുഷന്റേതാണ് എന്ന ധാരണ തന്നെ. സംശയമില്ല, ദൈവപിതാവാണ്. മനുഷ്യനായി അവതരിച്ച ദൈവവചനം പുത്രനാണ് - അതും പുരുഷൻ. ത്രിത്വത്തിന്റെ മൂന്നാം ആളായ പരിശുദ്ധാത്മാവിലും പുരുഷത്വമാണ് ആരോപിക്കുക.

പൂർവപിതാക്കന്മാരുടെ കാലം മുതലേ നിലനിന്ന ഒരു മനോഭാവമാണിത്. അതിനാൽത്തന്നെ പുരുഷമേധാവിത്വത്തിനു സ്വീകാര്യതയും ദൈവവചനത്തിന്റെ പിന്തുണയും ലഭിച്ചു. പിന്നീടുവരുന്ന ആദ്യപാപത്തിന്റെ കഥ ഈ ചിന്താഗതിക്ക് കൂടുതൽ കരുത്തേകി. അതേസമയം ദൈവത്തിന്റെ സ്ത്രൈണഭാവത്തെക്കുറിച്ചുള്ള അനേകം സൂചനകളും പരാമർശങ്ങളും (ഉദാ. ഏശ 66, 12-13; 49, 15-16; സങ്കീ 27, 10) മറക്കുകയോ അവഗണിക്കുകയോ ചെയ്യപ്പെട്ടു. എന്നാൽ തുടക്കം മുതലേ ബൈബിൾ എടുത്തുപറയുന്ന ഒരു കാര്യമാണ്, സ്ത്രീയും പുരുഷനും ഒരുപോലെ ദൈവഛായ വഹിക്കുന്നു എന്നത്.

## സ്ത്രൈണ മൂല്യങ്ങൾ

സഹസ്രാബ്ദങ്ങളായി നിലനില്ക്കുന്ന പുരുഷമേധാവിത്വത്തിൽനിന്നു സ്വാതന്ത്ര്യം നേടാൻ ശ്രമിക്കുന്ന സ്ത്രീശാക്തീകരണമുന്നേറ്റങ്ങൾ, പലപ്പോഴും അറിയാതെ തന്നെ, പുരുഷമൂല്യങ്ങൾ സ്വായത്തമാക്കാൻ ശ്രമിക്കുകയും അതോടൊപ്പം സ്ത്രൈണമൂല്യങ്ങൾ അവഗണിക്കുകയും ചെയ്യുന്നതായി കാണാം. പിടിച്ചടക്കുക, അടക്കിഭരിക്കുക, ഇടിച്ചുതകർക്കുക, വെട്ടിപ്പിടിക്കുക, ചവുട്ടിതാഴ്ത്തുക തുടങ്ങിയ ശക്തി പ്രകടനങ്ങളാണ് അധികപങ്കും സ്വായത്തമാക്കാൻ ശ്രമിക്കുന്ന മൂല്യങ്ങൾ. ആക്രമണ-പ്രത്യാക്രമണത്തിന്റെ ശൈലി; ബലപ്രയോഗത്തിന്റെ, ഉരുക്കുമുഷ്ടിയുടെ മാർഗ്ഗം. തീർച്ചയായും ഇതെല്ലാം മനുഷ്യന്റെ നിലനില്പിനും വളർച്ചയ്ക്കും ഒരു പരിധിവരെ ആവശ്യമാണ്. എന്നാൽ ഇതുകൊണ്ടുമാത്രം സമൂഹം എന്നല്ല ഒറ്റ മനുഷ്യൻപോലും വളരുകയില്ല; ജീവിക്കുകയുമില്ല. അതിനു സ്ത്രൈണമൂല്യങ്ങളും ആവശ്യമാണ്.

സ്വയം വിട്ടുകൊടുക്കാൻ സന്നദ്ധമാകുന്ന സ്നേഹം, അപരന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ്, സ്വയംമറന്ന് സഹായത്തിനെത്തുന്ന കരുണ; ജീവാണുവിനെ പുരുഷബീജമായി സ്വന്തം ഉദരത്തിൽ സ്വീകരിച്ച്, രക്തവും മജ്ജയും മാംസവും നല്കി വളർത്തിയെടുക്കുന്ന മാതൃത്വം; സ്വന്തം ശരീരവും രക്തവും കുഞ്ഞിനു അമ്മിഞ്ഞയായി പകർന്നു നല്കുന്ന അമ്മഭാവം, വീഴുമ്പോൾ താങ്ങി എഴുന്നേല്പിക്കുന്ന, മുറിവുകൾ വച്ചുകെട്ടുന്ന, ചളി കഴുകി വൃത്തിയാക്കുന്ന, എല്ലാം മറന്ന് ഉമ്മയിൽ പൊതിയുന്ന മാതൃവാത്സല്യം. ഇതെല്ലാമല്ലേ സ്ത്രൈണഭാവങ്ങൾ? ഇതും ദൈവികഭാവങ്ങളാണെന്നു മറന്നാൽ, സമൂഹത്തിന് ഈ മൂല്യങ്ങൾ നഷ്ടപ്പെട്ടാൽ പിന്നെ അവശേഷിക്കുന്നതു മത്സരവും ശത്രുതയും കൊലപാതകവും മരണവുമായിരിക്കും.

ഇന്നു നമ്മുടെ സമൂഹത്തിന്, ആഗോള-ദേശീയ-പ്രാദേശിക-കുടുംബതലങ്ങളിലെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്നത് ഇപ്രകാരമുള്ള ദുരന്തങ്ങളല്ലേ എന്ന് കർശനമായ ഒരു ആത്മശോധനയ്ക്കു സമയം അതിക്രമിച്ചിരിക്കുന്നു. വേണം മൂല്യങ്ങൾ, പുരുഷമൂല്യങ്ങളും ഒപ്പം സ്ത്രൈണമൂല്യങ്ങളും. രാവും പകലും വീടുകളിൽ കഴിയാൻ എല്ലാ മനുഷ്യരെയും നിർബ്ബന്ധിക്കുന്ന കൊറോണാ മഹാമാരിയിലൂടെ ദൈവം നല്കുന്ന വ്യക്തമാ

യൊരു പാഠമാണിതെന്ന കാര്യം മറക്കാതിരിക്കാം. ഇതൊരു തുടക്കമേ ആയിട്ടുള്ളൂ, വെറും ഒരു തുടക്കം. കൊറോണ മഹാ മാരിയുടെയല്ല, മനുഷ്യനും ദൈവവും പ്രപഞ്ചവും തമ്മിലുള്ള ബന്ധങ്ങളെക്കുറിച്ചു ബൈബിളിലൂടെ നല്കുന്ന പാഠങ്ങളുടെ.

## ചുരുക്കത്തിൽ

പിതൃശൂന്യമായൊരു പൈതലല്ല പ്രപഞ്ചം, എങ്ങുനിന്നെ റിയാതെ, എന്തുകൊണ്ടെന്നറിയാതെ എന്നോ ഒരിക്കൽ ഉണ്ടായ മഹാവിസ്ഫോടനത്തിന്റെ ഫലവുമല്ല ഈ പ്രപഞ്ചം. സർവനന്മ സ്വരൂപിയും സർവശക്തനുമായ ദൈവം വ്യക്തമായൊരു ലക്ഷ്യ ത്തോടെ വിഭാവനം ചെയ്തു സൃഷ്ടിച്ചതാണ് ഈ പ്രപഞ്ചവും ഇതിലെ ഓരോ പരമാണുവും. ഓരോന്നിനും ഈ പ്രപഞ്ചത്തിൽ സ്ഥാനമുണ്ട്, ദൈവികപദ്ധതിയിൽ; ലക്ഷ്യവുമുണ്ട്.

ഈ സൃഷ്ടിയുടെ മകുടമാണ് മനുഷ്യൻ. സ്ത്രീയും പുരു ഷനും ഒരുപോലെ, ദൈവത്തിന്റെ മുഖം വഹിക്കുന്ന, അവിടു ത്തെ മക്കളാണ്. ഇവിടെ എല്ലാ മനുഷ്യരും തുല്യരാണ്, തുല്യമ ഹത്വവും അവകാശങ്ങളും കടമകളും ഉള്ളവർ. ആകെയുള്ള വ്യത്യാസം സ്ത്രീ-പുരുഷ വ്യത്യാസം മാത്രം. തൊലിയുടെ നിറം, ചെയ്യുന്ന തൊഴിൽ, സംസാരിക്കുന്ന ഭാഷ, ജനിച്ച സ്ഥലം തു ടങ്ങിയ വ്യത്യാസങ്ങളൊന്നും മനുഷ്യൻ എന്ന സ്വത്വത്തിൽ ഏറ്റ ക്കുറച്ചിൽ ഉണ്ടാക്കുന്നില്ല. സ്ത്രീയും പുരുഷനും ഒരുപോലെ ദൈവഛായ വഹിക്കുന്നു, വ്യത്യസ്തരീതികളിൽ; അതിനാൽ തുല്യതയ്ക്കുവേണ്ടിയുള്ള സമരമല്ല, സ്നേഹവും സഹകരണ വുമാണ് ആവശ്യം. ആരും ആരെയുംകാൾ ചെറുതല്ല, വലുതുമല്ല. സ്വന്തം മഹത്വം അറിയുക; അംഗീകരിക്കുക, അതുപോലെതന്നെ അപരന്റേതും.

# 3

## ആധിപത്യം - ഉത്തരവാദിത്വം

*"ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു: സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ... സകലജീവികളുടെയും മേൽ നിങ്ങൾക്ക് ആധിപത്യം ഉണ്ടായിരിക്കട്ടെ"* (ഉൽപ 1, 28).

മനുഷ്യമഹത്വത്തെ പ്രകടമാക്കുന്ന രണ്ടു വാക്കുകളായിരുന്നു കഴിഞ്ഞ അധ്യായത്തിൽ അപഗ്രഥിച്ചത്. ഛായ-സാദൃശ്യം. ദൈവത്തിന്റെ പ്രതിനിധികളായി ഈ ഭൂമിയിൽ വർത്തിക്കാൻവേണ്ടി സൃഷ്ടിക്കപ്പെട്ടവരാണ് മനുഷ്യർ. ദൈവത്തോടുള്ള ഗാഢബന്ധമാണ് അവരുടെ മഹത്വത്തിന്റെ നിദാനം എന്നു കണ്ടുകഴിഞ്ഞു. ഈ പ്രപഞ്ചത്തിൽ മനുഷ്യനെ സംബന്ധിച്ച ദൈവത്തിന്റെ പദ്ധതി എന്താണ്, എന്തു ബന്ധമാണ് മനുഷ്യന് ഈ പ്രപഞ്ചത്തോടും ഇതരജീവജാലങ്ങളോടും ഉണ്ടായിരിക്കേണ്ടത് എന്നു തുടർന്ന് വി. ഗ്രന്ഥം പ്രതിപാദിക്കുന്നു.

### അനുഗ്രഹം

ആദ്യമേ ശ്രദ്ധയിൽപ്പെടുന്നത് ദൈവം മനുഷ്യനെ അനുഗ്രഹിച്ചു എന്നതാണ്. "ബാറാക്" എന്നാണു ഹീബ്രുമൂലം. ദൈവം നല്കുന്ന എല്ലാ ദാനങ്ങളുടെയും ആകെത്തുകയായി അനുഗ്രഹത്തെ കാണാം. അതോടൊപ്പം ഈ അനുഗ്രഹം വലിയൊരു ദൗത്യവും ഉൾക്കൊള്ളുന്നുണ്ട്. മനുഷ്യജീവനും അവന് ഏല്പിക്കപ്പെടുന്ന കർത്തവ്യങ്ങളും എല്ലാം ദൈവത്തിന്റെ ദാനമാണ്. ഏല്പിക്കപ്പെടുന്ന ദൗത്യം മൂന്നു കാര്യങ്ങൾ സൂചിപ്പിക്കുന്നു.

**1. സന്താനപുഷ്ടി:** "പ്റൂ" എന്നാണ് ഹീബ്രുവിൽ. പാറാ എന്ന ക്രിയാധാതുവിന്റെ ആദേശിക (imperative) രൂപമാണിത്. ഫലപുഷ്ടിയുണ്ടാവുക, പെരുകുക എന്നർത്ഥം. "പെറുക"; "പെരുകുക" എന്ന രണ്ടു മലയാളപദങ്ങളുമായുള്ള ഈ വാക്കിന്റെ സാമ്യം ശ്രദ്ധേയമാണ്. പ്രജനനത്തിലൂടെ പിൻതലമുറകൾക്കു

രൂപം നല്കണം. താൻ സൃഷ്ടിച്ചതൊന്നും നശിച്ചുപോകരുത്, സമൃദ്ധമായി തുടരണം എന്നതാണ് ദൈവത്തിന്റെ ആഗ്രഹം. അതിനായി നല്കിയിരിക്കുന്ന വരദാനമാണ് ഫലപുഷ്ടി, അഥവാ സന്താനപുഷ്ടി. മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചതിന്റെ മുഖ്യമായ ലക്ഷ്യം മനുഷ്യോചിതമായ സന്താനോല്പാദനവും സന്താനങ്ങളുടെ പരിപാലനവും ആണെന്ന് ഈ കല്പനയിലൂടെ സൂചിപ്പിക്കുന്നു. എന്നാൽ അതു മാത്രമല്ല എന്ന് തുടർന്നുള്ള വിവരണങ്ങൾ വ്യക്തമാക്കും.

**2. കീഴടക്കുക:** "റാദാ" എന്നാണ് ഹീബ്രുമൂലം. യുദ്ധംചെയ്തു കീഴടക്കുക, അടിമപ്പെടുത്തുക, ആധിപത്യത്തിൻ കീഴിലാക്കുക എന്നൊക്കെയാണ് വാക്കിനർത്ഥം (ഉദാ ഏശ 14,2; ലേവ്യ 26,17). ഏറെ തെറ്റിധാരണകൾക്കും ദുർവ്യാഖ്യാനങ്ങൾക്കും തന്മൂലം അനേകം ഭവിഷ്യത്തുകൾക്കും വഴി തെളിച്ച ഒരു വാക്കാണിത്. സൃഷ്ടപ്രപഞ്ചത്തെ ശത്രുവായി കാണാനും സകലകഴിവും ഉപയോഗിച്ച് അതിനെതിരേ യുദ്ധം ചെയ്തു കീഴടക്കാനും ഈ വാക്ക് പ്രേരണ നല്കുന്നതായി കരുതപ്പെട്ടു, പ്രത്യേകിച്ചും പാശ്ചാത്യലോകത്ത്. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുക എന്നു പറയുമ്പോൾ ഇപ്രകാരം ഒരു വ്യാഖ്യാനമാണ് സ്വാഭാവികമായും ആദ്യമേ ലഭിക്കുക. എന്നാൽ യുദ്ധം ചെയ്തു കീഴടക്കേണ്ട ഒരു ശത്രുവാണോ ഈ ഭൂമിയും ഇതിലെ ജീവജാലങ്ങളും എന്ന ചോദ്യം ചോദിച്ചേ മതിയാകൂ! അതിനുള്ള ഉത്തരം ഈ ഒരു വാക്കിൽനിന്നുമാത്രം കിട്ടുകയില്ല, ദൈവഛായയെക്കുറിച്ചു കണ്ടതും, അടുത്ത വാക്കും തുടർന്ന് രണ്ടാം അധ്യായത്തിൽ അവതരിപ്പിക്കുന്ന മണ്ണും മനുഷ്യനുമായുള്ള ബന്ധവും കൂടെ കണക്കിലെടുത്താലേ സമഗ്രമായൊരു മറുപടി ലഭിക്കൂ.

**3. ആധിപത്യം:** ദൈവം മനുഷ്യനു നല്കിയ മൂന്നാമത്തെ അനുഗ്രഹവും ദൗത്യവുമാണ് ജീവജാലങ്ങളുടെ മേലുള്ള ആധിപത്യം. "കാബാഷ്" എന്നാണ് ഹീബ്രുമൂലം. അടിമപ്പെടുത്തുക, ചവുട്ടിമെതിക്കുക, കാല്ക്കീഴിലാക്കുക എന്നൊക്കെയാണ് ഈ വാക്കിനർത്ഥം (ഉദാ: 2 ദിന 28, 10; മിക്കാ 7,19; സഖ 9,15). രണ്ടു വാക്കുകളുടെയും അർത്ഥം സമാനമാണ്. സമാനാർത്ഥമുള്ള വാക്കുകൾ സമാന്തരമായി അവതരിപ്പിക്കുന്നതിലൂടെ ആശയത്തിന് ഊന്നൽ കൊടുക്കുന്നു.

അതോടൊപ്പം ഭൂമിയിലെ സസ്യലതാദികളും പക്ഷിമൃഗാ

ദികളുമായ എല്ലാ ജീവജാലങ്ങൾക്കും ഇവിടെ വളർന്നു വിക സിക്കാൻ ദൈവംതന്നെ വരം നല്കുന്നു എന്നതും ശ്രദ്ധിക്കണം. എല്ലാ ജീവജാലങ്ങൾക്കും അതിന്റേതായ ലക്ഷ്യവും ദൗത്യവും അവകാശങ്ങളുമുണ്ട്. സസ്യലതാദികൾ മറ്റു ജീവജാലങ്ങൾക്ക് ആഹാരമായിരിക്കണം. സൃഷ്ടിയുടെ ആരംഭത്തിൽ മനുഷ്യനും സസ്യഭുക്കായിരുന്നു എന്നും പ്രളയം മൂലം തുടച്ചുമാറ്റപ്പെട്ട പഴയ സൃഷ്ടിക്കുപകരം പുതുതായി രൂപംകൊടുത്ത പ്രളയാനന്തരപ്ര പഞ്ചക്രമത്തിലാണ് മനുഷ്യനെ മാംസഭുക്കായി അംഗീകരിക്കു ന്നതെന്നും ബൈബിൾ തുടർന്നു വിവരിക്കുന്നുണ്ട് (ഉൽപ 9,1-3).

## ഉത്തരവാദിത്വം

കീഴടക്കുക, ആധിപത്യം സ്ഥാപിക്കുക എന്ന രണ്ടു വാക്കുകൾ ഈ പ്രപഞ്ചത്തിന്റെമേൽ മനുഷ്യന് നിരുപാധികമായ അധികാരം നല്കിയിരിക്കുന്നു, അവന് ഇഷ്ടംപോലെ പ്രപഞ്ചത്തോടും ഇത രജീവജാലങ്ങളോടും പെരുമാറാം, അവയെ ഉപയോഗിക്കാം, ഉന്മൂലനം ചെയ്യാം എന്ന് വ്യാഖ്യാനിച്ചവരുണ്ട്. ഈ വ്യാഖ്യാനം ഭീകരമായ നാശങ്ങൾക്കു വഴിയൊരുക്കുകയും ചെയ്തു, ഇന്നു നാം കാണുന്നതുപോലെ. ബൈബിളിന്റെ ഉപരിപ്ലവവും സ്വാർ ത്ഥപരവുമായ വ്യാഖ്യാനങ്ങൾ അനേകം തിന്മകൾക്കും അതി ക്രമങ്ങൾക്കും കൂട്ടുനില്ക്കുകയും വഴിതെളിക്കുകയും ചെയ്തി ട്ടുണ്ട്. അതിനാൽ മനുഷ്യൻ പ്രകൃതിയെ ദുരുപയോഗിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നതിന് മുഖ്യഉത്തരവാദിത്വം ക്രിസ്ത്യാ നികൾക്കും അവരുടെ വേദഗ്രന്ഥമായ ബൈബിളിനുമാണ് എന്ന ശക്തമായൊരാരോപണം ഇന്നുയരുന്നുണ്ട്. അതിനാൽത്തന്നെ മേൽവിവരിച്ച ദാനങ്ങളും ദൗത്യങ്ങളും അല്പംകൂടി അടുത്തു പരിശോധിക്കേണ്ടതുണ്ട്.

## അടിമയാകരുത്

ഉൽപത്തി ഒന്നാം അധ്യായത്തിലെ സൃഷ്ടിയുടെ വിവരണം മുഴുവൻ എടുത്തുപറയുന്ന ഒരു സത്യമുണ്ട്: ഈ പ്രപഞ്ചവും ഇതിലുള്ള സമസ്തവും ദൈവസൃഷ്ടിയാണ്, സൃഷ്ടിമാത്രമാണ്. എന്താണിതിനിത്ര പ്രത്യേകത എന്നു തോന്നിയേക്കാം. ഉണ്ട്. കാരണം ഈ വിവരണം രചിക്കുന്ന കാലഘട്ടത്തിൽ മനുഷ്യർ ആകാശഗോളങ്ങളെയും പ്രകൃതിശക്തികളെയും, എന്തിന്, പക്ഷി മൃഗാദികളെപ്പോലും ദൈവങ്ങളായി കരുതി ആരാധിച്ചിരുന്നു.

അവയാണ് തങ്ങളുടെ ജീവിതത്തെ നിയന്ത്രിക്കുന്നത് എന്നു കരുതി ഭയാദരങ്ങളോടെ അവയ്ക്കു ബലികളർപ്പിച്ചിരുന്നു. ഇവിടെയാണ് വി. ഗ്രന്ഥം എടുത്തുകാട്ടുന്ന ആദ്യത്തെ വിമോചന പ്രക്രിയ.

കാലാകാലങ്ങളായി അനേകം പുരാതനമതങ്ങൾ ആരാധിച്ചിരുന്നതും ഇന്നും പലമതങ്ങളും ദൈവത്വം ആരോപിച്ച് ആരാധിക്കുന്നതുമായ ആകാശഗോളങ്ങളും പ്രപഞ്ചശക്തികളും, മൃഗങ്ങളും ഒന്നും ദൈവമല്ല, അവയ്ക്ക് മനുഷ്യന്റെ ജീവിതത്തിന്റെയും തീരുമാനങ്ങളുടെയും മേൽ ഒരു ശക്തിയും സ്വാധീനവുമില്ല. പ്രപഞ്ചശക്തികളുടെ ദൈവിക പരിവേഷത്തിൽനിന്നു സംജാതമായ ഭയവും അവയോടുള്ള ആരാധനാഭാവവും ഒറ്റയടിക്ക് എടുത്തുമാറ്റുന്നതാണ് സൃഷ്ടിയുടെ വിവരണം; പ്രത്യേകിച്ചും അവയുടെമേൽ മനുഷ്യനു നല്കുന്ന അധികാരവും ആധിപത്യവും. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട ഏകസൃഷ്ടി മനുഷ്യനാണ്. അതിനാൽ ഇതരസൃഷ്ടികളെ ഭയപ്പെടരുത്; മാത്രമല്ല മനുഷ്യൻ അവ ഒന്നിന്റെയും അടിമയാകുകയുമരുത്.

## ദൈവമക്കളുടെ സ്വാതന്ത്ര്യം

ഒന്നാം അധ്യായത്തിൽ വിവരിക്കുന്ന ആറുദിവസത്തെ സൃഷ്ടികളിൽ മനുഷ്യൻ മാത്രമാണ് സ്വാതന്ത്ര്യമുള്ള വ്യക്തിയായി സൃഷ്ടിക്കപ്പെട്ടത്. സ്വന്തം ബുദ്ധി ഉപയോഗിച്ച് ദൈവത്തെ അന്വേഷിക്കാനും കണ്ടെത്താനും ദൈവവുമായി സമ്പർക്കത്തിൽ, സംഭാഷണത്തിൽ ഏർപ്പെടാനും കഴിയുന്ന ഏകസൃഷ്ടിയാണ് മനുഷ്യൻ; മറ്റുള്ളവയെല്ലാം, അചേതനവും സചേതനവുമായ സകലസൃഷ്ടികളും, പ്രകൃതിനിയമങ്ങൾ അനുസരിച്ചു ചരിക്കുന്നു. ഒന്നിനും സ്വാതന്ത്ര്യമില്ല - മനുഷ്യനൊഴികെ.

ആധിപത്യത്തെക്കുറിച്ചുള്ള പരാമർശം രണ്ടാമതായി ഈ സ്വാതന്ത്ര്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്. അതിനുള്ള അടിസ്ഥാനമാകട്ടെ ദൈവഛായയും. ദൈവം തന്റെ നിയമം മനുഷ്യഹൃദയത്തിൽ എഴുതിയിട്ടുണ്ട്. അതനുസരിക്കാനും ലംഘിക്കാനുമുള്ള സ്വാതന്ത്ര്യവും ദൈവം നല്കിയിട്ടുണ്ട്. ലംഘിച്ചാൽ ഉണ്ടാവുന്ന പ്രത്യാഘാതങ്ങൾ എന്തായിരിക്കും എന്നു തുടർന്നുള്ള വിവരണങ്ങളിൽ വ്യക്തമാകും. ഇവിടെ ശ്രദ്ധേയം മനു

ഷ്യനു ലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യമാണ്. അതേസമയം ദൈവമാണ് ഈ സ്വാതന്ത്ര്യം നല്കിയിരിക്കുന്നതെന്നും ദൈവത്തിന്റെ പ്രതിനിധിയായി പ്രപഞ്ചത്തിൽ വർത്തിക്കണം എന്നും മറക്കരുത്.

## ആധിപത്യത്തിന്റെ പരിധികൾ

ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കി വാസമുറപ്പിക്കാനുള്ള ദൗത്യം എല്ലാ മനുഷ്യർക്കുമാണ് നല്കിയിരിക്കുന്നത് എന്നും ശ്രദ്ധിക്കണം. ഈ ഭൂമി ഇവിടെയുള്ള സകലജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ്; അതുപോലെത്തന്നെ സകല മനുഷ്യർക്കും. ഈ കാഴ്ചപ്പാടിൽനിന്ന് രണ്ടു നിഗമനങ്ങൾ ഉരുത്തിരിയുന്നു.

1. മനുഷ്യന് ഇഷ്ടംപോലെ കൈകാര്യം ചെയ്യാനുള്ള ഒരു ഉപഭോഗവസ്തുവല്ല ഭൂമി. എല്ലാ ജീവജാലങ്ങൾക്കും ജീവൻ നല്കി പരിപോഷിപ്പിക്കുന്ന അമ്മപോലെയാണ് ഭൂമി. അതിനാൽ മനുഷ്യന് ഭൂമിയോട് ആദരവുണ്ടാകണം; ഉപയോഗം ജീവസന്ധാരണത്തിനാവശ്യമുള്ളിടത്തോളമേ ആകാവൂ. അതു മറ്റു ജീവജാലങ്ങളുടെയും ഈ പ്രപഞ്ചത്തിന്റെ തന്നെയും സന്തുലിതാവസ്ഥയ്ക്കു വിഘാതമാകരുത്. പരിസ്ഥിതി സംരക്ഷണത്തിന്റെ ബാലപാഠങ്ങൾ ഇവിടെ തുടങ്ങുന്നു. ദൈവം മനുഷ്യന് ആധിപത്യം നല്കിയിരിക്കുന്നത് വെട്ടി നശിപ്പിക്കാനല്ല, സംരക്ഷിക്കാനാണ്; രാജാവ് പ്രജകളെ, ഇടയൻ ആടുകളെ, കർഷകൻ കൃഷിഭൂമിയെ സംരക്ഷിക്കാൻ കടപ്പെട്ടിരിക്കുന്നതുപോലെ.

ഈ ഉത്തരവാദിത്വം മറന്നുപോയതല്ലേ ഇന്നു നാം നേരിടുന്ന നിരവധിയായ ദുരന്തങ്ങൾക്കു കാരണം എന്ന് ആത്മാർത്ഥമായി അന്വേഷിക്കേണ്ടതുണ്ട്. ജലം-വായു മലിനീകരണം, വനം-വന്യജീവിനശീകരണം തുടങ്ങി പ്രകൃതിക്കെതിരേ എത്രയെത്ര ദ്രോഹങ്ങൾ! ശുദ്ധജലവും ശുദ്ധവായുവും ലഭ്യമാകാത്തവിധത്തിൽ മലിനീകരണം സംഭവിച്ചു കഴിഞ്ഞു. ഭൂമിയുടെ ശ്വാസകോശം എന്നു വിശേഷിപ്പിക്കുന്ന ആമസോൺ വനങ്ങൾ നശിപ്പിക്കപ്പെടുന്നു. ആമസോണിൽ മാത്രമല്ല, എല്ലായിടത്തും സംഭവിച്ചുകൊണ്ടിരിക്കുന്ന സസ്യജാല നശീകരണം മനുഷ്യന്റെ അതിരുവിട്ട ഉപഭോഗാസക്തിയുടെ ഫലമാണെന്നതിൽ സംശയമില്ല. അക്രമം അസഹ്യമായപ്പോൾ പ്രകൃതി തിരിച്ചടിക്കുന്നതിന്റെ തെളിവല്ലേ നാം കണ്ടുകൊണ്ടിരിക്കുന്ന കാലാവസ്ഥാവ്യതിയാനവും മറ്റും? ഏറ്റം പുതിയ താക്കീതാണ് ഇന്നു ലോകം

മുഴുവൻ ഭയാശങ്കകളോടെ നേരിടുന്ന കോവിഡ് 19. ഇത് അവസാനത്തേതാകണമെന്നില്ല; കൂടുതൽ ശക്തവും ഭീതകരവുമായ അടയാളങ്ങൾ ഉണ്ടായെന്നുവരാം.

2. ഭൂമി എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതാണ്. ഇക്കാര്യം എങ്ങനെ മനുഷ്യൻ സൗകര്യപൂർവം മറക്കുന്നു! കായികശേഷിയും മേധാശക്തിയും ആയുധമികവും ഉപയോഗിച്ച് ചിലർ ഭൂമി കയ്യടക്കി, എന്റേതെന്നു വേലികെട്ടി അനേകരെ ഭൂരഹിതരാക്കുന്നു. ഇത് ആഗോളതലത്തിലും ദേശീയതലത്തിലും എല്ലാം സംഭവിക്കുന്നു. അങ്ങനെ ദൈവത്തിന്റെ മുഖം വഹിക്കുന്ന കോടിക്കണക്കിനു മനുഷ്യർ ഒരു കൂരവയ്ക്കാൻ പോലും സ്വന്തമായിട്ടിടമില്ലാതെ അലയുന്നു, സ്വന്തമെന്നു പറയാൻ നാടും വീടുമില്ലാതെ അഭയാർത്ഥികളായി വേട്ടയാടപ്പെടുന്നു.

ദൈവം എല്ലാവർക്കുമായി നല്കിയ ആധിപത്യത്തിനെന്തു സംഭവിച്ചു? ദൈവത്തിന്റെ ഭൂമി വേലികെട്ടിത്തിരിച്ച്, സ്വന്തമെന്നുപറഞ്ഞ്, അന്യരെ അകറ്റിനിർത്താൻ ആരാണധികാരം നല്കിയത്? അധികാരത്തിന്റെയും ആധിപത്യത്തിന്റെയും ദുർവ്യാഖ്യാനം ഇവിടെയും കാണാം. എത്രയെത്ര യുദ്ധങ്ങൾ, എത്രയെത്ര വംശനശീകരണ ശ്രമങ്ങൾ, മനുഷ്യൻ മനുഷ്യനെ അടിമയാക്കുന്ന ഭരണകൂടങ്ങൾ, അതിനു ചൂട്ടുപിടിക്കുന്ന പ്രത്യയശാസ്ത്രങ്ങൾ. എല്ലാം ഈ ദർശനത്തിനു മുന്നിൽ പ്രതിക്കൂട്ടിലാകുന്നു.

## ചുരുക്കത്തിൽ

1. ദൈവം മനുഷ്യനു നല്കിയിരിക്കുന്ന വലിയൊരു ദാനമാണ് സന്താനപുഷ്ടി. പുരുഷനും സ്ത്രീയുമായി സൃഷ്ടിക്കപ്പെട്ടതിന്റെ മുഖ്യലക്ഷ്യവും അതായിരുന്നു. ദൈവം നല്കിയ ആദ്യത്തെ അനുഗ്രഹവും ദാനവുമാണത്. അതിനാൽ വിവാഹത്തെ അനാവശ്യമായൊരു ചടങ്ങുമാത്രമായും മക്കൾ ഒഴിവാക്കേണ്ട ഭാരമായും കരുതുന്നെങ്കിൽ അതു ദൈവിക പദ്ധതിക്കു വിരുദ്ധമാണ്.

2. പ്രപഞ്ചവും അതിലുള്ള സമസ്തവും ദൈവസൃഷ്ടിയാണ്. അതിനാൽ മനുഷ്യൻ അവയിൽ ഒന്നിന്റെയും അടിമയാകരുത്; ഒന്നിനെയും ദൈവമായി കരുതി ആരാധിക്കുകയുമരുത്.

3. ആകാശഗോളങ്ങൾക്കും പ്രപഞ്ചശക്തികൾക്കും മനു

ഷ്യന്റെ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കാനോ ഭാവിയെ നിശ്ച യിക്കാനോ കഴിവില്ല. മനുഷ്യൻ സ്വതന്ത്രനാണ്. അത് ആർക്കും, ഒന്നിനും അടിയറവയ്ക്കരുത്.

4. ഈ ഭൂമിയും അതിലെ വിഭവങ്ങളും ഇവിടെയുള്ള എല്ലാ ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ്. അതിനാൽ പരിസ്ഥിതി സംരക്ഷിക്കണം; ഒന്നിനെയും നശിപ്പിക്കരുത്; അതേസമയം മനു ഷ്യനും ഈ ഭൂമിയിൽ ജീവിക്കാൻ അവകാശമുണ്ടെന്ന കാര്യം പരിസ്ഥിതി - വന്യജീവി സംരക്ഷണത്തിനുവേണ്ടി അമിതാ വേശം കാട്ടുന്നവർ ഓർമ്മിക്കണം.

5. ഈ ഭൂമിയിൽ എല്ലാ മനുഷ്യർക്കും ജീവിക്കാൻ ആവശ്യ മായതു കണ്ടെത്താൻ അവകാശമുണ്ട്. എന്റെ അവകാശത്തിന്റെ പരിധി അയല്ക്കാരന്റെ ആവശ്യമാണെന്നതു മറക്കാതിരിക്കാം. ആഗോളതലത്തിലും ദേശീയതലത്തിലും മാനിക്കപ്പെടേണ്ടതാണ് ഈ അവകാശം.

6. ഈ കാഴ്ചപ്പാടുകൾ, നിയമങ്ങൾ, ദർശനങ്ങൾ അനുസ രിച്ച് മനുഷ്യൻ ജീവിക്കണം. അപ്പോൾ സൃഷ്ടികർമ്മം പൂർത്തി യാക്കിയതിനുശേഷം ദൈവം നടത്തുന്ന അവലോകനം യാഥാർ ത്ഥ്യമാകും: *"താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നു എന്ന് ദൈവം കണ്ടു"* (ഉൽപ 1, 30).

പിന്നെ എങ്ങനെ എല്ലാം നല്ലതല്ലാതായി? അതാണ് തുടർന്ന് വിവരിക്കുന്നത്. അതിനുമുമ്പേ സൃഷ്ടിയുടെ രണ്ടാം വിവരണ മുണ്ട്. അടുത്ത അധ്യായം: മണ്ണും മനുഷ്യനും.

# 4

## മണ്ണും മനുഷ്യനും

*"ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്കു നിശ്വസിക്കുകയും ചെയ്തു. അങ്ങനെ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു... ഏദേൻതോട്ടം കൃഷിചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി"* (ഉൽപ 2,7-15).

പ്രപഞ്ചസൃഷ്ടിയെ സംബന്ധിച്ച രണ്ടാമത്തെ വിവരണം ഉൽപ 2,4-25 ൽ കാണാം. കഥാരൂപത്തിലാണ് ഈ വിവരണം അവതരിപ്പിച്ചിരിക്കുന്നത്. വെറും ഭാവനാസൃഷ്ടിയായ കെട്ടുകഥയല്ല, ആഴമേറിയ സത്യം ലളിതമായ ഭാഷയിൽ അവതരിപ്പിക്കുന്ന കഥാരൂപം. മിത്ത് (myth) എന്നു വിശേഷിപ്പിക്കുന്ന ഒരു സാഹിത്യരൂപമാണിത്. അതിനാൽത്തന്നെ ഇവിടെ പ്രത്യക്ഷപ്പെടുന്ന കഥാപാത്രങ്ങൾക്കും സംഭവങ്ങൾക്കും സംഭാഷണങ്ങൾക്കും പ്രത്യക്ഷത്തിൽ കാണുന്നതിനേക്കാൾ ആഴമേറിയ അർത്ഥമുണ്ട്. ഏതു കൊച്ചുകുട്ടികൾക്കും മനസിലാക്കാവുന്നത്ര ലളിതവും അതേസമയം എത്രവലിയ ചിന്തകനും മുഴുവൻ ഗ്രഹിക്കാനാവാത്തത്ര ഗഹനവുമാണ് ഇവിടെ അവതരിപ്പിക്കുന്ന പ്രമേയങ്ങൾ. അതിനാൽ ഒരേ വിവരണത്തിന് ഒന്നിലേറെ വ്യാഖ്യാന സാധ്യതകൾ ഉണ്ടെന്ന കാര്യം മറക്കാതിരിക്കാം.

### ദൈവമായ കർത്താവ്

ഏവർക്കും സുപരിചിതമാണ് മനുഷ്യസൃഷ്ടിയെ സംബന്ധിച്ച ഈ വിവരണം. ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ട് മനുഷ്യനെ മെനഞ്ഞെടുത്തു, കുശവൻ മൺപാത്രങ്ങൾ മെനയുന്നതുപോലെ. ഒന്നാമത്തെ അധ്യായത്തിൽ "ദൈവം" എന്നാണ് സ്രഷ്ടാവിനെ വിളിക്കുക. "ഏലോഹിം" എന്ന് ഹീബ്രു. ഇവിടെ ദൈവമായ കർത്താവ് എന്നു വിശേഷിപ്പിക്കുന്നു. "യാഹ്‌വേ

എലോഹിം" എന്നു ഹീബ്രുമൂലം മോശയ്ക്കു ദൈവം വെളിപ്പെടുത്തിയ പേരാണ് "യാഹ്‌വേ" (പുറ 31, 14-15). "ഞാൻ" എന്നാണ് വാക്കിനർത്ഥം. ഇതു ദൈവത്തിന്റെ ഒരു നിർവചനമായി അവതരിപ്പിച്ചിരിക്കുന്നു. പ്രവൃത്തിയിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവമാണ് യാഹ്‌വേ, ആ പ്രവൃത്തിയാകട്ടെ അടിമകൾക്കു നല്കുന്ന മോചനവും.

*"ഈജിപ്തുകാരുടെ ദാസ്യത്തിൽനിന്നു നിങ്ങളെ മോചിപ്പിച്ച ഞാനാണ് നിങ്ങളുടെ ദൈവമായ കർത്താവ് എന്നു നിങ്ങൾ അറിയും"* (പുറ 6, 7) എന്ന വിശദീകരണം പേരിന്റെ അർത്ഥം വ്യക്തമാക്കുന്നു. ഉടമ്പടിയുടെ പത്തുപ്രമാണങ്ങളിൽ ആദ്യത്തേതും മറ്റെല്ലാ പ്രമാണങ്ങളുടെയും അടിസ്ഥാനവുമായി അവതരിപ്പിക്കുന്ന ഒന്നാം പ്രമാണവും ആരാണ് ദൈവം എന്ന് സംശയലേശമെന്യേ നിർവചിക്കുന്നു: *"അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്. ഞാനല്ലാതെ വേറെ ദേവന്മാർ നിനക്കുണ്ടാകരുത്"* (പുറ 20, 1-3).

എല്ലാറ്റിന്റെയും സ്രഷ്ടാവും ആദികാരണവും എല്ലാറ്റിനും അതീതനും അദൃശ്യനും അഗ്രാഹ്യനുമായ ദൈവം ഇവിടെ ഒരു കുശവന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള ഗാഢമായ, അഭേദ്യമായ ബന്ധത്തിലേക്കുള്ള ഒരു സൂചനയാണിത്.

ആദ്യവിവരണത്തിൽ സൃഷ്ടികർമ്മത്തിന്റെ അവസാനമാണ് മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നത്. എല്ലാറ്റിന്റെയും മകുടമായി. എന്നാൽ രണ്ടാമത്തെ വിവരണത്തിൽ മനുഷ്യനാണ് ആദ്യസൃഷ്ടി. ബാക്കിയെല്ലാം മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെടുന്നതായി തോന്നും. ആദ്യവിവരണത്തിൽ സൃഷ്ടികർമ്മം വചനത്തിലൂടെയാണ് നടന്നതെങ്കിൽ ഇവിടെ ദൃശ്യവും നാടകീയവുമായ രീതിയിൽ ഒരു പ്രവർത്തനത്തിലൂടെ അവതരിപ്പിക്കുന്നു. സാഹിത്യരൂപത്തിന്റെ വ്യത്യാസം മാത്രമല്ല, ഊന്നലുകളിലുള്ള വ്യത്യാസവും പരിഗണിക്കണം.

## ഭൂമിയിലെ പൂഴി

ഭൂമിയുടെയോ മറ്റ് ആകാശഗോളങ്ങളുടെയോ ഒന്നും ഉത്ഭവത്തെക്കുറിച്ച് ഇവിടെ പരാമർശിക്കുന്നില്ല. മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നതിനുമുമ്പ് ഭൂമിയുടെ അവസ്ഥയെക്കുറിച്ച് നല്കുന്ന

സൂചന തന്നെ മനുഷ്യനും ഭൂമിയും തമ്മിലുള്ള ബന്ധം എടുത്തുകാട്ടുന്നു. ജീവജാലങ്ങൾ ഒന്നും ഇല്ലാതെ, പാഴായ, ഉണങ്ങിവരണ്ട മരുഭൂമിയാണ് ഇവിടെ മനുഷ്യസൃഷ്ടിക്കു മുമ്പുള്ള ഭൂമി. അതു പാഴായിക്കഴിയാൻ ഒരു കാരണം കൃഷിചെയ്യാൻ മനുഷ്യൻ ഇല്ലായിരുന്നു എന്നതാണ്. ഭൂമിയുടെ ഫലപുഷ്ടി മനുഷ്യനെയും ആശ്രയിച്ചിരിക്കുന്നു എന്ന ഒരു സൂചനയും ഇവിടെ കാണാം.

ഭൂമിയിലെ പൂഴി ഉണങ്ങിവരണ്ട പൊടിയാണ്, ധൂളി. അതിൽ ജീവനില്ല; വളമില്ല, ഈർപ്പമില്ല, ഫലപുഷ്ടിയുമില്ല - ശൂന്യതയുടെ പ്രതീകം. ആ ധൂളിയാണ് ദൈവം മനുഷ്യന്റെ രൂപമായി മെനഞ്ഞെടുക്കുന്നത്. എന്തിൽനിന്നാണ് മനുഷ്യന്റെ ഉത്ഭവം എന്നു സൂചിപ്പിക്കുന്നതാണ് പൂഴി. പൂഴി എന്ന വിഷയം വീണ്ടും ചർച്ച ചെയ്യപ്പെടും, മനുഷ്യന്റെ പാപവുമായി ബന്ധപ്പെടുത്തി: നീ പൂഴിയാണ്, പൂഴിയിലേക്കു തന്നെ മടങ്ങും (ഉൽപ 3, 19). മനുഷ്യന്റെ നിസ്സാരത, നശ്വരത, മർത്യത - ഇതെല്ലാമാണ് പൂഴി എന്ന പ്രതീകം കൊണ്ട് അർത്ഥമാകുക; അതോടൊപ്പം ഈ ഭൂമിയോടുള്ള ഒരു മാതൃ-പുത്ര ബന്ധത്തെയും ഇതു സൂചിപ്പിക്കുന്നു.

## കർത്താവിന്റെ ജീവശ്വാസം

പൂഴിയിൽനിന്നു മെനഞ്ഞെടുത്ത രൂപത്തിന്റെ മൂക്കിലേക്കു ദൈവം ജീവന്റെ ശ്വാസം നിശ്വസിച്ചു; അപ്പോൾ അതു ജീവനുള്ളതായിത്തീർന്നു. എത്ര ലളിതമായ കഥ; എന്നാൽ എത്ര ആഴമേറിയതാണിതിന്റെ ധ്വനി! “നിശ്വസിച്ചു” എന്നു വിവർത്തനം ചെയ്യുന്ന “നാപാ” എന്നത് ഹീബ്രുവാക്കാണ്. ഊതുക, എന്നർത്ഥം. തീ ഊതിക്കത്തിക്കുന്നതുപോലെ (ഏശ 54,14; എസെ 22,20). ശക്തമായി വീശുക എന്നും അർത്ഥമുണ്ട്. ഉണങ്ങിവരണ്ട അസ്ഥികളുടെ മേൽ ജീവശ്വാസം വീശുന്നതിനും ഇതേ പദം തന്നെ ഉപയോഗിച്ചിരിക്കുന്നു. “ജീവശ്വാസമേ... ഈ നിഹതന്മാരുടെ മേൽ വീശുക” (എസെ 37, 9).

ജീവനാണ് ഇവിടെ ചർച്ചാവിഷയം. നിർജ്ജീവമായ മൺകുടത്തിലേക്ക് ദൈവത്തിന്റെ ജീവശ്വാസം പ്രവേശിച്ചപ്പോൾ അതു ജീവനുള്ളതായിത്തീർന്നു. വി. ഗ്രന്ഥകാരൻ പഠിപ്പിക്കാൻ ശ്രമിക്കുന്ന സത്യം വളരെ വ്യക്തം. മനുഷ്യൻ ഒരു അദ്ഭുതപ്രതിഭാസമാണ്. ഒരു വശത്തുനിന്നു നോക്കുമ്പോൾ നിർജ്ജീവം, നശ്വരം, ദുർബലം, മർത്യം - ഉണങ്ങിവരണ്ട മരുഭൂമിയിലെ പൊടിപോലെ.

എന്നാൽ മറുവശത്തുനിന്നു നോക്കുമ്പോൾ മനുഷ്യനു ജീവനുണ്ട്; ദൈവം തന്നെ നിശ്വസിച്ച, ഊതിനിറച്ച ജീവന്റെ ശ്വാസം അവനെ സജീവനാക്കുന്നു. ദൈവത്തോടുള്ള ഈ ബന്ധമാണ് മനുഷ്യനെ മനുഷ്യനാക്കുന്നത്. ഈ ബന്ധം വിഛേദിച്ചാൽ, ജീവശ്വാസം പിൻവലിച്ചാൽ അവൻ വെറും പൊടിയായിത്തീരും. മണ്ണിൽ നിന്നെടുക്കപ്പെട്ടവൻ മണ്ണിലേക്കു പിൻതിരിയും; മണ്ണോടുചേർന്ന് മണ്ണാകും.

## ജീവനുള്ളവൻ

അങ്ങനെ അവൻ ജീവനുള്ളവനായിത്തീർന്നു. ജീവൻ എന്നു വിവർത്തനം ചെയ്യുന്ന ഹീബ്രുപദവും ശ്രദ്ധയർഹിക്കുന്നു. "നെഫെഷ്" എന്നാണു മൂലം. ശ്വസിക്കുന്നത്, ജീവനുള്ളത്, ജീവിക്കുന്നത് എന്നൊക്കെ മൂലാർത്ഥം. പ്സിക്കേ (Psyche) എന്നു ഗ്രീക്കിലും ആനിമ (Anima) എന്നു ലത്തീനിലും വിവർത്തനം ചെയ്യുന്നു. ആത്മാവ് എന്ന് വിശേഷിപ്പിക്കുന്ന യാഥാർത്ഥ്യത്തിലേക്കുള്ള ഒരു സൂചന ഇവിടെ കാണാം. എന്നാൽ ശരീരത്തിൽ നിന്നു വ്യത്യസ്തമായി ആത്മാവിനെ ദൈവം സൃഷ്ടിച്ചു എന്നു പറയുന്നില്ല. എങ്കിലും ശരീരത്തെ ജീവനുള്ളതാക്കി മാറ്റുന്നത് ദൈവത്തിന്റെ ശ്വാസമാണെന്ന വിവരണം ഇപ്രകാരം ഒരു നിഗമനത്തിനു പിൻബലമായുണ്ട്.

ഈ രണ്ടു വാക്കുകൾ, പൂഴി, ജീവൻ, മനുഷ്യന്റെ മർത്യതയും ഒപ്പം അമർത്യതയും എടുത്തുകാട്ടുന്നു. ദൈവത്തിന്റെ ശ്വാസത്താൽ ചലിക്കുന്ന, ചരിക്കുന്ന മണ്ണാണു മനുഷ്യൻ. മഹത്വവും നിസ്സാരതയും സമ്മേളിച്ചിരിക്കുന്ന അദ്ഭുതസൃഷ്ടി. ദൈവത്തിന്റെ ഛായ - സാദൃശ്യം എന്ന് ആദ്യവിവരണത്തിൽ പറഞ്ഞത് ഇവിടെ ദൈവത്തിന്റെ ജീവശ്വാസമായി അവതരിപ്പിച്ചിരിക്കുന്നു. ജീവിക്കുന്ന മണ്ണ്, മണ്ണിൽ ജീവിക്കുന്നവൻ, ദൈവശ്വാസത്താൽ ജീവിക്കുന്നവൻ അതാണ് മനുഷ്യൻ. ആ ശ്വാസം പിൻവലിച്ചാൽ അവൻ വെറും മണ്ണായിത്തീരും.

## മനുഷ്യനും പറുദീസായും

*"അവിടുന്ന് കിഴക്ക് ഏദെനിൽ ഒരു തോട്ടമുണ്ടാക്കി, താൻ രൂപം കൊടുത്ത മനുഷ്യനെ അവിടെ താമസിപ്പിച്ചു"* (ഉൽ 2, 8). ഏദേൻ എന്നത് ഒരു സ്ഥലപ്പേരായിട്ടാണുപയോഗിച്ചിരിക്കുന്നത്. എന്നാൽ ഈ പേരിന്റെ പിന്നിലുള്ള "അദാൻ" എന്ന ക്രിയാരൂ

പത്തിന് സമൃദ്ധമായിരിക്കുക, സുഖഭോഗങ്ങളുടെ സമൃദ്ധി (luxuriate)യിൽ കഴിയുക എന്ന അർത്ഥമുണ്ട്. തോട്ടം എന്നു വിവർത്തനം ചെയ്യുന്ന "ഗൻ" എന്ന ഹീബ്രുവാക്കിന്റെ വാച്യാർത്ഥം മതിലുകെട്ടി ഭദ്രമാക്കിയ ഉദ്യാനം എന്നത്രേ. വേലി കെട്ടുക. ചുറ്റുമതിൽ ഉയർത്തുക എന്നൊക്കെ അർത്ഥമുള്ള "ഗനാൻ" എന്ന ക്രിയാധാതുവിൽനിന്നാണ് "ഗൻ" എന്ന വാക്കിന്റെ ഉത്ഭവം. സപ്തതി ഇതിനെ "പാരാദെയ്സോസ്" എന്നു ഗ്രീക്കിലേക്കു വിവർത്തനം ചെയ്തു. "പയ്രിദേസാ" എന്ന പേർഷ്യൻ വാക്കിൽ നിന്നാണ് ഗ്രീക്കുകാർ ഈ വാക്കു സ്വീകരിച്ചത്. ഇതിൽനിന്നാണ് ഇംഗ്ലീഷിലെ പാരഡൈസ് (Paradise) എന്ന വാക്കും മലയാളത്തിലെ പറുദീസായും വരുന്നത്. രാജാക്കന്മാരുടെ ഉദ്യാനമായിരുന്നു പേർഷ്യയിലെ പയ്രിദേസാ.

സുരക്ഷിതവും സമൃദ്ധിയുടെ കേദാരവും എല്ലാവിധ സന്തോഷത്തിന്റെയും കേന്ദ്രവുമായ, തന്റെ സ്വന്തം ഉദ്യാനമായ ഏദേൻ തോട്ടത്തിൽ, അഥവാ പറുദീസായിൽ ദൈവം മനുഷ്യനെ പാർപ്പിച്ചു എന്ന പ്രസ്താവനയിൽനിന്ന് ദൈവം മനുഷ്യനു നല്കുന്ന പ്രാധാന്യവും കരുതലും വ്യക്തമാകുന്നു. ദൈവികസാന്നിധ്യം അനുഭവവേദ്യമാകുന്ന, മനുഷ്യൻ ദൈവത്തോടൊന്നിച്ച് ആയിരിക്കുന്ന, അവസ്ഥയാണ് വി. ഗ്രന്ഥകാരൻ പറുദീസായുടെ പ്രതീകത്തിലൂടെ അവതരിപ്പിക്കുന്നത്. അവന് ഒന്നിനും കുറവുണ്ടാകരുത് എന്നു ദൈവത്തിനു നിർബന്ധമുണ്ട്. അതിനാലാണ് ചേർന്ന ഇണയെ അന്വേഷിക്കുന്നത്. ഇണയെക്കുറിച്ചു പ്രതിപാദിക്കുന്നതിനുമുമ്പേ മനുഷ്യനെ ഏല്പിക്കുന്ന ദൗത്യം ശ്രദ്ധിക്കണം.

## കൃഷി ചെയ്യുക - സംരക്ഷിക്കുക

താൻ തോട്ടത്തിൽ പാർപ്പിച്ച മനുഷ്യന് ദൈവം രണ്ട് ഉത്തരവാദിത്വങ്ങൾ ഏല്പിക്കുന്നു. രണ്ടും പരസ്പരം ബന്ധപ്പെട്ടതാണ്; അവ പരസ്പരം വിശദീകരിക്കുകയും ചെയ്യുന്നു. "കൃഷി ചെയ്യുക" എന്നതാണ് ആദ്യത്തെ ദൗത്യം. എന്നാൽ ഇതൊരു വ്യാഖ്യാനമാണ്. "അബോദ്" എന്നാണ് ഹീബ്രുമൂലം. ഈ വാക്കിന് അനേകം അർത്ഥസൂചനകളും ധ്വനികളുമുണ്ട്. "അധ്വാനിക്കുക" എന്നതാണ് ഏറ്റം വ്യക്തമായ അർത്ഥം. അതോടൊപ്പം സേവനം ചെയ്യുക, ദാസ്യവൃത്തി അഥവാ അടിമവേല ചെയ്യുക എന്നും ഈ വാക്കിനർത്ഥമുണ്ട്.

“അബാദ്” എന്ന ക്രിയാധാതുവിൽനിന്നു വരുന്ന “ഏബെദ്” എന്ന നാമത്തിന് ദാസൻ, അടിമ എന്നൊക്കെയാണർത്ഥം. ഏശയ്യായുടെ പുസ്തകത്തിലെ സുപ്രസിദ്ധമായ ദാസഗീതികളിൽ “ദാസൻ” എന്നു വിവർത്തനം ചെയ്യുന്ന ഏബെദ് എന്ന വാക്കാണ്. അതോടൊപ്പം ആരാധിക്കുക എന്നും ഈ വാക്കിനർത്ഥമുണ്ട്. ആരാധന എന്നാൽ ദൈവത്തിനു ദാസ്യവൃത്തി ചെയ്യുക എന്ന ഒരു സൂചന ബൈബിളിൽ കാണാം. “എന്നെ ആരാധിക്കാനായി എന്റെ ജനത്തെ വിട്ടയയ്ക്കുക” (പുറ 4, 23) എന്നു ഫറവോയോടു പറയുമ്പോൾ “അബാദ്” എന്ന വാക്കാണ് ഹീബ്രുവിൽ ഉപയോഗിക്കുന്നത്.

ഹ്രസ്വമായ ഈ വിശകലനത്തിൽനിന്ന് ഒരു കാര്യം വ്യക്തമാകുന്നു. ദൈവം മനുഷ്യനെ തോട്ടത്തിൽ ആക്കിയിരിക്കുന്നത് അധ്വാനിക്കാനാണ്. ദൈവത്തിന്റെ സേവകനെപ്പോലെ. ഭൂമിയുടെ മേൽ ആധിപത്യം നല്കി എന്നു പറയുന്നതിനു സമാനമാണിതും. സ്വന്തം ഇഷ്ടം അനുസരിച്ചു കൈകാര്യം ചെയ്യാനുള്ള വസ്തുവല്ല ഏദെനിലെ തോട്ടം. എല്ലാവിധ സുഖസൗകര്യങ്ങളും ഉണ്ടെങ്കിലും ദൈവത്തിന്റെ വേലക്കാരനെപ്പോലെ, അഥവാ പ്രതിനിധിയെപ്പോലെ മനുഷ്യൻ തോട്ടത്തിൽ അധ്വാനിക്കണം. തോട്ടത്തിൽ ആക്കിയെങ്കിലും തോട്ടത്തിന്റെ മേൽ മനുഷ്യന് ഉടമസ്ഥാവകാശമില്ല. ദൈവത്തിന്റെ തോട്ടത്തിലെ വേലക്കാരനാണു മനുഷ്യൻ. അതോടൊപ്പം തോട്ടത്തിലെ വിഭവസമൃദ്ധിയും ഫലപുഷ്ടിയും മനുഷ്യന്റെ അധ്വാനത്തെയും ആശ്രയിച്ചിരിക്കുന്നു എന്നും സൂചിപ്പിക്കുന്നു.

സംരക്ഷിക്കുക എന്നതാണ് രണ്ടാമത്തെ ദൗത്യം. “ഷാമാർ” എന്നാണ് ഹീബ്രുമൂലം. കാത്തുസൂക്ഷിക്കുക സംരക്ഷിക്കുക, അപകടങ്ങളിൽ പെടാതെ ശ്രദ്ധിക്കുക എന്നൊക്കെ ഈ വാക്കിനർത്ഥമുണ്ട്. ഒരു കാവൽക്കാരന്റെ ചുമതലയാണിവിടെ വിവക്ഷിക്കപ്പെടുന്നത്. തോട്ടത്തിന്റെ ഉടമ ദൈവമാണ്. മനുഷ്യൻ ദൈവത്തിന്റെ പ്രതിനിധിയും കാവൽക്കാരനും വേലക്കാരനുമായി ഈ തോട്ടത്തിൽ വർത്തിക്കണം.

## ചേർന്ന ഇണ

*“ദൈവമായ കർത്താവ് അരുളിച്ചെയ്തു. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല; അവന് ചേർന്ന ഇണയെ ഞാൻ നല്കും”* (ഉൽപ 2, 18). എല്ലാ സുഖസൗകര്യങ്ങളുടെയും ആസ്ഥാനമാണു

പറുദീസായെങ്കിലും ഏകാന്തത മനുഷ്യന്റെ സന്തോഷത്തിനു വിഘാതമായി നില്ക്കുന്നു. "ചേർന്ന ഇണ" എന്ന വിശേഷണം വ്യക്തമായ ചില സൂചനകൾ നല്കുന്നുണ്ട്.

ഇണ എന്നു വിവർത്തനം ചെയ്യുന്ന "ഏസെർ" എന്ന ഹീബ്രു വാക്കിന് സഹായി എന്നാണർത്ഥം. സഹായിക്കുക, കൂട്ടായിരിക്കുക, പങ്കാളിയാവുക എന്നൊക്കെ അർത്ഥമുള്ള "ആസാർ" എന്ന ക്രിയാധാതുവിൽനിന്നാണ് ഈ നാമത്തിന്റെ ഉത്ഭവം. എല്ലാ കാര്യങ്ങളിലും സഹായിക്കുകയും സഹകരിക്കുകയും ചെയ്യുന്ന ഒരു സഹായി. അയാളുടെ സ്വഭാവം "കെൻ" എന്ന വിശേഷണത്തിലൂടെ അവതരിപ്പിക്കുന്നു. യോജിച്ച, ചേർന്ന എന്നൊക്കെ അർത്ഥം. സ്വഭാവത്തിലും ലക്ഷ്യത്തിലും, ചിന്താഗതിയിലും പെരുമാറ്റത്തിലും ഈ ചേർച്ചയും സഹവർത്തിത്വവും അതുവഴി സഹായവും മനുഷ്യനു ലഭ്യമാകണം ഇതാണ് ദൈവിക പദ്ധതി.

ദൈവത്തിന്റെ ഛായയിൽ, സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു എന്ന ആദ്യ വിവരണത്തിൽ അവതരിപ്പിച്ച മനുഷ്യസ്വഭാവത്തിന്റെ മറ്റൊരു വിവരണമാണിത്. മനുഷ്യൻ ഏകനായല്ല, സമൂഹമായി ജീവിക്കണം. അപ്പോഴാണ് മനുഷ്യന്റെ സന്തോഷം പൂർണ്ണമാവുക; ദൈവികപദ്ധതിയും. ഇതോടെ വിവാഹത്തിലൂടെ പ്രകടമാകുന്ന സ്ത്രീപുരുഷ ബന്ധത്തിന്റെ രണ്ടു ലക്ഷ്യങ്ങൾ വ്യക്തമാകുന്നു: 1. സന്താനോല്പാദനം; 2. പരസ്പരസ്നേഹവും ഐക്യവും, അഥവാ കൂട്ടായ്മ. രണ്ടിനും തുല്യപ്രാധാന്യമുണ്ട്. ഏതെങ്കിലും ഒന്നു നിഷേധിക്കുന്നത് ദൈവികപദ്ധതിയുടെ ലംഘനമാകും.

തുടർന്നു വിവരിക്കുന്ന പക്ഷിമൃഗാദികളുടെ സൃഷ്ടി മനുഷ്യന് അവയോടുള്ള ബന്ധവും അതേസമയം വ്യത്യാസവും ഊന്നിപ്പറയുന്നു. ദൈവം തന്നെയാണ് അവയെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നതും പേരിടാൻ പ്രേരിപ്പിച്ചതും. പേരിടുന്നത് ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിന്റെ അടയാളമാണ്. എല്ലാ ജീവജാലങ്ങളും മനുഷ്യനെ ഏല്പിച്ചിരിക്കുന്നു, കാവലിനും കരുതലിനുമായി. അവയൊന്നും മനുഷ്യനു സ്വന്തമല്ല; ദൈവം സൂക്ഷിക്കാൻ ഏല്പിച്ചിരിക്കുന്നവ മാത്രം. അതോടൊപ്പം അവയൊന്നും മനുഷ്യനു തുല്യമല്ല; മനുഷ്യൻ അവയ്ക്കെല്ലാം ഉപരിയാണ് എന്ന ഒരു സൂചനയും ഇവിടെ കാണാം.

അവസാനത്തെ സൃഷ്ടിയാണ് സ്ത്രീ. മനുഷ്യനു ചേർന്ന

ഇണയായിട്ടാണ് സ്ത്രീ സൃഷ്ടിക്കപ്പെടുന്നത്. സ്ത്രീയുടെ സൃഷ്ടിയിലെ ചില കാര്യങ്ങൾ ശ്രദ്ധേയമാകുന്നു. പുരുഷന്റെ വാരിയെല്ലുകൊണ്ടാണ് സ്ത്രീക്കു രൂപം നല്കിയത് എന്ന വിവരണം സ്ത്രീയും പുരുഷനും തമ്മിലുള്ള അഭേദ്യബന്ധവും തുല്യതയും എടുത്തുകാട്ടുന്നു. ഉറക്കി, വാരിയെല്ലെടുത്തു എന്ന വിവരണം ഒരു ശസ്ത്രക്രിയ ആയി കരുതേണ്ടതില്ല. ഉറക്കം സൃഷ്ടിയുടെ രഹസ്യാത്മകതയിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. വാരിയെല്ലാകട്ടെ തുല്യതയിലേക്കും.

തന്റെ മുമ്പിൽ ദൈവം കൊണ്ടുവന്ന സ്ത്രീക്കും പുരുഷൻ പേരു നല്കി. *"എന്റെ അസ്ഥിയുടെ അസ്ഥിയും മാംസത്തിന്റെ മാംസവും"* എന്ന വിശേഷണം സ്വഭാവഐക്യത്തെ സൂചിപ്പിക്കുന്നു. മറ്റുജീവജാലങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമാണ് ഈ പുതിയ സൃഷ്ടി. അതിനു മനുഷ്യൻ കൊടുക്കുന്ന പേരാണ് ശ്രദ്ധേയം. *"നരനിൽനിന്ന് എടുക്കപ്പെട്ടതിനാൽ നാരി എന്നു വിളിക്കപ്പെടും"* എന്ന മലയാള വിവർത്തനം ശരിയാണ്. ഹീബ്രുവിൽ "ഇഷ് ഇഷാ" എന്ന രണ്ടു വാക്കുകളാണ് നരൻ-നാരി എന്നു വിവർത്തനം ചെയ്യുന്നത്. "ഇഷ്" എന്നാൽ പുരുഷൻ. അതിന്റെ സ്ത്രീലിംഗമാണ് "ഇഷാ". രണ്ടുപേരും തമ്മിലുള്ള ഐക്യം ഏറ്റം വ്യക്തമാക്കുന്നതാണ് ഈ പേര്.

അതേസമയം പുരുഷൻ സ്ത്രീക്കു പേരിടുന്നതും അതിനു നല്കുന്ന വിശദീകരണവും ചില ദുഃസൂചനകളും ഉൾക്കൊള്ളുന്നുണ്ട്. "നാം ഒന്നാണ്, നീ എന്റേതാണ്" എന്ന് ആദ്യത്തെ പ്രേമകാവ്യം ചുരുക്കി എഴുതാം. ഐക്യത്തിന് ഊന്നൽ നല്കുമ്പോഴും പുരുഷൻ ഉന്നയിക്കുന്ന ഉടമസ്ഥാവകാശവാദം കേൾക്കാതെ പോകരുത്. അത് പിന്നീട് ചർച്ചാവിഷയമാകും. സ്ത്രീയുടെ സൃഷ്ടിയോടെ സൃഷ്ടികർമ്മം പൂർത്തിയായി; പറുദീസാ പൂർണ്ണമായി. "എല്ലാം വളരെ നന്നായിരിക്കുന്നു" എന്ന ആദ്യ വിവരണത്തിന്റെ സമാപനവാക്യം പോലെയാണ് ഇരുവരും നഗ്നരായിരുന്നു, എങ്കിലും അവർക്കു ലജ്ജ തോന്നിയില്ല" (ഉൽപ 2, 25) എന്ന ഉപസംഹാരം.

## ചുരുക്കത്തിൽ

മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധം, ഈ മണ്ണിൽ മനുഷ്യന്റെ സ്ഥാനം, ദൗത്യം മുതലായ അടിസ്ഥാനസത്യങ്ങളാണ് സൃഷ്ടിയുടെ രണ്ടാം വിവരണത്തിൽ കഥാരൂപത്തിൽ അവതരി

പ്പിക്കുന്നത്. മനുഷ്യനാണ് ദൈവത്തിന്റെ ഏറ്റം ഉന്നതമായ സൃഷ്ടി, നശ്വരമായ മണ്ണും അനശ്വരമായ ദൈവശ്വാസവും സമ്മേളിക്കുന്ന അദ്ഭുതസൃഷ്ടി. ഈ ഭൂമി ദൈവത്തിന്റെ ഉദ്യാനമാണ്; എല്ലാ സുഖസൗകര്യങ്ങളും ഉള്ള, ഒന്നിനും കുറവില്ലാത്ത, ദൈവത്തിന്റെ തോട്ടം.

മനുഷ്യൻ ഈ തോട്ടത്തിന്റെ കാവല്ക്കാരനാണ്; ദൈവത്തിന്റെ വേലക്കാരനും. ഒരേസമയം മഹത്വവും ഉത്തരവാദിത്വവും സൂചിപ്പിക്കുന്ന രണ്ടു വിശേഷണങ്ങൾ, ദൗത്യങ്ങൾ. മനുഷ്യൻ ഭൂമിയിൽ അധ്വാനിക്കണം; ദൈവത്തിനുവേണ്ടി വേല ചെയ്യണം. ആ അധ്വാനം ആരാധനപോലെ ആയിരിക്കണം. പ്രപഞ്ചവസ്തുക്കളെ ആരാധിക്കുകയല്ല, ഈ ഭൂമിയിൽ അധ്വാനിക്കുകയും ഇതിലുള്ള സകലതിനെയും സംരക്ഷിക്കുകയും ചെയ്യുന്നതിലൂടെ മനുഷ്യൻ ചെയ്യുന്നത് ദൈവിക ശുശ്രൂഷയാണ്; ഒരുവിധത്തിൽ പറഞ്ഞാൽ ആരാധനയാണ്.

ഇവിടെ മനുഷ്യൻ ഏകനല്ല, സ്ത്രീയും പുരുഷനും ചേർന്ന സമൂഹമാണ്. ഈ സമൂഹത്തിൽ സ്നേഹത്തിൽ നിന്നുരുവാകുന്ന ഐക്യമുണ്ടാകണം. പരസ്പരം ഇണയും തുണയുമായി വർത്തിക്കണം. ആരും ആരെയും അടിമയാക്കരുത്, ആരുടെയും അടിമയാവുകയും അരുത്.

മനുഷ്യർ തമ്മിൽത്തമ്മിലും മനുഷ്യർക്കു പ്രപഞ്ചത്തോടും അതിലെ സകലജീവജാലങ്ങളോടും ഉണ്ടായിരിക്കേണ്ട അഗാധമായ ബന്ധമാണ് വളരെ ലളിതമായ കഥാരൂപത്തിൽ വി. ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. ഈ ബന്ധം നിലനില്ക്കുന്നിടത്തോളം കാലം എല്ലാം നന്നായിരിക്കും. ഇതിനെയാണ് പറുദീസാ എന്നു വിശേഷിപ്പിക്കുന്നത്. മനുഷ്യന് ദൈവത്തോടും, സൃഷ്ടപ്രപഞ്ചത്തോടും, മറ്റു മനുഷ്യരോടും തന്നോടുതന്നെയുമുള്ള ചതുർവിധ ബന്ധം ദൈവം ആഗ്രഹിച്ച വിധത്തിൽ നിലനില്ക്കുന്ന അവസ്ഥയാണ് പറുദീസാ. എന്നാൽ ഇന്ന് അത് ഒരു ഓർമ്മയോ ഭാവിയെ സംബന്ധിച്ച സ്വപ്നമോ ആയി മാറിയിരിക്കുന്നു എങ്ങനെ? എന്തുകൊണ്ട്? അതാണ് അടുത്ത അധ്യായത്തിലെ ചർച്ചാ വിഷയം.

# 5

## മണ്ണിനു ശാപം

*"ആദത്തോട് അവിടുന്ന് പറഞ്ഞു: തിന്നരുതെന്നു ഞാൻ പറഞ്ഞ പഴം സ്ത്രീയുടെ വാക്കു കേട്ട് നീ തിന്നതുകൊണ്ട് നീ മൂലം മണ്ണ് ശപിക്കപ്പെട്ടതായിരിക്കും... നീ പൊടിയാണ്, പൊടിയിലേക്കു തന്നെ നീ മടങ്ങും"* (ഉൽപ 3,17-19).

മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധം എപ്രകാരമാണ് വികലമായത് എന്നു ഉൽപത്തി മൂന്നാം അധ്യായത്തിൽ വിവരിക്കുന്നുണ്ട്. രണ്ടാം അധ്യായം പോലെ തന്നെ ഇതും തുടർന്നുവരുന്ന സഹോദരബന്ധത്തെക്കുറിച്ചു കായേൻ-ആബേൽ വിവരണവും കഥാരൂപത്തിലുള്ള അവതരണമാണെന്ന കാര്യം മറക്കരുത്. ദൈവകല്പന ലംഘിച്ചതാണ് മനുഷ്യൻ അനുഭവിക്കുന്ന സകലതിന്മകളുടെയും മൂലകാരണം എന്ന് ഈ വിവരണങ്ങൾ പഠിപ്പിക്കുന്നു. പ്രപഞ്ചത്തോടുള്ള മനുഷ്യന്റെ സമീപനം ദൈവഹിതത്തിനു വിപരീതമായതോടെ പ്രപഞ്ചവും മനുഷ്യനും തമ്മിൽ നിലനിന്ന സന്തുലിതാവസ്ഥയ്ക്കും കോട്ടംതട്ടി. ചുരുക്കത്തിൽ, പ്രപഞ്ചത്തിൽ മനുഷ്യൻ നേരിടുന്ന പ്രതിസന്ധികൾക്കും ദുരിതങ്ങൾക്കും മുഖ്യ ഉത്തരവാദിത്വം മനുഷ്യന്റേതു തന്നെ എന്ന് ഈ വിവരണങ്ങൾ വ്യക്തമാക്കുന്നു.

### വിലക്കപ്പെട്ട പഴം

മനുഷ്യന്റെ മേൽനോട്ടത്തിനായി ദൈവം ഏല്പിച്ച ഏദേൻ തോട്ടത്തിലെ രണ്ടു ഫലവൃക്ഷങ്ങൾക്കു വി. ഗ്രന്ഥകാരൻ പ്രത്യേക പ്രാധാന്യം കല്പിക്കുന്നുണ്ട്, ജീവന്റെ വൃക്ഷവും നന്മ-തിന്മയുടെ അറിവിന്റെ വൃക്ഷവും. രണ്ടാമത്തെ വൃക്ഷത്തിന്റെ പഴം തിന്നരുത്, തിന്നുന്ന ദിവസം മരിക്കും എന്ന താക്കീതും. ദൈവം ആദത്തിനു നല്കിയിരുന്നു (ഉൽപ 2,9.16-17). എന്താണ് ഈ മരങ്ങൾ, എന്താണവയുടെ പ്രത്യേകത എന്നു ചോദിക്കാറുണ്ട്. ഇതു കഥയാണെന്നും ഇവിടെ അവതരിപ്പിക്കുന്നതെല്ലാം

പ്രതീകങ്ങളാണെന്നും ഓർത്തിരിക്കണം. ജീവന്റെ വൃക്ഷത്തിൽ നിന്നു ഭക്ഷിക്കുക എന്നാൽ നിത്യം ജീവിക്കുക എന്നാണർത്ഥ മാക്കുക. അത് മനുഷ്യന് അനുവദനീയമായിരുന്നു.

നന്മ-തിന്മയുടെ അറിവിന്റെ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുക എന്നാൽ നന്മ ഏത്, തിന്മ ഏത് എന്നു നിശ്ചയിക്കാനുള്ള അധി കാരം സ്വന്തമാക്കുക എന്നാണ് സൂചന. നന്മ-തിന്മയുടെ മാനദ ണ്ഡമായി സ്വന്തം ഇഷ്ടത്തെ സ്വീകരിക്കുക. ഞാൻ എന്റെ ഇഷ്ട മനുസരിച്ചു ജീവിക്കും; എന്റെ ഇഷ്ടം തന്നെ ധാർമ്മികതയുടെ മാനദണ്ഡം. എനിക്കുപരി ആരേയും ഞാൻ അംഗീകരിക്കുകയില്ല; മറ്റാരുടെയും കല്പന ഞാൻ സ്വീകരിക്കുകയുമില്ല. ഇതാണ് കഥാ രൂപത്തിൽ അവതരിപ്പിക്കുന്ന പഴത്തിന്റെയും അതു തിന്നുന്ന തിനുള്ള വിലക്കിന്റെയും അർത്ഥം.

മനുഷ്യൻ സർവാധിപനല്ല; ദൈവഹിതം തന്റെ ജീവിതത്തിനു മാനദണ്ഡമായി സ്വീകരിക്കണം എന്നു സൂചിപ്പിക്കുകയാണ് ആത്യ ന്തികമായി ഈ പഴത്തിന്റെയും കല്പനയുടെയും അർത്ഥവും ലക്ഷ്യവും. ദൈവത്തോടുള്ള വിധേയത്വം, ദൈവിക നിയമങ്ങൾ അനുസരിച്ചുള്ള ജീവിതം; അതാണ് പഴം തിന്നാതിരിക്കുന്നതി ലൂടെ പ്രകടമാകേണ്ടത്. ദൈവത്തിന്റെ ശ്വാസത്താൽ ജീവിക്കു ന്നവൻ ദൈവഹിതത്തിനു വിരുദ്ധമായി പ്രവർത്തിച്ചാൽ ശ്വാസം നഷ്ടപ്പെടും. മരണമായിരിക്കും ഫലം. അതാണ് പറുദീസാ നഷ്ട ത്തിലൂടെ പ്രകടമാകാൻ പോകുന്നത്.

## പ്രലോഭനം

മൂന്നാം അധ്യായം ആരംഭിക്കുന്നത് *"സൂത്രശാലിയായ സർപ്പം"* എന്ന പുതിയ കഥാപാത്രത്തെ അവതരിപ്പിച്ചുകൊ ണ്ടാണ്. കാനാൻകാർ സർപ്പത്തെ ജീവന്റെ ദൈവമായി കരുതി ആരാധിച്ചിരുന്നു. സ്ത്രീകളാണ് അധികപങ്കും വിഗ്രഹാരാധന യിലേക്ക് ആദ്യമായി ആകർഷിക്കപ്പെട്ടത്. കാനാൻകാർ ആഘോ ഷിച്ചിരുന്ന ഉത്സവങ്ങൾ പലപ്പോഴും ദേവപ്രീതിക്കുവേണ്ടി നട ത്തുന്ന ലൈംഗികവൃത്തി(Cultic Prostitution)യുമായി ബന്ധപ്പെ ട്ടിരുന്നു. ഇപ്രകാരമുള്ള ആരാധനാഭാസത്തിനായി നിശ്ചിതരാ യിരുന്ന സ്ത്രീകളെ വേശ്യകൾ എന്നും പുരുഷന്മാരെ നായ് ക്കൾ എന്നും ബൈബിൾ വിശേഷിപ്പിക്കുന്നുണ്ട് (നിയ 23,18). ഇപ്രകാരമുള്ള ഉത്സവാഘോഷങ്ങളും ബലിയർപ്പണങ്ങളും ഇസ്രായേൽജനത്തെ സത്യദൈവമായ യാഹ്വേയിൽ നിന്നകറ്റി,

വിഗ്രഹാരാധനയിലേക്കു നയിച്ചതിനാലാവാം ഇവിടെ ആദ്യ പ്രലോഭനത്തിന്റെ മുഖ്യകഥാപാത്രങ്ങളായി സർപ്പത്തെയും സ്ത്രീയെയും ചിത്രീകരിച്ചിരിക്കുന്നത്.

സർപ്പവും സ്ത്രീയും തമ്മിലുള്ള സംഭാഷണം പാപത്തിലേക്കുള്ള പ്രേരണയുടെ, അഥവാ പ്രലോഭനത്തിന്റെ നാടകീയമായൊരു ചിത്രീകരണമാണ്. ദൈവം നല്കിയ കല്പന തന്നെ ചോദ്യം ചെയ്യപ്പെടുന്നു, തർക്കവിഷയമാക്കുന്നു എന്നതാണ് ആദ്യമേ ശ്രദ്ധയിൽപ്പെടുന്നത്. സ്ത്രീയുടെ ആദ്യത്തെ മറുപടി ദൈവത്തെ ന്യായീകരിക്കുന്നതായി തോന്നാം. തോട്ടത്തിലെ എല്ലാ മരങ്ങളുടെയും പഴങ്ങൾ ഭക്ഷിക്കാം; ഒന്നൊഴികെ. അതു മാത്രമാണ് ദൈവം വിലക്കിയിരിക്കുന്നത്. കാരണം അതു വിഷഫലമാണ്; അതു തിന്നുന്നവൻ മരിക്കും. വളരെ ലളിതമായ പ്രതികരണം; വിശ്വാസത്തിന്റെയും വിധേയത്വത്തിന്റെയും പ്രകടനം.

എന്നാൽ അടുത്തപടി പ്രലോഭകൻ ശക്തമായി തിരിച്ചടിക്കുന്നു. അതിലൂടെ ദൈവത്തെ നുണയനും സ്വാർത്ഥമതിയും ഏകാധിപതിയുമായി ചിത്രീകരിക്കുന്നു. അതോടൊപ്പം പഴം തിന്നുന്നതിലൂടെ ലഭ്യമാകുന്ന വലിയ അറിവ്, സ്വാതന്ത്ര്യം, ശക്തി എല്ലാം വിശ്വസനീയമാംവിധം അവതരിപ്പിക്കുന്നു. *"സർപ്പം സ്ത്രീയോടു പറഞ്ഞു. നിങ്ങൾ മരിക്കുകയില്ല. അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും, നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തിനറിയാം"* (ഉൽപ 3,5). നന്മയെ തിന്മയും തിന്മയെ നന്മയും ആയി ചിത്രീകരിക്കുന്നതാണ് പ്രലോഭനം. മനുഷ്യമനസ് സ്വാഭാവികമായും നന്മയാണു തിരഞ്ഞെടുക്കുക. ഏതെങ്കിലും ഒരു നന്മ കണ്ടുകൊണ്ടാണ് മനുഷ്യൻ ഓരോ തീരുമാനവും സ്വീകരിക്കുന്നത്, പ്രാവർത്തികമാക്കുന്നത്. അതിനാൽ, ബോധമനസിന്റെ തലത്തിലാണ് പ്രലോഭനം ഉണ്ടാകുന്നത്.

ഇവിടെ ദൈവം നല്കിയ കല്പനയും സർപ്പം നല്കുന്ന വ്യാഖ്യാനവും തമ്മിൽ സംഘർഷമുണ്ടാകുന്നു. ഏതാണ് വിശ്വസനീയം എന്ന കാര്യത്തിൽ സംശയം ഉളവാകുന്നു. സാവധാനം ദൈവത്തെ അവിശ്വസിക്കാനും ധിക്കരിക്കാനും പ്രേരണ ശക്തമാകുന്നു. ലക്ഷ്യം ദൈവത്തെപ്പോലെയാകുക. നീ എന്തിന് ദൈവകല്പന അനുസരിക്കണം? അത് അടിമത്തമല്ലേ? സ്വതന്ത്രനാകൂ, തീരുമാനിക്കൂ, ദൈവത്തെപ്പോലെയാകൂ... എല്ലാം അറിയുന്നവൻ,

എല്ലാം തീരുമാനിക്കുന്നവൻ, എല്ലാം കഴിയുന്നവൻ, സർവ്വാധിപൻ, സർവ്വജ്ഞൻ. ഇതാണ് പ്രലോഭനം. ദൈവത്തെ അവിശ്വസിക്കുക, അറിഞ്ഞോ അറിയാതെയോ സ്വയം ദൈവമാകാൻ ശ്രമിക്കുക. എല്ലാ പാപങ്ങളുടെയും പിന്നിൽ ഇപ്രകാരം ഒരു പ്രലോഭനം പതിയിരിക്കുന്നുണ്ട്. പ്രലോഭനത്തെ തിന്മയിലേക്കുള്ള പ്രേരണയായിക്കാണാതെ നന്മയിലേക്കുള്ള പ്രചോദനമായി തെറ്റിധരിക്കുക. അതാണ് പ്രലോഭനത്തിന്റെ അന്തഃസത്ത. അവിടെയാണ് പാപത്തിന്റെ തുടക്കം; സകല തിന്മകളുടെയും ആരംഭം.

## പാപം

*"നിയമലംഘനമാണ് പാപം"* (1 യോഹ 3,4) എന്ന ഏറ്റം ലളിതമായ നിർവചനം ഇവിടെ ശ്രദ്ധേയമാകുന്നു. പ്രലോഭനത്തിന്റെ ചുഴിയിൽപ്പെട്ട മനുഷ്യന് നന്മയും തിന്മയും തമ്മിൽ വിവേചിച്ചറിയാൻ കഴിയാതെപോകുന്നു. കലുഷിതമായ മനസ് തീരുമാനമെടുക്കുന്നു. നന്മ എന്നു കരുതി തിന്മ തിരഞ്ഞെടുക്കുന്നു. ഇതാണ് പഴം തിന്നതിലൂടെ പ്രകടമാകുന്നത്. അതിനു മുമ്പ് പ്രലോഭനത്തിൽ വീണ മനുഷ്യമനസിന്റെ ഒരു നേർക്കാഴ്ച വി. ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നുണ്ട്: *"ആ വൃക്ഷത്തിന്റെ പഴം ആസ്വാദ്യവും, കണ്ണിനു കൗതുകകരവും അറിവേകാൻ കഴിയുമെന്നതിനാൽ അഭികാമ്യവും ആണെന്നുകണ്ട് അവൾ അതു പറിച്ചുതിന്നു. ഭർത്താവിനും കൊടുത്തു. അവനും തിന്നു"* (ഉൽപ 3,6).

വീണ്ടും വളരെ ലളിതമായ ആഖ്യാനം. ആദിപാപത്തിന്റെ മാത്രമല്ല, ആദി മുതലുള്ള എല്ലാ പാപത്തിന്റെയും അന്തഃസത്ത ഇവിടെ കാണാം. പ്രലോഭനം എങ്ങനെ മനുഷ്യന്റെ സകല വിവേചനാശക്തികളെയും കീഴടക്കി പാപത്തിലേക്കു തള്ളിവിടുന്നു എന്നതിന്റെ വ്യക്തമായൊരു ചിത്രം. പഞ്ചേന്ദ്രിയങ്ങളിലൂടെ കടന്നുവന്ന്, ഭാവനയെ സ്വാധീനിച്ച്, അവസാനം തീരുമാനത്തിനു പ്രേരിപ്പിക്കുന്നു. തീരുമാനം എടുക്കുമ്പോൾ ഒരേ ഒരു കാര്യത്തിൽ മാത്രം ശ്രദ്ധ ഉടക്കിനില്ക്കുന്നു, ഈ പ്രവൃത്തിയുടെ ലഭ്യമാകുന്ന നന്മ. ബാക്കി എല്ലാം മറക്കുന്നു. ദൈവത്തിന്റെ സ്നേഹം, കരുതൽ, കല്പന – ഒന്നും മനസിൽ നില്ക്കുന്നില്ല. ഈ പ്രവൃത്തിയിലൂടെ ലഭ്യമാകുന്ന നന്മ മാത്രം ചിന്തയിൽ. *"അറിവേകാൻ കഴിയും എന്നതിനാൽ അഭികാമ്യം"*. അതുമാത്രമാണ് ശ്രദ്ധേയം.

സ്ത്രീ തന്റെ ഭർത്താവിനും നല്കി; ഇരുവരും ഭക്ഷിച്ചു. ഒരേ പാപത്തിൽ തുല്യപങ്കാളികളായി. പക്ഷേ ഉടനെ സംഭവിക്കുന്നത് പ്രതീക്ഷിച്ച സർവ്വജ്ഞാനവും ദൈവതുല്യതയുമല്ല. മറിച്ച് ഭയപ്പെടുത്തുന്ന നഗ്നതാബോധമാണ്.

## നഗ്നതാബോധം

*"ഉടനെ ഇരുവരുടെയും കണ്ണുകൾ തുറന്നു. തങ്ങൾ നഗ്നരാണെന്ന് അവരറിഞ്ഞു. അത്തിയിലകൾക്കൂട്ടിത്തുന്നി അവർ അരക്കച്ചയുണ്ടാക്കി."*

പ്രലോഭകൻ പറഞ്ഞത് അർദ്ധസത്യമായിരുന്നു. അവരുടെ കണ്ണുകൾ തുറന്നു. എന്നാൽ ആ തുറവി സർവ്വജ്ഞാനത്തിലേക്കും ദൈവതുല്യതയിലേക്കുമല്ല നയിച്ചത്, മറിച്ച് തങ്ങളുടെ ഇല്ലായ്മയിലേക്ക്, ശൂന്യതയിലേക്ക്, നഗ്നതയിലേക്കാണ്. *"അവർ ഇരുവരും നഗ്നരായിരുന്നു എങ്കിലും അവർക്കു ലജ്ജ തോന്നിയിരുന്നില്ല"* (ഉൽപ 2, 25) എന്ന അവലോകനത്തോടു ചേർത്ത് വായിച്ചാൽ ഇപ്പോൾ സംഭവിച്ചതെന്തെന്നു ബോധ്യമാകും.

ഇതുവരെ ഇല്ലാതിരുന്ന ഒരറിവ് അവർക്കു ലഭിച്ചു. ദൈവത്തിനെതിരേ തിരിഞ്ഞ, അവിടുത്തെ കല്പന ലംഘിച്ച, തങ്ങളുടെ യഥാർത്ഥ അവസ്ഥ. ദൈവം ദാനമായി നല്കിയിരുന്ന സ്വാതന്ത്ര്യം, മഹത്വം എല്ലാം നഷ്ടപ്പെട്ടു. പറദീസായെന്നു വിശേഷിപ്പിച്ച ചതുർവിധഐക്യം നഷ്ടപ്പെട്ട അവർക്കു സ്വയം അംഗീകരിക്കാനോ പരസ്പരം അംഗീകരിക്കാനോ കഴിയാതായി. ഇതുവരെ ഇല്ലാതിരുന്ന ഭയം ഉള്ളിൽ നിറഞ്ഞു. ദൈവത്തിൽ നിന്നും പരസ്പരവും ഒളിക്കാനുള്ള ശ്രമമായി. ദൈവം പുറത്താക്കുന്നതിനുമുമ്പേ പറുദീസാ അവർക്കു നഷ്ടമായി, അവർ പറുദീസായ്ക്കു പുറത്തായി. നഗ്നതാബോധവും ലജ്ജയും നാണം മറയ്ക്കാനുള്ള വൃഥാശ്രമവും ഒളിച്ചോടലും എല്ലാം ഈ നഷ്ടത്തിന്റെ പ്രതീകാത്മക ചിത്രീകരണങ്ങൾ മാത്രം.

## വിചാരണ - വിധി

*"അവിടുന്ന് പുരുഷനെ വിളിച്ചു ചോദിച്ചു: നീ എവിടെയാണ്?"* ദൈവം മനുഷ്യനോടു ചോദിക്കുന്ന ആദ്യത്തെ ചോദ്യമാണിത്. അഗാധമായൊരു ആത്മശോധനയ്ക്കു പ്രേരിപ്പിക്കുന്ന ചോദ്യം. എവിടെയാണ് അവൻ ഒളിച്ചിരിക്കുന്നത് എന്നറിയാഞ്ഞിട്ടല്ല, തന്റെ യഥാർത്ഥ അവസ്ഥയെയും അതിന്റെ കാരണത്തെയും

കുറിച്ചു ബോധവാനാകാൻ വേണ്ടിയാണ് ഈ ചോദ്യം. ദൈവത്തിൽനിന്നകന്നു പോകുന്ന മനുഷ്യനെതേടി വരുന്ന ദൈവത്തിന്റെ ചിത്രം; അതോടൊപ്പം ഈ ഭയത്തിന്റെയും ഒളിച്ചോട്ടത്തിന്റെയും കാരണത്തിലേക്കു കണ്ണു തുറപ്പിക്കുന്നതാണ് അടുത്ത ചോദ്യം.

*"നീ നഗ്നനാണെന്ന് നിന്നോട് ആരു പറഞ്ഞു? തിന്നരുതെന്നു ഞാൻ കല്പിച്ച വൃക്ഷത്തിന്റെ പഴം നീ തിന്നോ?"* (ഉൽപ 3,11). കല്പന ലംഘിച്ചതുകൊണ്ട് നഷ്ടം സംഭവിച്ചതു ദൈവത്തിനല്ല, മനുഷ്യനാണ്. സർപ്പത്തിന്റെ രൂപത്തിൽവന്ന പ്രലോഭകൻ തിന്മയുടെ മൂർത്തരൂപമായിരുന്നെന്നും അവൻ പറഞ്ഞതുമുഴുവൻ നുണയായിരുന്നെന്നും മനുഷ്യൻ തിരിച്ചറിഞ്ഞു. ദൈവത്തെക്കുറിച്ച് അവൻ പറഞ്ഞതത്രയും പച്ചക്കള്ളം. എന്നാൽ പുരുഷന്റെ മറുപടി ശ്രദ്ധേയമാണ്. ഉത്തരവാദിത്വം നേരിട്ട് ഏറ്റെടുക്കാതെ തനിക്കു കൂട്ടിനു കിട്ടിയ സ്ത്രീയുടെ തലയിൽ കെട്ടിവയ്ക്കാനാണ് ശ്രമം.

*"അങ്ങ് എനിക്കു കൂട്ടിനു തന്ന സ്ത്രീ ആ മരത്തിന്റെ പഴം എനിക്കു തന്നു. ഞാൻ അതു തിന്നു"* (ഉൽപ 3,12). ഉറക്കമുണർന്നപ്പോൾ മുന്നിൽ നില്ക്കുന്നതായിക്കണ്ട സ്ത്രീയെക്കുറിച്ച് നരൻ ഉരുവിട്ട ആദ്യത്തെ പ്രേമഗാനവും ഈ തള്ളിപ്പറയലും ഒരുമിച്ചു വായിക്കണം, പാപം മനുഷ്യനിൽ വരുത്തിവയ്ക്കുന്ന ദുരന്തങ്ങൾ മനസിലാക്കാൻ. എന്റെ അസ്ഥിയുടെ അസ്ഥി, മാംസത്തിന്റെ മാംസം, നരനിൽനിന്ന് എടുക്കപ്പെട്ട നാരി എന്നൊക്കെയുള്ള വികാരതരളിതമായ മനോഭാവം എവിടെ, നീ എനിക്കു കൂട്ടിനു തന്ന സ്ത്രീ എന്ന ആരോപണമെവിടെ! ആത്യന്തികമായി ദൈവത്തിനു നേരേയാണ് കുറ്റാരോപണം. നീ തന്ന സ്ത്രീ! മനുഷ്യബന്ധങ്ങളെ പാപം നശിപ്പിക്കുന്നു; പറുദീസാ നഷ്ടമാക്കുന്നു. ചോദ്യം ചെയ്യപ്പെട്ടപ്പോൾ സ്ത്രീ തന്റെ നിസ്സഹായത ഏറ്റു പറഞ്ഞു, കുറ്റം സമ്മതിച്ചു. താൻ വഞ്ചിക്കപ്പെട്ടു (ഉൽപ 3,13). പുരുഷനേക്കാൾ ആർജ്ജവമുണ്ട് സ്ത്രീക്ക്. ദൈവത്തെയും പുരുഷനെയും കുറ്റപ്പെടുത്തുന്നില്ല. താൻ വഞ്ചിക്കപ്പെട്ടു എന്ന് ദൈവതിരുമുമ്പിൽ അംഗീകരിച്ചു.

## മണ്ണിനു ശാപം

പുരുഷനെയും സ്ത്രീയെയും വിചാരണ ചെയ്ത ദൈവം സർപ്പത്തെ വിചാരണ ചെയ്യുന്നില്ല; പക്ഷേ ശിക്ഷാവിധി സർപ്പ

ത്തിലാണു തുടങ്ങുക. സ്ത്രീയുടെ സന്തതി അവന്റെ തല തകർക്കും. അങ്ങനെ മനുഷ്യവർഗ്ഗം പാപത്തിൽനിന്നു മുക്തി നേടും. ഈ സന്തതി ദൈവപുത്രനായിരിക്കും എന്ന സൂചനപോലും ഇവിടെയില്ല. അതു പിന്നീട് വെളിവാക്കപ്പെടും. എന്നാൽ സർപ്പം അവന്റെ കുതികാൽ തകർക്കും എന്നു പറയുന്നതുവഴി രക്ഷകന്റെ മരണത്തിലൂടെ ആയിരിക്കും ഈ മോചനം സാധ്യമാവുക എന്നു സൂചിപ്പിക്കുന്നു. രക്ഷകനെ സംബന്ധിച്ച ആദ്യത്തെ പ്രവചനവും അതിനാൽത്തന്നെ ആദ്യ സുവിശേഷവും (Proto Evangelium) എന്ന് ഈ പ്രവചനം (ഉൽപ 3,15) അറിയപ്പെടുന്നു.

സ്ത്രീകൾ അനുഭവിക്കുന്ന സകലതിന്മകളുടെയും ദുരിതങ്ങളുടെയും പ്രതീകമായി ഗർഭാരിഷ്ടതകളും പ്രസവവേദനയും പുരുഷമേധാവിത്വവും അവതരിപ്പിച്ചിരിക്കുന്നു (ഉൽപ 3,16). ആദത്തിനു ലഭിക്കുന്ന ശിക്ഷ കൂടുതൽ കഠിനവും ദീർഘവുമാണ്. *"അവിടുന്ന് ആദത്തോടു പറഞ്ഞു: തിന്നരുതെന്ന് ഞാൻ പറഞ്ഞ പഴം സ്ത്രീയുടെ വാക്കുകേട്ട് നീ തിന്നതുകൊണ്ട് നീ മൂലം മണ്ണ് ശപിക്കപ്പെട്ടതായിരിക്കും. ആയുഷ്ക്കാലം മുഴുവൻ കഠിനാധ്വാനംകൊണ്ട് നീ അതിൽനിന്നു കാലയാപനം ചെയ്യും. അതു മുള്ളും മുൾച്ചെടികളും നിനക്കായി മുളപ്പിക്കും. വയലിലെ സസ്യങ്ങൾ നീ ഭക്ഷിക്കും. മണ്ണിൽനിന്നും എടുക്കപ്പെട്ട നീ മണ്ണിനോടു ചേരുന്നതുവരെ, നെറ്റിയിലെ വിയർപ്പുകൊണ്ട് ഭക്ഷണം സമ്പാദിക്കും. നീ പൊടിയാണ്. പൊടിയിലേക്കുതന്നെ നീ മടങ്ങും"* (ഉൽപ 3,17-19).

ഇന്നു മനുഷ്യൻ അനുഭവിക്കുന്ന സകല തിന്മകളുടെയും ഒരു നേർക്കാഴ്ച ഈ ശിക്ഷാവിധിയിൽ കാണാം. മനുഷ്യനെ കർഷകനായി കണ്ടുകൊണ്ടാണ് വിധി പ്രസ്താവിക്കുന്നത്. എന്നാൽ ഏതു കാലത്തും ഏതു തൊഴിലിലും ഏർപ്പെട്ടിരിക്കുന്ന സകല മനുഷ്യരുടെയും ചിത്രം, പ്രപഞ്ചത്തിൽ മനുഷ്യൻ നേരിടുന്ന പ്രതികൂലാവസ്ഥകളുടെ ഒരു വിവരണം ഇവിടെ കാണാം. ദൈവത്തിന്റെ കല്പന ലംഘിച്ചു എന്നതാണ് ഈ അവസ്ഥ സംജാതമാകാൻ കാരണം. ഈ പ്രപഞ്ചത്തിന് അനുഗ്രഹമാകാൻ, ഈ ഭൂമിയെ ഫലപുഷ്ടമാക്കാനും കാത്തു സൂക്ഷിക്കാനും വേണ്ടി ദൈവം നിയോഗിച്ച മനുഷ്യൻ തന്നെ ഭൂമിക്കു ശാപമായിത്തീരുന്നു. ഇവിടെയാണ് മണ്ണും മനുഷ്യനും തമ്മിൽ നിലനില്ക്കേണ്ട സന്തുലിതാവസ്ഥയുടെ ആവശ്യകതയുടെയും അതു നഷ്ടമാകു

മ്പോൾ സംജാതമാകുന്ന നാശനഷ്ടങ്ങളുടെയും ക്ലേശദുരിതങ്ങളുടെയും ചിത്രം വ്യക്തമാകുന്നത് - എന്നത്തേക്കാൾ ഏറെ ഇന്ന് വ്യക്തമായിക്കൊണ്ടിരിക്കുന്ന ചിത്രം.

തോട്ടത്തിൽ വേലചെയ്യുക, അതു കാത്തുസൂക്ഷിക്കുക എന്ന ദൗത്യം സന്തോഷപ്രദമായിരുന്നു, കാരണം ദൈവത്തിന്റെ ഉദ്യാനപാലകനാണു മനുഷ്യൻ. “അബാദ്” എന്ന ക്രിയാരൂപമാണ് കൃഷിചെയ്യുക എന്നു വിവർത്തനം ചെയ്യുന്നതെന്നു കണ്ടുകഴിഞ്ഞു. ഇവിടെ അധ്വാനത്തെ സൂചിപ്പിക്കാൻ മറ്റൊരു വാക്കാണ് ഹീബ്രുവിൽ ഉപയോഗിച്ചിരിക്കുന്നത്: “ആസാബ്” ദുഃഖിക്കുക, വേദനിക്കുക, ക്ലേശിക്കുക, കരയുക എന്നൊക്കെ ഈ വാക്കിന് അർത്ഥമുണ്ട്. യഥാർത്ഥത്തിൽ അടിമയുടെ അവസ്ഥയിലേക്കു മനുഷ്യൻ നിപതിച്ചിരിക്കുന്നു. അവൻ ചെയ്യുന്നത് ഉദ്യാനപാലകന്റെ സന്തോഷപ്രദമായ ജോലിയല്ല, മറിച്ച് അടിമയുടെ കഠിനാധ്വാനമാണ്.

ഫലമൂലാദികൾ സമൃദ്ധമായി പുറപ്പെടുവിക്കേണ്ട ഭൂമി നിനക്കുവേണ്ടി മുള്ളും മുൾച്ചെടിയും മുളപ്പിക്കും എന്ന ശിക്ഷാവിധി ആനുകാലിക യാഥാർത്ഥ്യങ്ങളുടെ ഒരു വിശദീകരണവും ഒപ്പം ഒരു താക്കീതുമാണ്. മനോഹരവും ഫലപുഷ്ടവുമായിരുന്ന ഭൂമി മനുഷ്യന്റെ തെറ്റായ തീരുമാനങ്ങളും പ്രവർത്തനങ്ങളും വഴി തരിശായിത്തീരുന്നു എന്നതിന്റെ ഒരു വിശദീകരണവും ഇവിടെ കാണാം. മനുഷ്യൻ പാപം ചെയ്യാതിരുന്നെങ്കിൽ മുൾച്ചെടികൾ ഭൂമിയിൽ ഉണ്ടാവുകയില്ലായിരുന്നോ എന്ന ചോദ്യം അപ്രസക്തമാണ്. കർഷകന്റെ ഭാഷയിൽ ആഴമേറിയ ചില സത്യങ്ങൾ ഇവിടെ അനാവരണം ചെയ്യപ്പെടുന്നു.

## എന്നും പ്രസക്തമായ താക്കീത്

ഉപജീവനത്തിനുവേണ്ടി കഠിനാധ്വാനം ചെയ്യുകയും എന്നിട്ടും പലപ്പോഴും പലർക്കും വിശപ്പടക്കാൻ ആഹാരം ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യം ഇന്നും വിരളമല്ല; ഒരുപക്ഷേ വർദ്ധിച്ചിട്ടേ ഉള്ളൂ. അതുപോലെ ഭൂമിയുടെ ഫലപുഷ്ടി നഷ്ടപ്പെട്ട് മരുഭൂമിയാകുന്നതിനും മനുഷ്യന്റെ പ്രവർത്തനങ്ങൾ വലിയൊരു പരിധിവരെ കാരണമാകുന്നുണ്ട്.

മൂന്നുനാലു പതിറ്റാണ്ടുകൾക്കുമുമ്പ് ഹരിതവിപ്ലവം എന്ന പേരിൽ കൊട്ടിഘോഷിച്ച് രാസവളങ്ങളും കള-കീടനാശിനികളും ഭൂമിയോടു ചെയ്ത ദ്രോഹം എത്ര വലുതെന്നു ഇന്നു നാം

കാണുന്നു. മണ്ണും വെള്ളവും വിഷലിപ്തമായി. ഭൂഗർഭജലം കുഴൽക്കിണറുകൾവഴി വലിച്ചെടുത്ത് കൃഷിചെയ്യാൻ ശ്രമിച്ച്, അവസാനം ഭൂഗർഭജലം തന്നെ വറ്റുകയും എത്ര ആഴത്തിൽ കുഴിച്ചാലും ജലം കിട്ടാതാവുകയും ചെയ്യുന്നു. വ്യവസായങ്ങൾക്കായി ഭൂമി ദുരുപയോഗിച്ച് ജലസ്രോതസുകളിൽ വിഷം നിറച്ചു. പുഴകൾ വറ്റി വരളുന്നു, ഉള്ളവയിലെ ജലം മാലിന്യം നിറഞ്ഞ് ഉപയോഗശൂന്യമെന്നല്ല, ഉപദ്രവകരവും ആയിത്തീരുന്നു.

വാഹനങ്ങൾക്കും മറ്റ് വ്യവസായിക ആവശ്യങ്ങൾക്കുമായി കുഴിച്ചെടുത്ത എണ്ണ സംസ്കരിച്ച്, മിച്ചം വരുന്നതുകൊണ്ട് നിർമ്മിക്കുന്ന പ്ലാസ്റ്റിക്കും മറ്റ് വസ്തുക്കളും ഇന്ന് ഈ ഭൂമിക്കു തന്നെ വലിയൊരു ഭീഷണിയാവുന്നു. പുഴകളിലും കടലുകളിലും സമുദ്രങ്ങളിലും അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക്കും സമാനവസ്തുക്കളും ജലജീവികൾക്കുമൊത്തം വലിയ ഭീഷണിയായിരിക്കുന്നു. കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി വളർന്നു വികസിച്ച ഇലക്ട്രോണിക് ശാസ്ത്രവും ഉപകരണങ്ങളും ഇന്നു ഈ ഭൂമിക്ക് എതിരേ ഉയർത്തുന്ന ഭീഷണി ഊഹാതീതമാണ്. റേഡിയോ ആക്ടീവ് ആയ മാലിന്യങ്ങൾ സംസ്കരിക്കാനാവാതെ കടലിൽ തള്ളാനും കുഴിച്ചുമൂടാനും എല്ലാം നടക്കുന്ന ശ്രമങ്ങൾ വർദ്ധിക്കുന്നതേയുള്ളൂ. മനുഷ്യൻ ഉല്പാദിപ്പിക്കുന്ന മാലിന്യങ്ങൾ കൊണ്ട് ഭൂമി നിറയുന്നു. വായുപോലും മലിനമാകുന്നു.

വാഹനങ്ങളും ഫാക്ടറികളും ഗൃഹോപകരണങ്ങളും ശീതീകരണയന്ത്രങ്ങളും പുറന്തള്ളുന്ന വാതകങ്ങൾ അന്തരീക്ഷത്തിൽ നിറയുന്നു; ചില നഗരങ്ങളിൽ ശുദ്ധവായു ലഭ്യമല്ലാതാകുന്നു. കുപ്പികളിൽ കുടിവെള്ളം പോലെ പ്രാണവായുവും വിലകൊടുത്തു വാങ്ങേണ്ടിവരുന്ന കാലം വിദൂരത്തല്ല എന്നു തോന്നും. ഭൂമിയിലേക്ക് മാരകമായ കോസ്മിക് കിരണങ്ങൾ കടന്നുവരാതെ, ഭൂമിയിലെ അന്തരീക്ഷം ശുദ്ധവും ഊഷ്മാവ് ക്രമീകൃതവുമായി നിലനിർത്തുന്ന ഓസോൺപാളികളിൽ വീഴുന്ന വിള്ളലുകൾ ഭീതിയുണർത്തുന്നു.

ഇതിന്റെയെല്ലാം ഫലങ്ങൾ അനുദിനമെന്നോണം നാം കാണുന്നു. ഗതിമാറി വീശുന്ന മഴക്കാറ്റുകൾ, കാലംതെറ്റി പെയ്യുന്ന പെരുമഴ, എല്ലാം ഒഴുക്കിക്കളയുന്ന പ്രളയം, സുനാമികൾ. അടയാളങ്ങൾ എത്ര വേണമെങ്കിലുമുണ്ട്. ഈ പരമ്പരയിൽ അവസാനമായി ആഞ്ഞടിച്ച് ആഗോളതലത്തിൽ മനുഷ്യജീവിതം

തന്നെ നിശ്ചലമാക്കിയ കൊറോണാവൈറസ് ഒരു താക്കീതാണ്. നീ മൂലം മണ്ണു ശപിക്കപ്പെട്ടതായിരിക്കും എന്ന ശിക്ഷാവിധിയുടെ ആനുകാലിക സാക്ഷാൽക്കാരം!

## ചുരുക്കത്തിൽ

ഭൂമിക്ക് അനുഗ്രഹമാകേണ്ടവൻ, ദൈവത്തിന്റെ ഉദ്യാനമായ ഈ ഭൂമിയിൽ ദൈവഹിതം അനുസരിച്ചും നിയമങ്ങൾ പാലിച്ചും അധ്വാനിച്ച് ഭൂമിയെ ഫലപുഷ്ടമാക്കുകയും എല്ലാ ദുരുപയോഗങ്ങളിലും കടന്നുകയറ്റങ്ങളിലും നിന്നു കാത്തുസൂക്ഷിക്കുകയും ചെയ്യേണ്ട മനുഷ്യൻതന്നെ ഭൂമിക്കു ശാപമായിത്തീരുന്നു, ഭൂമിയുടെമേൽ ശാപം വിളിച്ചുവരുത്തുന്നു. ദൈവശുശ്രൂഷപോലെ, ആരാധനപോലെ പവിത്രവും സന്തോഷപ്രദവും ആയിരിക്കേണ്ട ഭൂമിയിലെ അധ്വാനം ക്ലേശപൂർണ്ണമാകുന്നു, അടിമയുടെ നിർബന്ധിതവേലപോലെ.

മനുഷ്യൻ അനുഭവിക്കുന്ന തിന്മകൾക്കെല്ലാം കാരണം മനുഷ്യൻ തന്നെയാണ്. ദൈവത്തെ നിഷേധിച്ചും ധിക്കരിച്ചും സ്വയം ദൈവമാകാൻ ശ്രമിച്ചതിലൂടെ സംഭവിച്ച പാപമാണ് ഈ ദുരിതങ്ങളുടെ എല്ലാം അടിസ്ഥാനകാരണം. കാര്യസ്ഥൻ ഉടമസ്ഥനാകാൻ ശ്രമിച്ചു; സംരക്ഷകൻ സംഹാരകനായി. താൻ വെറും പൊടിയാണെന്നും ഈ പൊടിയെ ജീവൻ ത്രസിക്കുന്ന ദൈവമക്കളുടെ സ്ഥാനത്തേക്കുയർത്തിയത് ദൈവം പകർന്നുതന്ന ജീവശ്വാസമാണെന്നും മറന്നപ്പോൾ പിന്നെ അവശേഷിക്കുന്നത് മണ്ണിലേക്കു മടങ്ങുന്ന മൺതരികൾ മാത്രം.

കഥാരൂപത്തിൽ വി. ഗ്രന്ഥകാരൻ അവതരിപ്പിക്കുന്ന ഈ സനാതനസത്യം ഇനിയെങ്കിലും നാം ഗ്രഹിക്കണം. ജോയേൽ പ്രവാചകനിലൂടെ ദൈവം ആഹ്വാനം ചെയ്യുന്നതുപോലെ, ഇപ്പോഴെങ്കിലും പൂർണ്ണഹൃദയത്തോടെ കർത്താവിലേക്കു തിരിയണം.

മണ്ണിനോടുള്ള ബന്ധത്തിൽവന്നത് മനുഷ്യജീവിതത്തിൽ വന്ന ഒരു പാളിച്ച മാത്രമാണ്. അതിലും വലിയ ചില ക്രൂരതകൾ മനുഷ്യൻ ചെയ്തുകൂട്ടി, ഇന്നും ചെയ്തുകൊണ്ടിരിക്കുന്നു. അതിലേക്കാണ് അടുത്തതായി ശ്രദ്ധ തിരിക്കുന്നത് - രക്തം കുടിച്ച ഭൂമി.

# 6

## രക്തം കുടിച്ച ഭൂമി

*"നീ എന്താണീ ചെയ്തത്? നിന്റെ കയ്യിൽനിന്നു നിന്റെ സഹോദരന്റെ രക്തം കുടിക്കാൻ വാപിളർന്ന ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കും. കൃഷി ചെയ്യുമ്പോൾ മണ്ണു നിനക്കു ഫലം തരുകയില്ല"* (ഉൽപ 4,10-11).

ലോകത്തെ മുഴുവൻ ഭയത്തിന്റെ മുൾമുനയിൽ നിർത്തുന്ന കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ദൈവം മനുഷ്യവർഗ്ഗത്തിനു നല്കുന്ന സന്ദേശം എന്തെന്നുള്ള അന്വേഷണമാണ് ഈ പരമ്പരയിലൂടെ നടത്തുന്നത്. ദൈവനിഷേധമായിരുന്നു മനുഷ്യന്റെ ആദ്യപാപം എന്നു കണ്ടുകഴിഞ്ഞു. ഭൂമി ഫലശൂന്യമാകാൻ ഒരു കാരണം മനുഷ്യൻ ദൈവതുല്യനാകാൻ ശ്രമിച്ചതുവഴി ഐക്യത്തിന്റെ പ്രതീകമായ പറുദീസാ നഷ്ടപ്പെടുത്തിയതാണ് എന്ന് ഉൽപത്തി മൂന്നാം അധ്യായത്തിൽ നാം കണ്ടു. ദൈവത്തിൽനിന്നകന്ന മനുഷ്യൻ പരസ്പരം അകന്നു; നഗ്നതാബോധവും ലജ്ജയും അവനെ അപകർഷബോധത്തിലാഴ്ത്തി. ഭൂമി ഊഷരമായി; വിളകൾക്കുപകരം കളകളും മുള്ളുകളും മുളപ്പിച്ചു. എന്നാൽ ഇതൊരു തുടക്കം മാത്രമായിരുന്നു. അടുത്തപടി കൂടുതൽ ഭീകരമാണ്.

മണ്ണിൽനിന്നെടുക്കപ്പെട്ട നീ മണ്ണിലേക്കു മടങ്ങും എന്ന ശിക്ഷാവിധിയെ മറികടക്കാനുള്ള ശ്രമം എന്ന പ്രതീതി നല്കുന്നതാണ് പുരുഷൻ സ്ത്രീക്കു നല്കുന്ന പുതിയ പേര്: "ഹവ്വാ". ജീവൻ എന്നർത്ഥമുള്ള "ഹയാ" എന്ന വാക്കിൽനിന്നാണ് "ഹവ്വാ" എന്ന ഹീബ്രുനാമത്തിന്റെ ഉത്ഭവം. *"അവൾ ജീവനുള്ളവരുടെയെല്ലാം മാതാവാണ്"* (ഉൽപ 3,20) എന്നു പേരിനു നല്കുന്ന വിശദീകരണത്തിൽ ലക്ഷ്യം വ്യക്തമാകുന്നു. മുന്നിൽ വായ്പിളർന്നു നില്ക്കുന്ന മരണത്തിൽനിന്ന് മോചനം പിൻതലമുറകളിലൂടെ മനുഷ്യൻ നേടിയെടുക്കും. ഒരു മനുഷ്യൻ മരിക്കുമ്പോൾ

ഹവ്വായിലൂടെ പുതുജീവൻ ജനിക്കും; മനുഷ്യജീവിതം ഭൂമിയിൽ അനുസ്യൂതം തുടരും.

പറുദീസായ്ക്കു പുറത്തു തുടങ്ങുന്ന മനുഷ്യജീവിതം ഈ പേരും അതിന്റെ ലക്ഷ്യവും അന്വർത്ഥമാക്കുന്നു. ആദം ഹവ്വായെ അറിഞ്ഞു. അവർക്കു മക്കൾ ജനിച്ചു. ആദ്യപുത്രന് കായേൻ എന്ന് ഹവ്വാ പേരിട്ടു. സമ്പാദിക്കുക എന്നർത്ഥമുള്ള "കനാ" എന്ന ഹീബ്രു ക്രിയയിൽനിന്നാണ് കായേൻ എന്ന പേരിന്റെ ഉത്ഭവം. ദൈവത്തിന്റെ കൃപയാൽ ലഭിച്ച ദാനവും സമ്മാനവുമാണ് ഈ മകൻ എന്ന് പേരിലൂടെ അമ്മ ഏറ്റു പറഞ്ഞു. രണ്ടാമത്തെ മകനും അമ്മ തന്നെ പേരിട്ടു: ആബേൽ. നശ്വരം, ക്ഷണികം, മൂടൽമഞ്ഞു പോലെ വേഗം അപ്രത്യക്ഷമാകുന്നത് എന്നൊക്കെയാണ് പേരിനർത്ഥം. മക്കൾ ഇരുവരും രണ്ടു ജോലികൾ തിരഞ്ഞെടുത്തു, കായേൻ കൃഷിയും ആബേൽ ആടുമേയ്ക്കലും. അങ്ങനെ എല്ലാം ഭംഗിയായി മുന്നേറുന്നു എന്ന പ്രതീതിയാണ് ഉൽപത്തി 4-ാം അധ്യായത്തിൽ വിവരിക്കുന്ന പറുദീസായ്ക്കു പുറത്തുള്ള ജീവിതത്തിന്റെ വിവരണത്തിൽ നിന്നു ലഭിക്കുക. എന്നാൽ ഇതൊരു മിഥ്യാധാരണയാണെന്ന് ഉടനെ വ്യക്തമാകും.

രണ്ടു പുത്രന്മാർക്കും ഹവ്വായാണ് പേരിടുന്നത് എന്ന കാര്യം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. 3-ാം അധ്യായത്തിലും മുഖ്യകഥാപാത്രം ഹവ്വാ ആയിരുന്നു. സർപ്പവുമായി സംഭാഷണത്തിൽ ഏർപ്പെടുന്നതും പഴം തിന്നുന്നതും ഭർത്താവിനു കൊടുക്കുന്നതും എല്ലാം ഹവ്വാ തന്നെ. സ്ത്രീ-പുരുഷ തുല്യതയ്ക്കും ഒരുപടി ഉയരത്തിലാണ് വി. ഗ്രന്ഥകാരൻ ഹവ്വായ്ക്കു നല്കുന്ന സ്ഥാനം. സ്ത്രീയാണ് മുഖ്യകഥാപാത്രം. പുരുഷൻ അവളുടെ വാക്കു കേൾക്കുന്നു, അനുസരിക്കുന്നു എന്ന പ്രതീതി ജനിപ്പിക്കുന്നതാണ് വിവരണം. നന്മയ്ക്കും തിന്മയ്ക്കും അവൾ തന്നെ മുന്നിൽ.

ഹവ്വായുടെ മക്കൾ ഇരുവരും ദൈവഭക്തരായിരുന്നു, കർത്താവിനു ബലിയർപ്പിക്കുന്ന പുരോഹിതർ. അതാണ് സഹോദരങ്ങളുടെ ആദ്യത്തെ പ്രവൃത്തിയായി വി. ഗ്രന്ഥകാരൻ എടുത്തുകാട്ടുന്നത്. ഓരോരുത്തരും അവരുടെ അധ്വാനഫലത്തിൽനിന്ന് ഒരു ഭാഗം ബലിയർപ്പിച്ചു. കൃഷിക്കാരനായ കായേൻ തന്റെ കാർഷിക വിഭവങ്ങൾ; ഇടയനായ ആബേൽ ആടിന്റെ ഭാഗം. പക്ഷേ അപ്രതീക്ഷിതമായൊരു സംഭവം കഥയുടെ ഗതി നിർണ്ണയിക്കുന്നു.

കായേൻ സാഹോദര്യം മറക്കുന്നു; അസൂയയും ക്രോധവും മാരകമായ ശത്രുതയും അവന്റെ ഉള്ളിൽ ഉറവപൊട്ടുന്നു. എന്താണു കാരണം എന്നു വി. ഗ്രന്ഥകാരൻ ചില സൂചനകൾ നല്കുന്നുണ്ട്.

*"ആബേലിലും അവന്റെ കാഴ്ചവസ്തുക്കളിലും കർത്താവു പ്രസാദിച്ചു. എന്നാൽ കായേനിലും അവന്റെ കാഴ്ചവസ്തുക്കളിലും അവിടുന്ന് പ്രസാദിച്ചില്ല"* (ഉൽപ 4,4). കർത്താവിന്റെ പ്രസാദം എങ്ങനെ തിരിച്ചറിഞ്ഞു എന്നു ചോദിക്കരുത്. 'കഥയിൽ ചോദ്യമില്ല' എന്നു പറയാറുണ്ടല്ലോ. ബലിയോടുള്ള കർത്താവിന്റെ പ്രതികരണമാണ് കഥയെ മുന്നോട്ടു നയിക്കുന്ന പ്രധാന ഘടകം. ഇവിടെ ഒരു തിരിച്ചു വ്യത്യാസം പ്രകടമാകുന്നു. ഇളയവനായ ആബേലിന്റെ ബലി കർത്താവിനു സ്വീകാര്യമായി, മൂത്തവനായ കായേന്റെ ബലി സ്വീകാര്യമായില്ല. ഈ തിരിച്ചറിവ് കായേന്റെ ഉള്ളിരുപ്പ് പ്രകടമാക്കുന്നു.

*"ഇതു കായേനെ അത്യധികം കോപിപ്പിച്ചു. അവന്റെ മുഖം കറുത്തു"* (ഉൽപ 4,5) *"മുഖം കുനിഞ്ഞു"* എന്നാണ് മൂലഭാഷയിൽ. ഉള്ളിൽ പുകയുന്ന കോപം മുഖത്തു പ്രകടമാകുന്നു. അപരനുമായി ബന്ധം വിഛേദിക്കുന്നതിന്റെ അടയാളമാകാം പരസ്പരം കാണുമ്പോൾ മുഖംതാഴ്ത്തി മിണ്ടാതെ, വഴിമാറി പോകുന്നത്. ഒരു കാര്യം വ്യക്തം. കായേന്റെ ഉള്ളിൽ സഹോദരനോട് കടുത്ത അസൂയയും വെറുപ്പും വിദ്വേഷവും നിറഞ്ഞു. കർത്താവിന്റെ വാക്കുകളായിത്തന്നെ ഇതു വി. ഗ്രന്ഥകാരൻ എടുത്തു പറയുന്നുണ്ട്: *"നീ കോപിച്ചിരിക്കുന്നതെന്ത്? നിന്റെ മുഖം വാടിയിരിക്കുന്നതെന്തുകൊണ്ട്? ഉചിതമായി പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ? നല്ലതു ചെയ്യുന്നില്ലെങ്കിൽ പാപം വാതില്ക്കൽത്തന്നെ പതിയിരുപ്പുണ്ട് എന്നു നീ ഓർക്കണം. അതു നിന്നിൽ താല്പര്യം വച്ചിരിക്കുന്നു. നീ അതിനെ കീഴടക്കണം"* (ഉൽപ 4,6-7).

എന്താണ് കായേൻ ചെയ്ത തെറ്റ് എന്നു പറയുന്നില്ല; എന്നാൽ എന്തോ ഉചിതമല്ലാത്തതു സംഭവിച്ചു എന്ന സൂചന നല്കുന്നുണ്ട്. അതേസമയം ഇപ്പോൾ സംഭവിച്ചത് ഒരു തുടക്കം മാത്രമാണെന്നും കൂടുതൽ ഭീകരമായതെന്തോ സംഭവിക്കാൻ പോകുന്നു എന്ന ധ്വനിയും ഈ താക്കീതിലുണ്ട്. വാതിൽക്കൽ പതിയിരിക്കുന്ന പാപം എന്ന പ്രതീകത്തിനു പിന്നിൽ പറുദീ

സായിലെ പാമ്പിന്റെ ചിത്രം മിന്നിമറയുന്നതു കാണാം. പ്രലോഭനം. അതാണ് ഉള്ളിൽ ഉയരുന്ന അസൂയയും രോഷവും. അതിനെ മറികടക്കണം, കീഴടക്കണം. അല്ലെങ്കിൽ ഫലം ഭീകരമായിരിക്കും.

കായേൻ താക്കീതു വകവച്ചില്ല. ആലോചിച്ചുറപ്പിച്ച പദ്ധതി അവൻ നടപ്പിലാക്കി. സ്നേഹം നടിച്ച് സഹോദരനെ വയലിലേക്കു വിളിച്ചു. സാക്ഷികൾ ആരുമില്ലെന്ന് ഉറപ്പുവരുത്തിയ ശേഷം വധിച്ചു. വളരെ ലളിതം. അവന്റെ കഥ കഴിഞ്ഞു. ഇനി ഞാൻ മാത്രം! ദൈവത്തിന്റെ പ്രസാദം ആർക്കുവേണം? ഇനി ഞാനാണ് ഈ ഭൂമിയുടെ ഉടമ, അധിപൻ. എന്റെ ഇഷ്ടമനുസരിച്ചു ഞാൻ ജീവിക്കും; എന്നെ എതിർക്കുകയോ എനിക്കു ഭീഷണിയാവുകയോ ചെയ്യുന്ന ഒരുവനെയും ഞാൻ വച്ചുപൊറുപ്പിക്കുകയില്ല. പറയാതെ പറഞ്ഞ കായേന്റെ മനോഭാവം.

ദൈവത്തിനു കാഴ്ച സമർപ്പിച്ചവനാണു കായേൻ. ഒരർത്ഥത്തിൽ പുരോഹിതൻ. ബലിയർപ്പണമാണ് അസൂയയുടെയും വിദ്വേഷത്തിന്റെയും കാരണം എന്നുതോന്നാം. എന്നാൽ കർത്താവിന്റെ പ്രതികരണത്തിനു കാരണം കായേൻ അർപ്പിച്ച കാഴ്ചവസ്തുക്കളല്ല, അർപ്പിച്ചവന്റെ മനോഭാവമാണ് എന്നു ദൈവത്തിന്റെ വാക്കുകളിൽനിന്നനുമാനിക്കാൻ കഴിയും. ഉചിതമായി പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ? ഉചിതമല്ലാത്തത് കായേന്റെ മനോഭാവമായിരുന്നു, സഹോദരനെ ശത്രുവും ഭീഷണിയുമായി കാണുന്ന മനോഭാവം. അതാണ് ബലിവേദിയിൽ പ്രകടമായത്.

കൊടുക്കുന്ന കാഴ്ചകളുടെ കൊഴുപ്പിൽ പ്രസാദിച്ച് അനുഗ്രഹം വർഷിക്കുന്നവനല്ല ദൈവം. യേശുനാഥൻ ഇതു വ്യക്തമായി പഠിപ്പിച്ചിട്ടുണ്ട്. സഹോദരനോടു രമ്യതയില്ലാത്തവന്റെ ബലി കർത്താവു സ്വീകരിക്കുകയില്ല (മത്താ 5,21-26). ദൈവം പിതാവും മനുഷ്യരെല്ലാം ദൈവത്തിന്റെ മക്കളും അതിനാൽ ത്തന്നെ സഹോദരങ്ങളുമാണ്. സഹോദരങ്ങൾ തമ്മിൽ നിലനില്ക്കുന്ന, സ്നേഹത്തിൽ അടിയുറച്ച രമ്യതയാണ് ദൈവം ആവശ്യപ്പെടുന്നത് (സങ്കീ 133). എന്നാൽ ഇവിടെ ദൈവത്തിനുമുമ്പിൽ പുരോഹിത ശുശ്രൂഷ അനുഷ്ഠിക്കുന്ന കായേന്റെ ഉള്ളിൽ നിറയെ സഹോദരനോട് അസൂയയും വെറുപ്പും. അതുതന്നെയാണ് ബലി തിരസ്കരിക്കപ്പെടാൻ കാരണം. എന്നാൽ കായേൻ അതു മനസിലാക്കിയില്ല. ദൈവം നല്കിയ താക്കീതു വകവ

ച്ചില്ല. തന്റെ എതിരാളിയായി കരുതിയവനെ വകവരുത്തി. പക്ഷേ തന്റെ തെറ്റ് താമസിയാതെ കായേൻ തിരിച്ചറിഞ്ഞു.

നീലാകശത്തുനിന്നു വെള്ളിടിപോലെ കർത്താവിന്റെ സ്വരം മുഴങ്ങി: ***"കായേൻ, നിന്റെ സഹോദരൻ ആബേൽ എവിടെ?"*** എന്നാൽ കായേനു കൂസലില്ല. *"എനിക്കറിയില്ല. സഹോദരന്റെ കാവൽക്കാരനാണോ ഞാൻ?"* ദൈവത്തെ വെല്ലുവിളിക്കുന്ന ധാർഷ്ട്യം. അഹങ്കാരത്തിന്റെ മൂർത്തരൂപം. "നീ ആരാണ് എന്നെ ചോദ്യം ചെയ്യാൻ?" എന്ന ഭാവം. എന്നാൽ കർത്താവ് കണ്ണടയ്ക്കില്ല: *"നീ എന്താണീ ചെയ്തത്? നിന്റെ സഹോദരന്റെ രക്തം മണ്ണിൽനിന്ന് എന്നെ വിളിച്ചുകരയുന്നു. നിന്റെ കയ്യിൽനിന്ന് നിന്റെ സഹോദരന്റെ രക്തം കുടിക്കാൻ വാപിളർന്ന ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കും. കൃഷി ചെയ്യുമ്പോൾ മണ്ണ് നിനക്കു ഫലം തരുകയില്ല. നീ ഭൂമിയിൽ അലഞ്ഞുതിരിയുന്നവനായിരിക്കും"* (ഉൽപ 4,10-11).

അതിഭീകരമായ വിധിവാചകം. കായേന്റെ തനിക്കു താൻ പോരിമയും അഹന്തയും ഇടിച്ചുതകർക്കുന്ന ദൈവശബ്ദം. തന്നെ ആരും കാണില്ല എന്ന കായേന്റെ കണക്കുകൂട്ടൽ തെറ്റി. ശരീരം മറവുചെയ്യാം, എന്നാൽ രക്തം മറവു ചെയ്യാനാവില്ല എന്ന ബൈബിൾ വീക്ഷണം ഇവിടെ തുടങ്ങുന്നു. രക്തത്തിലാണ് ജീവൻ. ദൈവമാണ് ജീവന്റെ അധിപൻ. അനീതിക്കിരയായവന്റെ ജീവരക്തം ദൈവത്തിന്റെ മുമ്പിൽ നിലവിളിച്ചുകൊണ്ടേയിരിക്കും. ദൈവം നിലവിളി കേൾക്കും; പ്രതികരിക്കും.

*"നീ എന്താണീ ചെയ്തത്?"* കഥയിലൂടെ തന്നെ തുടരാം. താൻ ഏകാധിപതില്ല എന്നു കായേനു ബോധ്യംവരുത്തുന്നതാണ് കർത്താവിന്റെ ചോദ്യം. അതോടൊപ്പം തന്റെ ചെയ്തികൾക്കെല്ലാം ഉത്തരം പറയാൻ കടപ്പെട്ടവനാണ് താൻ എന്ന അവബോധവും. ദൈവത്തിന്റെ കണ്ണിൽനിന്ന് ഒളിച്ചിരിക്കാനോ ഒന്നും ഒളിച്ചുവയ്ക്കാനോ സാധ്യമല്ല എന്ന് ഈ ചോദ്യം വ്യക്തമാക്കുന്നു. അതോടൊപ്പം ഭൂമിയെക്കുറിച്ച് പറയാൻ ഉപയോഗിക്കുന്ന പ്രതീകവും അത്യന്തം ഭയാനകമാണ്. *"നിന്റെ സഹോദരന്റെ രക്തം കുടിക്കാൻ വാപിളർന്ന ഭൂമി"*. ഭൂമിയെ മാതാവായി, അമ്മയായി ചിത്രീകരിക്കുന്ന ആലങ്കാരിക പ്രയോഗം ഉയർത്തുന്ന ധ്വനികൾ നിരവധിയാണ്. സ്വന്തം മകന്റെ ചോരകുടിക്കാൻ അമ്മയെ നിർബന്ധിക്കുന്ന മനുഷ്യന്റെ പൈശാചികചിത്രം

ഇവിടെ തെളിയുന്നു. മനുഷ്യനും മണ്ണും തമ്മിലുള്ള ബന്ധം, മനുഷ്യർ തമ്മിൽ ഉണ്ടായിരിക്കേണ്ട ബന്ധം, അതു തകരുമ്പോൾ സംഭവിക്കുന്ന ദുരന്തം, ഇതെല്ലാം കാണുന്ന, പ്രതികരിക്കുന്ന, പ്രവർത്തിക്കുന്ന ദൈവം.

തികച്ചും ഉദ്വേഗജനകവും സംഘർഷഭരിതവുമാണ് കായേന്റെ കഥ. മനുഷ്യർ പരസ്പരമുള്ള ബന്ധം എപ്രകാരം പ്രപഞ്ചത്തെ മുഴുവൻ ബാധിക്കുന്നു എന്ന് വിവരണം വ്യക്തമാക്കുന്നു. സഹോദരന്റെ രക്തം ശാപമായി തലയിൽ പതിക്കുന്നു. മനുഷ്യരക്തത്തിൽ കുതിർന്ന മണ്ണിൽ കൊലയാളി നിരാശ്രയനായിരിക്കും. മണ്ണ് ഫലം തരില്ല; അഭയവും തരില്ല. അഭയം തേടി അലയുന്നവൻ! സഹോദരനെ വധിച്ച് സ്വന്തമാക്കാൻ ശ്രമിച്ച ഭൂമി തനിക്കു നഷ്ടമായിരിക്കുന്നു എന്നു കായേൻ ഗ്രഹിച്ചു. ഭയം അവനെ ഗ്രസിച്ചു. മരിച്ചാൽ മതി എന്നാഗ്രഹിച്ചു. കാണുന്നവരെല്ലാം തന്നെ കൊല്ലാൻ നോക്കും എന്നവൻ ഭയന്നു. താൻ കീഴടക്കാൻ ശ്രമിച്ച ഭൂമിതന്നെ തന്റെ ശത്രുവായി, തിരിഞ്ഞ് വേട്ടയാടുന്നു എന്നവർ കരുതി. എന്നാൽ കഥ ഇവിടെ അവസാനിക്കുന്നില്ല.

തന്റെ ദയനീയമായ നിസ്സഹായാവസ്ഥ ഏറ്റു പറഞ്ഞു വിലപിച്ച കായേന് ദൈവം ഒരു വാഗ്ദാനവും നല്കി, സംരക്ഷണം. ആരും നിന്നെ കൊല്ലാൻ ഞാൻ അനുവദിക്കുകയില്ല. നിന്നെ കൊല്ലുന്നവനോടു ഞാൻ ഏഴിരട്ടി പ്രതികാരം ചെയ്യും. ഈ ശപഥത്തിന്റെ സ്മാരകമായി അവന്റെ നെറ്റിയിൽ ഒരടയാളവും പതിച്ചു. ദൈവത്തിന്റെ സംരക്ഷണമുദ്ര പേറുന്ന കൊലയാളി! എന്തൊരു വിരോധാഭാസം! ഭ്രാതൃഹത്യ നിർബാധം തുടരട്ടെ എന്ന് കൊലപാതകത്തിനു ലൈസൻസു നല്കുന്നതാണോ ഈ സംരക്ഷണം എന്നു ചോദിച്ചേക്കാം. അല്ല എന്നു വ്യക്തം. ജീവിക്കാനും മരിക്കാനും കഴിയാതെ, ഒരിടത്തും അഭയം ലഭിക്കാതെ അലയണം, അടുത്തു നില്ക്കുന്നവനെ സഹോദരനായി തിരിച്ചറിയുന്നതുവരെ. പാപിയുടെ മരണമല്ല, മാനസാന്തരമാണ് താൻ ആഗ്രഹിക്കുന്നത് എന്നു പ്രവാചകനിലൂടെ ദൈവം വ്യക്തമാക്കിയ (എസെ, 33,11) തിരുഹിതമാണിത്.

# 7

## കായേൻ ഇന്ന്

മനുഷ്യർ തമ്മിലുള്ള പരസ്പരബന്ധത്തിന്റെയും ആ ബന്ധം എപ്രകാരം പ്രപഞ്ചത്തെ മുഴുവൻ സ്വാധീനിക്കുന്നു എന്നതിന്റെയും കഥാരൂപത്തിലുള്ള അവതരണമാണ് കായേനും ആബേലും. കർഷകനായ കായേനും ഇടയനായ ആബേലും മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പ്രതീകമാണ്. ആദി മാതാപിതാക്കളുടെ രണ്ടുമക്കൾ എന്നതുതന്നെ ഈ പ്രതീകാത്മകതയിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. ആടുമേയ്ക്കൽ, കൃഷി എന്നിങ്ങനെയുള്ള തൊഴിലുകൾ മനുഷ്യവർഗ്ഗത്തിന്റെ ആരംഭത്തിലല്ല, വളർച്ചയുടെ ഒരു ഘട്ടത്തിൽ രൂപംകൊണ്ടതാണ്. ഇതറിയാഞ്ഞിട്ടല്ല വി. ഗ്രന്ഥകാരൻ ഇപ്രകാരം ഒരു കഥ മെനയുന്നത്. അതിനാൽ ഓരോ കഥാപാത്രത്തിന്റെയും സവിശേഷതകൾ എന്തെന്നും അവയിലൂടെ ഇന്ന് നമ്മോട്, എന്നോട്, എന്താണു ദൈവം പറയുന്നത് എന്നും ഗ്രഹിക്കാൻ ശ്രമിക്കണം.

ദൈവം മാംസഭുക്കായതു കൊണ്ടാണോ ആബേലിന്റെ കാഴ്ച സ്വീകരിച്ചത്? ദൈവം തന്റെ കാഴ്ച സ്വീകരിച്ചില്ല എന്നു കായേൻ എങ്ങനെ മനസിലാക്കി? വിവാഹം കഴിക്കാൻ കായേന് ഭാര്യയെ എവിടെ കിട്ടി? എന്നിങ്ങനെയുള്ള ബാലിശമായ ചോദ്യങ്ങൾക്ക് ഈ വിവരണത്തിൽനിന്ന് ഉത്തരം തേടേണ്ടതില്ല. കഥയെ കഥയായും പ്രതീകങ്ങളെ പ്രതീകങ്ങളായും മനസിലാക്കണം. അതിനാണ് തുടർന്നു ശ്രമിക്കുന്നത്.

**1. മനുഷ്യർ എല്ലാം പരസ്പര സഹോദരങ്ങൾ:** ഈ കഥയിലൂടെ അവതരിപ്പിക്കുന്ന ആദ്യ സന്ദേശം സാർവലൗകിക സാഹോദര്യത്തിന്റേതാണ്. ഒരമ്മ പെറ്റ മക്കളെപ്പോലെ സകല മനുഷ്യരും പരസ്പരം സഹോദരീസഹോദരങ്ങളാണ്. ഈ സത്യം അറിയണം, അംഗീകരിക്കണം, മാനിക്കണം. ഇതാണ് ഒന്നാമത്തെ സന്ദേശം. രണ്ടു തൊഴിലുകൾ ഉദാഹരണം മാത്രം. ജാതി, വർണ്ണ, വർഗ്ഗ തൊഴിൽ വ്യത്യാസങ്ങൾക്കെല്ലാം ഉപരി

സകല മനുഷ്യരും സഹോദരങ്ങളാണ്, കായേനെയും ആബേലിനെയും പോലെ. അതിനാൽ പരസ്പരം മത്സരിക്കരുത്, സഹകരിക്കണം; വെറുക്കരുത് സ്നേഹിക്കണം; പൂഴ്ത്തിവച്ചു സമ്പന്നനാകരുത്, പങ്കുവയ്ക്കണം. ഇതാണ് ബൈബിൾ നല്കുന്ന ആദ്യത്തെ ബാലപാഠം.

**2. വഴിപിഴയ്ക്കുന്ന മതാത്മകത:** മനുഷ്യരുടെ കാണിക്കകൾ ദൈവത്തിനു സമർപ്പിക്കുന്നവരെയാണ് പുരോഹിതർ എന്നു നാം സാധാരണ വിശേഷിപ്പിക്കുക. മതാത്മകതയുടെ ദൃശ്യമായൊരു പ്രകടനമാണ് കാണിക്കസമർപ്പിക്കൽ, അഥവാ ബലിയർപ്പണം. ഇവിടെ കായേനും ആബേലും കാഴ്ചകൾ സമർപ്പിക്കുന്നതിലൂടെ അവരുടെ മതാത്മകതയും പൗരോഹിത്യവും വി. ഗ്രന്ഥകാരൻ എടുത്തുകാട്ടുന്നു. എന്തിനുവേണ്ടി കാഴ്ച സമർപ്പിച്ചു, എന്തായിരുന്നു അതിന്റെ ലക്ഷ്യം എന്നൊന്നും വി. ഗ്രന്ഥകാരൻ പറയുന്നില്ല. എന്നാൽ ഒരാളുടെ കാഴ്ച സ്വീകരിച്ചു; അപരന്റേതു സ്വീകരിച്ചില്ല; കാരണം രണ്ടാമന്റെ ഹൃദയവും ഉദ്ദേശ്യലക്ഷ്യങ്ങളും ശുദ്ധമായിരുന്നില്ല. തുടർന്നുള്ള അയാളുടെ പ്രവൃത്തിയും വാക്കും അതു വ്യക്തമാക്കുകയും ചെയ്തു.

ഒരു ബലിയർപ്പണത്തോടനുബന്ധിച്ചാണ് ആദ്യത്തെ കൊലപാതകം നടന്നത് എന്ന നിരീക്ഷണം തികച്ചും ഭയാനകമാണ്. ദൈവത്തിനു ബലിയർപ്പിച്ച പുരോഹിതന്റെ കയ്യിൽ സഹോദരന്റെ രക്തം പുരണ്ടിരിക്കുന്നു എന്ന വസ്തുത അതിവിശാലവും ആഴമേറിയതുമായ മേഖലകളിലേക്കു ശ്രദ്ധ ക്ഷണിക്കുന്നുണ്ട്. ഈ ലോകത്തിൽ നടന്ന, ഇന്നും നടക്കുന്ന കോടാനുകോടി കൊലപാതകങ്ങൾക്കു മുമ്പിൽ വഴിപിഴച്ച ഒരു മതാത്മകത ഒളിഞ്ഞിരിക്കുന്നു; പുരോഹിതരുടെ കൈകളിൽ മനുഷ്യരക്തം പുരണ്ടിരിക്കുന്നു എന്ന വെളിപ്പെടുത്തൽ തികച്ചും ഭയാനകമല്ല, സംഭ്രമജനകം തന്നെ എന്നു പറയേണ്ടിവരും.

മതങ്ങളുടെ പേരിൽ നടന്ന നിരവധി യുദ്ധങ്ങളും ഇന്നും നടക്കുന്ന ഭീകരപ്രവർത്തനങ്ങളും എല്ലാം ദൈവത്തിനു സ്വീകാര്യമല്ലാത്ത ബലിയർപ്പണങ്ങളുടെ ദുരന്തഫലങ്ങളും പ്രതിഫലനങ്ങളും ആണെന്ന് കായേൻ എന്ന പുരോഹിതൻ നടത്തിയ ഭാതൃഹത്യ ഉദ്ഘോഷിക്കുന്നു. അപരനെ സഹോദരനായി കാണാതെ, ശത്രുവായി കണ്ട് ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്നവൻ ദൈവത്തിനല്ല, ആരംഭം മുതലേ നുണയും കൊലപാതകി

യുമായ (യോഹ 8,45) സാത്താനാണ് ബലിയർപ്പിക്കുന്നത് (യോഹ 16,2). ഒരുവിധത്തിൽ കായേനെ സാത്താന്റെ പുരോഹിതൻ എന്നു വിശേഷിപ്പിക്കാനാവും. എന്നാൽ ഇതു മാത്രമല്ല കായേന്റെ സവിശേഷത.

**3. രക്തം കുടിക്കുന്ന ഭൂമി:** വലിയ ആദരവോടെയാണ് വി. ഗ്രന്ഥകാരൻ ഭൂമിയെക്കുറിച്ചു പ്രതിപാദിക്കുന്നത്. സകലജീവജാലങ്ങൾക്കും ജീവൻ നിലനിർത്താനും വികസിപ്പിക്കാനും ആവശ്യമായതെല്ലാം നല്കുന്ന ഉദാരമതിയും വിവേകവതിയും വാത്സല്യപൂർണ്ണയുമായ അമ്മയാണ് ഭൂമി; അതിനെ മണ്ണെന്നും വിശേഷിപ്പിക്കാം. സകലജീവജാലങ്ങളും മണ്ണിൽനിന്നുത്ഭവിക്കുന്നു, മണ്ണിൽനിന്നു ഭക്ഷിച്ചു വളരുന്നു. മണ്ണിലേക്കുതന്നെ മടങ്ങുന്നു. ഈ പവിത്രമായ മണ്ണിനെയാണ് കായേൻ തന്റെ സഹോദരന്റെ രക്തംകൊണ്ട് കുതിർത്തത്. ഈ അമ്മയെയാണ് തന്റെ അരുമസന്തതിയുടെ രക്തം കുടിക്കാൻ കായേൻ നിർബന്ധിച്ചത് എന്ന വി. ഗ്രന്ഥകാരന്റെ പ്രസ്താവനയുടെ ആഴമളക്കാൻ ആർക്കു കഴിയും!

മകന്റെ രക്തം കുടിക്കാൻ നിർബ്ബന്ധിതയായ അമ്മ! മനുഷ്യൻ മനുഷ്യനെതിരേ ചെയ്യുന്ന സകല അതിക്രമങ്ങളുടെയും ഭീകരമായൊരു നേർക്കാഴ്ച ഈ ചിത്രത്തിൽ കാണാം. വിവിധങ്ങളായ കാരണങ്ങളാൽ ചരിത്രാതീത കാലം മുതൽ മനുഷ്യൻ നടത്തുന്ന യുദ്ധങ്ങളുടെ കണക്കു പരിശോധിക്കുന്നത് ഈ സത്യത്തിന്റെ ഭീകരത വ്യക്തമാക്കും. ചുരുക്കം ചില ഉദാഹരണങ്ങൾ മാത്രം കുറിക്കട്ടെ.

[Wikipedia: List of Wars by death toll. സമാനമായ ലേഖനങ്ങളിൽനിന്നു ശേഖരിച്ച വിവരങ്ങളാണ് ചുവടെ ചേർക്കുന്നത്. യുദ്ധം, വിപ്ലവം, അടിമക്കച്ചവടം, അവയവ വ്യാപാരം, പട്ടിണി തുടങ്ങിയ ചില വിഷയങ്ങൾ കായേന്റെ യഥാർത്ഥ മുഖം വ്യക്തമാക്കാൻ സഹായിക്കും.]

## 3 a. യുദ്ധങ്ങൾ, കലാപങ്ങൾ

| | യുദ്ധം–കലാപം | എതിരാളികൾ | വർഷം | മരണസംഖ്യ |
|---|---|---|---|---|
| 1. | സൈറസ് | പേർഷ്യ-മദ്ധ്യ പൗരസ്ത്യരാജ്യങ്ങൾ | BC 543–530 | 2 ലക്ഷം |
| 2. | അലക്സാണ്ടർ | മാസിഡോണിയ-ഇതരരാജ്യങ്ങൾ | 336–323 | 2 ലക്ഷം |
| 3. | പ്യൂണിക് യുദ്ധം | റോമാ–കാർത്തേജ് | 264–146 | 30 ലക്ഷം |
| 4. | കലിംഗയുദ്ധം | മൗര്യർ–കലിംഗർ | 262–261 | 4 ലക്ഷം |
| 5. | ഗാള്ളിക് യുദ്ധം | റോമാ–ഗാള്ളിയ | 58–50 | 10 ലക്ഷം |
| 6. | യഹൂദയുദ്ധങ്ങൾ | റോമാ–യഹൂദർ | AD 66–136 | 55 ലക്ഷം |
| 7. | മൂന്നുരാജ്യങ്ങളുടെ യുദ്ധം | ചൈനയിലെ രാജ്യങ്ങൾ | 184–280 | 7.6 കോടി |
| 8. | മഞ്ഞതലപ്പാവ്കലാപം | ചൈന | 184–205 | 1 കോടി |
| 9. | മൂർയുദ്ധം | മൂർ–ബിസാൻസിയം ഉത്തരാഫ്രിക്ക | 534–548 | 50 ലക്ഷം |
| 10. | തിരിച്ചുപിടിക്കൽ | സ്പെയിൻ–മുസ്ലീമുകൾ | 711–1492 | 70 ലക്ഷം |
| 11. | ആൻലുഷ്യൻകലാപം | ചൈന | 755–763 | 4 കോടി |
| 12. | കുരിശുയുദ്ധങ്ങൾ | ക്രിസ്ത്യൻ–മുസ്ലീം | 1095–1291 | 40 ലക്ഷം |
| 13. | മംഗോളിയൻ അധിനിവേശം | മംഗോളിയ | 1206–1318 | 7 കോടി |
| 14. | തിമൂർ അധിനിവേശം | തിമൂർ–മദ്ധ്യ പൗരസ്ത്യരാജ്യങ്ങൾ | 1370–1405 | 1 കോടി |
| 15. | സ്പാനിഷ് അധിനിവേശം | അമേരിക്ക | 1519–1632 | 3.5 കോടി |
| 16. | കത്തോലിക്ക-പ്രൊട്ടസ്റ്റന്റ് | ഫ്രാൻസ് | 1562–158 | 60 ലക്ഷം |
| 17. | ജപ്പാൻ–കൊറെയാ | – | 1592–1598 | 10 ലക്ഷം |
| 18. | ഭരണമാറ്റയുദ്ധം | ചൈന | 1616–1683 | 2.5 കോടി |
| 19. | മുഗൾ–മഹാരാഷ്ട്ര | ഇന്ത്യ | 1658–1707 | 50 ലക്ഷം |
| 20. | നെപ്പോളിയൻ | യൂറോപ്പ് | 1803–1815 | 1.1 കോടി |
| 21. | തായ്പിംഗി കലാപം | ചൈന | 1850–1866 | 12 കോടി |
| 22. | ശിപായ് ലഹള | ഇന്ത്യ | 1857–1888 | 10 ലക്ഷം |

| | | | | |
|---|---|---|---|---|
| 23. | ഒന്നാം ലോകമഹായുദ്ധം | - | 1914–1918 | 4 കോടി |
| 24. | ഒക്ടോബർ വിപ്ലവം | റഷ്യ | 1917–1922 | 1.4 കോടി |
| 25. | ചൈന വിപ്ലവം | ചൈന | 1927–1949 | 2 കോടി |
| 26. | ചൈന-ജപ്പാൻ | - | 1937–1945 | 4.5 കോടി |
| 27. | രണ്ടാം ലോകമഹായുദ്ധം | - | 1939–1945 | 14 കോടി |
| 28. | കൊറിയൻ യുദ്ധം | കൊറിയ-ചൈന തെക്ക് + വടക്ക് | 1950–1953 | 50 ലക്ഷം |
| 29. | വിയറ്റ്നാം | വിയറ്റ്നാം + യു എസ് എ | 1955–1925 | 70 ലക്ഷം |
| 30. | നൈജീരിയൻ കലാപം | - | 1967–1970 | 40 ലക്ഷം |
| 31. | അഫ്ഘാൻയുദ്ധം | - | 1978–2020 | 33 ലക്ഷം |
| 32. | കോംഗോയുദ്ധം | - | 1998–2003 | 80 ലക്ഷം |

മനുഷ്യൻ മനുഷ്യനെതിരേ ചെയ്ത കൊടുംക്രൂരതകളുടെ ഒരു ഏകദേശരൂപം ഈ മരണപ്പട്ടികയിൽ നിന്നു കിട്ടും. യുദ്ധങ്ങൾ പലവിധങ്ങളായിരുന്നു. എനിക്കു കിട്ടിയതു പോരാ എന്ന ചിന്ത മനസിൽ ഉദിക്കുമ്പോൾ അപരന്റേതുകൂടി സ്വന്തമാക്കാൻ ശ്രമിക്കുന്നു. അതു ഭക്ഷണമാകാം, വസ്ത്രമാകാം, ആഭരണമാകാം, അല്ലെങ്കിൽ വാസഭൂമിയാകാം. ചെറിയൊരു പിടിച്ചുപറിയിലും മോഷണത്തിലും തുടങ്ങുന്ന ഈ ത്വര ലോകമഹായുദ്ധങ്ങൾവരെ വളരുന്നു. അപരനെ ശത്രുവായി കരുതുന്നു. അവനെ ഉന്മൂലനം ചെയ്ത് അവന്റേതുകൂടി സ്വന്തമാക്കുക. ഇപ്രകാരം എതിരാളി കടന്നാക്രമിക്കുമ്പോൾ ഇര ചെറുത്തുനില്ക്കാൻ ശ്രമിക്കുന്നു. അതു സംഘട്ടനത്തിലേക്കും രക്തച്ചൊരിച്ചിലിലേക്കും നയിക്കുന്നു. ആരംഭം മുതലേ മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന ഈ ആധിപത്യ പ്രവണത കുറയുകയല്ല, കാലം കഴിയും തോറും വർദ്ധിക്കുകയാണെന്ന് മുകളിൽ ഉദ്ധരിച്ച കണക്കുകൾ സൂചിപ്പിക്കുന്നു.

ജനകോടികൾ പട്ടിണിമരണം നേരിടുമ്പോൾ അവർക്കാവശ്യമായ ആഹാരം ഉല്പാദിപ്പിച്ചു നല്കാൻ ശ്രമിക്കുന്നതിനുപകരം അധികാരികൾ അതിർത്തികൾ സുരക്ഷിതമാക്കാനും, കഴിയുമെങ്കിൽ വികസിപ്പിക്കാനുംവേണ്ടി ഏറ്റം പ്രഹരശേഷി കൂടിയ ആയുധം സ്വന്തമാക്കാനുള്ള മത്സരത്തിലാണ്. ഇന്ത്യയും ചൈനയും തമ്മിൽ നിലനില്ക്കുന്ന സംഘർഷവും ആയുധ സംഭരണവും വികസനവും തന്നെ ഏറ്റം വ്യക്തമായ ഉദാഹരണം.

ഇവിടെ ആരാണ് കായേൻ? ആരാണ് ആബേൽ? മക്കളുടെ രക്തം കുടിക്കാൻ നിർബ്ബന്ധിതമാകുന്നത് അമ്മ ഭൂമി. അതിൽ ചൈനാക്കാരന്റെയും ഇന്ത്യക്കാരന്റെയും പാക്കിസ്ഥാനിയുടെയും രക്തത്തിനു വ്യത്യാസമില്ല എന്ന് എത്ര എളുപ്പം മറന്നുപോകുന്നു!

ശത്രുക്കളെ എതിർക്കുക മാത്രമല്ല, അതിർത്തിവികസിപ്പിക്കാനും ആധിപത്യം ഉറപ്പിക്കാനുമുള്ള നേതാക്കന്മാരുടെ ശ്രമമല്ലേ ആത്യന്തികമായി യുദ്ധങ്ങളിലേക്കു നയിക്കുന്നത് എന്നും ചോദിക്കണം. അപ്പോൾ ആക്രമണവും പ്രത്യാക്രമണവും ഉണ്ടാകുന്നു. രണ്ടുഭാഗത്തും മനുഷ്യരക്തം ഒഴുകുന്നു. അമ്മ ഭൂമി മക്കളുടെ രക്തം കുടിച്ചുന്മത്തയാകുന്നു.

രാജ്യങ്ങൾ തമ്മിൽ മാത്രമല്ല, ഒരേ രാജ്യത്തിനുള്ളിലും കലാപങ്ങൾ അരങ്ങേറുന്നു. അടിച്ചമർത്തപ്പെട്ടവർ അടിമച്ചങ്ങല പൊട്ടിച്ച് ഉയിർത്തെഴുന്നേല്ക്കാൻ ശ്രമിക്കുന്നു. അതിനെ സ്വാതന്ത്ര്യസമരമെന്നോ വിപ്ലവമെന്നോ കലാപമെന്നോ ഒക്കെ വിളിക്കാം. ഫ്രഞ്ച് വിപ്ലവം, റഷ്യയിലെ ഒക്ടോബർ വിപ്ലവം, ചൈനയിലെ ജനകീയ വിപ്ലവം എന്നൊക്കെ അറിയപ്പെടുന്ന സമരങ്ങൾ ആത്യന്തികമായി മനുഷ്യരക്തം കൊണ്ട് മണ്ണിൽ കായലുകൾ തീർക്കുന്നു. ഓരോ വിപ്ലവത്തിനുശേഷം വരുന്നത്. കൂടുതൽ രക്തമൊഴുക്കുന്ന യുദ്ധങ്ങൾ! എന്നാൽ ഇതും കായേന്റെ പല മുഖങ്ങളിൽ ഒന്നു മാത്രമാണെന്നു മറക്കാതിരിക്കാം. വേറെയുമുണ്ട് രക്തദാഹിയുടെ ദുർമുഖങ്ങൾ.

**3 b. അടിമക്കച്ചവടം:** മാനവചരിത്രത്തോളം തന്നെ പഴക്കമുണ്ട് അടിമത്ത വ്യവസ്ഥിതിക്കും. ബലവാൻ ബലഹീനനെ അടിച്ചമർത്തി, തന്റെ ഇഷ്ടത്തിനനുസരിച്ച് ഉപയോഗിക്കുന്നു. ബൈബിളിൽ അടിമത്തത്തെക്കുറിച്ചുള്ള ആദ്യത്തെ പരാമർശം പ്രളയാനന്തരം നോഹയ്ക്കുണ്ടായ ഒരു വീഴ്ചയോടനുബന്ധിച്ചാണ്. താൻ ജീവിച്ചിരുന്ന കാലത്തെ ഏകനീതിമാനായിരുന്ന നോഹ, പ്രളയജലം കഴുകി ശുദ്ധീകരിച്ച മണ്ണിൽ മുന്തിരി നട്ടുവളർത്തി, ഫലമെടുത്തു, വീഞ്ഞുണ്ടാക്കി കുടിച്ചു. ലഹരിയിൽ അമർന്ന നോഹ തുണിയുരിഞ്ഞ്, സ്വയം നഗ്നനാക്കി കൂടാരത്തിൽ കിടന്നുറങ്ങി. അപ്പന്റെ നഗ്നത കണ്ട ഹാം സഹോദരങ്ങളെ വിവരമറിയിച്ചു. അവർ ആദരപൂർവ്വം അപ്പനെ തുണിയിട്ടുമൂടി. ലഹരി വിട്ടുണർന്ന നോഹ ക്രുദ്ധനായി, ഹാമിനെ ശപിച്ചു. *"അവൻ പറഞ്ഞു, കാനാൻ ശപിക്കപ്പെടട്ടെ. അവൻ തന്റെ സഹോദരർക്കു ഹീനമായ അടിമവേല ചെയ്യുന്നവനായിരിക്കും"* (ഉൽപ 9, 25-27).

അടിമത്തത്തെക്കുറിച്ചു വീണ്ടും അനേകം വിവരണങ്ങളും നിയമങ്ങളും ബൈബിൾ അവതരിപ്പിക്കുന്നുണ്ട്. ഇതെല്ലാം കാണുമ്പോൾ ദൈവം തന്നെ അംഗീകരിച്ചിരിക്കുന്നതാണ് അടിമത്ത വ്യവസ്ഥിതി എന്നു തോന്നാം. അടിമകളോട് കരുണ കാണിക്കണം, ജൂബിലി വർഷത്തിൽ മോചനം നല്കണം എന്നൊക്കെ അനുശാസിക്കുന്നുണ്ടെങ്കിലും അടിമത്തവ്യവസ്ഥിതിയെ ബൈബിൾ അംഗീകരിക്കുന്നു എന്നു കരുതുന്നവർ ഏറെയുണ്ട്, ക്രൈസ്തവരുടെ ഇടയിൽപോലും. എന്നാൽ അടിമകളുടെ നിലവിളി കേട്ട് ഇറങ്ങിവന്ന് മോചനം നല്കിയവനാണ് മോശയ്ക്കു ***"യാഹ്‌വേ"*** എന്നപേരിൽ സ്വയം വെളിപ്പെടുത്തിയ ദൈവം എന്ന സത്യം സൗകര്യപൂർവം വിസ്മരിക്കപ്പെടുന്നു. അടിമത്തത്തിനുള്ള വിലക്കാണ് ഉടമ്പടിയുടെ പ്രമാണങ്ങളിൽ ആദ്യത്തേതും മറ്റെല്ലാ നിയമങ്ങൾക്കും അടിസ്ഥാനവുമായ ഒന്നാം പ്രമാണം എന്നതും പരിഗണിക്കപ്പെടാതെ പോകുന്നു. *"അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്നു നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്"* (പുറ 20,2).

ഈജിപ്തിൽ അടിമകളുണ്ടായിരുന്നു; ആ അടിമകളുടെ അധ്വാനമാണ് രാജ്യത്തെ സമ്പൽസമൃദ്ധമാക്കിയത് എന്നതിനു ബൈബിൾ തന്നെ സാക്ഷി. അടിമകൾ പലവിധത്തിലുണ്ടാകാം. യുദ്ധം ചെയ്തു കീഴടക്കുന്ന രാജ്യത്തെ ജനങ്ങളെ മുഴുവൻ അടിമകളാക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. ഇതാണ് അടിമവ്യാപാരത്തിന്റെ ഏറ്റം വലിയ ഉറവിടം. കൊടുത്തു വീട്ടാൻ കഴിയാത്ത കടങ്ങളുടെ പേരിൽ സ്വയം വിറ്റ് അടിമകളാകാൻ നിർബ്ബന്ധിതരാകുന്നവരുണ്ട്. യേശു തന്നെ ഒരു ഉപമയിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്; കടംവീട്ടാൻ കഴിയാതെ വന്ന നിർദ്ദയനായ കാര്യസ്ഥന്റെ ഉപമയിൽ (മത്താ 18,21-35).

മിക്കവാറും എല്ലാ രാജ്യങ്ങളിലും അടിമകളും അടിമക്കച്ചവടവും ഉണ്ടായിരുന്നു. എന്നാൽ ഏറ്റം അധികം അറിയപ്പെടുന്നതും ക്രൂരവുമായ അടിമക്കച്ചവടത്തിന് ഇരയായത് ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ കറുത്തവർഗ്ഗക്കാരായിരുന്നു. അറേബ്യയിൽ നിന്നു വന്നു നാടു കീഴടക്കിയ മുസ്ലീമുകൾ 9-19 നൂറ്റാണ്ടുകളിൽ നാലു കോടിയിൽപരം കറുത്തവർഗ്ഗക്കാരെ അടിമകളാക്കി നാടുകടത്തി വിറ്റു എന്നു കണക്കുകൾ അവതരിപ്പിച്ച് ആധുനിക സമ്പർക്കമാധ്യമങ്ങൾ അഭിപ്രായപ്പെടുന്നു. ചെങ്കടലും ഇന്ത്യാസമുദ്രവും വഴി

കപ്പലുകളിലും സഹാറാ മരുഭൂമിയിലൂടെ കാൽനടയായും നാടു കടത്തി വിറ്റവരുടെ കണക്കാണിത്. ഇതിലും അനേകം ഇരട്ടി ആയിരുന്നു അറ്റ്ലാന്റിക് സമുദ്രം വഴി തെക്ക് - വടക്ക് അമേരിക്കകളിലേക്ക് അടിമകളായി കയറ്റി അയയ്ക്കപ്പെട്ടവർ.

1494 ൽ പശ്ചിമാഫ്രിക്കൻ രാജ്യങ്ങളുമായി അടിമക്കച്ചവടത്തിനു കരാറുണ്ടാക്കിയ പോർച്ചുഗൽ ആണ് തുടക്കം കുറിച്ചത്. പിന്നാലെ സ്പെയിൻ, ഇംഗ്ലണ്ട്, ഫ്രാൻസ് തുടങ്ങി പല യൂറോപ്യൻ രാജ്യങ്ങളും ഈ വ്യാപാരരംഗത്തു സജീവമായി. ആഫ്രിക്കൻ കാടുകളിൽനിന്ന് മനുഷ്യരെ ബലമായി പിടിച്ച് അടിമപ്പാളയങ്ങളിലാക്കാൻ വ്യാപാരികൾ. അവിടെനിന്ന് കപ്പൽമാർഗ്ഗം അമേരിക്കയിലെത്തിക്കും. അവിടെയും അടിമകളെ പാർപ്പിക്കാൻ പാളയങ്ങൾ. പിന്നീട് പല ഭാഗങ്ങളിലായി ചന്തകളിൽ വില്ക്കും. പാളയങ്ങളിലും കപ്പലുകളിലുമായി പകുതിയോളം പേർ മരിക്കും. ജീവിച്ചിരിക്കുന്നവർ തലമുറകളായി അടിമത്തത്തിൽ തുടരും.

19-ാം നൂറ്റാണ്ടിന്റെ ആരംഭംവരെ ഈ അടിമ വ്യാപാരം തുടർന്നു. 6 കോടിയിൽപരം ജനങ്ങൾ ഈ വ്യാപാരത്തിന് ഇരകളായി എന്ന് കണക്കുകൾ ഉദ്ധരിച്ച് "ലോകത്തിന്റെ ഭാവി നിധി" (http://w.w.w.world future fund.org) സ്ഥാപിക്കുന്നു. ജനിച്ച നാട്ടിൽനിന്ന് ബലമായി പിടിച്ച്, അടിച്ചന്തയിൽ വിലപേശി വിറ്റ്, നാടുകടത്തി, കഠിനാധ്വാനത്തിനിരയാക്കി, അകാല മരണത്തിലവസാനിച്ചവരുടെ കൃത്യമായ കണക്ക് ആർക്കുമറിയില്ല.

ഈ അടിമക്കച്ചവടം നടത്തിയത് ക്രിസ്ത്യാനികൾ എന്നു സ്വയം വിശേഷിപ്പിച്ചിരുന്നവരാണെന്നതു തികച്ചും അചിന്തനീയം. ഈ വ്യാപാരത്തിന് ന്യായീകരണം നല്കിയ സുവിശേഷ പ്രഘോഷകരും ഉണ്ടായിരുന്നു എന്നത് അതിലും ഭയാനകം. നോഹയുടെ ശാപമാണ് തങ്ങളുടെ പ്രബോധനത്തിന് അടിസ്ഥാനമായി അവർ എടുത്തുകാട്ടിയത്. കറുത്തവർഗ്ഗക്കാരായ ആഫ്രിക്കൻ ജനത ശപിക്കപ്പെട്ട ഹാമിന്റെ മക്കളാണെന്നും അവരെ അടിമയാക്കുന്നത് ദൈവിക പദ്ധതി നടപ്പിലാക്കുകയാണെന്നും പഠിപ്പിച്ചവർ ആരുടെ സുവിശേഷമാണ് പ്രഘോഷിച്ചത് എന്നു ചോദിക്കണം; യേശുക്രിസ്തുവിന്റെയോ അതോ സാത്താന്റെയോ?

കത്തോലിക്കാ രാജ്യങ്ങളായ പോർച്ചുഗലും സ്പെയിനുമായിരുന്നു മുൻപന്തിയിൽ. അടിമക്കച്ചവടത്തിലൂടെയും അടിമകളുടെ അധ്വാനത്തിലൂടെയും നേടിയ സമ്പത്ത് യൂറോപ്പിലേക്കു

കടത്തി മനോഹരങ്ങളായ വലിയ ദേവാലയങ്ങൾ പണിതു എന്നതും ആ ദേവാലയങ്ങളിൽ പലതും ഇന്നു ശൂന്യമായി, മ്യൂസിയങ്ങൾപോലെ ആയിത്തീർന്നിരിക്കുന്നു എന്നതും അടിമക്കച്ചവടത്തിന്റെ ബാക്കിപത്രം, എന്തേ അടിമത്തവ്യവസ്ഥിതിയേ തള്ളിപ്പറയാൻ കത്തോലിക്കാസഭ ഇത്രയും വൈകിപ്പോയി എന്നു ഫ്രാൻസിസ് മാർപ്പാപ്പ അദ്ഭുതപ്പെടുന്നത് (ഫ്രത്തേള്ളി തൂത്തി – 86) ആരുടെയും കൈകൾ ശുദ്ധമല്ല എന്ന് ഏറ്റുപറയുകയല്ലേ? തുടച്ചു മാറ്റാനാവാത്ത രക്തക്കറ പുരണ്ട കൈകൾ! കായേൻ ഇന്നും ജീവിക്കുന്നു, അതിശക്തനായി, സംഹാരകനായി.

**3 c. ആധിപത്യം – അധിനിവേശം – വംശഹത്യ:** മറ്റുരാജ്യങ്ങൾ കീഴടക്കാനുള്ള യുദ്ധങ്ങൾ എക്കാലത്തും നടന്നിരുന്നു. എന്നാൽ 16–17 നൂറ്റാണ്ടുകളിൽ നടന്ന കടന്നുകയറ്റങ്ങളും കുടിയേറ്റങ്ങളും സമാനതയില്ലാത്തതാണ്. പുതിയ രാജ്യങ്ങൾ കണ്ടുപിടിക്കാനായി നടന്ന യാത്രകളിൽ ഒരുപക്ഷേ ഏറ്റം പ്രധാനപ്പെട്ടതായിരുന്നു ജനോവായിൽനിന്നുള്ള ഇറ്റലിക്കാരനായ ക്രിസ്റ്റഫർ കൊളമ്പസ്, സ്പെയിൻ രാജകുടുംബത്തിന്റെ സഹായത്തോടെ, 1492 ആഗസ്റ്റ് 3–ാം തിയതി ആരംഭിച്ച കടൽയാത്ര. മൂന്നു കപ്പലുകളുമായി ഇറങ്ങിത്തിരിച്ച കൊളമ്പസ് രണ്ടുമാസത്തിനുശേഷം ഒക്ടോബർ 12–ാം തിയതി ബഹാമാദ്വീപിൽ കപ്പലടുപ്പിച്ചതോടെ ഒരു പുതുയുഗം ആരംഭിക്കുകയായി, പുതിയ രാജ്യങ്ങൾ വെട്ടിപ്പിടിക്കുന്ന പാശ്ചാത്യരുടെ കൊളോണിയൽ യുഗം. താൻ ചെന്നെത്തിയത് ഇന്ത്യയിലാണെന്നു കരുതി അവിടുത്തുകാരെ ഇന്ത്യക്കാരെന്നു വിളിച്ചു. പിന്നീട് തെറ്റു മനസിലാക്കിയപ്പോൾ അവരുടെ തൊലിയുടെ നിറം പരിഗണിച്ച് "ചുവന്ന ഇന്ത്യക്കാർ" എന്നു പേരുമാറ്റി.

സ്പെയിനിനു പിന്നാലെ പോർച്ചുഗലും തുടർന്ന് ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമ്മനി, ഡൻമാർക്ക് തുടങ്ങി പല യൂറോപ്യൻ രാജ്യങ്ങൾ കിഴക്കും പടിഞ്ഞാറുമുള്ള അനേകം രാജ്യങ്ങളിൽ വ്യാപാരവുമായി എത്തിച്ചേർന്നു. തുടർന്ന് കയ്യേറ്റമായി, അധിനിവേശമായി, ആധിപത്യമായി. ഇന്നും പൂർണ്ണമായും അവസാനിച്ചിട്ടില്ലാത്ത കൊളോണിയൽ സംസ്കാരം. ഈ കടന്നുകയറ്റം വരുത്തിവച്ച ആൾനാശത്തിന്റെ കണക്കുകൾ കൃത്യമായി ആർക്കും അറിയില്ല.

അധിനിവേശ ശക്തികൾ തദ്ദേശവാസികളുടെ മേൽ ആധി

പത്യം ഉറപ്പിക്കാൻ ശ്രമിച്ചു. ചെറുത്തുനിന്നവരെ കൊന്നൊടുക്കി. അവശേഷിച്ചവരെ മുഴുവൻ അടിമകളാക്കി. തോട്ടങ്ങളിൽ വേലക്കാരാക്കി; ഖനികളിൽ തൊഴിലാളികളും. വേതനമില്ല. ആഹാരവും മറ്റ് ആവശ്യങ്ങളും ജീവൻ നിലനിർത്താൻമാത്രം നല്കി. തുച്ഛമായ ജീവിതസൗകര്യങ്ങൾ. അതിനുപുറമേ വസൂരി, കോളറാ മുതലായ മാരകരോഗങ്ങൾ പടർന്നുപിടിച്ചു. രോഗാണുക്കളെ യൂറോപ്പിൽനിന്ന് ഇറക്കുമതി ചെയ്തതാണെന്ന ആരോപണവും ഉയരുന്നുണ്ട്. വസൂരിയുടെ രോഗാണുക്കളെ സന്നിവേശിപ്പിച്ച പുതപ്പുകൾ തദ്ദേശവാസികൾക്ക് സമ്മാനമായി നല്കി അവരെ വസൂരിമൂലം കൊന്നൊടുക്കി എന്ന ആരോപണവും നിലനില്ക്കുന്നുണ്ട്.

ആരോപണങ്ങളെല്ലാം ശരിയാകണമെന്നില്ല. എന്നാൽ അനിഷേധ്യമായ ചില തെളിവുകളുണ്ട്. 1521-ലാണ് സ്പെയിൻ മെക്സിക്കോ കീഴടക്കിയത്. അന്ന് മെക്സിക്കോയിലെ ജനസംഖ്യ 5 കോടി. നൂറുവർഷം കഴിഞ്ഞപ്പോൾ 80 ലക്ഷം. എന്താണു കാരണം എന്നു ഊഹിക്കാനേ കഴിയൂ. 1491-ൽ അമേരിക്കയിൽ മൊത്തം 14 കോടി ജനങ്ങളുണ്ടായിരുന്നു. എന്നാൽ 200 വർഷം കഴിഞ്ഞപ്പോൾ 1691-ൽ ജനസംഖ്യ ഒന്നരക്കോടിയായി ചുരുങ്ങി. തദ്ദേശവാസികളെ കൊന്നൊടുക്കുക കൊളോണിയൽ ശക്തികളുടെ ഔദ്യോഗിക നയമായിരുന്നു. ഒരു തദ്ദേശവാസിയുടെ തലയ്ക്ക്, 1755-ലെ നിരക്കനുസരിച്ച്, പുരുഷനെങ്കിൽ 40 പൗണ്ട്, സ്ത്രീയെങ്കിൽ 20 പൗണ്ട് വില നല്കിയിരുന്നു. അടിമവേലയ്ക്ക് അമേരിക്കയിലെ തദ്ദേശവാസികളേക്കാൾ ആഫ്രിക്കയിൽ നിന്നു കൊണ്ടുവന്ന കറുത്തവർഗ്ഗക്കാർ കൂടുതൽ പ്രയോജനകരമായി കരുതപ്പെട്ടു. ഇതിന്റെ കൂടെ ജനസമൂഹങ്ങളെ ഒന്നടങ്കം കൊന്നൊടുക്കുന്ന വംശനാശം എന്ന പദ്ധതിയും യൂറോപ്പിൽനിന്നു വന്ന കൊളോണിയൽ അധികാരികൾ പലേടത്തും നടപ്പാക്കി.

ഫലം ഇന്നു വ്യക്തം. ആറു നൂറ്റാണ്ടുമുമ്പ് കോടിക്കണക്കിന്, "ചുവന്ന ഇന്ത്യക്കാർ" (Red Indians) എന്നു വെള്ളക്കാരൻ പേരിട്ട തദ്ദേശവാസികൾ ജീവിച്ചിരുന്ന വടക്കെ അമേരിക്കയിൽ ഇന്ന് അവശേഷിക്കുന്നവർ ഏതാനും ആയിരങ്ങൾ മാത്രം. തെക്കേ അമേരിക്കയിൽ അല്പം കൂടി കൂടുതൽ ഉണ്ടെങ്കിലും അധിനിവേശ ശക്തികൾ ആധിപത്യം ഉറപ്പിക്കാൻവേണ്ടി നടത്തിയ കൂട്ടക്കുരുതികളുടെയും വംശനാശത്തിന്റെയും ഇനിയും ഉണ

ങ്ങാതെ വിങ്ങുന്ന മുറിപ്പാടുകൾ അവിടെയും ദൃശ്യമാണ്. ഈ കാലഘട്ടത്തിലെല്ലാം ക്രിസ്തുസഭയുടെ അധികാരികൾ മൗനം പാലിക്കുക മാത്രമല്ല പലപ്പോഴും പ്രോത്സാഹനവും നല്കിയിരുന്നു എന്നത് ഇന്നു മനസിലാക്കാനും വിശ്വസിക്കാനും വിഷമം തോന്നാം. ചില അപവാദങ്ങൾ ഉണ്ടായിരുന്നു എന്നതും മറക്കാനാവില്ല.

വംശഹത്യകളുടെ ചരിത്രത്തിൽ ഒരുപക്ഷേ ഏറ്റം ക്രൂരവും ഏറ്റം കൂടുതൽ ജനങ്ങളെ കൊന്നൊടുക്കിയതും ഹിറ്റ്ലറിന്റെ നേതൃത്വത്തിൽ നാസിസൈന്യം യൂറോപ്പിൽ നടത്തിയ കൂട്ടക്കുരുതി ആയിരിക്കും. 1933–1946: 12 വർഷത്തിനിടയിൽ മൂന്നു കോടിയോളം മനുഷ്യരെ ക്രൂരമായി കൊന്നൊടുക്കി. അതിൽ 60 ലക്ഷം പേർ യഹൂദരായിരുന്നു. യൂറോപ്പിൽ അന്നു ജീവിച്ചിരുന്ന യഹൂദരുടെ മൂന്നിൽ രണ്ടുഭാഗം വധിക്കപ്പെട്ടു. അവരെ മുഴുവൻ ഉന്മൂലനം ചെയ്യുക എന്നതായിരുന്നു പദ്ധതി. അതിനുപുറമേ വികലാംഗർ, മാറാരോഗികൾ, വൃദ്ധർ തുടങ്ങി സമൂഹത്തിന് ഏതെങ്കിലും തരത്തിൽ ബാധ്യതയെന്നു കരുതിയവരെയെല്ലാം ഉന്മൂലനം ചെയ്തു.

ഒരുപക്ഷേ അത്രതന്നെ അറിയപ്പെടുന്നതും എന്നാൽ ക്രൂരതയിൽ ഒട്ടുംതന്നെ പിന്നിലല്ലാത്തതുമാണ് ഒന്നാം ലോകമഹായുദ്ധത്തിനിടയിൽ, 1915–16 വർഷങ്ങളിൽ, ഒട്ടോമാൽ തുർക്കികൾ അർമേനിയൻ ക്രൈസ്തവർക്കെതിരേ നടത്തിയ വംശഹത്യാശ്രമം. അന്നത്തെ അർമേനിയൻ ക്രൈസ്തവരുടെ മൊത്തം സംഖ്യ 25 ലക്ഷമായിരുന്നു. അതിൽ രണ്ടുലക്ഷത്തിൽപരം സ്ത്രീകളെയും കുഞ്ഞുങ്ങളെയും ബലപ്രയോഗത്തിലൂടെ ഇസ്ലാംമതത്തിലേക്കു മാറ്റി. ഇരുപതുലക്ഷത്തിൽപരം ആളുകളെ അതിക്രൂരമായി കൊന്നൊടുക്കി.

വംശനാശ ഭീഷണി കഴിഞ്ഞ നൂറ്റാണ്ടുകളിൽ മാത്രം ഒതുങ്ങി നില്ക്കുന്നില്ല. മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും ജാതിയുടെയും മറ്റും പേരിൽ ഇന്നും നടക്കുന്ന വംശഹത്യകൾ ഭീകരം എന്നേ വിശേഷിപ്പിക്കാനാവൂ. മധ്യപൗരസ്ത്യ രാജ്യങ്ങളിൽ ഇസ്ലാമിക് സ്റ്റേറ്റ് ഭീകരർ, ആഫ്രിക്കയിൽ ബോക്കോ ഹറാം ഭീകരർ, മറ്റ് അനേകം ഇസ്ലാമിക് തീവ്രവാദി സംഘടനകൾ, ഭാരതത്തിൽ വളർന്നുവരുന്ന വിവിധ ഹിന്ദുത്വ തീവ്രവാദി സംഘട

നകൾ, രാഷ്ട്രീയപ്രേരിതമായ മാവോയിസ്റ്റ് മുതലായ ഭീകരസം ഘടനകൾ ഇങ്ങനെ അനുദിനം വർദ്ധിച്ചുവരുന്ന ഭീകരപ്രവർത്തനങ്ങൾ, വംശീയ കലാപങ്ങൾ; അഹിംസ വ്രതമായി സ്വീകരിച്ച ബുദ്ധമതത്തിന്റെ അനുയായികൾ എന്നവകാശപ്പെടുന്നവർ മ്യാൻമാറിൽ രൊഹിംഗ്യമുസ്ലീമുകൾക്കെതിരേ നടത്തുന്ന വംശനാശം ലക്ഷ്യം വച്ചുള്ള കൊലപാതകങ്ങൾ. എല്ലാം കൂടി ഈ ഭൂഗോളത്തെ മുഴുവൻ ഒരു യുദ്ധഭൂമിയാക്കിത്തീർത്തിരിക്കുന്നു. ലോകമഹായുദ്ധം എന്നൊന്നു നടക്കുന്നില്ലെങ്കിലും ലോകംമുഴുവൻ ഒരു മഹായുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നു എന്ന പ്രതീതി ജനിപ്പിക്കുന്നതാണ് അനുദിനസംഭവങ്ങൾ. എന്നാൽ ഇതു മാത്രമല്ല അമ്മഭൂമിയെ മക്കളുടെ രക്തം കുടിപ്പിക്കുന്ന സംഭവങ്ങൾ.

**3 d. മനുഷ്യക്കടത്ത്:** കഴിഞ്ഞകാലങ്ങളിലെ അടിമക്കച്ചവടത്തെ ഓർത്തു കുപിതരായിട്ടു കാര്യമില്ല. ഇന്നു നടക്കുന്ന മനുഷ്യക്കടത്തുകൾ ഒട്ടും മെച്ചപ്പെട്ടതല്ല എന്നും തിരിച്ചറിയണം. മനുഷ്യക്കച്ചവടം, കണക്കുകൾ, വസ്തുതകൾ എന്ന ശീർഷകത്തിൽ https:w.w.w.safehorizon.org: Human Trafficking Statics & Facts എന്ന നവ മാധ്യമലേഖനം അവതരിപ്പിക്കുന്ന കണക്കുകൾ ഭയാനകം എന്നേ പറയാൻ കഴിയൂ.

എന്താണ് മനുഷ്യക്കച്ചവടം, അത് എങ്ങനെ നടക്കുന്നു എന്ന് ലേഖനം നിർവചിക്കുന്നുണ്ട്. 1. വലിയ സാമ്പത്തികനേട്ടങ്ങൾ ഉറപ്പുകൊടുക്കുന്നു വ്യാജവാഗ്ദാനങ്ങൾ. 2. ഒരിക്കൽ വലയിൽ പെട്ടാൽ പാസ്പോർട്ടും മറ്റ് ആധികാരരേഖകളും പിടിച്ചുവയ്ക്കുക. 3. സ്വാതന്ത്ര്യം തിരിച്ചുകിട്ടണമെങ്കിൽ വലിയ തുക നല്കണം എന്നാവശ്യപ്പെടുക. 4. ഭീഷണി, ബലപ്രയോഗം, ശാരീരിക-മാനസിക പീഡനം.

വ്യാപാരവസ്തുവാക്കപ്പെടുന്ന മനുഷ്യജീവിതങ്ങൾ! വളരെ പരിമിതവും മനുഷ്യത്വരഹിതവുമായ ഇടുങ്ങിയ സ്ഥലങ്ങളിൽ പാർക്കുക; വീടുകൾ, വ്യാപാരസ്ഥാപനങ്ങൾ, നിർമ്മാണപ്രവർത്തനങ്ങൾ, ബാറുകൾ മുതലായവയിൽ കഠിന ജോലി. ലൈംഗികത്തൊഴിലാളികളായി നിർബ്ബന്ധിതവേല. മോചനം കിട്ടാത്ത വിധത്തിൽ, ഊഹാതീതമായ ശാരീരികവും മാനസികമായ സമ്മർദ്ധത്തിനും പീഡനങ്ങൾക്കും ഇരയാവുക. മോചനം മരണത്തിലൂടെ മാത്രമായിത്തീരുന്ന അവസ്ഥ.

187 രാജ്യങ്ങൾ അംഗങ്ങളായുള്ള ILO (International Labour

Organization അന്തർദേശീയ തൊഴിൽ സംഘടന) 2017–ൽ പ്രസിദ്ധീകരിച്ച ഔദ്യോഗിക കണക്കനുസരിച്ച് രണ്ടരകോടി ജനങ്ങൾ ഇന്ന് ഇപ്രകാരമുള്ള വ്യാപാരത്തിനിരയായിട്ടുണ്ട്. പ്രണയം നടിച്ചും വിവാഹം കഴിച്ചും തൊഴിൽ വാഗ്ദാനം ചെയ്തും വലയിലാക്കുന്ന പെൺകുട്ടികളെ വൻനഗരങ്ങളിലെ ചുവന്ന തെരുവുകളിൽ അടിമ വേശ്യകളാക്കി മാറ്റുന്ന സമ്പ്രദായവും ഈ കൂട്ടത്തിൽപ്പെടും. പെൺകുട്ടികൾ മാത്രമല്ല, ബാലന്മാരും മുതിർന്നവരും എല്ലാം മനുഷ്യക്കച്ചവടത്തിനിരയായിക്കൊണ്ടിരിക്കുന്നത് പരസ്യമായ യാഥാർത്ഥ്യങ്ങൾ.

38 ലക്ഷം മുതിർന്നവരും 10 ലക്ഷം കൗമാരക്കാരും ലൈംഗിക അടിമത്തൊഴിലാളികളായുണ്ട് എന്നു മേലുദ്ധരിച്ച രേഖയിൽ പ്രസ്താവിച്ചിരിക്കുന്നു. ഇതു കായേന്റെ വേറൊരു മുഖം. എന്നാൽ ഇതും അവസാനത്തേതല്ല.

**3 e. അവയവ വ്യാപാരം:** വ്യാപാരരംഗത്ത് പ്രായേണ ഒരു നവാഗതനാണ് അവയവവ്യാപാരം. ആന്തരികാവയവങ്ങൾ മാറ്റിവയ്ക്കുന്ന ശസ്ത്രക്രിയ പ്രചാരത്തിൽ വന്നതോടെ അവയവങ്ങളുടെ ആവശ്യം വർദ്ധിച്ചു. അവയവങ്ങൾ സൗജന്യമായി ദാനം ചെയ്യുന്നവരുണ്ട്. മരിച്ച ഉടനെ അവയവങ്ങൾ എടുക്കാൻ അനുവാദം നല്കുന്നവരുമുണ്ട്. സാമ്പത്തികഞ്ഞെരുക്കത്തിൽ പെട്ട്, പണം കണ്ടെത്താൻ വേണ്ടി വൃക്ക മുതലായ ആന്തരികാവയവങ്ങൾ വില്ക്കുന്നവരുമുണ്ട്. എന്നാൽ ഇതിനെല്ലാം ഉപരി മനുഷ്യരുടെ ആന്തരികാവയവങ്ങൾ, അവർ അറിയാതെ തന്നെ, വഞ്ചനയും ബലപ്രയോഗവും വഴി മുറിച്ചെടുത്തു കച്ചവടം ചെയ്യുന്നവരുമുണ്ട്.

https:w.w.w.acamstudy.org/organ-trafficking-the-unseen-form-of-human-trafficking എന്ന ലേഖനം ചില ഭയാനകമായ കണക്കുകൾ വെളിപ്പെടുത്തുന്നുണ്ട്. 2018 ആഗസ്റ്റിൽ WHO പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് പ്രതിവർഷം പതിനായിരത്തിൽപരം വൃക്കകൾ കരിഞ്ചന്തയിൽ (black market) കച്ചവടം നടക്കുന്നുണ്ട്. അവയവങ്ങളുടെ വിലവിവരപ്പട്ടികയും ശ്രദ്ധേയം.

| | | |
|---|---|---|
| നേത്രപടലം (Cornea) | ഡോളർ | 30,000 |
| ശ്വാസകോശം | – | 150,000 |
| കരൾ | – | 98,000 |
| വൃക്ക | – | 62,000 |

പ്രതിവർഷം 170 കോടി ഡോളറിന്റെ കരിഞ്ചന്തക്കച്ചവടം നടക്കുന്നുണ്ട് എന്നും മേൽപറഞ്ഞ ലേഖനത്തിൽ എഴുതിയിരിക്കുന്നു. അമേരിക്ക മുതലായ പാശ്ചാത്യരാജ്യങ്ങളിലും അവികസിത-വികസ്വരരാജ്യങ്ങളിലെ സമ്പന്നരുടെ ഇടയിലുമാണ് അവയവങ്ങൾ വാങ്ങുന്നവർ. ദരിദ്രരും ചൂഷിതരുമായ പാവപ്പെട്ടവർക്കാണ് അറിഞ്ഞും അറിയാതെയും അവയവങ്ങൾ നഷ്ടപ്പെടുന്നത്.

മേൽവിവരിച്ച മനുഷ്യക്കച്ചവടത്തിന്റെ ബാക്കി പത്രമായും അവയവവ്യാപാരം നടക്കുന്നുണ്ട്. ലൈംഗികതൊഴിലാളികളാക്കപ്പെടുന്നവർക്കാണ് പലപ്പോഴും ഈ ദുരന്തവും സംഭവിക്കുന്നത് എന്നും മേലുദ്ധരിച്ച ലേഖനം വെളിപ്പെടുത്തുന്നു.

ഈ കൊച്ചുകേരളത്തിൽ പോലും ചില സൂപ്പർസ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിൽ, അത്യാഹിത വിഭാഗങ്ങളിലും മറ്റും ഇപ്രകാരമുള്ള അവയവമോഷണവും വ്യാപാരവും നടക്കുന്നു എന്നത് പരസ്യമായ രഹസ്യമായി കരുതപ്പെടുന്നു. പണത്തിനാണ് എല്ലാറ്റിനും മേൽ പ്രാധാന്യം. പണത്തിനുവേണ്ടി എന്തും ചെയ്യാൻ മടിക്കാതായിരിക്കുന്നു മനുഷ്യൻ. ആന്തരികശസ്ത്രക്രിയകൾ നടക്കുകയും രോഗി മരിക്കുകയും ചെയ്യുക വിരളമല്ല. ശവശരീരത്തിൽ അവയവങ്ങൾ എല്ലാം ഉണ്ടോ എന്ന് ആരും അന്വേഷിക്കാറുമില്ല. വ്യാപാരം കൊഴുക്കാൻ പറ്റിയ മേഖല തന്നെ. ജീവൻ സംരക്ഷിക്കാനും വളർത്താനുമായി പ്രതിജ്ഞാബദ്ധരായ ആശുപത്രികൾ തന്നെ കായേന്റെ അവതാരങ്ങളാവുകയോ? എന്നാൽ ഇതിനേക്കാളെല്ലാം ഭീകരവും അതേസമയം സർവ്വസാധാരണവുമായ മറ്റൊന്നാണ് കായേന്റെ തനിസ്വഭാവം പ്രകടമാക്കുന്നത്.

**3 f. ഗർഭഛിദ്രം:** അജാതശിശുവിനെ മാതൃഗർഭത്തിൽവച്ച് വധിക്കുന്നതിനെയാണ് ഗർഭഛിദ്രം എന്നു പറയുക. വൈദ്യശാസ്ത്രപരമായ ഇടപെടൽ വഴി ഗർഭം അവസാനിപ്പിക്കൽ (Medical Termination of Pregenancy MTP) എന്നു വിശേഷിപ്പിച്ച്, കൊലപാതകത്തെ നിരുപദ്രവകരമായി ചിത്രീകരിക്കുന്നു. ഇതു ഗർഭിണിയുടെ വ്യക്തിപരമായ അവകാശമായി പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്നു. “യാതൊരു നിർബ്ബന്ധവും കൂടാതെ മക്കളുടെ എണ്ണം, മക്കൾ തമ്മിൽ പ്രായത്തിലുള്ള അകലം, കുഞ്ഞു ജനിക്കാനുള്ള സമയം എന്നിവ നിശ്ചയിക്കാനുള്ള അവകാശം ഓരോ വ്യക്തിക്കുമുണ്ട്” എന്ന് ജനസംഖ്യയെയും പുരോഗതി

യെയും സംബന്ധിച്ച അന്തർദേശീയ സമ്മേളനം (International Conference on Population and Development - ICPD) 1994-ൽ പ്രസ്താവിക്കുകയുണ്ടായി.

മിക്കവാറും എല്ലാം ലോകരാഷ്ട്രങ്ങളിലും തന്നെ ഗർഭഛിദ്രം നിയമാനുസൃതമായിരിക്കുന്നു. അമ്മയുടെയോ കുഞ്ഞിന്റെയോ അഥവാ രണ്ടുപേരുടെയുമോ ജീവൻ സംരക്ഷിക്കാൻവേണ്ടി നടത്തുന്ന ശസ്ത്രക്രിയയെ മാത്രമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. അതിലുപരി, ആഗ്രഹിക്കാത്തതോ അനാവശ്യം എന്നു തോന്നുന്നതോ ആയ ഏതു ഗർഭവും അവസാനിപ്പിക്കാൻ സർക്കാരുകൾ മാതാക്കൾക്ക് അനുവാദം നല്കുന്നു. മൂന്നുമാസംവരെ എന്നായിരുന്നു ആരംഭത്തിൽ. അത് ഇപ്പോൾ ആറുമാസം വരെ പ്രായമായാലും ഗർഭസ്ഥശിശുവിനെ തുടർന്നു വളരാനും ജീവിക്കാനും അനുവദിക്കാതിരിക്കാൻ അവകാശം നല്കുന്ന നിയമം പല രാജ്യങ്ങളിലെയും നിയമസഭകൾ പാസാക്കിയിട്ടുണ്ട്.

ഗർഭത്തിൽ ഉത്ഭവിക്കുന്ന ശിശുക്കളുടെ മൂന്നിൽ ഒരു ഭാഗത്തിലധികം ഇപ്രകാരം മാതൃഗർഭത്തിൽവച്ചു വധിക്കപ്പെടുന്നു എന്നാണ് അന്തർദേശീയ ആരോഗ്യസംഘടന (World Helth Organization - WHO) നല്കുന്ന വിവരം. അവർ നല്കുന്ന കണക്കനുസരിച്ച് പ്രതിവർഷം 5 കോടി കുഞ്ഞുങ്ങൾ ഗർഭഛിദ്രം വഴി കൊല്ലപ്പെടുന്നു (https//w.w.w.who.health topics - abortion കാണുക). പ്രതിദിനം 125,000 കുഞ്ഞുങ്ങൾ - സെക്കന്റിൽ ഒന്നു വീതം പോരാ, രണ്ടു കുഞ്ഞുങ്ങൾവീതം മാതാവിന്റെ ഉദരത്തിൽ വച്ചു കൊല്ലപ്പെടുന്നു എന്ന യാഥാർത്ഥ്യം എത്ര ലാഘവബുദ്ധിയോടെ വിസ്മരിക്കപ്പെടുന്നു.

ശ്രദ്ധയോടെ സ്വീകരിച്ച്, വേണ്ടതെല്ലാം നല്കി, തന്റെ തന്നെ ശരീരത്തിന്റെ ഭാഗമായി വാത്സല്യത്തോടെ വളർത്തിയെടുക്കേണ്ട ജീവനെ അമ്മതന്നെ അരുംകൊലയ്ക്കു വിട്ടുകൊടുക്കുന്നു. കേരളത്തിലെ മൊത്തം ജനസംഖ്യയുടെ ഏകദേശ ഇരട്ടിയോളം വരും ആഗോളതലത്തിൽ വർഷംതോറും കൊല്ലപ്പെടുന്ന കുഞ്ഞുങ്ങൾ എന്ന വാർത്ത ആരിലും ആശ്ചര്യം ജനിപ്പിക്കുന്നില്ല. അത്രമാത്രം മരവിച്ചുപോയി മനഃസാക്ഷി.

വി. ജോൺപോൾ II മാർപാപ്പാ 1995 മാർച്ച് 25-ാം തിയതി പുറപ്പെടുവിച്ച "ജീവന്റെ സുവിശേഷം" എന്ന ചാക്രികലേഖനത്തിൽ മനുഷ്യജീവൻ, പ്രത്യേകിച്ചും തുടക്കത്തിലും ഒടുക്ക

ത്തിലും, ഗർഭഛിദ്രവും ദയാവധവും വഴി, നേരിടുന്ന ഭീഷണികളെ വ്യക്തമായി എടുത്തുകാട്ടി, ശക്തമായ ഭാഷയിൽ അപലപിച്ചു. ആധുനിക ഫറവോമാരും ഹേറോദേസുമാരും എന്നാണ് മാർ പാപ്പ ഇതിന് അംഗീകാരവും നേതൃത്വവും നല്കുന്നവരെ വിശേഷിപ്പിച്ചത്. ദുർബലമായ ജീവനെ കാത്തുസൂക്ഷിക്കാനും പരിപാലിക്കാനും കടപ്പെട്ടവർ തന്നെ കാപാലികരായിത്തീരുമ്പോൾ ഉയരുന്ന രക്തത്തിന്റെ നിലവിളി ദൈവത്തിനു കേൾക്കാതിരിക്കാനാവില്ല.

യൂത്തനാസിയ – സുഖമരണം എന്ന ഓമനപ്പേരിൽ നടക്കുന്ന കൊലപാതകങ്ങളും ഇവിടെ പരിഗണിക്കണം. മരണം എന്റെ അവകാശം; എപ്പോൾ മരിക്കണം, എങ്ങനെ മരിക്കണം എന്നതു ഞാൻ നിശ്ചയിക്കും എന്ന ഒരു നിലപാട്, പ്രത്യേകിച്ചും വികസിതങ്ങൾ എന്നറിയപ്പെടുന്ന രാജ്യങ്ങളിൽ വളരെ വേഗം വ്യാപിക്കുന്നുണ്ട്. അനേകം രാജ്യങ്ങൾ നിയമംവഴി ഈ നിലപാട് അംഗീകരിച്ചുകഴിഞ്ഞു. ഈ നിയമത്തിന്റെ മറവിൽ ഭാരമെന്നു തോന്നുന്ന മനുഷ്യരെ ഉന്മൂലനം ചെയ്യാൻ ബന്ധുക്കൾക്കും ആശുപത്രി അധികാരികൾക്കും അവസരം ലഭിക്കുന്നു. വ്യക്തിയുടെ അറിവും സമ്മതവും കൂടാതെയും അയാളുടെ ജീവനൊടുക്കാൻ കഴിയുന്നു. നല്ലമരണം എന്നാണ് എവുത്തനാസിയാ (euthanasia) എന്ന ഗ്രീക്കുവാക്കിന്റെ അർത്ഥം. ഇതിനെ വൈദ്യസഹായത്തോടെയുള്ള ആത്മഹത്യ (Assisted Suicide) എന്നും വിശേഷിപ്പിക്കാറുണ്ട്. പേര് ഏതു വിളിച്ചാലും യാഥാർത്ഥ്യത്തിനു മാറ്റമില്ല – കൊലപാതകം. ഇപ്രകാരമുള്ള മരണങ്ങളുടെ വിശ്വസനീയമായ കണക്കുകൾ ലഭ്യമല്ല.

## ചുരുക്കത്തിൽ

മണ്ണിൽ ഒഴുകുന്ന രക്തത്തിന്റെ നിലവിളി ഉയരുന്ന മേഖലകൾ ഇനിയും ഏറെയുണ്ട്. വിദേശീയരുടെ കടന്നാക്രമണങ്ങൾ, കൊളോണിയൽ ഭരണം, പലതരത്തിലുള്ള ചൂഷണങ്ങൾ, വികസനത്തിന്റെയും മറ്റും പേരിൽ കുടിയിറക്കപ്പെടുന്ന ആദിവാസികൾ, ആവശ്യത്തിനാഹാരം കിട്ടാത്തതിനാലുണ്ടാകുന്ന പട്ടിണിമരണങ്ങൾ, മുരടിച്ചുപോകുന്ന മനുഷ്യജീവിതങ്ങൾ. പട്ടിക അന്തമില്ലാതെ നീളുന്നു.

85 കോടി ജനങ്ങൾ ഈ ഭൂമിയിൽ ദിവസം ഒരു നേരംപോലും വയറുനിറയെ ആഹാരം കിട്ടാതെ കഴിയുന്നു എന്ന വാർത്തയും

നമ്മെ അധികമൊന്നും അലട്ടാതെ പോകുന്നു. ഭൂമിയിൽ ഭക്ഷണമില്ലാഞ്ഞിട്ടല്ല. ഉൽപാദിപ്പിക്കപ്പെടുന്ന ഭക്ഷണത്തിന്റെ മൂന്നിൽ ഒരു ഭാഗം നശിപ്പിക്കപ്പെടുന്നു. വില നിയന്ത്രിക്കാൻ വേണ്ടി ഭൂമി തരിശിടുന്നു. ഭക്ഷ്യവിളകൾക്കു പകരം നാണ്യവിളകൾക്കു പ്രാധാന്യം നല്കുന്നു. നെല്ലും ഗോതമ്പും വിളഞ്ഞിരുന്ന വയനുകളിൽ ഇന്ധനം ഉല്പാദിക്കാൻ കൃഷി നടത്തുന്നു – പെട്രോളിനുപകരം ജൈവ ഇന്ധനം!

മക്കളുടെ രക്തംകുടിച്ച് ഉന്മത്തയായ അമ്മഭൂമി ആർത്തലയ്ക്കുന്നു, ഇളകിയാടുന്നു. ജീവന്റെ നാഥനായ ദൈവത്തിന്റെ കാതുകളിൽ ഈ നിലവിളി എത്തുന്നു, ദൈവം പ്രതികരിക്കുന്നുണ്ട് എന്നതിന്റെ അടയാളമല്ലേ ഇന്നു നാം കാണുന്ന ഭീകരമായ പ്രതിഭാസങ്ങൾ എന്നു ന്യായമായും ചോദിക്കണം. കോവിഡ് 19 അതിൽ ചെറിയ ഒരു പ്രതികരണം മാത്രമാണെന്നതും മറക്കാതിരിക്കാം. ***“എവിടെ നിന്റെ സഹോദരൻ?”*** എന്ന ദൈവത്തിന്റെ ചോദ്യം ഓരോ കാതിലും മുഴങ്ങണം; ഓരോ ഹൃദയത്തിലും പ്രതിധ്വനിക്കണം. ഇതുപോലെ മുന്നോട്ടുപോകാൻ സാധിക്കില്ല; ദൈവം അനുവദിക്കില്ല എന്ന ബോധ്യം ഉണരണം, ഉണർത്തണം.

കായേന്റെ കൊലപാതകവും ആബേലിന്റെ രക്തത്തിന്റെ നിലവിളിയും ഈ വിഷയത്തിലെ അവസാനവാക്കല്ല, ബൈബിളിൽ. ഇതു തുടക്കം മാത്രമാണ്. രക്തത്തിന്റെ നിലവിളികേട്ട്, ഉറവിടങ്ങൾ തേടിയുള്ള ഈ അന്വേഷണത്തിൽ അടുത്ത ഇടം പ്രളയമാണ്. ഭൂമിയെ മുഴുവൻ കഴുകിത്തുടച്ച ജലപ്രളയവും, അതിന്റെ പശ്ചാത്തലവും.

# 8

## ദൈവത്തിന്റെ ദുഃഖം

*"ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വർദ്ധിച്ചിരിക്കുന്നെന്നും അവന്റെ ഹൃദയത്തിലെ ചിന്തയും ഭാവനയും എപ്പോഴും ദുഷിച്ചതു മാത്രമാണെന്നും കർത്താവു കണ്ടു. ഭൂമുഖത്തു മനുഷ്യനെ സൃഷ്ടിച്ചതിൽ കർത്താവു പരിതപിച്ചു. അത് അവിടുത്തെ ഹൃദയത്തെ വേദനിപ്പിച്ചു. കർത്താവ് അരുളിച്ചെയ്തു. എന്റെ സൃഷ്ടിയായ മനുഷ്യനെ ഭൂമുഖത്തുനിന്ന് ഞാൻ തുടച്ചുമാറ്റും. മനുഷ്യനെയും മൃഗങ്ങളെയും ഇഴജന്തുക്കളെയും ആകാശത്തിലെ പറവകളെയും ഞാൻ നാമവശേഷമാക്കും. അവയെ സൃഷ്ടിച്ചതിൽ ഞാൻ ദുഃഖിക്കുന്നു"* (ഉൽപ 6,5-7).

ദൈവികപദ്ധതികൾക്കും കല്പനകൾക്കും വിരുദ്ധമായ മനുഷ്യന്റെ പ്രവർത്തനങ്ങൾ ഈ പ്രപഞ്ചത്തെ എപ്രകാരം ബാധിക്കുന്നു എന്ന് ബൈബിളിന്റെ പഠനങ്ങളുടെ വെളിച്ചത്തിലുള്ള അന്വേഷണത്തിന്റെ ഏറ്റം നിർണ്ണായകമായൊരു ഘട്ടത്തിൽ നാം എത്തിനില്ക്കുകയാണ് മേലുദ്ധരിച്ച ദൈവത്തിന്റെ അവലോകനത്തിൽ. ആദാമിന്റെ ദൈവനിഷേധവും കായേന്റെ സഹോദരവധവും പാപത്തിന്റെ രണ്ടുമുഖങ്ങൾ തുറന്നുകാട്ടി. അവ ഈ ഭൂമിയിൽ വരുത്തിവയ്ക്കുന്ന ദുരന്തങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ പ്രഖ്യാപനങ്ങളും നാം കണ്ടുകഴിഞ്ഞു.

### ദൈവം കരുണയില്ലാത്ത വധിയാളനോ?

ഉൽപത്തി 3-4 അധ്യായങ്ങൾ വായിക്കുമ്പോൾ നിഷ്കരുണം നീതി നടപ്പാക്കുന്ന, കല്പന ലംഘിക്കുന്നവരെ കരുണ കൂടാതെ ശിക്ഷിക്കുന്ന, കർക്കശനായ ഒരു വിധിയാളനാണ് ദൈവം എന്ന പ്രതീതി ഉണ്ടാകാം. എന്നാൽ ആ കാഴ്ചപ്പാട് ഭാഗികം എന്നല്ല, പൂർണ്ണമായും തെറ്റാണെന്നു വ്യക്തമാക്കുന്നതാണ് മനുഷ്യന്റെ തിന്മയെക്കുറിച്ചുള്ള ദൈവത്തിന്റെ അവലോകനവും തുടർന്നു വരുന്ന തീരുമാനവും. മൂന്നു വാക്യങ്ങളിൽ മൂന്നുതവണ

ആവർത്തിക്കുന്ന പ്രമേയമാണ് മനുഷ്യന്റെ തിന്മയുടെ പേരിൽ ദൈവം അനുഭവിക്കുന്ന ദുഃഖം. കർത്താവ് പരിതപിച്ചു, അവി ടുത്തെ ഹൃദയത്തെ വേദനിപ്പിച്ചു, ഞാൻ ദുഃഖിക്കുന്നു. എന്താണ് ഈ തീവ്രമായ ദുഃഖത്തിനു കാരണം? എന്താണ് ഇനി കർത്താവു ചെയ്യാൻ പോകുന്നത്? ഈ രണ്ടു ചേദ്യങ്ങൾ ഏറെ പ്രസക്ത മാണ്.

## പ്രത്യേക സാഹിത്യരൂപം

ഗഹനങ്ങളായ സത്യങ്ങളും അവയെക്കുറിച്ച് ആഴമേറിയ ഉൾക്കാഴ്ചകളും കഥാരൂപത്തിൽ അവതരിപ്പിക്കുന്ന യാഹ്വിസ്റ്റ് (J) ഗ്രന്ഥകാരന്റെ തൂലികയിൽനിന്നു വരുന്നതാണ് മേലുദ്ധരിച്ച വാക്യങ്ങൾ. അദൃശ്യൻ, അഗ്രാഹ്യൻ, അസ്പൃശ്യൻ എന്നിങ്ങനെ മനുഷ്യനിൽനിന്ന് അനന്തമായ അകലത്തിൽ നില്ക്കുന്ന ഒരു നിർവികാരശക്തിയല്ല ദൈവം; മറിച്ച് മനുഷ്യനെയും ഈ സൃഷ്ട പ്രപഞ്ചം മുഴുവനെയും ഗാഢമായി സ്നേഹിക്കുകയും അവയുടെ നന്മമാത്രം ആഗ്രഹിക്കുകയും, അതിനാവശ്യമായതെല്ലാം നല്കു കയും ചെയ്യുന്ന സ്നേഹനിധിയായ പോരാ, സ്നേഹം തന്നെ ആയ പിതാവാണു ദൈവം. അതിരുകൾ ലംഘിച്ച്, വഴിവിട്ടുള്ള ജീവിതത്തിലൂടെ ദുരന്തത്തിൽ ചെന്നു വീഴുന്ന മക്കളെ നോക്കി, ഹൃദയം നൊന്തുകരയുന്ന അമ്മയുടെയും അപ്പന്റെയും ചിത്രം ഒരുമിച്ചു തെളിയുന്നു ഈ വാക്കുകളിൽ. എന്താണിതിനു കാരണം എന്ന് വി. ഗ്രന്ഥകാരൻ വ്യക്തമാക്കുന്നുണ്ട്, പടിപടി യായി പെരുകി പ്രപഞ്ചത്തെ മുഴുവൻ ഗ്രസിക്കുന്ന പാപം.

## പെരുകുന്ന പാപം

ആദാം തുടങ്ങിവച്ചത് മക്കൾ തുടർന്നു. കായേൻ സഹോ ദരനെ വധിച്ചു. ലാമെക്ക് പ്രതികാരത്തെ എഴുപത്തേഴിരട്ടിയാക്കി (ഉൽപ 4,23-24). ഉൽപത്തി 6-ാം അധ്യായം ആകുമ്പോഴേക്കും പാപം സകല അതിരുകളെയും ലംഘിക്കുകയായി. 6,1-3 ൽ എടു ത്തുപറയുന്ന നിഷിദ്ധ വിവാഹം ഒരു ഉദാഹരണം മാത്രം. *"മനു ഷ്യപുത്രിമാർ അഴകുള്ളവരാണെന്നു കണ്ട് ദൈവപുത്രന്മാർ തങ്ങൾക്ക് ഇഷ്ടപ്പെട്ടവരെയെല്ലാം ഭാര്യമാരായി സ്വീകരിച്ചു"* (ഉൽപ 6,2). ആരാണീ ദൈവപുത്രന്മാരും മനുഷ്യപുത്രിമാരും എന്ന ചോദ്യത്തിന് മൂന്ന് ഉത്തരങ്ങൾ നല്കപ്പെടാറുണ്ട്.

വഴിപിഴച്ച മാലാഖമാരാണ് ദൈവപുത്രന്മാർ എന്നതാണ്

ആദ്യത്തെ വ്യാഖ്യാനം. മനുഷ്യസ്ത്രീകളിൽ ആകൃഷ്ടരായ ഒരു ഗണം മാലാഖാമാർ അസാസേൽ എന്ന ദൂതന്റെ നേതൃത്വത്തിൽ, മനുഷ്യരൂപമെടുത്ത് ഭൂമിയിൽ വന്നു, തങ്ങൾക്കിഷ്ടപ്പെട്ട സ്ത്രീ കളിൽനിന്നു മക്കളെ ഉല്പാദിപ്പിച്ചു. ആ മക്കളാണ് 6,4ൽ പറ യുന്ന അതികായന്മാർ. മാലാഖാമാരുടെ പതനം എന്ന് ഇതിനെ വിശേഷിപ്പിക്കാം. ദൈവം നിശ്ചയിച്ച അതിരുകൾ ലംഘിക്കുന്ന സൃഷ്ടികൾ, അവരാണ് പാപത്തിന്റെ ഉച്ചകോടിയിൽ എന്ന് ഈ വ്യാഖ്യാനം സമർത്ഥിക്കാൻ ശ്രമിക്കുന്നു.

ഇസ്രായേൽ ജനമാണ് ദൈവപുത്രന്മാർ; കാനാൻകാരികൾ മനുഷ്യപുത്രിമാർ. വിജാതീയ സ്ത്രീകളുമായി വേഴ്ചകളിൽ ഏർപ്പെട്ടതാണ് ഇസ്രായേലിന്റെ ദൈവത്തോടുള്ള അവിശ്വസ്ത തയ്ക്കും പതനത്തിനും കാരണം. ഒരു ചരിത്രവസ്തുതയുടെ ഇതിഹാസരൂപത്തിലുള്ള അവതരണമാണ് ഈ നിഷിദ്ധവിവാഹം എന്നു വ്യാഖ്യാനിക്കുന്നവരുണ്ട്.

അബ്രാഹത്തിന്റെ ഭാര്യയെ സ്വന്തമാക്കാൻ ശ്രമിച്ച ഫറ വോയും ഊറിയായുടെ ഭാര്യ ബത്ഷേബായെ സ്വന്തമാക്കിയ ദാവീദും പോലുള്ള ശക്തരായ നേതാക്കന്മാരും രാജാക്കന്മാരു മാണ് ദൈവപുത്രന്മാർ. അവർക്ക് ഇഷ്ടപ്പെടുന്ന സ്ത്രീകളാണ് മനുഷ്യപുത്രിമാർ എന്നൊരു വ്യാഖ്യാനവുമുണ്ട്. ഇതിൽ ഏതെ ങ്കിലും ഒന്നുമാത്രം സ്വീകരിക്കണമെന്നില്ല; മൂന്നും സാധ്യമാണ്. വിശുദ്ധ ഗ്രന്ഥകാരൻ എടുത്തുകാട്ടുന്നത് സ്ത്രീപുരഷബന്ധ ത്തിൽവന്ന അപചയമാണ്. വിവാഹബന്ധം മാനിക്കപ്പെടാതായി; അതോടെ കുടുംബങ്ങൾ തകരുന്നു. മാത്രമല്ല ദൈവം നിശ്ച യിച്ച സകല അതിരുകളും ലംഘിക്കപ്പെടുകയായി. അതു നയി ക്കുന്നതു സർവനാശത്തിലേക്കായിരിക്കും എന്നു മനുഷ്യന്റെ മനോഭാവത്തെക്കുറിച്ചുള്ള ദൈവത്തിന്റെ അവലോകനം വ്യക്ത മാക്കുന്നു.

ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വർദ്ധിച്ചു. അതിനു കാരണം അവന്റെ ചിന്തയും ഭാവനയും എപ്പോഴും ദുഷിച്ചതു മാത്രമായി രിക്കുന്നു എന്ന വിലയിരുത്തൽ സൃഷ്ടികർമ്മത്തിന്റെ അവസാ നത്തിൽ *"താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നു എന്നു ദൈവം കണ്ടു"* (ഉൽപ 1,31) എന്ന ദൈവത്തിന്റെ അവലോകന വുമായി ബന്ധപ്പെടുത്തി കാണണം. എല്ലാം വളരെ നന്നായി രുന്ന അവസ്ഥയിൽനിന്ന് എപ്രകാരമാണ് ഈ ദുരന്തത്തിലെ

ത്തിയത്? പടിപടിയായ വീഴ്ച, ദൈവത്തിൽനിന്നും സഹോദര നിൽനിന്നുമുള്ള അകന്നുപോകൽ. ആദാം ദൈവമാകാൻ ശ്രമിക്കുന്നതിലൂടെ പ്രകടമായ അഹങ്കാരം. കൊലപാതകത്തിലേക്കു നയിക്കുന്ന കായേന്റെ അസൂയ. അതിരുകളെ അതിലംഘിക്കുന്ന ലാമെക്കിന്റെ ലൈംഗികാസക്തിയും പ്രതികാരചിന്തയും. അവസാനം സർവനാശം വിളിച്ചുവരുത്തുന്ന ആഗ്രഹങ്ങൾ, ആസക്തികൾ. ചുരുക്കം ഉദാഹരണങ്ങൾ മാത്രമേ എടുത്തുകാട്ടുന്നുള്ളൂവെങ്കിലും മനുഷ്യൻ സമ്പൂർണ്ണമായും തിന്മയ്ക്കധീനമായിരിക്കുന്നു എന്നാണ് ദൈവത്തിന്റെ കണ്ണിലൂടെ വി. ഗ്രന്ഥകാരൻ വിവരിക്കുന്നത്.

## ദൈവത്തിന്റെ പ്രതികരണം

ഈ അവസ്ഥയോടുള്ള ദൈവത്തിന്റെ പ്രതികരണമാണ് ഏറ്റം ശ്രദ്ധേയം. ദൈവത്തിൽ മാനുഷികവികാരങ്ങൾ കാണുന്ന ഒരു സാഹിത്യശൈലി(Anthropomorphic)യാണ് യാഹ്വിസ്റ്റു ഗ്രന്ഥകാരൻ ഉപയോഗിക്കുന്നത് എന്നതു ശ്രദ്ധിക്കണം. മനുഷ്യന്റെ തിന്മയും ദുഷ്ടതയും ദൈവത്തിൽ കോപമല്ല, വേദനയും ദുഃഖവുമാണ് ഉണർത്തുന്നത്. മനുഷ്യരെ മക്കളായി കാണുന്ന ദൈവത്തിന്റെ ചിത്രം ഇവിടെ പ്രകടമാകുന്നു. സ്വയം നശിക്കുന്ന മക്കളെ നോക്കി വിലപിക്കുന്ന പിതാവ്, മാതാവ്, അതാണ് ബൈബിൾ വരച്ചുകാട്ടുന്ന ദൈവചിത്രം.

മനുഷ്യന്റെ വഴിപിഴച്ച ആഗ്രഹങ്ങളും തീരുമാനങ്ങളും ജീവിതവും മനുഷ്യവർഗ്ഗത്തെ മാത്രമല്ല, സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ ബാധിക്കുന്നു എന്നു തുടർന്നുള്ള ദൈവത്തിന്റെ തീരുമാനം വ്യക്തമാക്കുന്നു. സൃഷ്ടിയുടെ മുഴുവൻ അധിപനും ദൈവത്തിന്റെ പ്രതിനിധിയുമായി, ഈ പ്രപഞ്ചമാകുന്ന പറുദീസായിലെ ഉത്തരവാദിത്വമുള്ള കർഷകനായി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ എല്ലാറ്റിനെയും നാശത്തിലേക്കു നയിക്കുന്നു. എല്ലാ സൃഷ്ടികളെയും നശിപ്പിക്കാൻ ദൈവം എടുക്കുന്ന തീരുമാനം (ഉൽപ 6,7) മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള പരസ്പര ബന്ധത്തിന് ഊന്നൽ നല്കുന്നു.

### പ്രളയം

വലിയൊരു ജലപ്രളയം അയച്ചാണ് മനുഷ്യനെയും ഇതര ജീവികളെയും ഭൂമുഖത്തുനിന്ന് തുടച്ചുമാറ്റുന്നത് എന്ന ദൈവ

ത്തിന്റെ തീരുമാനം പ്രത്യേക ശദ്ധയർഹിക്കുന്നു. ഭൂമി മുഴുവൻ വെള്ളത്തിൽ മുങ്ങുന്നു; ഏറ്റം ഉയർന്ന പർവ്വതശിഖിരത്തിനു മുകളിൽ 15 മുഴം ഉയരത്തിൽ വെള്ളം പൊങ്ങി (7,20). ഈ പ്രളയത്തിന്റെ, ഭൂമിയിൽ ജലവിതാനം ഉയർന്നതിന്റെ, വിവരണത്തിൽ രണ്ടു കാര്യങ്ങൾ പറയുന്നുണ്ട്. 40 ദിവസം തുടർച്ചയായി മഴപെയ്തു എന്നതാണ് ഒന്ന്. എന്നാൽ അതിനേക്കാൾ ഭയാനമായൊരു കാര്യകൂടി പറയുന്നു: "അഗാധങ്ങളിലെ ഉറവകൾ പൊട്ടിയൊഴുകി, ആകാശത്തിലെ ജാലകങ്ങൾ തുറന്നു" (7,11). സൃഷ്ടികർമ്മത്തിന്റെ തുടക്കത്തിൽ സർവ്വത്ര നിറഞ്ഞുനിന്ന പ്രളയജലത്തെ വിതാനം കൊണ്ടു വിഭജിച്ച് ആകാശത്തിനു മുകളിലും ഭൂമിക്കു താഴെയുമായി ഒതുക്കിനിർത്തിയ സംവിധാനമാണ് ഇവിടെ പൂർണ്ണമായി തകരുന്നത്.

## മനുഷ്യന്റെ ഉത്തരവാദിത്വം

ദൈവശാസ്ത്രപരമായ വലിയൊരുൾക്കാഴ്ച നല്കുന്നതാണ് ഈ വിവരണം. ഈ പ്രപഞ്ചത്തിന്റെ നിലനില്പും സന്തുലിതാവസ്ഥയും ദൈവികപരിപാലനയെയും മനുഷ്യന്റെ അനുസരണത്തെയും ആശ്രയിച്ചിരിക്കുന്നു. ദൈവനിശ്ചിതമായ അതിരുകൾ മനുഷ്യൻ ലംഘിച്ചാൽ അത് ഈ പ്രപഞ്ചത്തിന്റെ തന്നെ സുരക്ഷിതത്വത്തെ ബാധിക്കും. ദൈവം കോപിച്ചു ശിക്ഷിക്കുന്നതല്ല, മനുഷ്യൻ തന്റെ സ്വാർത്ഥതാൽപര്യങ്ങൾക്കുവേണ്ടി ദൈവിക നിയമങ്ങളെ ലംഘിക്കുന്നതാണ് ഈ ദുരന്തങ്ങൾക്കു കാരണം എന്ന് പ്രളയത്തിന്റെ കഥയിലൂടെ വി. ഗ്രന്ഥം പഠിപ്പിക്കുന്നു. ഇവിടെ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്.

മനുഷ്യവർഗ്ഗം മുഴുവൻ ദുഷിച്ചുപോയി എന്നു പറയുമ്പോഴും ഒരു വ്യക്തി അതിൽപ്പെടാതെ മാറിനില്ക്കുന്നു. *''എന്നാൽ നോഹ കർത്താവിന്റെ പ്രീതിക്കു പാത്രമായി"* (6,8). ഭൂരിപക്ഷാഭിപ്രായത്തെ ധാർമ്മികതയുടെ മാനദണ്ഡമായി എടുക്കാതെ, ഒറ്റയ്ക്കാണെങ്കിലും ദൈവഹിതത്തിനു പൂർണ്ണമായി കീഴ്വഴങ്ങുന്ന വ്യക്തികളിലൂടെയാണ് രക്ഷാചരിത്രം മുന്നേറുന്നത്. *"നോഹ നീതിമാനായിരുന്നു, ആ തലമുറയിലെ കറയറ്റ മനുഷ്യൻ"* (6,9). അന്നും ഇന്നും എന്നും പ്രസക്തമാണ് ഈ ദർശനം. അബ്രാഹവും മോശയും, സാമുവേലും ജറെമിയായും എല്ലാം ഉദാഹരണങ്ങൾ. അതിനാൽ എല്ലാവരും പോകുന്ന വഴിയേ പോകാതെ, ശരിയായ

വഴി ഏതെന്നന്വേഷിച്ചു ജീവിതയാത്ര ക്രമപ്പെടുത്തണം. അതിനാണ് ദൈവം പ്രമാണങ്ങൾ നല്കിയിരിക്കുന്നത്.

## ഇന്നത്തെ പ്രസക്തി

മനുഷ്യന്റെ വഴിപിഴച്ച തീരുമാനങ്ങൾ ഭൗതികപരിസ്ഥിതിയെ ദോഷകരമായി ബാധിക്കും എന്നതിന്റെ ശക്തമായൊരു താക്കീതാണ് പ്രളയകഥ. എന്നത്തേക്കാൾ ഏറെ ഇന്നു നാം നേരിൽ കണ്ടുകൊണ്ടിരിക്കുന്നു ഈ പ്രളയകഥ നല്കുന്ന സന്ദേശം. ഭൂമിയുടെ ശ്വാസകോശം പോലെയാണ് മഴക്കാടുകൾ, വനങ്ങൾ. മരങ്ങളാണ് മനുഷ്യനും ഇതരജീവജാലങ്ങൾക്കും ആവശ്യമായ പ്രാണവായു ഉൽപാദിപ്പിക്കുന്നത്; വിഷവായുക്കളെ ജീവശ്വാസമായി പരിവർത്തിപ്പിക്കുന്നത്. എന്നാൽ കഴിഞ്ഞ ഏതാനും ദശകങ്ങളായി ഭയാനകമാംവിധത്തിൽ വനനശീകരണം സംഭവിച്ചുകൊണ്ടിരിക്കുന്നു, വ്യവസായവല്ക്കരണത്തിന്റെ പേരിൽ.

ആകാശത്തേക്കു വിഷം ചീറ്റുന്ന വ്യവസായശാലകളും, കരയിലും കടലിലും ആകാശത്തിലും വിഹരിക്കുന്ന വാഹനങ്ങളും വരുത്തിവയ്ക്കുന്ന ദുരന്തങ്ങൾ ചെറുതല്ല എന്നു നാം മനസിലാക്കുന്നു. മാരകമായ ബഹിരാകാശരശ്മികളെ തടഞ്ഞുനിർത്തുന്ന ഓസോൺപാളികളിലെ വളരുന്ന വിള്ളലുകൾ സർവ്വനാശം വിതയ്ക്കും എന്നു ശാസ്ത്രം തന്നെയാണ് താക്കീതു നല്കുന്നത്.

ഫലങ്ങൾ നാം കാണുന്നു. ഉരുകുന്ന മഞ്ഞുമലകൾ. ധ്രുവപ്രദേശങ്ങളിലെയും ഹിമാലയ-ആൽപ്സ് തുടങ്ങിയ മഹാപർവതങ്ങളുടെ മുകളിലെയും മഞ്ഞുരുകുന്നു. താപനില ഉയരുന്നു; കടലുകളിൽ ജലനിരപ്പുയരുന്നു. സുനാമികൾ ആഞ്ഞടിക്കുന്നു; നദികൾ നഗരങ്ങളെ വിഴുങ്ങുന്നു. അടയാളങ്ങൾ നിരവധി.

പ്രളയജലം ഭൂമിയെ കഴുകിത്തുടച്ചു, മനുഷ്യൻ ഏല്പിച്ച രക്തക്കറകൾ കഴുകി. ഭീകരമായൊരു ചിത്രമാണ് പ്രളയകഥയിലൂടെ ബൈബിൾ വരച്ചുകാട്ടുന്നത്. ഇനി ഒരിക്കലും പ്രളയമയച്ച് ഭൂമിയെ നശിപ്പിക്കില്ല എന്ന ദൈവത്തിന്റെ തീരുമാനം (8,21) തോന്നിയപോലെ ജീവിക്കാൻ മനുഷ്യനെ കയറൂരിവിടുന്നതല്ല. മനുഷ്യന്റെ ബലഹീനതയും തിന്മയിലേക്കുള്ള ചായ്‌വും ദൈവം മനസിലാക്കുന്നു; പാപിയായ മനുഷ്യനെ അവൻ ആയിരിക്കുന്ന അവസ്ഥയിൽ സ്നേഹിക്കുന്നു, സ്വീകരിക്കുന്നു; അവനുമായി ഉടമ്പടി ചെയ്യുന്നു.

## ഉടമ്പടി

ബൈബിളിൽ കാണുന്ന അനേകം ഉടമ്പടികളിൽ ആദ്യത്തേതാണ് ദൈവം നോഹയും സ്രഷ്ടപ്രപഞ്ചം മുഴുവനുമായി ചെയ്യുന്ന ഉടമ്പടി (9,1–7). ദൈവം സംരക്ഷണം വാഗ്ദാനം ചെയ്യുമ്പോഴും മനുഷ്യന്റെ ഉത്തരവാദിത്വം ഇല്ലാതാകുന്നില്ല. ദൈവം "രക്തത്തിനു കണക്കു ചോദിക്കും" (9,5) എന്ന താക്കീത് അക്ഷരാർത്ഥത്തിൽ മാത്രം എടുത്താൽപോരാ. സകല അനീതിയുടെയും പ്രതീകമായി കാണണം.

## താക്കീതുകൾ

ജലപ്രളയം നല്കുന്ന രണ്ടു താക്കീതുകൾ മറക്കാതിരിക്കാം. 1. മനുഷ്യന്റെ പാപവും ദുഷ്ടതയും ഈ സൃഷ്ടപ്രപഞ്ചത്തെ മുഴുവൻ ബാധിക്കും; അതു വലിയ നാശം വരുത്തിവയ്ക്കും. 2. മനുഷ്യന്റെ ഹൃദയത്തിൽ തിന്മപെരുകുന്നത് ദൈവത്തെ വേദനിപ്പിക്കും. നിർവികാരമായൊരു ശക്തിയല്ല, സ്നേഹനിധിയായ പിതാവാണ് ബൈബിളിലെ ദൈവം. എന്റെ ആഗ്രഹങ്ങളും ചിന്തകളും, വാക്കും പ്രവൃത്തിയും ഒന്നും സ്നേഹത്തിന്റെ ഉറവിടമായ പിതാവിനെ ദുഃഖിപ്പിക്കാൻ കാരണമാകരുത്; എന്നെ സൃഷ്ടിച്ചതിൽ പരിതപിക്കാൻ ദൈവത്തിന് അവസരമൊരുക്കരുത്.

അതോടൊപ്പം ഒന്നുകൂടി ഓർമ്മിക്കാം. എല്ലാവരും തിന്മയ്ക്കധീനമായപ്പോഴും നോഹ എന്ന ഒരു മനുഷ്യൻ വേറിട്ടുനിന്നു. അവനിലൂടെയാണ് പിൻതുടർച്ച ഉറപ്പായത്. ഭൂരിപക്ഷാഭിപ്രായത്തെ ധാർമ്മികതയുടെ മാനദണ്ഡമാക്കുന്ന ചിന്താഗതിയും പ്രവർത്തനശൈലിയും നന്മയിലേക്കു നയിച്ചെന്നു വരില്ല. ഞാനല്ല, ദൈവമാണ് ഈ ഭൂമിയുടെ, പ്രപഞ്ചത്തിന്റെ ഉടമ, ധാർമ്മികതയുടെ മാനദണ്ഡം, നിയമത്തിന്റെ ഉറവിടം എന്നതും മറക്കാതിരിക്കാം.

# 9

## തീമഴ

*"കർത്താവ് ആകാശത്തിൽനിന്നു സോദോമിലും ഗൊമോറായിലും അഗ്നിയും ഗന്ധകവും വർഷിച്ചു. ആ പട്ടണങ്ങളെയും താഴ്‌വരകളെയും അവയിലെ നിവാസികളെയും സസ്യലതാദികളെയും അവിടുന്നു നാമാവശേഷമാക്കി"* (ഉൽപ 19,24–25).

പാപിയായ മനുഷ്യനു ദൈവം നല്കുന്ന രക്ഷയുടെ ചരിത്രവഴികളിലെ ഒരു പ്രധാന നാല്ക്കവലയിൽ "അരുത്" എന്ന ശക്തമായ വിലക്കു കല്പിക്കുന്ന ചുവന്ന ദീപം പോലെ നില്ക്കുന്നു സോദോം ഗൊമോറാ നഗരങ്ങൾ. നിരന്തരമായ താക്കീതുകൾ അവഗണിച്ച്, തിന്മയിൽ തുടർന്നാൽ മനുഷ്യനും അവന്റെ ആവാസ പരിസ്ഥിതികൾക്കും എന്തു സംഭവിക്കും എന്നു വ്യക്തമായി പഠിപ്പിക്കുന്ന ഒരു ഉദാഹരണമാണ് സോദോമിനുമേൽ പെയ്തിറങ്ങിയ തീമഴ. ഉൽപത്തി മുതൽ വെളിപാടുവരെയുള്ള ബൈബിൾ ഗ്രന്ഥങ്ങളിൽ അമ്പതിൽപരം തവണ സോദോം പ്രത്യക്ഷപ്പെടുന്നുണ്ട്, അരുതാത്തതിന്റെ മാതൃകയായി; ഭൂമിയെ നശിപ്പിക്കുന്ന ശിക്ഷയുടെ ഉദാഹരണമായി.

### നോഹയുടെ വീഴ്ച

പ്രളയജലത്തിൽ കഴുകിത്തുടച്ചു ശുദ്ധമാക്കിയ ഭൂമി ഇനി സമാധാനത്തിൽ തുടരും എന്ന പ്രതീക്ഷയോടെയാണ് ആദ്യയുഗത്തിനു അറുതിവരുത്തിയ പ്രളയത്തിന്റെ കഥ അവസാനിച്ചത്. തിന്മയിലേക്കുള്ള മനുഷ്യന്റെ ചായ്‌വിനെ അംഗീകരിച്ചുകൊണ്ടുതന്നെ ദൈവം സ്ഥാപിച്ച ഉടമ്പടി സർവസൃഷ്ടിജാലങ്ങൾക്കും സംരക്ഷണം ഉറപ്പുവരുത്തുന്നു, മഴവില്ല് അതിന്റെ അടയാളവും. സകല മനുഷ്യരും ദുഷിച്ചു വഷളായപ്പോഴും വീഴാതെ ഉറച്ചുനിന്ന ഏകനീതിമാനായിരുന്നു നോഹ. അയാൾ വഴിയാണ് മനുഷ്യവർഗം ഭൂമിയിൽ നിലനില്പു തുടർന്നത്. എന്നാൽ ആ

നോഹ തന്നെ വലിയ വീഴ്ചയ്ക്കും ശാപത്തിനും കാരണമായി ത്തീരുന്നതായി വി. ഗ്രന്ഥകാരൻ എടുത്തുകാട്ടുന്നു.

താൻതന്നെ നട്ടുവളർത്തിയ മുന്തിരിച്ചെടിയിൽനിന്നു പഴ ങ്ങൾ പിഴിഞ്ഞ് വീഞ്ഞുകുടിച്ച് ലക്കുകെട്ട്, സ്വയം നഗ്നനാക്കി കൂടാരത്തിൽ കിടന്ന നോഹ ലഹരിവിട്ടെണീറ്റപ്പോൾ തന്റെ രണ്ടാമത്തെ മകൻ ഹാമിനെ ശപിക്കുന്നു. അവൻ പിതാവിന്റെ നഗ്നത കണ്ടു എന്നതാണ് കുറ്റം! സ്വയം വിവസ്ത്രനാക്കി കൂടാ രത്തിൽ കിടന്ന പിതാവാണു ശപിക്കുന്നത് എന്നതു കൂടുതൽ വിചിത്രം! മദ്യം വരുത്തിവയ്ക്കുന്ന ദുരന്തം മാത്രമല്ല, മനുഷ്യ സ്വഭാവത്തിൽ ആഴത്തിൽ വേരൂന്നിയിരിക്കുന്ന പാപത്തിന്റെ സ്വഭാവമാണ് ഇവിടെ കൂടുതൽ ശ്രദ്ധേയം.

സകല ജീവജാലങ്ങളെയും മഹാപ്രളയത്തിൽ മുക്കിക്കൊ ന്നിട്ടും തിന്മയിലേക്കുള്ള മനുഷ്യന്റെ ചായ്വ് അവസാനിച്ചില്ല. സഹോദരനെന്ന പരിഗണന കൂടാതെ, അപരനെ അടിമയാക്കാൻ, ഏകനീതിമാനായിരുന്ന നോഹയെന്ന പിതാവു തന്നെ അനു വാദം നല്കുന്നത് (ഉൽപ 9,25-28) വിരോധാഭാസമായി തോന്നാം. മനുഷ്യനെ വിടാതെ പിന്തുടരുന്ന തിന്മയുടെ വേരുകൾ പിഴുതു മാറ്റാൻ പ്രളയജലത്തിനും കഴിഞ്ഞില്ല. തൊട്ടുപിന്നാലെ വരുന്ന ബാബേൽ ഗോപുരത്തിന്റെ കഥയും (ഉൽപ 11,1-9) വളരുന്ന തിന്മയുടെ ചിത്രം വരച്ചുകാട്ടുന്നു. സ്വർഗത്തിൽ എത്തുന്ന ഗോപുരം പണിത് ദൈവതുല്യനാകാൻ ശ്രമിച്ചവർ പരസ്പരം മനസിലാക്കാൻ കഴിയാതെ ചിതറി.

## ലോത്തിന്റെ സ്വാർത്ഥത

ദൈവത്തിൽനിന്നും പരസ്പരവും അകന്നുപോകുന്ന മനു ഷ്യരെ വീണ്ടും ഒരു കുടുംബമായി ഒന്നിപ്പിക്കുന്നതിനുവേണ്ടി യാണ് അബ്രാഹത്തെ വിളിച്ച്, വാഗ്ദാനങ്ങളും കല്പനകളും നല്കി വഴി നയിച്ചത്. അബ്രാഹത്തിലൂടെ മുന്നേറുന്ന രക്ഷാച രിത്രത്തിൽ, ഒരു ഉപകഥപോലെ പ്രത്യക്ഷപ്പെടുന്ന സഹോദ രൻ ലോത്തുമായി ബന്ധപ്പെട്ടതാണ് ഇവിടെ പഠനവിഷയമായ "അഗ്നിവർഷം". സഹോദരങ്ങൾ തമ്മിൽ കലഹമുണ്ടാകരുത് എന്ന ഏകലക്ഷ്യത്തോടെയാണ് അബ്രാഹം ലോത്തിനു മുമ്പിൽ ആ നിർദേശംവച്ചത്. നമുക്കു വഴി പിരിയാം. നിനക്ക് ഇഷ്ടമു ള്ളത് തിരഞ്ഞെടുക്കാം. നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ട്; മറിച്ചായാലും സ്വാഗതം. സഹോദരന്റെ ഔദാര്യം ചൂഷണം

ചെയ്ത് ലോത്ത് നല്ല ഭാഗം തിരഞ്ഞെടുത്ത, ജോർദ്ദാൻ നദീതടം (ഉൽപ 13,1-13).

ഒരുമിച്ച് യാത്ര തുടങ്ങിയവർക്ക് ഏറെ സമ്പത്തുണ്ടായപ്പോഴാണ് പ്രശ്നം ഉടലെടുത്തത്. ഇരുവരുടെയും ഇടയന്മാർ തമ്മിലുണ്ടാകുന്ന കലഹം തങ്ങളെ ബാധിക്കാൻ ഇടയാകരുത് എന്നതായിരുന്നു അബ്രാഹത്തിന്റെ ആഗ്രഹം. അബ്രാഹം മാത്രമാണ് ദൈവവിളി സ്വീകരിച്ച്, ഹാരാനിൽനിന്നു യാത്ര തിരിച്ചത്. ലോത്ത് അനുഗമിച്ചതേയുള്ളൂ. തനിക്കുണ്ടായ സകല സമ്പത്തിന്റെയും കാരണം അബ്രാഹത്തെ അനുഗമിച്ചതാണെന്ന് ലോത്ത് ചിന്തിച്ചില്ല. വേലക്കാരെ നിലയ്ക്കുനിർത്താൻ കഴിയുമെന്നും കരുതിയില്ല. കിട്ടിയ അവസരം മുതലാക്കി, നല്ല അവകാശം തിരഞ്ഞെടുത്തു. ഫലമോ? ആടുമേയ്ക്കാൻ പുല്ത്തകിടി തേടിപോയവൻ ചെന്നു വാസമുറപ്പിച്ചത് പട്ടണത്തിന്റെ പ്രാന്തപ്രദേശത്ത്! *"അവൻ സോദോമിനടുത്തു കൂടാരമടിച്ചു. സോദോമിലെ ആളുകൾ ദുഷ്ടന്മാരും കർത്താവിന്റെ മുമ്പിൽ മഹാപാപികളുമായിരുന്നു"* (ഉൽപ 13,13).

സഹോദരൻ ശത്രുകരങ്ങളിൽ പെട്ടു എന്നറിഞ്ഞ അബ്രാഹം തന്റെ വേലക്കാരുമായി അഞ്ചു രാജാക്കന്മാർ നയിക്കുന്ന ശത്രുസൈന്യത്തെ നേരിട്ടു; സഹോദരനെ മോചിപ്പിച്ചു (ഉൽപ 14,1-16). സഹോദരനുവേണ്ടി ജീവൻ പണയപ്പെടുത്തുന്ന സഹോദരസ്നേഹത്തിന്റെ ജീവിക്കുന്ന മാതൃക. പക്ഷേ ലോത്ത് പാഠം പഠിച്ചില്ല. പട്ടണവാസം തുടർന്നു. ഈ സാഹചര്യത്തിലാണ് വി. ഗ്രന്ഥകാരൻ സോദോം ഗൊമോറാ നഗരങ്ങളുടെ നാശത്തിന്റെ കഥ വിവരിക്കുന്നത്. സോദോമിലെ ആളുകൾ ദുഷ്ടന്മാരായിരുന്നു എന്ന് ഒരിക്കൽ പറഞ്ഞുവച്ചതാണ്. ഇപ്പോൾ ആ നഗരത്തിനു മേൽ നടപ്പാക്കാൻപോകുന്ന ശിക്ഷാവിധിയെക്കുറിച്ചുള്ള ദൈവത്തിന്റെ അവലോകനം ശിക്ഷയുടെ കാരണവും ലക്ഷ്യവും വ്യക്തമാക്കുന്നു.

## തീമഴയുടെ ലക്ഷ്യം

അബ്രാഹത്തെ സന്ദർശിക്കാൻ മൂന്നു ദൂതന്മാരുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുകയും പിന്നെ ഒരാളായി സംസാരിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ സ്വഗതം സോദോമിന്റെ പാപം എന്തെന്നും എന്തു പാഠമാണ് ശിക്ഷാവിധിയിലൂടെ നല്കാൻ ആഗ്രഹിക്കുന്നത് എന്നും എടുത്തുപറയുന്നു. അബ്രാഹത്തെ ഒരു

വലിയ ജനതയുടെ പിതാവാകാൻ വേണ്ടിയാണ് ദൈവം തിരഞ്ഞെടുത്തിരിക്കുന്നത്. അവൻ ലോകജനതകൾക്കു മുഴുവൻ അനുഗ്രഹത്തിനുറവിടമാകണം. അത് എപ്രകാരം സംഭവിക്കുമെന്ന് ഈ സ്വഗതം അവതരിപ്പിക്കുന്നു: *"ഞാൻ അവനെ തിരഞ്ഞെടുത്തിരിക്കുന്നത് നീതിയും ന്യായവും പ്രവർത്തിച്ച് കർത്താവിന്റെ വഴിയിലൂടെ നടക്കാൻ തന്റെ മക്കളോടും പിൻമുറക്കാരോടും അവൻ കല്പിക്കുന്നതിനും അങ്ങനെ കർത്താവ് അവനോടു ചെയ്ത വാഗ്ദാനം പൂർത്തിയാകുന്നതിനും വേണ്ടിയാണ്"* (ഉൽപ 18,19).

നീതിയും ന്യായവും പ്രവർത്തിക്കുക എന്നതു തന്നെയാണ് കർത്താവിനെ അനുസരിക്കുക, അവിടുത്തെ വഴിയിലൂടെ നടക്കുക എന്നതിന്റെ അർത്ഥം. അതുണ്ടായില്ലെങ്കിൽ എന്തു സംഭവിക്കും എന്നു സോദോമിന്റെ ഉദാഹരണത്തിലൂടെ എടുത്തുകാട്ടുന്നു എന്ന് തുടർന്നു വിവരിക്കുന്നു. *"സോദോമിനും ഗൊമോറായ്ക്കും എതിരേയുള്ള മുറവിളി വളരെ വലുതാണ്. അവരുടെ പാപം ഗുരുതരവുമാണ്. അതിനാൽ അവരുടെ പ്രവൃത്തികൾ എന്നെ സന്നിധിയിൽ എത്തിയിട്ടുള്ള വിലാപങ്ങളെ സാധൂകരിക്കുന്നോ ഇല്ലയോ എന്നറിയാൻ ഞാൻ അവിടംവരെ പോവുകയാണ്"* (ഉൽപ 18,20-21).

## നീതി നിഷേധിക്കപ്പെട്ടവരുടെ നിലവിളി

മുറവിളി എന്നും വിലാപങ്ങൾ എന്നും പി.ഒ.സി ബൈബിൾ വിവർത്തനം ചെയ്യുന്നത് "സ്ആഖാ" എന്ന ഒരേ ഹീബ്രുവാക്കാണ്. നീതി എന്നർത്ഥമുള്ള "സ്ദാഖാ" എന്ന വാക്കിനോട് ഇതിന് അടുത്ത ബന്ധവും സാമ്യവുമുണ്ട്. നീതിനിഷേധിക്കപ്പെടുന്ന നിസഹായന്റെ നിലവിളിയാണിതർത്ഥമാക്കുക, കായേൻ ചിന്തിയ രക്തം പ്രതികാരത്തിനായി നിലവിളിച്ചതുപോലെ. ജീവന്റെ ഉറവിടവും സർവ്വസൃഷ്ടികളുടെയും ന്യായാധിപനുമായ ദൈവത്തിന്റെ അടുക്കലേക്കാണ് നിസഹായന്റെ നിലവിളി ഉയരുന്നത്. ദൈവം അതു കേൾക്കും, പ്രതികരിക്കും; നീതിനിഷേധിക്കുന്നവരെ ശിക്ഷിച്ചുകൊണ്ട് നീതി നടപ്പാക്കും. ഇതുതന്നെയാണ് സോദോമിന്റെ ഉദാഹരണത്തിലൂടെ വി. ഗ്രന്ഥകാരൻ പറയുന്നത്. അപ്പോൾ എന്താണ് സോദോമിന്റെ പാപം എന്ന ചോദ്യം ഉയരുന്നു.

## സോദോമിന്റെ പാപം

ലൈംഗികതയുടെ വഴിവിട്ട ദുരുപയോഗമാണ് സോദോമിന്റെ പാപം എന്ന ഒരു പൊതുധാരണ നിലവിലുണ്ട്; സ്വവർഗരതി എന്നു വിശേഷിപ്പിക്കുന്ന, ഇന്ന് LGBT എന്ന ഓമനപ്പേരിലൂടെ നിരുപദ്രവകമായി പരിഗണിക്കപ്പെടുന്ന, ലൈംഗിക വൈകൃതം. ലോത്തിന്റെ വീട്ടിൽ അന്തിയുറങ്ങാൻ അഭയം തേടിയ രണ്ട് അപരിചിതർക്കെതിരേ നഗരം മുഴുവൻ ഒരുമിച്ചുകൂട്ടി, അവരെ തങ്ങൾക്കു വിട്ടുതരണമെന്ന് ബഹളം വയ്ക്കുന്ന ചിത്രം ഈ വിശദീകരണത്തിനു തെളിവായി നില്ക്കുന്നു. സോഡൊമി (Sodomy) എന്ന ഇംഗ്ലീഷ് വാക്കുതന്നെ ഈ അർത്ഥത്തിൽ രൂപപ്പെട്ടതാണ്. എന്നാൽ ഇതുമാത്രമാണോ സോദോം - ഗൊമോറാ നഗരങ്ങൾക്കെതിരേ ദൈവസന്നിധിയിലേക്കു നിലവിളി ഉയരാൻ കാരണം? അല്ല എന്നു സൂചിപ്പിക്കുന്ന അനേകം പരാമർശങ്ങൾ ബൈബിളിലുണ്ട്.

ചർച്ചാവിഷയമായ സംഭവത്തിൽത്തന്നെ ലൈംഗികദുരുപയോഗം സോദോമിന്റെ പാപത്തിന്റെ ഒരുവശം മാത്രമേ ആകുന്നുള്ളൂ. വഴിപോക്കരായ രണ്ട് അപരിചിതർക്ക് അന്തിയുറങ്ങാൻ ഇടം നല്കിയത് നഗരവാസികളിൽ ആരുമല്ല, മറിച്ച് വന്നുവാസിയായ ലോത്തു മാത്രമാണ്. *"പരദേശിയായി വന്നവൻ വിധിക്കാൻ ഒരുങ്ങുന്നു!"* (19,9) എന്ന ശകാരം ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. പരദേശിക്ക് അഭയം നിഷേധിച്ചതും സോദോമിന്റെ പാപം തന്നെ. മാത്രമല്ല അഭയം നല്കിയവനെ അവർ ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു: *"അവരോടെന്നതിനേക്കാൾ മോശമായി നിന്നോടു ഞങ്ങൾ പെരുമാറും"* (19,9) എന്ന ഭീഷണി അർത്ഥശങ്കയ്ക്കിടം നല്കുന്നില്ല. പരദേശിക്ക് അഭയം നിഷേധിക്കുക; നിസ്സഹായരെ പീഡിപ്പിക്കുക- ഇതും സോദോമിന്റെ പാപം തന്നെ. എന്നാൽ ഇതും മാത്രമല്ല.

സകലവിധ അക്രമങ്ങളുടെയും അനീതികളുടെയും പര്യായമാണ് സോദോം ബൈബിളിൽ. അനീതിയിൽ ആണ്ടുപോയ ഇസ്രായേൽ നേതാക്കന്മാരെയും ജനത്തെയും സോദോമിനോടാണ് പ്രവാചകന്മാർ താരതമ്യം ചെയ്യുന്നത്. തിന്മ നിറഞ്ഞ രാജ്യം, അനീതിയുടെ ഭാരം വഹിക്കുന്ന ജനം. അവർ കർത്താവിനെ മറന്നു, പരിത്യജിച്ചു, നിന്ദിച്ചു, തീർത്തും അകന്നുപോയി എന്ന് തെളിവുകൾ നിരത്തി സ്ഥാപിച്ചതിനുശേഷമാണ് *"സോദോമിന്റെ*

*അധിപതികളേ കർത്താവിന്റെ വചനം ശ്രവിക്കുവിൻ. ഗൊമോറാ ജനമേ... ശ്രദ്ധിക്കുവിൻ"* (ഏശ 1,4-10) എന്നു പ്രവാചകൻ വിളിച്ചുപറയുന്നത്.

ജെറെമിയായിലൂടെ ഉയർത്തുന്ന ആരോപണങ്ങളും വിധിപ്രസ്താവവും കൂടുതൽ വ്യക്തവും ശക്തവുമാണ്. *"ജറുസലെമിലെ പ്രവാചകന്മാരുടെ ഇടയിൽ ഭയാനകമായ ഒരു കാര്യം ഞാൻ കണ്ടു. അവർ വ്യഭിചരിക്കുകയും കാപട്യത്തിൽ മുഴുകുകയും ചെയ്യുന്നു. ആരും ദുഷ്ടത ഉപേക്ഷിക്കാതിരിക്കത്തക്കവിധം അവർ ദുഷ്ടരെ പിൻതാങ്ങുന്നു. അവർ എനിക്കു സോദോം പോലെയാണ്; അവിടുത്തെ നിവാസികൾ ഗൊമോറാ പോലെയും"* (ജറെ 23,14).

അവിശ്വസ്തയായ ജറുസലെമിനെതിരേ അതിശക്തമായ ഭാഷയിൽ ദൈവത്തിന്റെ ശിക്ഷാവിധി അറിയിക്കുന്ന എസെക്കിയേൽ പ്രവാചകൻ വടക്കൻരാജ്യമായ ഇസ്രായേലിനെ തെക്കൻരാജ്യമായ യൂദായുടെ സഹോദരിയായി ചിത്രീകരിച്ചു കൊണ്ട് നടത്തുന്ന കുറ്റാരോപണം എന്തായിരുന്നു സോദോമിന്റെ യഥാർത്ഥ പാപം എന്നു വ്യക്തമാക്കുന്നു: *"നിന്റെ സഹോദരിയായ സോദോമിന്റെ തെറ്റ് ഇതായിരുന്നു. പ്രൗഢിയും ഭക്ഷ്യസമൃദ്ധിയും സമാധാനവും സ്വസ്ഥതയും ഉണ്ടായിരുന്നിട്ടും അവളും അവളുടെ പുത്രന്മാരും നിർദ്ധനരെയും അഗതികളെയും തുണച്ചില്ല"* (എസെ 16,49).

അനീതി, അക്രമം, പാവപ്പെട്ടവർക്കു നീതി നിഷേധിക്കൽ, ദരിദ്രരെ പീഡിപ്പിക്കൽ, സാധുക്കളെ എല്ലാവിധത്തിലും ചൂഷണം ചെയ്യൽ. അപരനുമായുള്ള ബന്ധത്തിൽ ദൈവകല്പനകളെല്ലാം ലംഘിക്കൽ, ഇതാണ് സോദോമിനെതിരെ ഉയരുന്ന നിലവിളിയുടെ കാരണം. അതു ലൈംഗികവൈകൃതം മാത്രമായി കാണാനാവില്ല. പത്തു കല്പനകളുടെയും ലംഘനം. അതുവഴി ദരിദ്രർക്കും അനാഥർക്കും ബലഹീനർക്കും ജീവിതം നരകതുല്യമാക്കുക. ഇതാണ് ദൈവികസന്നിധിയിലേക്കുയരുന്ന നിലവിളിയുടെ ഉറവിടം. ഈ പാപങ്ങൾ മനുഷ്യൻ നിർബാധം തുടരരുത്. അബ്രാഹത്തിന്റെ സന്തതികൾക്ക് ഇതൊരു പാഠമാകണം. സോദോമിന്റെ മേൽ അയയ്ക്കാൻ പോകുന്ന ശിക്ഷ അവരെ തിന്മയുടെ പാതയിൽ ചരിക്കാതിരിക്കാൻ പ്രേരിപ്പിക്കണം. ഇതാണ് ദൈവത്തിന്റെ സ്വഗതം ലക്ഷ്യംവയ്ക്കുന്നത്.

## മാധ്യസ്ഥ്യം

അബ്രാഹത്തിന്റെ മധ്യസ്ഥപ്രാർത്ഥനയും ഇവിടെ ശ്രദ്ധേയമാകുന്നു (18,22-32) അബ്രാഹം കർത്താവിന്റെ മുമ്പിൽനിന്നു എന്നു പറഞ്ഞുകൊണ്ടാണ് മധ്യസ്ഥപ്രാർത്ഥനയുടെ വിവരണം തുടങ്ങുന്നത്. മറ്റുള്ളവർക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കുന്നതിന്റെ ആവശ്യകത വ്യക്തമാക്കുന്നൊരു മാതൃക. അമ്പതിൽ തുടങ്ങി പത്തിൽ അവസാനിപ്പിക്കുന്ന അബ്രാഹത്തിന്റെ യാചന ഒരു വിലപേശൽപോലെ തോന്നാം. ദൈവം അതംഗീകരിക്കുന്നു. നന്മയിലും തിന്മയിലും ഉള്ള കൂട്ടുത്തരവാദിത്വത്തിന്റെയും രണ്ടിന്റെയും സാമൂഹികമാനത്തിന്റെയും വ്യക്തമായൊരു ഉദാഹരണമാണിത്. ഒരാളുടെ തിന്മ മറ്റൊരാളുടെ പതനത്തിനു കാരണമാകാം എന്നതുപോലെ ഒരാളുടെ നന്മ മറ്റനേകരുടെ ഉയർച്ചയ്ക്കും മോചനത്തിനും കാരണമാകാം എന്നും ഈ ഉദാഹരണം പഠിപ്പിക്കുന്നു. എന്നാൽ പത്തു നീതിമാന്മാരെപ്പോലും കണ്ടെത്താനായില്ല എന്നതു ദുഃഖകരമായ ബാക്കിപത്രം.

## ശിക്ഷയുടെ സ്വഭാവം, ലക്ഷ്യം

സോദോമിന്റെ നാശത്തെക്കുറിച്ച് വിവിധ അഭിപ്രായങ്ങൾ നിലവിലുണ്ട്. അഗ്നിപർവ്വതം പൊട്ടിത്തെറിച്ചതാണെന്നു ചിലർ. ആകാശത്തുനിന്ന് ഏതോ ഉൽക്കവീണതാണെന്നു മറ്റുചിലർ. ഭൂകമ്പത്തിന്റെ ഫലമാണെന്നു മൂന്നാമതൊരു കൂട്ടർ. എല്ലാം സാധ്യതകളാണെന്ന് അംഗീകരിക്കുമ്പോഴും വി. ഗ്രന്ഥം എടുത്തുകാട്ടുന്ന ലക്ഷ്യത്തിന്റെ കാര്യത്തിൽ സംശയമില്ല. ദൈവകല്പനകൾ ലംഘിക്കുന്ന മനുഷ്യന്റെ പ്രവർത്തനങ്ങൾ ഈ ഭൂമിയുടെ സകലമേഖലകളെയും ദോഷകരമായി ബാധിക്കും, സകലജീവജാലങ്ങളെയും മുക്കിക്കൊന്ന പ്രളയംപോലെ. ഇവിടെ അഗ്നിയാണ് സംഹാരത്തിന്റെ ഉപകരണം. അതു ലോകത്തെ മുഴുവൻ ഗ്രസിക്കുന്നല്ല. പക്ഷേ തീമഴ പെയ്തിറങ്ങിയ നഗരങ്ങളും പരിസരങ്ങളും സമൂലം കത്തി നശിച്ചു. *"അതിപ്പോൾ ഉപ്പുകടലാണ്"* (ഉൽപ 14,3) എന്ന വി. ഗ്രന്ഥകാരൻ നല്കുന്ന വിശദീകരണം ഈ ശിക്ഷയ്ക്കു മുമ്പും പിമ്പും ഉണ്ടായ അവസ്ഥകളിലേക്കു വെളിച്ചം വീശുന്നു. സംശയമില്ല, മനുഷ്യന്റെ വഴിവിട്ട ചെയ്തികൾ ഈ പ്രപഞ്ചത്തെ ബാധിക്കും; ജീവികളുടെ ആവാസവ്യവസ്ഥകളെ നശിപ്പിക്കും.

അഗ്നിപർവ്വതങ്ങൾ പൊട്ടിത്തെറിക്കുന്നതും സുനാമികൾ ആഞ്ഞടിക്കുന്നതും ഭൂമി ഇളകി കുലുങ്ങുന്നതുമെല്ലാം മനുഷ്യന്റെ പാപം മൂലമാണെന്ന ഒരു സാമാന്യവല്ക്കരണത്തിനു ന്യായീകരണമായി സോദോമിനെ എടുത്തു കാട്ടാനാവില്ല. എന്നാലും ഇപ്രകാരമുള്ള പ്രതിഭാസങ്ങളിലൂടെ പ്രപഞ്ചസ്രഷ്ടാവു നല്കുന്ന താക്കീതുകൾ കണ്ടില്ലെന്നു നടിക്കുന്നത് വൻവിനയാകും എന്നതു മറക്കാതിരിക്കാം.

## തിരിഞ്ഞുനോക്കരുത്

ലോത്തിന്റെയും ഭാര്യയുടെയും പ്രതികരണങ്ങളും ശ്രദ്ധേയമാണ്. നശിക്കാൻ പോകുന്ന നഗരത്തിൽ നിന്ന് ഓടി മലകയറി രക്ഷനേടാൻ ദൂതന്മാർ നല്കുന്ന നിർദ്ദേശം ലോത്തിനു സ്വീകാര്യമല്ല. വൃദ്ധനായതിനാൽ മലകയറാനാവില്ലത്രെ! പിന്നീട് മലയിലെ ഒരു ഗുഹയിൽ, മദ്യപിച്ചു ലക്കുകെട്ട്, സ്വന്തം പുത്രിമാരിൽനിന്നു മക്കളെ ഉല്പാദിപ്പിക്കുന്നതിന്റെ വിവരണം (ഉൽപ 19,30-38) ഇതിനോടു ചേർത്തുവായിക്കണം. പട്ടണം വിട്ടുപോകാൻ മടിച്ചുനിന്ന ലോത്തിനെ ദൂതന്മാർ നിർബന്ധിച്ചു പിടിച്ചു പുറത്താക്കുകയാണ്. തിരിഞ്ഞുനോക്കരുത് എന്നു പറഞ്ഞിട്ടും തിരിഞ്ഞുനോക്കിയ ഭാര്യ ഉപ്പുതൂണായി (19,26) എന്നത് മറ്റൊരു ഗുണപാഠം, വിട്ടുപോന്ന തിന്മയുടെ വഴികളിലേക്കു പിൻതിരിയുന്നത് മാരകമായിരിക്കും എന്ന ഓർമ്മപ്പെടുത്തൽപോലെ.

## സോദോം ഒരു താക്കീത്

ബൈബിളിൽ ഉടനീളം സോദോം ഒരു താക്കീതായി നിലകൊള്ളുന്നു. *"സോദോം ഗൊമോറാ നഗരങ്ങളെ ചാമ്പലാക്കിക്കൊണ്ട് അവിടുന്ന് അവയിലെ ജനങ്ങളെ ശിക്ഷിച്ചു. അങ്ങനെ ദൈവഭയമില്ലാതെ ജീവിക്കുന്നവർക്ക് അവിടുന്നൊരു ഗുണപാഠം നല്കി"* (2 പത്രോ 2,6). വലിയ മുക്കുവൻ നല്കുന്ന ഈ ഉപദേശം സോദോമിന്റെ പ്രസക്തി എത്രയെന്നു വ്യക്തമാക്കുന്നു. ദൈവപ്രമാണങ്ങൾ മാനിക്കണം, ദൈവത്തോടും മനുഷ്യരോടും പ്രപഞ്ചത്തോടുമുള്ള ബന്ധങ്ങളെ നിർണ്ണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന നിർദ്ദേശങ്ങൾ. മനുഷ്യരെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചതിന്റെ ലക്ഷ്യം എന്തെന്ന് ബൈബിളിന്റെ ആദ്യ അധ്യായം മുതൽ വ്യക്തമാക്കുന്നുണ്ട്. അതെല്ലാം മറന്ന് താൽക്കാലികസുഖം മാത്രം ലക്ഷ്യംവച്ച്, ആസക്തികളുടെ

പൂർത്തീകരണത്തിനു ശ്രമിച്ചാൽ, സംഭവിക്കുന്നതെന്ത് എന്നതിന് ഒരുദാഹരണമാണ് സോദോം.

അബ്രാഹം തന്റെ മക്കളെ നീതിയും ന്യായവും പ്രവർത്തിച്ച് കർത്താവിന്റെ വഴിയിലൂടെ നടക്കാൻ പഠിപ്പിക്കണം എന്നതാണ് ഈ ഉദാഹരണം എടുത്തുകാട്ടുന്നതിന്റെ ഒരു ലക്ഷ്യം. നീതി നിഷേധിച്ചാൽ നിലവിളി ഉയരും; കർത്താവ് നിലവിളി കേൾക്കും; തീമഴയായി പ്രതികരണം ഉണ്ടാകും. അതു സംഭവിക്കരുതേ എന്നു പ്രാർത്ഥിക്കാനും നീതി പ്രവർത്തിക്കാൻ പ്രേരിപ്പിക്കാനും സോദോം സഹായകമാകണം, അരുത് എന്നു വഴിവിലക്കു കല്പിക്കുന്ന അടയാളംപോലെ, ചുവന്ന പ്രകാശംപോലെ.

# 10

## നിലവിളി കേൾക്കുന്ന ദൈവം

*"കുറെക്കാലം കഴിഞ്ഞ് ഈജിപ്തിലെ രാജാവു മരിച്ചു. ഇസ്രായേൽ മക്കൾ നെടുവീർപ്പിട്ടു നിലവിളിച്ചു. അവരുടെ നിലവിളി ദൈവസന്നിധിയിലെത്തി. ദൈവം അവരുടെ ദീനരോദനം ശ്രവിച്ചു; അബ്രാഹത്തിനോടും ഇസഹാക്കിനോടും യാക്കോബിനോടും ചെയ്ത ഉടമ്പടി ഓർമ്മിച്ചു. അവിടുന്ന് അവരെ കടാക്ഷിച്ചു. അവരുടെ ദയനീയാവസ്ഥ ഗ്രഹിച്ചു"* (പുറ 2,23-25).

മനുഷ്യന്റെ വഴിതെറ്റിയ പ്രവർത്തനങ്ങൾ പരിസ്ഥിതിയെ എപ്രകാരം സ്വാധീനിക്കുന്നു എന്ന് ബൈബിളിന്റെ വെളിച്ചത്തിൽ നടത്തുന്ന അന്വേഷണത്തിലെ നിർണ്ണായകമായൊരു ഘട്ടമാണ് പുറപ്പാടു സംഭവം. വാഗ്ദാനത്തിന്റെ ഉടമകളായ അബ്രാഹത്തിന്റെ മക്കൾ എപ്രകാരം ഈജിപ്തിൽ അടിമകളായിത്തീർന്നുവെന്നും ദൈവം ഇടപെട്ട് ശക്തമായ കരത്താൽ അവരെ മോചിപ്പിച്ച്, സ്വന്തം ജനമായി സ്വീകരിച്ച്, വാഗ്ദത്തഭൂമിയിൽ കുടിയിരുത്തി എന്നും പഠിപ്പിക്കുന്നതാണ് പുറപ്പാടു സംഭവം. ഈ സംഭവപരമ്പരയിൽ ഉടനീളം മനുഷ്യന്റെ പ്രവൃത്തികൾ അവന്റെ ആവാസവ്യവസ്ഥിതിയെയും പരിസ്ഥിതികളെയും എപ്രകാരം ദോഷകരമായി ബാധിക്കുന്നു എന്നു വ്യക്തമാക്കുന്ന അനേകം സംഭവങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

### ഈജിപ്തിൽ അടിമകൾ

കിഴക്കുനിന്നുവന്ന് നാടുകീഴടക്കി ഈജിപ്തിൽ പുതിയൊരു രാജവംശം സ്ഥാപിച്ച ഹിക്സോസ് ഭരണത്തിന്റെ (ബി.സി. 1720-1560) ആരംഭകാലത്തായിരിക്കണം ജോസഫ് ഭരണാധികാരിയായി ഉയർത്തപ്പെട്ടതും തുടർന്ന് യാക്കോബും മക്കളും വിശിഷ്ടാതിഥികളായി ഈജിപ്തിൽ വാസമുറപ്പിച്ചതും (ഉൽപ 41-50). ഈജിപ്തിലെ ഏറ്റം ഫലപുഷ്ടമായ ഗോഷേൻ പ്രദേശമാണ് അവർക്കു വസിക്കാനായി നല്കപ്പെട്ടത്. നൈൽനദീതടത്തിന്റെ വടക്കുകിഴക്കു ഭാഗമാണിത്. നദീതടമായതിനാൽ ഫലപുഷ്ടമാണ്

ഭൂമി. അതേസമയം രാജ്യത്തിന്റെ വടക്കുകിഴക്കെ അതിർത്തിയിലാകയാൽ ഇസ്രായേൽക്കാരുടെ സാന്നിധ്യം വിദേശീയാക്രമണത്തിനു തടയിടാൻ സഹായകവും ആയിരുന്നു.

ഏകദേശം ഒന്നരനൂറ്റാണ്ടു നീണ്ടുനിന്ന ഈ സുഖവാസത്തിന് ബി.സി. 1560-ൽ അവസാനമായി. ഈജിപ്തുകാർ വിദേശികളായ ഹിക്സോസ് രാജവംശത്തെ തുരത്തി, പുതിയൊരു രാജവംശം ഭരണമേറ്റും അതോടെ ഇസ്രായേൽ ജനത്തിന്റെ ദുരിതങ്ങളും ആരംഭിച്ചു. *"അങ്ങനെയിരിക്കെ ഒരു പുതിയ രാജാവ് ഈജിപ്തിൽ ഭരണാധികാരിയായി"* (പുറ 1,8) എന്ന കാലസൂചന ഭരണമാറ്റത്തിലേക്കും തുടർന്നുണ്ടായ പീഡനങ്ങളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. രണ്ടു നൂറ്റാണ്ടായിട്ടും ഇസ്രായേൽക്കാർ വിദേശികളായിത്തന്നെയാണ് പരിഗണിക്കപ്പെട്ടത്. അതിനാൽത്തന്നെ അവരോടു വെറുപ്പും ശത്രുതയും, ഒപ്പം ഭയവും തദ്ദേശവാസികൾക്കുണ്ടായിരുന്നു. ഇവിടെയാണു പുറപ്പാടു സംഭവത്തിന്റെ തുടക്കം.

## നിലവിളിയുടെ ഉറവിടം

അടിമകളാക്കപ്പെട്ട ഇസ്രായേൽക്കാരെ അടിച്ചൊതുക്കാനും അടിമത്തത്തിൽ നിലനിർത്താനും വേണ്ടി അധികാരികൾ പല തന്ത്രങ്ങൾ പ്രയോഗിച്ചു (പുറ 1, 8-22). കഠിനാധ്വാനം, ക്രൂരമർദനം, ഒന്നും ഫലിക്കാതെ വന്നപ്പോൾ വംശഹത്യ - ഇതാണ് ഈജിപ്തുകാർ പ്രയോഗിച്ച തന്ത്രങ്ങൾ. ആണുങ്ങളാണ് പൊതുവേ പ്രതിഷേധത്തിനു മുതിരുക. അതിനാൽ അവരെത്തന്നെ തിരഞ്ഞുപിടിച്ചു കൊന്നൊടുക്കുക. സൂതികർമ്മിണികൾക്കു നല്കുന്ന നിർദേശം: *"പിറക്കുന്നത് ആൺകുട്ടിയെങ്കിൽ അവനെ വധിക്കണം; പെൺകുട്ടിയെങ്കിൽ ജീവിച്ചു കൊള്ളട്ടെ"* (പുറ 1, 16) ഇക്കാര്യം വ്യക്തമാക്കുന്നു. കഠിനാധ്വാനത്തിനും സമൂലനാശത്തിനുമായി ഉഴിഞ്ഞിടപ്പെട്ട ഒരു ജനം. അവർക്ക് അവശേഷിച്ചിരിക്കുന്ന ഏക ആയുധമാണ് നിലവിളി. കേൾക്കാൻ ഒരാളുണ്ട് എന്ന ബോധ്യമാണ് നിലവിളിക്കു പിന്നിലെ പ്രേരകശക്തി. സഹായിക്കാൻ ആരുമില്ല എന്നു കരുതുന്നവർക്ക് തുണയായി നില്ക്കുന്നവനാണ് ബൈബിളിലൂടെ സ്വയം വെളിപ്പെടുത്തുന്ന ദൈവം. ആ വെളിപ്പെടുത്തലിന്റെ ഏറ്റവും ശക്തവും ഭയാനകവുമായൊരു ഉദാഹരണമാണ് തുടർന്നു സംഭവിക്കുന്ന ദൈവിക ഇടപെടൽ.

## ചെറിയ പ്രതിഷേധങ്ങൾ

ഭരണകൂടം സർവ്വശക്തിയും ഉപയോഗിച്ച് അടിച്ചമർത്താനും ഉന്മൂലനം ചെയ്യാനും ശ്രമിക്കുമ്പോൾ അതിനെതിരേ ആദ്യമേ പ്രതികരിക്കുന്നതും ചെറുത്തുനില്ക്കുന്നതും അബലകൾ എന്നു കരുതപ്പെടുന്ന സ്ത്രീകളാണെന്നതു പ്രത്യേകം ശ്രദ്ധിക്കണം. മാതാവിന്റെ ഉദരത്തിൽനിന്നു പുറത്തുവരുന്ന ദുർബലജീവനെ കരുതലോടെ സ്വീകരിച്ച് വളർത്താൻ നിയുക്തരായ സൂതികർമ്മിണികളെത്തന്നെ കാപാലികരായി നിയോഗിക്കുന്ന ഭരണാധികാരിയിൽ തിന്മയുടെ ശക്തിയായ, നുണയനും കൊലപാതകിയുമായ (യോഹ 8, 44) സാത്താന്റെ ദുർമുഖം തെളിയുന്നു. എന്നാൽ സൂതികർമ്മിണികൾ ദൈവഭയമുള്ളവരായിരുന്നു. സ്വന്തം ജീവൻ അപകടപ്പെടുത്തിക്കൊണ്ടുതന്നെ, അവർ രാജകല്പന ലംഘിച്ചു; ആൺകുഞ്ഞുങ്ങളെ ജീവിക്കാൻ അനുവദിച്ചു. പിടിച്ചുനിർത്തി ചോദ്യം ചെയ്തപ്പോൾ നുണ പറഞ്ഞു സ്വയം ന്യായീകരിച്ചു.

അപ്പോഴാണ് അവസാനത്തെ കല്പന. ജനിക്കുന്ന ആൺകുഞ്ഞുങ്ങളെയെല്ലാം നൈൽനദിയിൽ എറിയുക - ബലഹീനരെ ഉന്മൂലനം ചെയ്യാൻവേണ്ടി നടത്തുന്ന നരബലി! പക്ഷേ അവിടെയും ചില സ്ത്രീകൾ ചെറുത്തുനിന്നു, സൂതികർമ്മിണികളായ ഷിഫ്റായുടെയും പുവായുടെയും ചുവടു പിൻപറ്റിയ യോക്കെബെദും മകൾ മരിയാമും (പുറ 2,1-10; 6,20) പോലെ ചിലർ. വധിക്കാൻ വിധിക്കപ്പെട്ട ശിശുവിനെ അവർ സംരക്ഷിച്ചു. അവസാനം ജനത്തിനു വിമോചകനാകാൻ വിളിക്കപ്പെട്ട മോശയെ ഫറവോയുടെ കൊട്ടാരത്തിൽ രാജകുമാരനെപ്പോലെ വളർത്തിയതും ഒരു സ്ത്രീതന്നെ. ഫറവോയുടെ മകൾ.

## നിലവിളിക്കു ദൈവത്തിന്റെ പ്രതികരണം

പ്രായപൂർത്തിയായ മോശ അക്രമത്തെ അക്രമം കൊണ്ടു നേരിട്ടു, തന്റെ ജനത്തെ മോചിപ്പിക്കാമെന്നു വ്യാമോഹിച്ചു. ഇസ്രായേൽക്കാരനെ പ്രഹരിക്കുന്ന ഈജിപ്തു മേലാളനെ കൊന്നു കുഴിച്ചുമൂടി; ഒരു വിമോചന പോരാട്ടത്തിന്റെ തുടക്കമെന്നു തോന്നാവുന്ന സാഹസികത (പുറ 2,11-15). പക്ഷേ ഫലം വിപരീതമായിരുന്നു. സ്വന്തം ജീവൻ രക്ഷിക്കാൻ വേണ്ടി മോശ ഒളിച്ചോടി; മരുഭൂമിയിൽ അഭയം തേടി. അവിടെയാണ് ദൈവത്തെയും തിരുഹിതത്തെയും അറിഞ്ഞത്.

നിസ്സഹായരായ ജനത്തിന്റെ നിലവിളി ദൈവത്തിന്റെ അടുത്തെത്തി. അവിടുന്ന് അവരെ കടാക്ഷിച്ചു. പ്രവർത്തനമാരംഭിച്ചു. ഭയന്നോടിയ ഭീരുവായ മോശയെത്തന്നെയാണ് വിമോചനനായകനായി ദൈവം തിരഞ്ഞെടുത്ത്, ശക്തിപ്പെടുത്തി, അയയ്ക്കുന്നത്. അതിനുമുമ്പേ മോശ വലിയ പാഠങ്ങൾ പഠിച്ചുകഴിഞ്ഞു. കത്തിജ്വലിച്ചിട്ടും എരിഞ്ഞു ചാമ്പലാകാത്ത മുൾച്ചെടിയെ സമീപിച്ച മോശയ്ക്കു ദൈവം നല്കുന്ന വെളിപാടുകൾ, ഏല്പിക്കുന്ന ദൗത്യങ്ങൾ, നല്കുന്ന സംരക്ഷണ വാഗ്ദാനങ്ങൾ എല്ലാം ചർച്ചാവിഷയത്തിലേക്കു വെളിച്ചം വീശും.

## ദൈവത്തിന്റെ സ്വഭാവം

ജ്വലിക്കുന്ന മുൾപ്പടർപ്പിനെ സമീപിക്കുന്ന മോശയ്ക്കു നല്കുന്ന താക്കീതാണ് ആദ്യത്തേത്. നീ നില്ക്കുന്ന സ്ഥലം വിശുദ്ധമാണ് (പുറ 3,5). ദൈവികസാന്നിധ്യത്താൽ പരിശുദ്ധമാക്കപ്പെട്ടതാണ് നീ നില്ക്കുന്ന സ്ഥലം! അതു സീനായ് മലയടിവാരത്തിലെ മുൾപ്പടർപ്പിനു മുമ്പിൽ മാത്രമല്ല; ദൈവികസാന്നിധ്യമില്ലാത്ത ഒരിടവുമില്ല. സാന്നിധ്യംകൊണ്ട് ഭൂമിയെ പവിത്രമാക്കുന്ന ദൈവം. അതിനാൽ ശ്രദ്ധയോടെ കൈകാര്യം ചെയ്യണം; ചവുട്ടിമെതിക്കാനുള്ള വസ്തുവല്ല ഭൂമി, ദൈവികസാന്നിധ്യത്താൽ പരിശുദ്ധമാണത്. ചെരിപ്പ് അഴിച്ചുമാറ്റുന്നത് ഒരു പ്രതീകമാണ്; ആദരവിന്റെ, ശ്രദ്ധയുടെ, ഭക്തിയുടെ. ഇതാണ് ആദ്യത്തെ പാഠം. നില്ക്കുന്ന സ്ഥലത്തിന്റെ പരിശുദ്ധി തിരിച്ചറിയുക. ഭൂമിയെ ദൈവത്തിന്റെ വസതിയായി, പാദപീഠമായി കരുതുക; ആദരിക്കുക. എന്നും ഏവർക്കും പ്രസക്തമാണീ നിർദേശം. എല്ലായിടത്തും ദൈവികസാന്നിധ്യം തിരിച്ചറിയണം.

ആരാണ് ഈ ദൈവം എന്നു സാവകാശം മോശയ്ക്കു വെളിപ്പെടും. അതിൽ ആദ്യത്തേതാണ് "നിലവിളി കേൾക്കുന്നവൻ" എന്ന വിശേഷണം. *"ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു... രോദനം കേട്ടു... യാതനകൾ ഞാൻ അറിയുന്നു"* (പുറ 5,7-8). എന്റെ ജനം എന്ന വിശേഷണം നല്കുന്ന ഊന്നൽ ശ്രദ്ധിക്കപ്പെടാതെ പോകരുത്. അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നീ പിതാക്കന്മാർക്കു ദൈവം നല്കിയ വാഗ്ദാനത്തിന്റെ അവകാശികളായ മക്കളാണവർ, ദൈവത്തിന്റെ സ്വന്തം ജനം. അവരെ അകാരണമായി പീഡിപ്പിക്കുന്ന അധികാരികളുടെ

കൈകളിൽനിന്നു മോചിപ്പിക്കാനായി ഇറങ്ങിവന്നിരിക്കുന്നവ നാണ് ദൈവം.

നിലവിളി കേട്ട് ഇറങ്ങിവരുന്ന, മർദ്ദനത്തിന് അറുതിവരു ത്തുന്ന, മർദ്ദിതനെ മോചിപ്പിക്കുന്ന, സ്വന്തമായി ഭൂമി നല്കി, സ്വതന്ത്രജനമായി കുടിയിരുത്തുന്ന ദൈവം. അതാണ് പിതാക്ക ന്മാരുടെ ദൈവം; അതാണു പുറപ്പാടു നയിക്കുന്ന വിമോചകനായ ദൈവം. മോശയ്ക്കാണ് ആദ്യമായി ദൈവം തന്റെ പേരു വെളി പ്പെടുത്തുന്നത്. മോശയുടെ ചോദ്യത്തിനു മറുപടിയായി ദൈവം പറഞ്ഞു: ***"ഞാൻ ഞാൻ തന്നെ"*** (പുറ 3,14) "ഞാൻ" എന്നാണ് പേര്. "യാഹ്‌വേ" എന്ന ഹീബ്രുവിൽ. എന്താണിതിനർത്ഥം? "ഞാൻ" എന്നത് എങ്ങനെ പേരാകും? ഉത്തരം ഒന്നേയുള്ളൂ. കണ്ടറിയുക. പ്രവൃത്തിയിലൂടെ സ്വയം വെളിപ്പെടുത്തുന്നവനാണ് മോശയെ വിളിക്കുന്ന ദൈവം. ആ ദൈവത്തിന്റെ ഒരു സവിശേ ഷതയിലാണ് ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അടിമകൾക്കു വിമോചനം. ഈ പേര് വീണ്ടും വീണ്ടും വിശദീകരിക്കും. "യാഹ്‌വേ" എന്ന പേര്, ദൈവത്തോടുള്ള വലിയ ആദരവു മൂലം ഇസ്രായേൽക്കാർ ഉച്ചരിക്കില്ല. ഈ വാക്ക് കാണുമ്പോൾ "അദോ നായ്" എന്നാണവർ വായിക്കുക. "എന്റെ കർത്താവ്" എന്നർത്ഥം. ഇതാണ് മിക്കവാറും എല്ലാ വിവർത്തനങ്ങളിലും ഉപയോഗിക്കു ന്നത്.

പേര് നിർവചനമാണ്. പേരിലൂടെയാണ് വസ്തുക്കളെയും വ്യക്തികളെയും നാം അറിയുക. ദൈവത്തെ അറിയാൻ സഹാ യിക്കുന്നതാണ് "യാഹ്‌വേ" എന്ന പേര്. എങ്ങനെ എന്ന ചോദ്യ ത്തിനുത്തരം പുറ 6,7-ൽ കാണാം. *"ഈജിപ്തുകാരുടെ ദാസ്യ ത്തിൽനിന്നു നിങ്ങളെ മോചിപ്പിച്ച ഞാനാണ് നിങ്ങളുടെ ദൈ വമായ കർത്താവ് എന്നു നിങ്ങൾ അറിയും"*. ഇതുതന്നെയാണ് പത്തു പ്രമാണങ്ങളിൽ ആദ്യത്തേതും മറ്റൊമ്പതിന്റെയും അടി സ്ഥാനവുമായ പ്രമാണം. *"അടിമത്തത്തിന്റെ ഭവനമായ ഈജി പ്തിൽ നിന്നതിനെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിങ്ങളുടെ ദൈവമായ കർത്താവ്"* (പുറ 20,2).

കണ്ണും കാതും കരളുമുള്ള ദൈവം. ക്ലേശങ്ങൾ കാണു ന്നവൻ, നിലവിളി കേൾക്കുന്നവൻ, ദുഃഖങ്ങൾ അറിയുന്നവൻ. നിലവിളി കേൾക്കുമ്പോൾ നിശബ്ദനായിരിക്കാൻ ദൈവത്തിനു കഴിയില്ല. നിലവിളിയുടെ കാരണം കണ്ടുപിടിച്ചു പരിഹരിക്കും.

അതാണു പുറപ്പാടു സംഭവത്തിലൂടെ വെളിപ്പെടുത്തുന്നത്. മർദ്ദിതരെ മോചിപ്പിക്കാൻ വിസമ്മതിക്കുന്ന മർദ്ദകർ ദൈവത്തെ എതിരാളിയായി കാണേണ്ടിവരും. അതാണു ഈജിപ്തിനെ ഗ്രസിച്ച മഹാമാരികളും അവസാനം ഫറവോയെയും സൈന്യത്തെയും കടലിൽ മുക്കിക്കൊന്ന പെസഹാ സംഭവവും നല്കുന്ന പാഠം.

## മഹാമാരികൾ

അടിമകളാക്കപ്പെട്ടിരിക്കുന്ന ജനത്തെ സ്വതന്ത്രരാക്കി വിട്ടയയ്ക്കണം എന്ന കർത്താവിന്റെ ആജ്ഞ അനുസരിക്കാൻ ഈജിപ്തിന്റെ അധികാരി വിസമ്മതിച്ചു. കൂലിയില്ലാതെ വേലചെയ്യുന്ന അടിമകളെ വിട്ടയച്ചാൽ ഉണ്ടാകുന്ന നഷ്ടമാണ് വിസമ്മതത്തിനു കാരണം. എന്നാൽ ഈ നിലപാടു ദൈവത്തിനു സ്വീകാര്യമല്ല. എല്ലാ മനുഷ്യരും ഒരുപോലെ ദൈവത്തിനു പ്രിയപ്പെട്ടവരാണ്, എല്ലാവരിലും പതിഞ്ഞിരിക്കുന്നത് ഒരേ ദൈവത്തിന്റെ മുഖം, മർദ്ദകനിലും മർദ്ദിതനിലും ഒരുപോലെ. അതിനാൽ ഒരാൾ മറ്റൊരാളെ അടിമയാക്കാൻ ദൈവം അനുവദിക്കില്ല. എന്റെ ജനത്തെ വിട്ടയയ്ക്കുക എന്ന കല്പന മോശവഴി ഫറവോയോടു ദൈവം ആവർത്തിച്ചു. ശക്തമായ ഒരു താക്കീതും നല്കി: *"എന്നെ ആരാധിക്കാൻ വേണ്ടി എന്റെ പുത്രനെ വിട്ടയയ്ക്കുക. നീ അവനെ വിട്ടയയ്ക്കുന്നില്ലെങ്കിൽ നിന്റെ പുത്രനെ, നിന്റെ ആദ്യജാതനെ ഞാൻ വധിക്കും"* (പുറ 4,23).

ചിന്തിക്കാനും മനസു തിരിയാനും ഫറവോയ്ക്കു ദൈവം അവസരം നല്കി. ജനത്തെ വിട്ടയയ്ക്കുക എന്ന കല്പന ആവർത്തിച്ചു. പടിപടിയായി ഭീകരത വർദ്ധിക്കുന്ന ശിക്ഷാവിധികൾ ഒന്നൊന്നായി അയച്ചു (പുറ 7-10). ജലം രക്തമായി മാറിയതാണ് ആദ്യത്തേത്. പിന്നെ തവളയും കൃമികീടങ്ങളുമായി. പകർച്ചവ്യാധികൾ വ്യാപിച്ചു. മൃഗങ്ങൾ ചത്തൊടുങ്ങി. ദുർഗന്ധം വമിക്കുന്ന വ്രണങ്ങൾ മനുഷ്യരെ ബാധിച്ചു. കന്മഴ വർഷിച്ചു. വെട്ടുക്കിളിപ്പറ്റം നാടുമുടിച്ചു. മൂന്നുദിവസത്തേക്ക് ദേശം മുഴുവൻ അന്ധകാരം വ്യാപിച്ചു. എന്നാൽ ഇതൊന്നും ഫറവോയെ യഥാർത്ഥ മാനസാന്തരത്തിലേക്കു നയിച്ചില്ല.

ഈ മഹാമാരികൾ എല്ലാംതന്നെ പ്രകൃതിയിൽ സംഭവിക്കുന്ന പ്രതിഭാസങ്ങളാണ്. ജലം രക്തമായി മാറിയത് ആണ്ടുതോറും സംഭവിക്കുന്ന ഒരു പ്രതിഭാസമായി ശാസ്ത്രകാരന്മാർ കരുതുന്നു.

മഴക്കാലത്ത് ചെങ്കൽ നിറഞ്ഞ പ്രദേശത്തുനിന്ന് നൈൽനദിയിലൂടെ ഒഴുകിവരുന്ന വെള്ളം ചോരപോലെ ചുവന്നിരിക്കും. മഴക്കാലത്ത് തവളകൾ പെരുകുക സാധാരണം. അവ ചത്തുചീയുമ്പോൾ പേനും ഈച്ചയും മറ്റു കൃമികീടങ്ങളും പെരുകുക സ്വാഭാവികം. ഇതിന്റെ ഫലമായി വ്രണങ്ങൾ ബാധിക്കാം. മൃഗങ്ങൾ ചത്തൊടുങ്ങാം. വെട്ടുക്കിളി ശല്യം ഇന്നും പല രാജ്യങ്ങളിലും സംഭവിക്കുന്നു. കന്മഴ എന്നത് മഴയോടൊപ്പം കല്ലുപോലെ വീഴുന്ന കട്ടയായ വെള്ളം തന്നെ, ആലിപ്പഴം എന്നുപറയുന്നത്. ചിലപ്പോൾ രണ്ടും മൂന്നും കിലോഭാരമുള്ള ഇത്തരം വെള്ളക്കല്ലുകളും വീഴാറുണ്ട്. മരുഭൂമിയിൽ നിന്നടിക്കുന്ന മണൽക്കാറ്റാണ് അന്ധകാരത്തിനു കാരണം. എല്ലാം സ്വാഭാവികം!

എന്നാൽ ഈ സ്വാഭാവിക പ്രതിഭാസങ്ങൾ ഒന്നിനുപിറകെ ഒന്നായി, കൂടുതൽ കൂടുതൽ ശക്തിയോടെ, മോശയുടെ വാക്കിനു പിന്നാലെ, അരങ്ങേറുന്നതും മോശ പറയുമ്പോൾ നിലയ്ക്കുന്നതുമാണ് ഇവിടെ അടയാളമായി മാറുന്നത്. അതേസമയം മനുഷ്യൻ മനുഷ്യനും പ്രകൃതിക്കും എതിരേ ചെയ്യുന്ന അതിക്രമങ്ങൾക്ക് പ്രകൃതിയുടെ നാഥൻ പ്രകൃതി ശക്തികളിലൂടെ തന്നെ തിരിച്ചടിക്കും എന്ന പാഠവും ഇവിടെ നല്കുന്നുണ്ട്. ഫറവോയും ഈജിപ്തുകാരും അതു പഠിച്ചില്ല. അതിനാൽ കൂടുതൽ ഭീകരമായൊരടയാളം അവർക്കു നല്കപ്പെട്ടു. ആദ്യജാതവധം. ഇവിടെ രാജാവും അടിമയും, മനുഷ്യനും മൃഗവും ഒരുപോലെ ശിക്ഷാവിധേയരാകുന്നു (പുറ 11, 1-10; 12, 29-36).

സ്വന്തം ആദ്യജാതനെ നഷ്ടപ്പെട്ട ഫറവോ അവസാനം തന്റെ തെറ്റു മനസിലാക്കി, തിരുത്താൻ തയ്യാറായി; ജനത്തെ വിട്ടയച്ചു (പുറ 12, 37-42). എന്നാൽ മാനസാന്തരം ക്ഷണികമായിരുന്നു. അടിമകളെല്ലാം സ്വതന്ത്രരായി നാടുവിട്ടപ്പോൾ ഫറവോ മനസു മാറ്റി. അടിമകളെ പിടിച്ചു തിരിച്ചുകൊണ്ടുവരാൻ സൈന്യസമേതം പുറപ്പെട്ടു. ഫറവോയും സൈന്യവും കടലിൽ ചത്തുപൊങ്ങിയപ്പോഴാണ് ഈ കടുംപിടുത്തം അവസാനിച്ചത്. പാവപ്പെട്ടവന്റെ പക്ഷം ചേരുന്ന ദൈവത്തിന്റെ ചിത്രമാണ് ഈ കടലിൽ പ്രത്യക്ഷപ്പെടുന്നത്. അദ്ഭുതകരമായി പിളർന്ന് വഴിതുറന്ന കടലിന്റെ നടുവിലൂടെ രക്ഷപ്പെടാൻ ശ്രമിക്കുന്ന ഇസ്രായേൽക്കാരെ പിന്തുടർന്ന ഫറവോയും സൈന്യവും കടലിൽവച്ച് ദൈവത്തിന്റെ യഥാർത്ഥമുഖം കണ്ടു.

*“രാത്രിയുടെ അന്ത്യയാമത്തിൽ കർത്താവ് അഗ്നിയുടെയും മേഘത്തിന്റെയും സ്തംഭത്തിൽനിന്ന് ഈജിപ്തുകാരുടെ സൈന്യത്തെ നോക്കി അവരെ പരിഭ്രാന്തരാക്കി. അവിടുന്ന് രഥചക്രങ്ങൾ തടസ്സപ്പെടുത്തി. തന്മൂലം ഗതി ദുഷ്കരമായി. അപ്പോൾ ഈജിപ്തുകാർ പറഞ്ഞു. ഇസ്രായേൽക്കാരിൽനിന്ന് നമുക്ക് ഓടി രക്ഷപ്പെടാം. കർത്താവ് അവർക്കുവേണ്ടി ഈജിപ്തിനെതിരേ യുദ്ധം ചെയ്യുന്നു”* (പുറ 14, 24-25). അവസാനം അവർ പാഠം പഠിച്ചു, പക്ഷേ ഏറെ വൈകിപ്പോയി. കർത്താവിന്റെ കല്പനയനുസരിച്ച് മോശ കടലിനുമീതെ കരംനീട്ടി. പിളർന്നുമാറി വഴിയൊരുക്കി വെള്ളം തിരിച്ചുവന്നു, ഈജിപ്തുകാരെ മുക്കിക്കൊന്നു. *“ഈജിപ്തുകാർ കടൽത്തീരത്തു മരിച്ചുകിടക്കുന്നത് ഇസ്രായേൽക്കാർ കണ്ടു”* (പുറ 14, 30).

## പുറപ്പാടു നല്കുന്ന പാഠം

പഴയനിയമത്തിന്റെ മുഴുവൻ ചുഴിക്കുറ്റിപോലെ നില്ക്കുന്നു പുറപ്പാടുസംഭവം. ദൈവം ആരെന്ന് ഇസ്രായേൽജനം കണ്ടറിഞ്ഞ സംഭവമാണിത്. ഇതിൽനിന്ന് ഇന്നും പ്രസക്തമായ ചില പാഠങ്ങൾ പഠിക്കാനുണ്ട്.

1. എല്ലാ മനുഷ്യരും തുല്യരാണ്. ദൈവം എല്ലാവരെയും സ്നേഹിക്കുന്നു, വിലമതിക്കുന്നു. അതിനാൽ ആരും ആരെയും ദ്രോഹിക്കരുത്, ചൂഷണം ചെയ്യരുത്, പീഡിപ്പിക്കരുത്.

2. ദൈവം നിലവിളി കേൾക്കും. അകാരണമായി സഹോദരന്റെ നിലവിളി ഉയരാൻ കാരണമാകുന്നവരെ കഠിനമായി ശിക്ഷിക്കും. കാരണം ദൈവം കരുണയുള്ളവനാണ്. അതിനാൽത്തന്നെ പാവങ്ങളുടെ പക്ഷം ചേരുന്നവനുമാണ്.

3. ദൈവത്തിനു പക്ഷപാതമുണ്ട് എന്നു പറയുന്നതു വിരോധാഭാസമായി തോന്നാം. എന്നാൽ കരുണയുടെ പ്രകടനമാണ് ഈ പക്ഷപാതം എന്നു തിരിച്ചറിയണം. കുഞ്ഞുങ്ങളെ സംരക്ഷിക്കാൻ ശ്രമിക്കുന്ന തള്ളക്കോഴി പ്രാപ്പിടിയനെതിരേ ചുണ്ടും നഖവും ഉപയോഗിച്ചു പൊരുതുന്നതുപോലെ. ദുഷ്ടനെ ശിക്ഷിച്ചു നശിപ്പിക്കുകയല്ല, നീതി നിഷേധിക്കപ്പെട്ട ദരിദ്രനെ സംരക്ഷിക്കുകയാണ് ദൈവത്തിന്റെ ലക്ഷ്യം; അതോടൊപ്പം തിന്മയ്ക്ക് അറുതി വരുത്തുകയും.

4. പകരം ചോദിക്കാൻ ആരുമില്ല എന്നു കരുതി പാവപ്പെ

ട്ടവരെ ദ്രോഹിക്കുകയും ചൂഷണം ചെയ്യുകയും ചെയ്യുന്നവർ ശ്രദ്ധിക്കണം - അവർക്കു തുണയായി കർത്താവുണ്ട്. ഈജിപ്തുകാർക്കുണ്ടായ ദുരന്തം ഒരു താക്കീതായി മുന്നിൽ ഉണ്ടാവണം. *"നമുക്ക് ഓടി രക്ഷപ്പെടാം, കർത്താവ് അവക്കുവേണ്ടി നമുക്കെതിരേ യുദ്ധം ചെയ്യുന്നു"* എന്ന ഈജിപ്തുകാരുടെ നിലവിളി കാതിൽ മുഴങ്ങണം.

5. പ്രകൃതി ശക്തികളിലൂടെയാണ് ദൈവം അടയാളങ്ങളും താക്കീതുകളും നല്കുന്നത്. ഈജിപ്തിനെ ബാധിച്ച മഹാമാരികളെല്ലാം ഇന്നു നമുക്കും ഒരു താക്കീതായി കണക്കിലെടുക്കണം. കാലത്തിന്റെ അടയാളങ്ങൾ വിവേചിച്ചറിയാൻ യേശു നല്കുന്ന താക്കീതും (ലൂക്കാ 12, 54-56) ഓർമ്മിക്കണം.

6. അടിമകളാക്കപ്പെട്ട ഇസ്രായേൽക്കാരോട് ഈജിപ്തുകാർ ചെയ്ത അവസാനത്തെ ക്രൂരതയായിരുന്നു അവർക്കു ജനിക്കുന്ന ആൺകുഞ്ഞുങ്ങളെ നദിയിൽ എറിഞ്ഞുകൊന്നുകളയുന്നത്; പ്രയോഗത്തിൽ വംശഹത്യതന്നെ. അതാണ് ശക്തമായി ചരിത്രത്തിൽ ഇടപെടാൻ ദൈവത്തെ പ്രേരിപ്പിച്ച അവസാനത്തെ ക്രൂരത. ഈ ഒരു സത്യം നടുക്കത്തോടെയല്ലാതെ തിരിച്ചറിയാനാവില്ല. ആധുനികസംസ്കാരം ലാഘവബുദ്ധിയോടെ നടപ്പിലാക്കുന്ന വംശഹത്യകളും കോടിക്കണക്കിനു ഗർഭഛിദ്രം അഥവാ ശിശുഹത്യകളും എത്ര വലിയ ദുരന്തങ്ങളായിരിക്കും ഈ പ്രപഞ്ചത്തിന്റെ മേൽ വരുത്തിവയ്ക്കുക എന്ന് ആർക്ക് ഊഹിക്കാനാവും?

7. നിലവിളി കേൾക്കുന്നവനാണ് മോശയ്ക്കു പേരു വെളിപ്പെടുത്തിയ ദൈവം. ഈജിപ്തിനെ പ്രഹരിച്ച മഹാമാരികൾ നമുക്ക് എന്നും വലിയ താക്കീതായി നില്ക്കണം. കടൽക്കരയിൽ വന്നടിഞ്ഞ കുതിരകളുടെയും കുതിരക്കാരുടെയും ജഡങ്ങൾ നിലവിളി കേൾക്കുന്ന ദൈവത്തിനു സാക്ഷ്യം വഹിക്കുന്നു. അടയാളങ്ങൾ കണ്ടു മനസു തിരിയുന്നില്ലെങ്കിൽ, വഴി മാറുന്നില്ലെങ്കിൽ, നമുക്കും ഇതു തന്നെയാവും ഗതി എന്നതും മറക്കാതിരിക്കാം.

# 11

## മരുഭൂമിയിലെ പ്രലോഭനങ്ങൾ

*"ജനം തങ്ങളുടെ കാതുകളിൽ നിന്നു സ്വർണ്ണവളയങ്ങളൂരി അഹറോന്റെ മുമ്പിൽ കൊണ്ടുചെന്നു. അവൻ അവ വാങ്ങി മൂശയിലുരുക്കി ഒരു കാളക്കുട്ടിയെ വാർത്തെടുത്തു. അപ്പോൾ അവർ വിളിച്ചുപറഞ്ഞു. ഇസ്രായേലേ ഇതാ ഈജിപ്തിൽ നിന്നു നിങ്ങളെ കൊണ്ടുവന്ന ദേവന്മാർ"* (പുറ 32, 3-4).

തങ്ങളുടെ നിലവിളി കേട്ട് ഇറങ്ങിവന്ന ദൈവത്തിന്റെ ശക്തിയും സംരക്ഷണവും ഇസ്രായേൽ ജനം അനുഭവിച്ചറിഞ്ഞു. ഗോഷേൻ മുതൽ ചെങ്കടൽ വരെയുള്ള യാത്രയിൽ പ്രതിബന്ധങ്ങളും പ്രതിസന്ധികളും ഏറെ ഉണ്ടായെങ്കിലും അവയെല്ലാം വിജയകരമായി തരണം ചെയ്യാൻ ദൈവം അവരെ സഹായിച്ചു. അദ്ഭുതകരമായി പിളർന്നു വഴിയൊരുക്കിയ കടലിൻ നടുവിലൂടെ അവർ മറുകരയ്ക്കു കടന്നു. പിന്തുടർന്നുവന്ന ഈജിപ്തു സൈന്യം കടലിൽ ചത്തുപൊങ്ങിയത് അവർ കണ്ടു. ഇനി അങ്ങോട്ട് വാഗ്ദത്തഭൂമിയിലേക്കുള്ള തീർത്ഥയാത്രയാണ്. ആ യാത്ര മരുഭൂമിയിലൂടെ ആണെന്നതു ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ ഒരു യാഥാർത്ഥ്യം മാത്രമല്ല, ദൈവശാസ്ത്രപരമായ പല ഉൾക്കാഴ്ചകളും ഉൾക്കൊള്ളുന്നുണ്ട്.

### മരുപ്രയാണം

വാഗ്ദത്ത ഭൂമിയിലേക്കുള്ള യാത്ര ഒരു തീർത്ഥാടനമാണ്, വിശുദ്ധമായ ലക്ഷ്യം തേടിയുള്ള യാത്ര. എന്നാൽ യാത്ര മരുഭൂമിയിലൂടെയാണ് - ഒരു മരുപ്രയാണം. ഏറെ ക്ലേശങ്ങൾ സഹിക്കേണ്ടിവരും. കുടിനീരും ആഹാരവും പോലും കിട്ടാതെ വലയേണ്ടിവരും. വിദൂരത്തുള്ള ലക്ഷ്യം പലപ്പോഴും കൺമുന്നിൽ നിന്നു മറഞ്ഞെന്നുവരും. മരുഭൂമിയിലെ ക്ലേശങ്ങൾ അനുഭവിക്കുമ്പോൾ വിട്ടുപോന്ന അടിമത്തം ഇനിയും കണ്ണെത്താദൂരത്തുണ്ട് എന്നു കരുതുന്ന വാഗ്ദത്ത ഭൂമിയേക്കാൾ കൂടുതൽ

ആകർഷകമായി തോന്നും. അപ്പോൾ വിട്ടുപേക്ഷിച്ചതിലേക്കു തിരിച്ചുപോകാൻ ആഗ്രഹമുണരും. അതിനായി പുതിയ നേതാവിനെ കണ്ടെത്തിയെന്നും വരും. നിരവധി പ്രലോഭനങ്ങൾ നിറഞ്ഞുനില്ക്കുന്ന ഇടമാണ് മരുഭൂമി. ഈ പ്രലോഭനങ്ങളിൽ സുപ്രധാനമായ ചിലതിനെ അല്പമൊന്നു അടുത്തപഗ്രഥിക്കുന്നത് തീർത്ഥാടകരായ നമുക്ക് സഹായകമാകും. ദൈവരാജ്യം ലക്ഷ്യം വച്ചുള്ള തീർത്ഥാടനത്തിൽ സാത്താന്റെ പ്രലോഭനങ്ങളും ദൈവാത്മാവിന്റെ പ്രചോദനങ്ങളും തിരിച്ചറിയാൻ സഹായിക്കും.

## 1. വിഗ്രഹം

സീനായ് മലയുടെ അടിവാരം വരെയുള്ള യാത്രയിൽ പ്രലോഭനങ്ങളും തുടർന്ന് ജനത്തിന്റെ പ്രതിഷേധങ്ങളും ഏറെ ഉണ്ടായെങ്കിലും മോശ അവരെ സഹായിച്ചു ധൈര്യപ്പെടുത്തി, നയിച്ചു. അങ്ങനെ സീനായ് മലയടിവാരത്ത് എത്തിയവരുമായി ദൈവം ഉടമ്പടി ചെയ്തു, അവരെ സ്വന്തം ജനമായി, പുരോഹിതരാജ്യവും വിശുദ്ധജനവുമായി സ്വീകരിച്ചു (പുറ 19, 5-6). ബലിമൃഗത്തിന്റെ രക്തം തളിച്ച് ഉടമ്പടി ഉറപ്പിച്ചു (പുറ 24,8). ഉടമ്പടിയുടെ വിശദാംശങ്ങളും നിയമസംഹിതകളും ഏറ്റുവാങ്ങാനായി മലമുകളിലേക്കുപോയ മോശ തിരിച്ചുവരാൻ വൈകി.

ലക്ഷ്യബോധമുള്ള ധീരനും വിശ്വസ്തനുമായ നേതാവിന്റെ അഭാവത്തിൽ ജനത്തിനു ക്ഷമ നശിച്ചു. ഇവിടെയാണ് ഏറ്റം വലിയ പ്രലോഭനം കടന്നുവരുന്നത്. ഇസ്രായേലിന്റെ ആദ്യപാപം എന്നു വിശേഷിപ്പിക്കാറുള്ള സീനായ് അടിവാരത്തിലെ വിഗ്രഹാരാധന. *"ജനം അഹറോനുചുറ്റും കൂടി പറഞ്ഞു. ഞങ്ങളെ നയിക്കാൻ ദേവന്മാരെ ഉണ്ടാക്കിത്തരുക. ഞങ്ങളെ ഈജിപ്തിൽനിന്നു കൊണ്ടുവന്ന മോശ എന്ന മനുഷ്യന് എന്തു സംഭവിച്ചു എന്നു ഞങ്ങൾക്കറിയില്ല"* (പുറ 34,1).

ദേവന്മാർ എന്ന പി.ഒ.സി ബൈബിൾ വിവർത്തനം ചെയ്യുന്നത് "ഏലോഹിം" എന്ന ഹീബ്രുവാക്കാണ്. അതു ബഹുവചനരൂപമാണ്. അതിനാൽ "ദൈവങ്ങൾ" എന്നാണു വിവർത്തനം ചെയ്യേണ്ടത്. എന്നാൽ ദൈവം ഒരുവൻ മാത്രമേ ഉള്ളൂ എന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ദേവന്മാർ എന്നു വിവർത്തനം ചെയ്യുന്നത്. ഇംഗ്ലീഷിൽ വലിയ അക്ഷരത്തിൽ God എന്നും ചെറിയ അക്ഷരത്തിൽ gods എന്നും വിവർത്തനം ചെയ്യുന്നതിലൂടെ വ്യത്യാസം നിലനിർത്തുന്നതിനു സമാനമാണിത്.

അതേസമയം ഏലോഹിം എന്നതു പൂജക ബഹുവചനമായി കരുതി “ദൈവം” എന്നുതന്നെ വിവർത്തനം ചെയ്യാനും സാധ്യതയുണ്ട്. അതാണ് ഉൽപ 1,1 മുതൽ സാധാരണമായി ചെയ്യുന്നത്.

ഏലോഹിം എന്ന ബഹുവചനത്തിന്റെ വ്യാഖ്യാനം എന്തുതന്നെ ആയാലും ഒരു കാര്യം സംശയാതീതമാംവിധം വ്യക്തമാണ്. ജനത്തിനുവേണ്ടി പുരോഹിതൻ ഒരു ദൈവത്തെ ഉണ്ടാക്കി കൊടുക്കണം. ഇതുവരെ നടന്ന അദ്ഭുതകരമായ വിടുതലും വഴിയിലുടനീളം അനുഭവിച്ച സംരക്ഷണവും എല്ലാം ജനം മറന്നു. മോശ അവരുടെമേൽ തളിച്ച ഉടമ്പടിയുടെ ബലി രക്തം ഉണങ്ങുന്നതിനു മുമ്പേയാണ് ഈ ആവശ്യം ഉന്നയിക്കുന്നത്. ഞങ്ങൾക്കു ദൈവത്തെ ഉണ്ടാക്കിത്തരണം! മനുഷ്യനെ സൃഷ്ടിക്കുകയും നയിക്കുകയും ചെയ്യുന്ന ദൈവത്തെയല്ല, മനുഷ്യൻ ഉണ്ടാക്കുന്ന ദൈവത്തെയാണവർക്കാവശ്യം. കാണാനും തൊടാനും എടുത്തുകൊണ്ടു നടക്കാനും പറ്റുന്ന ദൈവം. ഞങ്ങളുടെ ഇഷ്ടമനുസരിച്ചു പ്രവർത്തിക്കുന്ന ദൈവം. ഇതുവരെ കണ്ടതിന്റെ നേർവിപരീതം. ദൈവത്തെ സൃഷ്ടിക്കുന്ന മനുഷ്യൻ; മനുഷ്യന്റെ ഇഷ്ടമനുസരിച്ച് പ്രവർത്തിക്കുന്ന ദൈവം, അതാണ് വിഗ്രഹം. അഹറോന്റെയും ജനത്തിന്റെയും തുടർന്നുള്ള പ്രവർത്തനങ്ങളും പ്രതികരണങ്ങളും ഏറെ ശ്രദ്ധേയമാണ്.

ദൈവഹിതം അനുസരിച്ച് ജനത്തെ നയിക്കാനും ജനത്തിന്റെ പ്രാർത്ഥനകളും കാണിക്കകളും ദൈവത്തിനർപ്പിക്കാനും ദൈവനാമത്തിൽ ജനത്തെ ആശിർവദിക്കാനുമായി ദൈവം തന്നെ തിരഞ്ഞെടുത്തു നിശ്ചയിച്ച പ്രധാന പുരോഹിതനാണ് അഹറോൻ. അയാൾ തന്നെ ഇപ്പോൾ ജനത്തിന്റെ ആഭരണങ്ങൾ വാങ്ങി ചൂളയിൽ ഉരുക്കി കാളക്കൂറ്റനെ വാർത്തെടുത്ത് ആരാധ്യവസ്തുവായി ജനത്തിനുമുമ്പിൽ സമർപ്പിക്കുന്നതിലെ വൈരുധ്യം ഭയാനകം എന്നേ പറയാൻ കഴിയൂ. ഫലപുഷ്ടിയുടെയും പ്രത്യുല്പാദനശക്തിയുടെയും പ്രതീകമാണ് കാളക്കൂറ്റൻ. അതു കാനാൻകാർ ഫലപുഷ്ടിയുടെ ദൈവമായി ആരാധിച്ചിരുന്ന ബാലിന്റെ വാഹനമായും ചിലപ്പോൾ ബാലിന്റെ തന്നെ പ്രതീകമായും കരുതിയിരുന്നു. അതാണ് ഇവിടെ അഹറോൻ ജനങ്ങൾക്ക് ആരാധനാവസ്തുവായി നല്കുന്നത്.

പ്രതിമ കണ്ട ജനം ഭക്തിപാരവശ്യത്തിൽ മുഴുകി. ഭക്തി

ഉന്മദമായി. അവർ വിളിച്ചുകൂവി. *"ഇസ്രായേലേ, ഇതാ ഈജിപ്തിൽനിന്നു നിന്നെ കൊണ്ടുവന്ന ദൈവം(ങ്ങൾ)"* (പുറ 32, 4) അഹറോനു ഹരമായി. കാളക്കൂറ്റനു മുമ്പിൽ ബലിപീഠം പണിതു, കർത്താവിന്റെ ഉത്സവം വിളംബരം ചെയ്തു. കാളക്കൂറ്റനെ കർത്താവായി പ്രതിഷ്ഠിച്ചു. ജനം തിന്നു കുടിച്ച് മദിച്ചു, അഴിഞ്ഞാടി. വഴി പിഴയ്ക്കുന്ന മതാത്മകതയുടെ നേർക്കാഴ്ച. ആരാധന ആഭാസമായി മാറുന്നു; ഉത്സവം ഉറഞ്ഞുതുള്ളലായിത്തീരുന്നു. നേതൃത്വം നല്കുന്നത് പ്രധാനപുരോഹിതൻ!

രക്ഷാചരിത്രത്തിലെ ഏറ്റം നിർണ്ണായകമായ ആദ്യ സംഭവമായിരുന്നു സീനായ് ഉടമ്പടി. ആ ഉടമ്പടിയുടെ പ്രമാണങ്ങൾ നല്കപ്പെടുന്ന സമയത്തുതന്നെ ഉടമ്പടി ലംഘിക്കപ്പെടുന്നു, അതും പ്രധാന പുരോഹിതന്റെ നേതൃത്വത്തിൽ! പ്രമാണപ്പലകകളുമായി മലയിറങ്ങിവന്ന മോശ ഉടമ്പടിയുടെ കല്പനകകൾ എറിഞ്ഞുടച്ചു. സ്വർണ്ണവിഗ്രഹം തകർത്തു പൊടിയാക്കി വെള്ളത്തിൽ കലക്കി ജനത്തെ കുടിപ്പിച്ചു. ജനത്തിന്റെ പ്രവൃത്തിയുടെ കാഠിന്യം വ്യക്തമാക്കുന്നതാണ് ഈ പ്രവർത്തനങ്ങൾ. മോശ വീണ്ടും ജനത്തിനുവേണ്ടി മാധ്യസ്ഥ്യം യാചിച്ചു; ദൈവം ക്ഷമിച്ചു. തുടർന്നും നയിക്കാം എന്ന വാഗ്ദാനം ചെയ്തു (പുറ 32, 30–33, 17).

## ഇന്നിന്റെ പ്രസക്തി

എന്നും പ്രസക്തമായൊരു പാഠമാണ് സീനായ് അടിവാരത്തിലെ സ്വർണ്ണവിഗ്രഹം. എനിക്കു കാണാനും എടുത്തുകൊണ്ടു നടക്കാനും കഴിയുന്ന, എന്റെ ആവശ്യങ്ങളും ആഗ്രഹങ്ങളും എല്ലാ "ഉദ്ദിഷ്ടകാര്യങ്ങളും" സാധിച്ചുതരുന്ന ഒരു ദൈവം. അതു യഥാർത്ഥ ദൈവമല്ല, എന്റെ തന്നെ സൃഷ്ടിയായ വിഗ്രഹമാണ് എന്നു തിരിച്ചറിയുക എപ്പോഴും എളുപ്പമായെന്നു വരില്ല. പല പേരുകളിൽ അറിയപ്പെടുന്ന ദൈവങ്ങളോ ദേവന്മാരോ വിശുദ്ധരോ ആകാം, അദ്ഭുതസിദ്ധിയുണ്ട് എന്നറിയപ്പെടുന്ന തീർത്ഥാടന കേന്ദ്രങ്ങളാകാം, വിശുദ്ധർ എന്നറിയപ്പെടുന്ന വ്യക്തികളാകാം. അങ്ങനെ മതാത്മകതലത്തിൽത്തന്നെ എത്രയെത്ര വിഗ്രഹങ്ങൾ, അദ്ഭുതപ്രവർത്തനകേന്ദ്രങ്ങൾ, ആൾദൈവങ്ങൾ! സഹസ്രകോടികൾ വിലമതിക്കുന്ന നിക്ഷേപങ്ങൾ കാത്തുസൂക്ഷിക്കുന്ന നിലവറകൾ; മുനിയറകൾ, ഭണ്ഡാരങ്ങൾ. അവയ്ക്കു കാവലിരിക്കുന്നവർ; അവയിൽനിന്ന് ആരുമറിയാതെ മോഷ്ടിച്ചു

കാര്യസാധ്യം നേടുന്നവർ. മതാത്മകമേഖലയിൽ സുവർണ്ണ കാള കൂറ്റൻ ഇന്നും സ്വൈര്യവിഹാരം നിർബാധം തുടരുന്നു.

മതാത്മകമേഖലയിൽ മാത്രമല്ല വിഗ്രഹങ്ങൾക്കു പ്രസക്തി. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഇതിനു പ്രാധാന്യവും പ്രസക്തിയുമുണ്ട്. സത്യദൈവം ഒഴികെ പരമമൂല്യമായി മനുഷ്യൻ കരുതുന്നതെന്തും വിഗ്രഹമായിത്തീരുന്നു. അതു സുഖഭോഗങ്ങളാകാം, പേരും പ്രശസ്തിയുമാകാം; സർവ്വോപരി, എല്ലാ തിന്മയുടെയും അടിസ്ഥാനകാരണമായ (1 തിമോ 6,10) ധനമോഹമാകാം. ഭൗതികമേഖലയിലും വിഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നു. മതാനന്തരം, സത്യാനന്തരം എന്നൊക്കെ വിശേഷിപ്പിക്കുന്ന ഉത്തരാധുനിക ലോകത്തിൽ ഇത്തരം വിഗ്രഹങ്ങൾക്കു പ്രാധാന്യം വർദ്ധിക്കുന്നതേയുള്ളൂ.

ജനത്തിന്റെ സമ്പത്തു പിടിച്ചെടുത്ത്, വിഗ്രഹങ്ങളുണ്ടാക്കി അഴിഞ്ഞാടാൻ വേദിയൊരുക്കുന്ന അഹറോൻമാർ എല്ലാ മേഖലകളിലും ഉണ്ട് എന്നു തിരിച്ചറിയാൻ മോശയുടെ ചോദ്യം: *"നീ ഈ ജനത്തിന്റെ മേൽ ഇത്ര വലിയൊരു പാപം വരുത്തിവയ്ക്കാൻ അവർ നിന്നോട് എന്തു ചെയ്തു?"* (പുറ 32, 21) സഹായിക്കണം. *"അവർ സ്വർണ്ണം കൊണ്ടുവന്നു, ഞാനതു തീയിലിട്ടു, അപ്പോൾ ഈ കാളക്കുട്ടി പുറത്തുവന്നു"* (32, 22-24) എന്ന മുടന്തൻന്യായം വിലപ്പോകില്ല. എല്ലാം കാണുന്ന ദൈവത്തിന്റെ മുമ്പിൽ നേതാക്കളും ജനങ്ങളും മറുപടി പറയാൻ നിർബന്ധിതരാകും എന്ന ഓർമ്മപ്പെടുത്തലും ഈ വിവരണത്തിലുണ്ട്.

## 2. അത്യാഗ്രഹം - ആസക്തി

മരുഭൂമിയിലൂടെയുള്ള ഇസ്രായേൽ ജനത്തിന്റെ തീർത്ഥാടനത്തിൽനിന്നും ലഭിക്കുന്ന സുപ്രധാനമായ രണ്ടാമത്തെ പാഠം ആവശ്യങ്ങളെയും ആഗ്രഹങ്ങളെയും സംബന്ധിച്ചുള്ളതാണ്. ചെങ്കടൽ കടന്നു മരുഭൂമിയിൽ പ്രവേശിച്ചവർക്ക് ആഹാരം ഇല്ലാതായി; കുടിനീരും കിട്ടാതായി. രണ്ടിനും വേണ്ടി അവർ യാചിച്ചു, മോശയോടു പരാതി പറഞ്ഞു, പ്രതിഷേധിച്ചു, നിലവിളിച്ചു. തികച്ചും ന്യായമായ ആവശ്യങ്ങളായിരുന്നു അത്. ദൈവം അവരുടെ പ്രതിഷേധങ്ങളെ കുറ്റപ്പെടുത്തിയില്ല. യാചന അനുഭാവപൂർവം പരിഗണിച്ചു. ആകാശത്തുനിന്നു മന്നാ വർഷിച്ചു; പാറയിൽനിന്ന് കുടിനീരൊഴുക്കി (പുറ 15, 22-16, 36). ഭക്ഷിച്ചും പാനം ചെയ്തും അവർ തൃപ്തരായി, ശക്തിയാർജ്ജിച്ചു, യാത്ര തുടർന്നു.

എന്നാൽ നാളുകൾ കഴിഞ്ഞപ്പോൾ മന്നാ അവർക്കു വേണ്ടെ ന്നായി. രുചികരമായ, മാലാഖാമാരുടെ അപ്പം എന്നൊക്കെ ആദ്യ മാദ്യം വിശേഷിപ്പിച്ച മന്നാ തിന്നു മടുത്തവർക്ക് അത് അരോച കമായി. ഈജിപ്തിലെ ഇറച്ചിച്ചട്ടിയുടെ ഓർമ്മയിൽ വായിൽ വെള്ളം ഊറിയപ്പോൾ മന്നാ "വിലകെട്ട അപ്പം" (സംഖ്യ 21, 5; 11, 4-6) ആയിത്തീർന്നു. ഈജിപ്തിലെ അടിമത്തവും നിലവി ളിയും എല്ലാം എത്രവേഗം മറന്നു! ഇപ്പോൾ രുചികരമായ ആഹാരം വേണം. ദിവസേന വെറുതെ കിട്ടുന്ന മന്നാ പോരാ, മാംസം വേണം. രുചികരമായ ആഹാരം!

ഇവിടെ ജീവൻ നിലനിർത്താനും വളർത്താനും ആവശ്യമായ ആഹാരമല്ല പ്രശ്നം, മറിച്ച് ആസ്വദിക്കാനുള്ള ആസക്തിയാണു മുന്നിൽ. ദൈവം അവരുടെ നിലവിളി കേട്ടു. എന്നാൽ ഇപ്പോൾ അത് ന്യായമായ ആവശ്യത്തിന്റെ പേരിലല്ല, സുഖാസ്വാദനത്തി നുവേണ്ടി ആയിരുന്നു. അതിനാൽ ദൈവം മറുപടി നല്കി: *"കർത്താവു നിങ്ങൾക്കു ഇറച്ചിതരും. നിങ്ങൾ അതു തിന്നുകയും ചെയ്യും. ഒന്നോ രണ്ടോ അഞ്ചോ പത്തോ ഇരുപതോ ദിവസ ത്തേക്കല്ല, നിങ്ങൾ അതു തിന്നുക. നിങ്ങളുടെ മൂക്കിലൂടെ പുറ ത്തുവന്ന് ഓക്കാനം വരുന്നതുവരെ ഒരു മാസത്തേക്ക് നിങ്ങൾ അതു തിന്നും"* (സംഖ്യ 11, 18-19). ചോദിച്ചു വാങ്ങിയ ആഹാരം തന്നെ വലിയ കെണിയായിത്തീർന്നു.

കർത്താവു വാക്കു പാലിച്ചു. കാറ്റിന്റെ ചിറകുകളിൽ കാടപ്പ ക്ഷികൾ വന്നു, കൂടാരത്തിനുചുറ്റും പത്തുകിലോമീറ്റർ വിസ്തൃ തിയിൽ മൂന്നടി ഘനത്തിൽ വീണു. ജനത്തിനു സന്തോഷമായി. ആർത്തിയോടെ വാരിവിഴുങ്ങി. *"ഇറച്ചി ഭക്ഷിച്ചുകൊണ്ടിരിക്കു മ്പോൾത്തന്നെ കർത്താവിന്റെ കോപം ജനത്തിന്റെ മേൽ ആളി ക്കത്തി. ഒരു മഹാമാരി അയച്ച് അവിടുന്ന് അവരെ ശിക്ഷിച്ചു. അത്യാഗ്രഹികളെ സംസ്കരിച്ചതുകൊണ്ട് ആ സ്ഥലത്തിന് കിബ്രോത്ത് ഹത്താവാ എന്നു പേരിട്ടു"* (സംഖ്യ 11, 31-34). അത്യാ ഗ്രഹത്തിന്റെ ശവക്കുഴി എന്നാണു പേരിനർത്ഥം.

എന്നും പ്രസക്തമാണ് കിബ്രോത്ത് ഹത്താവാ. ഉപഭോഗ സംസ്കാരത്തിന്റെ പ്രതീകമായി അതിനെ കരുതാനാവും. എത്ര കിട്ടിയാലും തൃപ്തിയാവാതെ വാരിക്കൂട്ടാനും അസ്വദിക്കാനു മുള്ള ആർത്തി. പുരാതന റോമാക്കാരുടെ വിരുന്നുശാലയോട നുബന്ധിച്ച് ഒരു ഛർദ്ദിശാല(Vomitorium)യും ഉണ്ടായിരുന്നു. ഇഷ്ട

ഭോജനം ആസ്വദിച്ചു വയർ നിറയുമ്പോൾ അവിടെ പോയി തൊണ്ടയിൽ വിരലിട്ട് ഛർദ്ദിക്കും; വായ കഴുകി വീണ്ടും ഭക്ഷണം ആസ്വദിക്കും. ഭക്ഷണം മാത്രമല്ല, ആസ്വാദനത്തിന്റെയും ആസക്തിയുടെയും എല്ലാ മേഖലകൾക്കും ഒരു താക്കീതായി നില്ക്കുന്നു കിബ്രോത്ത് ഹത്താവാ, ആഹാരം, വസ്ത്രം, പാർപ്പിടം, വാഹനം, വിനോദം എന്നുവേണ്ട മനുഷ്യജീവിതത്തിന്റെ സകല മേഖലകളിലും അതിർത്തികൾ ലംഘിക്കുന്നതിനെതിരേ ശക്തമായൊരു താക്കീത്.

### 3. നേതൃത്വം

മരുപ്രയാണത്തിലെ മറ്റൊരു വലിയ പ്രലോഭനമാണ് നേതൃത്വം. ആത്മീയവും ഭൗതികവുമായ മണ്ഡലങ്ങളിൽ ഈ പ്രലോഭനം കടന്നുവരുന്നതായി ബൈബിൾ രേഖപ്പെടുത്തിയിട്ടുണ്ട്. തന്റെ പരിമിതികളെയും കഴിവുകേടുകളെയും കുറിച്ച് ഉത്തമബോധ്യമുണ്ടായിരുന്ന മോശ പലതവണ ഒഴിഞ്ഞുമാറാൻ ശ്രമിച്ചിട്ടും വിടാതെ പിടികൂടിയ ദൈവത്തിന്റെ നിർബന്ധത്തിന് വഴങ്ങിയാണ് നേതൃത്വം ഏറ്റെടുത്തത്. ജ്യേഷ്ഠൻ അഹറോനെ ദൈവം തന്നെ സഹായകനും പ്രവാചകനുമായി നല്കുകയും ചെയ്തു (പുറ 4, 1-17).

എന്നാൽ നാളുകൾ കഴിഞ്ഞപ്പോൾ മോശയുടെ നേതൃത്വത്തിൽ പലർക്കും അസൂയയായി, അസൂയ അതൃപ്തിയും പ്രതിഷേധവുമായി വളർന്നു. നേതൃത്വനിരയുടെ മുന്നണിയിൽത്തന്നെയാണ് ഈ പിളർപ്പുണ്ടായത്. മോശ, അഹറോൻ, മിരിയാം എന്നീ മൂവർ സംഘമായിരുന്നു നേതൃത്വമുന്നണി. എന്നാൽ അഹറോനും മിരിയാമും മോശയ്ക്കെതിരേ തിരിഞ്ഞു. *"മോശയുടെ ഭാര്യയായ കുഷ്യസ്ത്രീയെ പ്രതി മിരിയാമും അഹറോനും അവനെതിരായി സംസാരിച്ചു. കർത്താവു മോശവഴി മാത്രമാണോ സംസാരിച്ചിട്ടുള്ളത്? ഞങ്ങളിലൂടെയും സംസാരിച്ചിട്ടില്ലേ എന്നവർ ചോദിച്ചു"* (സംഖ്യ 12, 1-2).

മോശയുടെ വിജാതീയ ഭാര്യ ഒരു നിമിത്തമായി അവർ എടുത്തുകാട്ടുന്നതേയുള്ളൂ; യഥാർത്ഥ കാരണം അസൂയയാണ്. മൂവരിൽ ഏറ്റം ഇളയവനാണ് മോശ. മൂത്ത സഹോദരി മിരിയാമാണ് ശിശുവായ മോശയ്ക്കു കാവൽ നിന്നത്. ജ്യേഷ്ഠൻ അഹറോൻ വക്താവായും വർത്തിച്ചു. ഇപ്പോൾ ഏറ്റം ഇളയ സഹോദരൻ നേതാവാകുന്നത് അവർക്കു ദഹിക്കുന്നില്ല. അധികാരമോഹം

അസൂയ, കിടമത്സരം. ദൈവം നേരിട്ട് ഇടപെട്ട് മോശയ്ക്ക് അംഗീകാരവും സഹോദരങ്ങൾക്കു താക്കീതും നല്കി. രണ്ടുപേരും ഒരേ തെറ്റു ചെയ്തിട്ടും എന്തേ മിരിയാമിനെ മാത്രം കുഷ്ഠം അയച്ചു ശിക്ഷിച്ചു എന്ന ചോദ്യത്തിന് ബൈബിൾ മറുപടി നല്കുന്നില്ല. എന്നാൽ അഹറോനാണ് ആദ്യം കാണുന്നതെന്നും മോശയോട് മാപ്പു പറയുകയും മാധ്യസ്ഥ്യം തേടുകയും ചെയ്യുന്നത് (സംഖ്യ 12, 9–16) എന്നും പറയുമ്പോൾ, പുരോഹിതനാകയാൽ അഹറോനെ കുഷ്ഠത്തിൽനിന്ന് ഒഴിവാക്കിയെങ്കിലും താക്കീത് ഇരുവർക്കുംവേണ്ടി ആയിരുന്നു എന്ന് സൂചിപ്പിക്കുന്നുണ്ട്.

തുടർന്നുള്ള യാത്രയിൽ നേതൃത്വത്തിനുവേണ്ടിയുള്ള മത്സരം പലതവണ സംഭവിക്കുന്നതായി കാണാം. കോറഹ്, ദാത്താൻ, അബീറാം എന്നിവർ മോശയ്ക്കും അഹറോനും എതിരേ തിരിഞ്ഞു. നേതൃത്വത്തിനുവേണ്ടി കലഹവും കലാപവുമായി. ഇവിടെ ദൈവത്തിന്റെ മറുപടി കൂടുതൽ ഭീകരമായിരുന്നു: *"അവർക്കു താഴെ നിലം പിളർന്നു. ഭൂമി വാപിളർന്ന് കോറഹിനെയും അനുചരന്മാരെയും അവരുടെ കുടുംബാംഗങ്ങളോടും വസ്തുവകകളോടും കൂടെ വിഴുങ്ങി"* (സംഖ്യ 16, 32). പൗരോഹിത്യത്തെ സംബന്ധിച്ചും തർക്കമുണ്ടായി. തളിർത്തവടിയുടെ അടയാളം വഴി ദൈവം അഹറോന്റെ പൗരോഹിത്യവും നേതൃത്വവും സ്ഥിരീകരിച്ചു (സംഖ്യ 17, 1–11).

## ഇന്നിന്റെ പ്രസക്തി

അധികാരത്തിനും നേതൃത്വത്തിനും വേണ്ടിയുള്ള മത്സരങ്ങൾ എല്ലാ മേഖലകളിലും ഇന്നു വർദ്ധിച്ചിട്ടേയുള്ളൂ. അധികാരമോഹികൾക്കു കത്തോലിക്കാസഭയിൽ സ്ഥാനമില്ല എന്നു ഫ്രാൻസിസ് മാർപാപ്പ പറയുമ്പോൾ മതമേഖലയും ഈ പ്രലോഭനത്തിൽനിന്നു മുക്തമല്ല എന്നു ഏറ്റു പറയുകയാണല്ലോ. അധികാരം നേടിത്തരുന്ന അംഗീകാരവും പ്രശസ്തിയും എല്ലാ മേഖലകളിലും സ്വാധീനവും സമ്പത്തും എല്ലാം പ്രലോഭനഹേതുവാകുന്നു. നാടു നശിക്കുന്നതിനും മത-സഭാസമൂഹങ്ങളിൽ ഭിന്നിപ്പും പിളർപ്പും ഉണ്ടാകുന്നതിനും അധികാരമോഹം ഒരു മുഖ്യകാരണമാകുന്നു എന്നതിനു ചരിത്രം തന്നെ സാക്ഷി.

മോശയെക്കുറിച്ചു ദൈവത്തിന്റെ കണ്ണിലൂടെ വിശുദ്ധകാരൻ നടത്തുന്ന ഒരു വിലയിരുത്തൽ ഇവിടെ പ്രത്യേകം ശ്രദ്ധേയ

മാകുന്നു. *“മോശ ഭൂമുഖത്തുള്ള എല്ലാ മനുഷ്യരിലും വച്ച് ഏറ്റം സൗമ്യനായിരുന്നു”* (സംഖ്യ 11,3). മോശ ദൈവത്തെ മുഖാഭിമുഖം കണ്ടിട്ടുണ്ട്; ദൈവം മോശയോടു നേരിട്ടു സംസാരിച്ചിട്ടുമുണ്ട് (സംഖ്യ 12, 6-8; നിയ 34, 10). ദൈവമാണ് മോശയെ നേതാവായി നിശ്ചയിച്ചത്; മോശ സ്വന്തമായി ഏറ്റെടുത്തതല്ല. ദൈവം തനിക്കിഷ്ടപ്പെട്ടവരെ തിരഞ്ഞെടുക്കുന്നു, ശാക്തീകരിക്കുന്നു, ദൗത്യം ഏല്പിക്കുന്നു. അതിനാൽ ആർക്കും അഹങ്കരിക്കാൻ കാരണമില്ല. അസൂയപ്പെടുകയും വേണ്ടാ. ഇതാണ് ആദ്യത്തെ പാഠം.

ഇതോടൊപ്പം നേതൃത്വത്തെക്കുറിച്ച് യേശു നല്കുന്ന പാഠവും കൂട്ടി വായിക്കണം. ശിഷ്യരുടെ മുമ്പിൽ മുട്ടുകുത്തി അവരുടെ പാദങ്ങൾ കഴുകിയതിനുശേഷമാണ് സഭയിലെ നേതൃത്വത്തിന്റെ സ്വഭാവം വിശദീകരിക്കുന്നത്. *“ഞാൻ നിങ്ങൾക്കു ചെയ്തതു പോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്കൊരു മാതൃക നല്കിയിരിക്കുന്നു”* (യോഹ 13,15). തങ്ങളിൽ ആരാണ് വലിയവൻ എന്ന ശിഷ്യന്മാരുടെ ചോദ്യത്തിനു നല്കിയ മറുപടിയും നേതൃത്വത്തിന്റെയും അധികാരത്തിന്റെയും സ്വഭാവം വ്യക്തമാക്കുന്നു: *“....... നിങ്ങൾ അങ്ങനെ ആയിരിക്കരുത്. നിങ്ങളിൽ ഏറ്റവും വലിയവൻ ചെറിയവനെപ്പോലെയും അധികാരമുള്ളവൻ ശുശ്രൂഷകനെപ്പോലെയും ആയിരിക്കണം”* (ലൂക്കാ 22, 24-27). സേവനത്തിനുള്ള അവകാശവും കടമയുമാണ് അധികാരം. അവിടെ അസൂയയ്ക്കും മത്സരത്തിനും അഹങ്കാരത്തിനും ഇടമില്ല.

## 4. ഭീരുത്വം

വലിയ ക്ലേശങ്ങളും സഹനങ്ങളും പ്രതിബന്ധങ്ങളും കർത്താവിന്റെ സഹായത്തോടെ തരണം ചെയ്തു മരുഭൂമി യാത്രയുടെ അവസാനത്തെ താവളത്തിൽ ജനം എത്തി, വാഗ്ദത്ത ഭൂമിയുടെ പടിവാതില്ക്കൽ. പക്ഷേ സധൈര്യം മുന്നോട്ടുപോയി യുദ്ധം ചെയ്തു നാടു സ്വന്തമാക്കുന്നതിനുപകരം അവർ പിന്തിരിഞ്ഞു മരുഭൂമിയിലൂടെ വീണ്ടും അലയേണ്ടിവന്നു, നാല്പതുവർഷം. കാരണം? ഭീരുത്വം.

കാനാൻദേശത്തിന്റെ തെക്കെ അതിർത്തിയിലുള്ള പാരാൻ മരുഭൂമിയിലെ കാദെശ് ബർണെയായിൽ നിന്ന് ദേശം നിരീക്ഷിക്കാനായി ഗോത്രത്തിനു ഒന്നുവീതം തിരഞ്ഞെടുത്ത പന്ത്രണ്ടു

ചാരന്മാരെ അയച്ചു വിവരങ്ങൾ ശേഖരിച്ചതാണ്. കർത്താവു തങ്ങൾക്കു നല്കുന്ന ദേശത്തിന്റെ ഫലപുഷ്ടിയും മനോഹാരിതയും അവർ കണ്ടു മനസിലാക്കി. സാക്ഷ്യമായി രണ്ടുപേർ കൂടി ഒരു മുന്തിരിക്കുല ചുമന്നുകൊണ്ടു വന്നു. എന്നാൽ ആ ദേശം യുദ്ധം ചെയ്തു കീഴടക്കാൻ തങ്ങൾക്കു കഴിയില്ല; ദേശവാസികൾ തങ്ങളേക്കാൾ ശക്തരാണ് എന്നു പന്ത്രണ്ടു ചാരന്മാരിൽ പത്തുപേരും പറഞ്ഞു. ജോഷ്വാ - കാലെബ് എന്ന രണ്ടു പേരുടെ എതിർസാക്ഷ്യം ജനത്തിനു വിശ്വസനീയമായില്ല. മോശയ്ക്കു പകരം പുതിയൊരു നേതാവിനെ തിരഞ്ഞെടുത്ത് ഈജിപ്തിലേക്കു തിരിച്ചുപോകണം എന്ന പൊതുജനസ്വരം ഉയർന്നു.

വാഗ്ദത്ത ഭൂമിയിലേക്കുള്ള തീർത്ഥാടനത്തിലെ ഏറ്റം നിർണായകമായ പ്രതിസന്ധിയും പ്രലോഭനവുമായിരുന്നു ഇത്. സംഖ്യാപുസ്തകത്തിലെ രണ്ടധ്യായങ്ങൾ (13-14) മൊത്തം 78 വാക്യങ്ങൾ ഇതിന്റെ വിവരണത്തിനുവേണ്ടി മാറ്റിവയ്ക്കുന്നതിൽ നിന്നുതന്നെ വി. ഗ്രന്ഥകാരൻ ഈ സംഭവത്തിനു നല്കുന്ന അതുല്യപ്രാധാന്യം വ്യക്തമാകുന്നു.

## കാദെശിലെ കലാപം നല്കുന്ന പാഠങ്ങൾ

ദൈവരാജ്യത്തിലേക്കുള്ള തീർത്ഥാടനം എളുപ്പമായിരിക്കയില്ല എന്ന പാഠമാണ് ആദ്യമേ ഇതിൽനിന്നു ലഭിക്കുന്നത്. വില കൊടുക്കാൻ തയ്യാറാകാത്ത അലസർക്ക് സൗജന്യമായി നല്കപ്പെടുന്ന ഒന്നല്ല ദൈവരാജ്യം. യേശുതന്നെ ഇതു ശക്തമായ ഭാഷയിൽ അനുസ്മരിപ്പിക്കുന്നുണ്ട്. *"സ്നാപകയോഹന്നാന്റെ നാളുകൾ മുതൽ ഇന്നുവരെ സ്വർഗ്ഗരാജ്യം ബലപ്രയോഗത്തിനു വിഷയമായിരിക്കുന്നു. ബലവാന്മാർ അതു പിടിച്ചടക്കുന്നു"* (മത്താ 11, 12). *"എല്ലാവരും ബലം പ്രയോഗിച്ച് അതിൽ പ്രവേശിക്കുന്നു"* (ലൂക്കാ 16, 16) എന്നു ലൂക്കായുടെ ഭാഷ്യം. ഏതെങ്കിലും മാനുഷികവ്യക്തികൾക്കോ സംവിധാനങ്ങൾക്കോ എതിരായുള്ള ബലപ്രയോഗമല്ല ഇവിടെ വിവക്ഷിക്കുന്നത്, മറിച്ച് തിന്മയുടെ ശക്തിയോടുള്ള സംഘട്ടനം. അതിനുവേണ്ടി മരണംവരെ ഏറ്റെടുക്കാനുള്ള സന്നദ്ധത, ധൈര്യം; തന്നോടുതന്നെയുള്ള പോരാട്ടം. അതില്ലാതെ പോകുന്നതാണ് തീർത്ഥാടനത്തിൽ നേരിടുന്ന വലിയൊരപകടം; പ്രലോഭനം.

അതുകൊണ്ടു തന്നെയാണ് ദൈവരാജ്യത്തിന്റെ സാക്ഷാൽക്കാരമായ പുതിയ ആകാശവും പുതിയ ഭൂമിയും സംജാതമാകു

മ്പോൾ അതിൽ പ്രവേശനം നിഷേധിക്കപ്പെടുന്ന എട്ടുപേരുടെ പട്ടികയിൽ ആദ്യമേ വരുന്നത് ഭീരുക്കളാണ് എന്നു യോഹന്നാൻ പറയുന്നത് (വെളി 21, 8). ജീവനിലേക്കു നയിക്കുന്ന വാതിൽ ഇടുങ്ങിയതും വഴി വീതികുറഞ്ഞതുമാണ് (മത്താ 7, 14) എന്ന ഗുരുമൊഴിയും ഈ യാഥാർത്ഥ്യത്തിലേക്കു വിരൽചൂണ്ടുന്നു. മാതാപിതാക്കന്മാരെയും മറ്റു ബന്ധുമിത്രാദികളെയും എന്നല്ല, സ്വന്തം ജീവൻ തന്നെ ഉപേക്ഷിക്കാൻ തയ്യാറാകാത്ത ആർക്കും തന്റെ ശിഷ്യനായിരിക്കാൻ കഴിയില്ല എന്ന യേശുവിന്റെ താക്കീതും (ലൂക്കാ 14, 25-27; 9,5762; മത്താ 10, 34-38) തീർത്ഥാടകന് ആവശ്യമായ ധൈര്യത്തെയും ക്ലേശങ്ങൾ നേരിടാനുള്ള സന്നദ്ധതയെയും കുറിച്ച് ഉദ്ബോധിപ്പിക്കുന്നു.

കാദെശ് ബർണെയായിലെ കലഹം ഭീരുത്വത്തിന്റെ പ്രകടനമായിരുന്നു. ജനം അതിനു വലിയ വില കൊടുക്കേണ്ടിവന്നു, മരുഭൂമിയിലൂടെ 40 വർഷത്തെ അലച്ചിൽ. *"നാല്പതുദിവസം നിങ്ങൾ ആ ദേശം രഹസ്യനിരീക്ഷണം നടത്തി. ഒരു ദിവസത്തിന് ഒരു വർഷം വീതം നാല്പതു വർഷത്തേക്ക് നിങ്ങളുടെ ആ കൃത്യത്തിന് നിങ്ങൾ പ്രായശ്ചിത്തം ചെയ്യണം"* (സംഖ്യ 14, 34). ഒരു തലമുറ മുഴുവൻ മരുഭൂമിയിൽ അലഞ്ഞു, മരിച്ചു മണ്ണടിഞ്ഞു. അടുത്ത തലമുറ ജോഷ്വായുടെ നേതൃത്വത്തിൽ നിഷ്പ്രയാസം വാഗ്ദത്ത ഭൂമി സ്വന്തമാക്കി.

ദൈവരാജ്യത്തിൽ പ്രവേശിക്കാൻ, ദൈവരാജ്യം സ്വന്തമാക്കാൻ വില കൊടുത്തേ മതിയാകൂ. എന്നത്തേക്കാൾ ഏറെ ഇന്ന് ഇതു വ്യക്തമാകുന്നു. ക്രിസ്ത്യാനി എന്നതിന്റെ പേരിൽ പീഡനമേല്ക്കുകയും കൊല്ലപ്പെടുകയും ചെയ്യുന്നവരുടെ സംഖ്യ നാൾക്കുനാൾ വർദ്ധിച്ചുവരുന്നു, പ്രത്യേകിച്ചും ക്രിസ്ത്യാനികൾ തുച്ഛമായ ന്യൂനപക്ഷമായിരിക്കുന്ന രാജ്യങ്ങളിൽ. ഇവിടെ പരിശുദ്ധാത്മാവു നല്കുന്ന ധൈര്യം എന്നും പ്രകടമായിക്കൊണ്ടിരിക്കുന്നു.

എന്നാൽ സമ്പൂർണ്ണ മതസ്വാതന്ത്ര്യമുള്ള ക്രിസ്ത്യൻ എന്നറിയപ്പെടുന്ന രാജ്യങ്ങളിൽ ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ അനുസരിച്ചു ജീവിക്കാൻ വില കൊടുക്കാൻ തയ്യാറാകുന്നവരുടെ എണ്ണം നാൾക്കുനാൾ കുറഞ്ഞുവരുന്നു. വിശ്വാസം തന്നെ അർത്ഥശൂന്യമായി പരിഗണിക്കപ്പെടുന്നിടത്ത് ക്രിസ്തീയമൂല്യങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾക്കു മുന്നിൽ ഭീരുത്വമല്ലേ പ്രകടമാകുന്നത് എന്ന സംശയം ജനിക്കുന്നു.

സീനായിലെ സ്വർണ്ണം കൊണ്ടുള്ള കാളക്കൂറ്റനും കിബ്രോത്ത് ഹത്താവാ പ്രകടമാക്കുന്ന ആസക്തികളും നേതൃത്വത്തിനുവേണ്ടി പ്രയാണമധ്യേ പലപ്പോഴും നടന്ന മത്സരങ്ങളും കാദെശ് ബർണെയായിൽ പ്രകടമായ ഭീരുത്വവും എല്ലാം ഇന്നും ഏറെ പ്രസക്തങ്ങളായ ഓർമ്മപ്പെടുത്തലുകളും താക്കീതുകളുമായി നിലനില്ക്കുന്നു. നിത്യജീവൻ ലക്ഷ്യമാക്കി ഈ ലോകമാകുന്ന മരുഭൂമിയിലൂടെ തീർത്ഥാടനം ചെയ്യുന്നവരാണ് നാമെല്ലാം. ഈ മരുപ്രയാണമധ്യേ ഉണ്ടാകുന്ന പ്രലോഭനങ്ങൾ തിരിച്ചറിയാനും ചെറുത്തു തോല്പിക്കാനും ഇസ്രായേലിന്റെ അനുഭവങ്ങൾ, പാഠമാകണം, സഹായകമാകണം.

# 12

## അനുഗ്രഹവും ശാപവും

*"ഇതാ ഞാൻ നിന്റെ മുമ്പിൽ ജീവനും നന്മയും, മരണവും തിന്മയും വച്ചിരിക്കുന്നു... നീയും നിന്റെ സന്തതികളും ജീവിക്കേണ്ടതിനു ജീവൻ തിരഞ്ഞെടുക്കുക. നിന്റെ ദൈവമായ കർത്താവിനെ സ്നേഹിച്ച്, അവിടുത്തെ വാക്കുകേട്ട്, അവിടുത്തോടു ചേർന്നു നില്ക്കുക; നിനക്കു ജീവനും ദീർഘായുസും ലഭിക്കും. നിന്റെ പിതാക്കന്മാരായ അബ്രാഹത്തിനും ഇസഹാക്കിനും യാക്കോബിനും നല്കുമെന്നു കർത്താവു ശപഥം ചെയ്ത ദേശത്തു നീ വസിക്കുകയും ചെയ്യും"* (നിയ 30, 15-20).

### നിയമാവർത്തന പുസ്തകത്തിൽ

വാഗ്ദത്ത ഭൂമിയിലേക്കുള്ള തീർത്ഥാടനം അതിന്റെ അവസാനത്തെ ഘട്ടത്തിലെത്തി. നാടു കീഴടക്കാനുള്ള പോരാട്ടത്തിനൊരുങ്ങി, മൊവാബു സമതലത്തിൽ പാളയമടിച്ചു കഴിയുന്ന ഇസ്രായേൽ ജനത്തിന് വിമോചകനേതാവായ മോശ നല്കുന്ന അന്തിമോപദേശങ്ങൾ എന്ന രീതിയിലാണു നിയാമർത്തനപുസ്തകം ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഈജിപ്തിൽ നിന്നുള്ള പുറപ്പാടു മുതൽ നാളിതുവരെ ദൈവം നയിച്ച വഴികളെല്ലാം മോശ അവരെ അനുസ്മരിപ്പിക്കുന്നു. അവർക്കുണ്ടായ ഇടർച്ചകളും വീഴ്ചകളും, അവർക്കു ലഭിച്ച ശിക്ഷകളും സംരക്ഷണവും എല്ലാം എടുത്തു പറഞ്ഞുകൊണ്ട് കർത്താവിന്റെ കല്പനകൾ അനുസരിച്ച്, വിശ്വസ്തരായി തുടരാൻ തീക്ഷ്ണമായി, ശക്തമായി അവരെ ഉദ്ബോധിപ്പിക്കുന്നു. അനുസരിച്ചാൽ ലഭിക്കുന്ന നന്മകളും അനുസരണക്കേടു വരുത്തിവയ്ക്കുന്ന ദുരിതങ്ങളും, അനുഗ്രഹത്തിന്റെയും ശാപത്തിന്റെയും ഭാഷയിൽ ഇവിടെ അവതരിപ്പിക്കുന്നു.

തിരഞ്ഞെടുക്കാൻ ജനത്തിന് അവകാശമുണ്ട്. ദൈവം ആരെയും നിർബന്ധിക്കുന്നില്ല. അടിമയുടെ ഭയത്തിൽ നിന്നുണ്ടാകുന്ന അനുസരണമല്ല, മക്കളുടെ സ്നേഹപൂർണ്ണമായ വിധേ

യത്വമാണ് ദൈവം ആവശ്യപ്പെടുന്നത്. അതേസമയം അവർ എടുക്കുന്ന തീരുമാനങ്ങൾ എപ്രകാരം അവരെയും പിൻതലമുറകളെയും സ്വാധീനിക്കും എന്നു മോശ പഠിപ്പിക്കുന്നുണ്ട്. അതാണ് ആരംഭത്തിൽ ഉദ്ധരിച്ച തിരുവചനങ്ങൾ വ്യക്തമാക്കുന്നത്. ജീവനും മരണവും, നന്മയും തിന്മയും, അനുഗ്രഹവും ശാപവും. ഇതിൽ ഏതുവേണമെന്ന് ജനം തീരുമാനിക്കണം. എന്നാലും ജീവൻ തിരഞ്ഞെടുക്കണം എന്നതാണ് ദൈവത്തിന്റെ ആഗ്രഹം. ഈ ഒരു സന്ദേശം നിയമാവർത്തപുസ്തകത്തിൽ പലതവണ ആവർത്തിക്കുന്നുണ്ട്.

നിയ 27, 1-26-ൽ 12 തവണ "ശപിക്കപ്പെട്ടവനാകട്ടെ" എന്ന് ആവർത്തിച്ചുകൊണ്ട് ഉടമ്പടിയുടെ പ്രമാണങ്ങൾ അനുസരിക്കേണ്ടതിന്റെ ആവശ്യകത എടുത്തുകാട്ടുന്നു. വിഗ്രഹാരാധന അരുത് എന്നതാണ് ആദ്യത്തെ നിർദേശം. തുടർന്ന് വ്യക്തിബന്ധങ്ങളിൽ ഉണ്ടായിരിക്കേണ്ട നീതിപൂർവകമായ മനോഭാവങ്ങളെയും പ്രവർത്തനശൈലികളെയും കുറിച്ചു പ്രതിപാദിക്കുന്നു. മാതാപിതാക്കളെ ആദരിക്കണം, അനാഥർക്കും വിധവകൾക്കും പരദേശികൾക്കും പ്രത്യേക സംരക്ഷണം നല്കണം, ലൈംഗികതയിൽ കുടുംബബന്ധങ്ങൾ മാനിക്കപ്പെടണം എന്നിങ്ങനെ അനുദിന ജീവിതത്തിന്റെ സകല മേഖലകളിലും ദൈവഹിതം നടപ്പിലാകുന്നില്ലെങ്കിൽ നാശമായിരിക്കും ഫലം.

നിയ 28, 1-14 അനുസരണത്തിനു ലഭിക്കുന്ന സമ്മാനവും 28, 15-68-ൽ അനുസരണക്കേടിനു ലഭിക്കുന്ന ശിക്ഷകളും വളരെ വിശദമായി അവതരിപ്പിക്കുന്നു. അനുഗ്രഹങ്ങളെല്ലാം വാഗ്ദത്ത ഭൂമിയിലെ സന്തോഷപ്രദമായ ജീവിതവുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. ശാപങ്ങളാകട്ടെ ഒന്നിനൊന്നു കൂടുതൽ രൂക്ഷമാകുന്ന ശിക്ഷാവിധികളെ വിവരിക്കുന്നു.

## ലേവ്യരുടെ പുസ്തകത്തിൽ

ദൈവത്തെ ആരാധിക്കാൻവേണ്ടി "പുരോഹിതരാജ്യവും വിശുദ്ധജനവുമായി" (പുറ 19,6) തിരഞ്ഞെടുക്കപ്പെട്ടവരാണ് ഇസ്രായേൽക്കാർ. അവരുടെ മുഖ്യധർമ്മമായ ദൈവാരാധന എപ്രകാരമായിരിക്കണം എന്ന് ലേവ്യരുടെ പുസ്തകം അനുശാസിക്കുന്നു. ആ പുസ്തകത്തിന്റെ ഉപസംഹാരം എന്ന വിധത്തിലാണ് 26-ാം അധ്യായം അവതരിപ്പിച്ചിരിക്കുന്നത് 26, 1-13 അനുഗ്രഹങ്ങളും 26, 14-45 ശാപങ്ങളും വിവരിക്കുന്നു. ദൈവത്തിന്റെ

കല്പനകൾ അനുസരിച്ചാൽ അനുഗ്രഹം; ലംഘിച്ചാൽ ശാപം. "സീനായ് മലയിൽവച്ചു കർത്താവ് ഇസ്രായേൽ ജനവുമായി മോശവഴി ഉറപ്പിച്ച ഉടമ്പടിയുടെ നിയമങ്ങളും ചട്ടങ്ങളും പ്രമാണങ്ങളുമാണിവയെല്ലാം" (ലേവ്യ 26, 46) എന്ന പ്രസ്താവന പുസ്തകത്തിന്റെ തന്നെ ഉപസംഹാരമാണ്. തുടർന്ന് വരുന്ന 27-ാം അധ്യായത്തിലെ നേർച്ചകളെക്കുറിച്ചുള്ള നിർദേശങ്ങൾ ഒരു അനുബന്ധം പോലെ നിലകൊള്ളുന്നു.

## ഉടമ്പടിയുടെ ഉപസംഹാരം

ഇസ്രായേൽ ജനവും ദൈവവും തമ്മിലുള്ള ബന്ധത്തെ ഒരു ഉടമ്പടിയുടെ രൂപത്തിലാണ് ബൈബിൾ അവതരിപ്പിച്ചിരിക്കുന്നത്. അന്നു ജനതകളുടെ, പ്രത്യേകിച്ചും ഹിത്യരുടെ, ഇടയിൽ നിലവിലിരുന്ന അന്താരാഷ്ട്ര ഉടമ്പടികളുടെ അഥവാ കരാറുകളുടെ നിശ്ചിതമായ ഒരു ഘടന ബൈബിളിലെ ഉടമ്പടിയുടെ അവതരണത്തിലും ദൃശ്യമാണ്. ഇസ്രായേൽ ജനത്തെ സംബന്ധിച്ച ഏറ്റം പ്രധാനപ്പെട്ട ഉടമ്പടി സീനായ് ഉടമ്പടി ആയിരുന്നു. ഈ ഉടമ്പടിയെ കേന്ദ്രമാക്കിയാണ് പഞ്ചഗ്രന്ഥം മുഴുവൻ ചിട്ടപ്പെടുത്തിയിരിക്കുന്നത്.

ചക്രവർത്തി സാമന്തരാജാക്കന്മാരുമായി ചെയ്യുന്ന ഉടമ്പടിയുടെ ഘടനയിൽ ആറു ഭാഗങ്ങളുണ്ട്.

1. ആമുഖം: ഉടമ്പടി നിർദേശിക്കുന്ന ചക്രവർത്തിയുടെ പേരുവിവരങ്ങൾ.

2. ചരിത്രപശ്ചാത്തലം: ചക്രവർത്തി സാമന്തർക്കുവേണ്ടി ചെയ്തിട്ടുള്ള കാര്യങ്ങളുടെ വിവരണം.

3. നിയമങ്ങൾ: സാമന്തർ പാലിക്കാൻ കടപ്പെട്ടിരിക്കുന്ന കല്പനകൾ.

4. ഉടമ്പടിയുടെ രേഖ ദേവാലയത്തിൽ സൂക്ഷിക്കാൻ നിർദേശം.

5. സാക്ഷികളുടെ പേരുവിവരങ്ങൾ.

6. അനുഗ്രഹങ്ങൾ - ശാപങ്ങൾ

ഈ ഒരു ഘടന സീനായ് ഉടമ്പടിയെക്കുറിച്ചുള്ള വിവരണങ്ങളിലെല്ലാം കാണാനാവും. അവസാനത്തെ ഘടകമായ അനുഗ്രഹങ്ങളും ശാപങ്ങളുമാണ് ചർച്ചാവിഷയത്തിൽ പ്രസക്തം. ഉടമ്പടിയുടെ നിയമങ്ങൾ അനുസരിക്കാൻ ഇരുകൂട്ടരും കടപ്പെട്ടിരി

ക്കുന്നു. ചക്രവർത്തിയാണ് ഉടമ്പടിയുടെ നിബന്ധനകൾ നിർദ്ദേശിക്കുന്നത്. വാഗ്ദാനം ചെയ്യുന്ന അനുഗ്രഹങ്ങൾ മുഖ്യമായും സംരക്ഷണത്തെ സംബന്ധിച്ചതായിരിക്കും. അതേസമയം ഉടമ്പടി ലംഘിക്കപ്പെട്ടാൽ കഠിനമായ ശിക്ഷയുണ്ടാകും എന്ന് ശാപങ്ങൾ അനുസ്മരിപ്പിക്കുന്നു. ഉടമ്പടിയിൽ ഒപ്പുവയ്ക്കുന്ന രാജാക്കന്മാർ ആരാധിച്ചിരുന്ന ദൈവങ്ങളെയാണ് സാക്ഷികളായി പരിഗണിക്കുക. ഉടമ്പടി പാലിക്കാനുള്ള കടമയുടെ പ്രാധാന്യം സൂചിപ്പിക്കാൻ ഇതു സഹായിക്കുന്നു. ഉടമ്പടിയുടെ പകർപ്പ് ദേശത്തെ മുഖ്യദേവാലയത്തിൽ സൂക്ഷിക്കാനും നിശ്ചിത അവസരങ്ങളിൽ ജനങ്ങളെ വിളിച്ചുകൂട്ടി പരസ്യമായി വായിക്കാനും നിബന്ധന ഉണ്ടായിരുന്നു. തങ്ങൾ ഏർപ്പെട്ടിരിക്കുന്ന ഉടമ്പടിയെയും അതിന്റെ നിയമങ്ങളെയും തങ്ങളുടെ കടമകളെയും കുറിച്ച് ജനത്തെ അനുസ്മരിപ്പിക്കുകയായിരുന്നു ഇതിന്റെ ലക്ഷ്യം.

ഈ ഘടകങ്ങളെല്ലാം സീനായ് ഉടമ്പടിയെ സംബന്ധിച്ച വിവരണങ്ങളിലും ദൃശ്യമാണ്. ആരാണ് ഉടമ്പടി നിർദേശിക്കുന്ന ദൈവം, ജനത്തിനുവേണ്ടി ദൈവം എന്തെല്ലാം ചെയ്തിട്ടുണ്ട് എന്നു വ്യക്തമാക്കുന്ന ആമുഖമാണ് പുറപ്പാടു പുസ്തകത്തിലെ ആദ്യത്തെ 18 അധ്യായങ്ങളിൽ വിവരിക്കുന്നത്; തുടർന്ന് സംഖ്യ 10-36 അധ്യായങ്ങളിലും നിയ 1-11 അധ്യായങ്ങളിലും ഇതേ കാര്യങ്ങൾ വീണ്ടും അനുസ്മരിപ്പിക്കുന്നു. അതിനു പിന്നാലെയാണു നിയമങ്ങൾ അഥവാ ഉടമ്പടിയുടെ നിബന്ധനകൾ വിവരിക്കുന്നത് (പുറ 20-23; നിയമ 12-26). ലേവ്യർ 1-25 അധ്യായങ്ങൾ മുഴുവൻ ഈ ഉടമ്പടിയുടെ നിയമങ്ങളാണ്. ഈ പശ്ചാത്തലത്തിൽ വേണം അനുഗ്രഹങ്ങളെയും ശാപങ്ങളെയും മനസിലാക്കാൻ.

## അനുഗ്രഹങ്ങൾ

ഉടമ്പടിയുടെ നിയമങ്ങൾ അനുസരിച്ചാൽ ലഭിക്കുന്ന അനുഗ്രഹങ്ങൾ ലേവ 26, 1-3; നിയ 28, 1-14 ഭാഗങ്ങളിൽ ഏതാണ്ട് ഒരേ രീതിയിൽത്തന്നെ അവതരിപ്പിച്ചിരിക്കുന്നു. അനുഗ്രഹങ്ങളെല്ലാം ഭൗതികസുസ്ഥിതിയെയും സമൃദ്ധിയെയും സൂചിപ്പിക്കുന്നു. അനുകൂലമായ കാലാവസ്ഥ, സമൃദ്ധമായ വിളവുകൾ, ശത്രുക്കളിൽനിന്നു സംരക്ഷണം, ദേശത്തു സമാധാനം, ധാരാളം മക്കൾ ഇതൊക്കെയാണ് ലേവ്യരുടെ പുസ്തകത്തിൽ എടുത്തു പറയുന്ന അനുഗ്രഹങ്ങൾ (ലേവ്യ 26, 1-13). ഇതിന്റെയെല്ലാം ഒരു ഉറപ്പ് എന്നതുപോലെ ജനത്തോടൊന്നിച്ച് ദൈവിക

സാന്നിധ്യം എപ്പോഴും ഉണ്ടായിരിക്കും എന്നു വാഗ്ദാനം ചെയ്യുന്നു: *“ഞാൻ എന്റെ കൂടാരം നിങ്ങളുടെ ഇടയിൽ സ്ഥാപിക്കും. ഞാൻ നിങ്ങളെ ഉപേക്ഷിക്കുകയില്ല. ഞാൻ നിങ്ങളുടെ ഇടയിൽ സഞ്ചരിക്കും. ഞാൻ നിങ്ങളുടെ ദൈവവും നിങ്ങൾ എന്റെ ജനവുമായിരിക്കും”* (ലേവ്യ 26, 11-12).

ഉടമ്പടിയിലൂടെ ഉറപ്പു നല്കിയിരിക്കുന്ന ദൈവത്തിന്റെ സ്വന്തം ജനം എന്ന സ്ഥാനവും അവരുടെ മധ്യത്തിലുള്ള ദൈവികസാന്നിധ്യവും ജനത്തിന്റെ സ്വാതന്ത്ര്യവും മാന്യതയും ഉറപ്പുവരുത്തും എന്ന് വാഗ്ദാനങ്ങളുടെ അവസാനം വ്യക്തമാക്കുന്നു: *“നിങ്ങൾ ഈജിപ്തുകാരുടെ അടിമകളായി തുടരാതിരിക്കാൻ അവരുടെ ദേശത്തുനിന്നു നിങ്ങളെ കൊണ്ടുവന്ന ഞാനാണ് നിങ്ങളുടെ ദൈവമായ കർത്താവ്. നിങ്ങൾ നിവർന്നു നടക്കേണ്ടതിന് നിങ്ങളുടെ നുകത്തിന്റെ കെട്ടുകൾ ഞാൻ പൊട്ടിച്ചു”* (ലേവ്യ 26, 12-13). നട്ടെല്ലു നിവർത്തി നടക്കുക, ആരുടെയും അടിമയാകാതെ, ആരുടെയും മുമ്പിൽ കുനിയാതെ, ആത്മാഭിമാനമുള്ള ദൈവജനമായി, ദൈവമക്കളായി ജീവിക്കാൻ ദൈവംതന്നെ സാഹചര്യങ്ങൾ ഒരുക്കും. അതാണ് ഏറ്റം വലിയ അനുഗ്രഹം.

ഇതേ ആശയം തന്നെ സമാനമായ വാക്കുകളിൽ നിയമാവർത്തന പുസ്തകത്തിലും ആവർത്തിക്കുന്നുണ്ട്. *“നിന്റെ ദൈവമായ കർത്താവിന്റെ വാക്കുകേട്ട്, ഇന്നു ഞാൻ നിനക്കു നല്കുന്ന കല്പനകളെല്ലാം സൂക്ഷ്മമായി പാലിക്കുമെങ്കിൽ അവിടുന്ന് നിന്നെ ഭൂമിയിലെ മറ്റെല്ലാ ജനതകളെയുംകാൾ ഉന്നതനാക്കും. അവിടുത്തെ വചനം ശ്രവിച്ചാൽ ഈ അനുഗ്രഹങ്ങളെല്ലാം നിന്റെ മേൽ ചൊരിയും. നഗരത്തിലും വയലിലും നീ അനുഗൃഹീതനായിരിക്കും. നിന്റെ സന്തതികളും വിളവുകളും, മൃഗങ്ങളും കന്നുകാലികളും ആട്ടിൻപറ്റവും അനുഗ്രഹിക്കപ്പെടും. നിന്റെ അപ്പക്കുട്ടയും മാവു കുഴയ്ക്കുന്ന കലവും അനുഗ്രഹിക്കപ്പെടും. സകല പ്രവൃത്തികളിലും നീ അനുഗൃഹിതനാകും”* (നിയ 28, 1-6).

ജനജീവിതത്തിന്റെ സകല മേഖലകളെയും സ്പർശിക്കുന്നതാണ് ഈ അനുഗ്രഹങ്ങൾ. മേൽവിലാസമില്ലാത്ത ഒരുപറ്റം അടിമകളെ തിരഞ്ഞെടുത്ത് മോചിപ്പിച്ച്, ലോകജനതകൾക്കു മധ്യേ ആദരണീയസ്ഥാനം നല്കി ഉയർത്തുന്നത് ദൈവമാണ്, വിമോ

ചകനായ യാഹ്‌വേ. ദൈവത്തിന്റെ തന്നെ ഒരു അഭിമാനപ്രശ്നം പോലെയാണ് ഈ ജനത്തിന്റെ സുസ്ഥിതി പരിഗണിക്കപ്പെടുന്നത്. നഗരവും വയലും എന്ന പ്രയോഗം സകല ജീവിതമേഖലകളെയും ഉൾക്കൊള്ളുന്നു. എല്ലാ മേഖലകളിലും സമൃദ്ധിയുണ്ടാകും. "അപ്പക്കുട്ട" എന്ന പി.ഒ.സി. വിവർത്തനം ഒരു വ്യാഖ്യാനമാണ്. മൂലത്തിൽ "കുട്ട" എന്നേ ഉള്ളൂ. വിത്തു വിതയ്ക്കാൻ ഉപയോഗിക്കുന്ന കുട്ടയാണ് വിവക്ഷ എന്ന് മാവു കുഴയ്ക്കുന്ന കലവുമായുള്ള ബന്ധം സൂചിപ്പിക്കുന്നു. വിതയ്ക്കുന്നതു മുതൽ അപ്പമാക്കുന്നതുവരെയുള്ള സകല പ്രക്രിയകളിലും ദൈവത്തിന്റെ അനുഗ്രഹമുണ്ടാകും.

"ബാറാക്" എന്ന ഹീബ്രു വാക്കാണ് അനുഗ്രഹിക്കുക എന്നു വിവർത്തനം ചെയ്യുന്നത്. "കാൽമുട്ട്" എന്നർത്ഥമുള്ള "ബെറെക്" എന്ന നാമത്തിൽ നിന്നാണ് ഈ ക്രിയയുടെ ഉത്ഭവം. മുട്ടുകുത്തിനിന്നു സ്വീകരിക്കുന്ന അനുഗ്രഹം എന്നർത്ഥം. മാതാപിതാക്കൾ മക്കളെ അനുഗ്രഹിക്കുമ്പോൾ മക്കൾ മുട്ടുകുത്തിനിന്നു സ്വീകരിക്കും. പിന്നീട് ഇതു ദൈവം നല്കുന്ന അനുഗ്രഹത്തെ സൂചിപ്പിക്കാൻ തുടങ്ങി. അതോടൊപ്പം മുട്ടുകുത്തിനിന്ന് ദൈവത്തെ സ്തുതിക്കുന്നതിനും ഇതേ വാക്കുതന്നെ ഉപയോഗിക്കുന്നു. ഈ പരസ്പര ബന്ധമാണ് അനുഗ്രഹത്തിന്റെ കേന്ദ്രം. ദൈവത്തിനു പൂർണ്ണമായി വിധേയപ്പെടുന്നതിന്റെ സൂചനയാണ് മുട്ടുകുത്തി നില്ക്കുന്നത്. ഇതുതന്നെയാണ് ദൈവാനുഗ്രഹം സ്വീകരിക്കാനുള്ള ഏക നിബന്ധനയായി പഠനവിഷയമായ ബൈബിൾ ഭാഗങ്ങൾ അവതരിപ്പിക്കുന്നതും.

ഈ അനുഗ്രഹം മനുഷ്യനെ മാത്രമല്ല, അവന്റെ സകല ആവാസ വ്യവസ്ഥകളെയും ജീവിതസാഹചര്യങ്ങളെയും സ്പർശിക്കുന്നു. സമ്പൂർണ്ണമായ സ്വാതന്ത്ര്യം, ദൈവമക്കളുടെ മഹത്വം, എല്ലാ തലങ്ങളിലും സമൃദ്ധി ഇതാണനുഗ്രഹം. ഇപ്രകാരം അനുഗൃഹീതരാകുന്ന ജനത്തിലൂടെ ലോകജനതകൾ മധ്യേ ദൈവം അറിയപ്പെടും. അവിടുത്തെ നാമത്തിനു മഹത്വമുണ്ടാകും. അങ്ങനെ ഇസ്രായേൽജനം ലോകത്തിനു പ്രകാശമാകും; ആകണം.

സൃഷ്ടികർമ്മത്തിന്റെ ആരംഭത്തിൽത്തന്നെ ദൈവം നല്കിയതാണ് ഈ അനുഗ്രഹം. *"ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു: സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ*

*നിറഞ്ഞ് അതിനെ കീഴടക്കുവിൻ"* (ഉൽപ 1, 28). ദൈവത്തിന്റെ പ്രതിനിധിയായി ഭൂമിയിൽ വർത്തിക്കുന്ന മനുഷ്യൻ ഈ പ്രപഞ്ചത്തിനു മുഴുവൻ അനുഗ്രഹമാകണം. അതിന് ഒന്നു മാത്രമേ ചെയ്യേണ്ടതുള്ളൂ: ദൈവത്തിന്റെ വാക്കു കേൾക്കുക, കല്പനകൾ അനുസരിച്ചു ജീവിക്കുക.

## ശാപങ്ങൾ

അനുസരണത്തിലൂടെ ലഭിക്കുന്ന അനുഗ്രഹങ്ങൾക്കു കടകവിരുദ്ധമായിരിക്കും അനുസരണക്കേടു വിളിച്ചുവരുത്തുന്ന ശാപങ്ങൾ. അനുഗ്രഹങ്ങളെ വിവരിക്കുന്നതിന്റെ ഏതാണ്ട് അഞ്ചിരട്ടി ദീർഘമാണ് ശാപങ്ങളുടെ വിവരണം:

അനുഗ്രഹം : ലേവ്യർ 26, 1-13; നിയ 28,1-14.

ശാപം : ലേവ്യർ 24, 14-46; നിയ 28,15-68

അതിനാൽത്തന്നെ അുസരണത്തിന്റെ പ്രാധാന്യം എത്രയെന്നും അനുസരണക്കേട് എത്ര അപകടകാരിയാണെന്നും സൂചിപ്പിക്കുന്നു. അനുസരണത്തിന് അനുഗ്രഹം വാഗ്ദാനം ചെയ്ത അതേ മേഖലകളിൽത്തന്നെയാണ് അനുസരണക്കേടിന് ശിക്ഷയുടെ താക്കീതുകൾ നല്കുന്നത്.

രണ്ടു പുസ്തകങ്ങളിലും ശിക്ഷകളെ വരാൻപോകുന്ന ദുരന്തങ്ങളെക്കുറിച്ചുള്ള താക്കീതുകളായിട്ടാണ് അവതരിപ്പിക്കുന്നത് എങ്കിലും ഇവിടെ പറയുന്ന അനർത്ഥങ്ങളെല്ലാം ഇസ്രായേൽ ജനം പലപ്പോഴായി അനുഭവിച്ചറിഞ്ഞതാണ്, പ്രത്യേകിച്ചും ബി.സി. 8-ാം നൂറ്റാണ്ടിന്റെ അവസാനം പത്തു ഗോത്രങ്ങളടങ്ങുന്ന ഇസ്രായേൽ ജനം അസീറിയായുടെ ആധിപത്യത്തിലായി ചിതറിക്കപ്പെട്ടപ്പോഴും, തെക്കൻ രാജ്യമായ യൂദാ 6-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ബാബിലോണിന്റെ ആക്രമണത്തിൽ തകർന്നു പ്രവാസത്തിലായപ്പോഴും. ഈ സംഭവങ്ങളെ മുന്നിൽ കണ്ടുകൊണ്ട്, കഴിഞ്ഞ സംഭവങ്ങളെ പ്രവചനരൂപേണ താക്കീതുകളായി അവതരിപ്പിക്കുന്നതാണ് ഈ ശാപങ്ങൾ എന്നു കരുതുന്ന വ്യാഖ്യാതാക്കൾ ഏറെയുണ്ട്.

സാഹചര്യം എന്തുതന്നെ ആയാലും ഇവിടെ അവതരിപ്പിക്കുന്ന താക്കീതുകളുടെ അർത്ഥത്തിലും ലക്ഷ്യത്തിലും മാറ്റമുണ്ടാകുന്നില്ല. ദൈവത്തിന്റെ കല്പനകൾ അനുസരിക്കുന്നിടത്തോളം കാലം മാത്രമേ ദൈവജനം എന്ന സ്ഥാനം അവർക്കു

ണ്ടായിരിക്കുകയുള്ളൂ; ദൈവത്തിന്റെ സംരക്ഷണത്തിനും അനുസരണം അവശ്യ നിബന്ധനയായി നിലകൊള്ളുന്നു. രക്ഷാചരിത്രത്തിന്റെ തുടക്കം മുതൽ ബൈബിൾ അവതരിപ്പിക്കുന്നതാണ് ഈ സത്യം. പറുദീസാ നഷ്ടം മുതൽ ബാബിലോൺ പ്രവാസം വരെ, പോരാ, പുതിയ നിയമമാകുമ്പോഴേക്കും നിത്യനാശമായ നരകംവരെ ഈ ശിക്ഷാവിധിയുടെ താക്കീതുകൾ നീളുന്നു.

*"നീ നിന്റെ ദൈവമായ കർത്താവിന്റെ സ്വരം ശ്രവിച്ച്, ഞാൻ ഇന്നു നിനക്കു നല്കുന്ന കല്പനകളും ചട്ടങ്ങളും ശ്രദ്ധാപൂർവ്വം അനുസരിക്കാതിരുന്നാൽ താഴെപ്പറയുന്ന ശാപമൊക്കെയും നിന്റെ മേൽ പതിക്കും. നഗരത്തിലും വയലിലും നീ ശപിക്കപ്പെട്ടവനായിരിക്കും. നിന്റെ അപ്പക്കുട്ടയും മാവു കുഴയ്ക്കുന്ന കലവും ശാപഗ്രസ്തമായിരിക്കും. നിന്റെ സന്താനങ്ങളും വിളവുകളും കന്നുകാലിക്കൂട്ടവും ആട്ടിൻപറ്റവും ശപിക്കപ്പെടും. സകല പ്രവൃത്തികളിലും നീ ശപ്തനായിരിക്കും"* (നിയ 28, 15-19). അനുസരണത്തിനു ലഭിക്കുന്ന അനുഗ്രഹങ്ങളുടെ മറുവശമാണ് അനുസരണക്കേടിനു കിട്ടുന്ന ശിക്ഷ എന്ന് രണ്ടിടത്തും ഒരേ മേഖലകളെത്തന്നെ എടുത്തുകാട്ടുന്നതിലൂടെ വ്യക്തമാക്കുന്നു.

"അറൂർ" എന്ന ഹീബ്രുവാക്കാണ് ഇവിടെ "ശപിക്കപ്പെട്ടത്" എന്നു വിവർത്തനം ചെയ്യുന്നത്. ശപിക്കുക എന്നർത്ഥമുള്ള "അറാർ" എന്ന ക്രിയാധാതുവിൽനിന്നാണ് ഈ വിശേഷണത്തിന്റെ ഉത്ഭവം. ആദ്യപാപത്തിനു ശിക്ഷ കല്പിച്ചപ്പോൾ പ്രത്യക്ഷപ്പെട്ടതാണ് ഈ വാക്ക്: "തിന്നരുതെന്നു ഞാൻ പറഞ്ഞ പഴം സ്ത്രീയുടെ വാക്കുകേട്ട് നീ തിന്നതുകൊണ്ട് നീ മൂലം മണ്ണ് ശപിക്കപ്പെട്ടതായിരിക്കും" (ഉൽപ 3,17). അറൂർ എന്ന പദം തന്നെയാണ് ഇവിടെയും ഉപയോഗിച്ചിരിക്കുന്നത്. ദൈവം ശപിച്ചു എന്നു പറയുന്നതിനേക്കാൾ മനുഷ്യന്റെ അനുസരണക്കേട് ശാപം അഥവാ ശിക്ഷ വിളിച്ചുവരുത്തി എന്നു പറയുന്നതാവും മനസിലാക്കാൻ കൂടുതൽ എളുപ്പം.

ദൈവം ആരെയും വെറുക്കുന്നില്ല; ശപിക്കുന്നുമില്ല. ഓരോ വ്യക്തിയും തന്റെ തന്നെ പ്രവർത്തനത്തിന്റെ ഫലം അനുഭവിക്കുന്നതിനാണ് ഇവിടെ ഊന്നൽ നല്കുന്നത്. വൈദ്യുതി ഉപയോഗിച്ചു പ്രവർത്തിപ്പിക്കുന്ന ഉപകരണങ്ങൾ നിർമ്മാതാവു നിശ്ചയിച്ചിരിക്കുന്ന നിയമങ്ങൾ പാലിക്കാതെ ഉപയോഗിച്ചാൽ സംഭവിക്കുന്നതുപോലെ. 110 വോൾട്ട് വൈദ്യുതിക്കുവേണ്ടി ക്രമീക

രിച്ചിരിക്കുന്ന ഉപകരണത്തിലൂടെ 220 വോൾട്ട് കടത്തിവിട്ടാൽ സംഭവിക്കുന്നതിനു സമാനമാണ് ഈ ശാപം. വെള്ളത്തിൽ മുങ്ങിയാൽ ശ്വാസം മുട്ടി ചാകും; പത്താംനിലയുടെ മുകളിൽനിന്നു താഴേക്കുചാടിയാൽ അസ്ഥികൾ തകർന്നു മരിക്കും. ഇതൊന്നും ദൈവം ശപിച്ചതു കൊണ്ടല്ല, ഓരോ വ്യക്തിയും സ്വന്തം പ്രവർത്തനങ്ങൾ കൊണ്ടു വരുത്തിവയ്ക്കുന്ന ദുരന്തങ്ങളാണ്.

പ്രപഞ്ചത്തിൽ ഓരോ വസ്തുവിനും അതതിന്റേതായ സ്ഥലമുണ്ട്; നിയമങ്ങളുമുണ്ട്, പ്രപഞ്ചസ്രഷ്ടാവു നിശ്ചയിച്ചിരിക്കുന്ന നിയമങ്ങൾ. അവ ലംഘിച്ചാൽ നാശമുണ്ടാകും. ഇതുപോലെയാണ് മനുഷ്യനെ സംബന്ധിച്ച ദൈവികപദ്ധതിയും, അതു ലംഘിക്കുമ്പോൾ ഉണ്ടാകുന്ന നാശങ്ങളും. ഉപകരണനിർമ്മാതാവു നല്കുന്ന ഉപയോഗനിയമപ്പട്ടിക (user's manual) പോലെയാണ് ദൈവത്തിന്റെ പ്രമാണങ്ങൾ. അവ ലംഘിക്കപ്പെട്ടാൽ സംഭവിക്കുന്ന ദുരന്തങ്ങൾ എത്ര ഭയാനകമായിരിക്കും എന്ന് ഈ ശാപങ്ങൾ വ്യക്തമാക്കുന്നു.

## ലേവ്യർ 26,14-45

അനുസരണക്കേട് വരുത്തിവയ്ക്കുന്ന ശിക്ഷകൾ കൂടുതൽ കൂടുതൽ രൂക്ഷമാകുന്നതായി ഈ വിവരണത്തിൽ കാണാം. ഒരേ കാര്യം തന്നെ പലതവണ ആവർത്തിക്കുന്നുണ്ട്. രോഗങ്ങൾ, ശത്രുക്കളുടെ ആക്രമണം, കാലാവസ്ഥാവ്യതിയാനങ്ങൾ, വരൾച്ച, വന്യമൃഗങ്ങളുടെ ശല്യം ഇവയാണ് ആദ്യമേ അയയ്ക്കുന്ന ശിക്ഷകൾ (26, 14-22). ഇവ കണ്ടു മനസു തിരിയുന്നില്ലെങ്കിൽ പകർച്ച വ്യാധികൾ, ശത്രുക്കളുടെ ആക്രമണം, വിദേശാധിപത്യം, ക്ഷാമം എന്ന ശിക്ഷകൾ തുടർന്നുണ്ടാകും (26, 23-26). ഇനിയും മനസു തിരിഞ്ഞ് അനുസരിക്കുന്നില്ലെങ്കിൽ ക്ഷാമം രൂക്ഷമാകും. പട്ടിണിമൂലം മരിച്ചുവീഴുന്നവരുടെ ശവം ഭക്ഷിച്ച് ജീവൻ നിലനിർത്താൻ ശ്രമിക്കും. വാഗ്ദത്തഭൂമിയിൽനിന്നു ബഹിഷ്കരിക്കപ്പെടും. വിദേശത്ത് അടിമകളായി കഴിയേണ്ടിവരും (26, 27-39).

പടിപടിയായി ശക്തമാക്കുന്ന ശിക്ഷകൾ മാനസാന്തരത്തിനുള്ള ആഹ്വാനമാണ് എന്ന് വീണ്ടും വീണ്ടും അനുസ്മരിപ്പിക്കുന്നു. *"ഈ ശിക്ഷകൾകൊണ്ടൊന്നും നിങ്ങൾ എന്നിലേക്കു തിരിയാതെ എനിക്കെതിരായി വ്യാപരിക്കുന്നെങ്കിൽ"* (26, 23-27) എന്ന താക്കീതുകൾ ഇതിനു തെളിവായി നില്ക്കുന്നു. അതികഠിനമായി ശിക്ഷിക്കുമ്പോഴും ദൈവം ജനത്തെ വെറുക്കുന്നില്ല,

ഉപേക്ഷിക്കുന്നുമില്ല. *"ഇതെല്ലാമാണെങ്കിലും ശത്രുദേശത്തായിരിക്കുമ്പോൾ ഞാൻ അവരെ പൂർണ്ണമായി തള്ളിക്കളയുകയോ അവരോടുള്ള ഉടമ്പടി ലംഘിക്കുന്ന വിധത്തിൽ അവരെ വെറുക്കുകയോ നശിപ്പിക്കുകയോ ചെയ്യുകയില്ല"* (26, 44). എന്താണ് ഈ ശിക്ഷകളുടെയെല്ലാം കാരണവും ലക്ഷ്യവുമെന്ന് ഈ വാഗ്ദാനം വ്യക്തമാക്കുന്നു.

**നിയ 28, 15-68**

ലേവ്യരുടെ പുസ്തകത്തിൽ കണ്ട ശിക്ഷകൾ തന്നെ കൂടുതൽ കഠിനവും ദീർഘവുമായി ഇവിടെ അവതരിപ്പിക്കുന്നു. അനുഗ്രഹത്തിന്റെ മറുപുറമായിരിക്കും ശിക്ഷ എന്ന് 28, 16-19-ൽ പൊതുവായി, ഒരാമുഖം പോലെ പറഞ്ഞുവയ്ക്കുന്നു. നഗരവാസികളും ഗ്രാമവാസികളും, വ്യാപരികളും കർഷകരും ഒരുപോലെ അനുസരണക്കേടിനു ശിക്ഷ ഏറ്റുവാങ്ങേണ്ടിവരും. ആരും ഒഴിവാക്കപ്പെടുകയില്ല.

മാരകരോഗങ്ങൾ, അത്യുഷ്ണം, വരൾച്ച, കൃഷിനാശം എന്നിവ ആയിരിക്കും ആദ്യത്തെ ശിക്ഷകൾ (28,20-24). ശത്രുക്കളുടെ ആക്രമണം, അവർക്കു മുന്നിൽ തോൽവി, പകർച്ചവ്യാധികൾ, വിദേശാധിപത്യം, അടിമത്തം മുതലായ ശിക്ഷകൾ തുടർന്നുണ്ടാകും (28,25-35). വിദേശത്ത് അടിമകളായി കഴിയേണ്ടിവരും (28,36-37). വെട്ടുക്കിളിശല്യം, കൃഷിനാശം മുതലായവ ജീവിതം ദുഃസഹമാക്കും (28, 36-46). വിദേശാക്രമണവും ഉപരോധവും ജനത്തിനിടയിൽ രൂക്ഷമായ ക്ഷാമത്തിനിടയാക്കും. പട്ടിണിയാൽ മരിക്കുന്ന സ്വന്തം മക്കളുടെ ശവംതിന്നു ജീവൻ നിലനിർത്താൻ നിർബന്ധിതരാകും (28, 47-57). അതികഠിനമായ രോഗങ്ങൾ, മഹാമാരികൾ, പട്ടിണി എന്നിവയാൽ ജീവിക്കാനുള്ള ആഗ്രഹംപോലും നഷ്ടപ്പെടും (28, 58-67). കപ്പൽമാർഗ്ഗം ഈജിപ്തിലേക്കു തിരിയെകൊണ്ടുവന്ന് അടിമകളായി വില്ക്കപ്പെടും. എന്നാൽ വാങ്ങാൻ ആരും ഉണ്ടാകില്ല. ജീവിക്കാനും മരിക്കാനും കഴിയാത്തത്ര ഭീകരമായ ദുരന്തം!

ഇതിന്റെയെല്ലാം കാരണം വീണ്ടും വീണ്ടും എടുത്തു പറയുന്നുണ്ട്: കർത്താവിന്റെ പ്രമാണങ്ങൾ അനുസരിക്കാതിരിക്കുന്നത്. ഈ ശിക്ഷകളെല്ലാം ഒരു താക്കീതായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. വാഗ്ദത്തഭൂമി ദൈവം നല്കുന്ന ദാനമാണെന്നും അവിടെ വസിക്കണമെങ്കിൽ ഉടമ്പടിയുടെ നിയമങ്ങൾ കണിശ

മായി അനുസരിക്കണം എന്നും പഠിപ്പിക്കുകയാണ് ഈ താക്കീതുകളുടെ എല്ലാം ലക്ഷ്യം. എന്നാൽ ജനം അതു മനസിലാക്കിയില്ല. അതിനാൽത്തന്നെ ഈ ദുരന്തങ്ങളെല്ലാം, ഇവിടെ വിവരിച്ചതിന്റെ പത്തിരട്ടി കഠിനമായി അവർ അനുഭവിച്ചു; ഒന്നല്ല അനേകം തവണ. അസീറിയൻ ആക്രമണവും ബാബിലോൺ പ്രവാസവും അവസാനമായി റോമൻ ആധിപത്യവും ജറുസലെമിന്റെ നാശവും ജനങ്ങളുടെ നാടുകടത്തലുമെല്ലാം ഈ താക്കീതുകൾ സ്വീകരിക്കാതിരുന്നതിന്റെ ബാക്കിപത്രമായി തുടരുന്നു.

## ചുരുക്കത്തിൽ

മോശയിലൂടെ ദൈവം നല്കുന്ന വാഗ്ദാനങ്ങളും താക്കീതുകളും ഇന്നും പ്രസക്തമായി തുടരുന്നു. ഭൗതിക സമൃദ്ധിക്കപ്പുറം ദൈവരാജ്യത്തിലുള്ള പങ്കുചേരലാണ് യേശുവിലൂടെ നല്കപ്പെടുന്ന വാഗ്ദാനം. അതേസമയം ഭൗതികതലത്തിൽ മുന്നറിയിപ്പായി നല്കിയിരുന്ന ശിക്ഷകളുടെ താക്കീതുകൾ ഇന്ന് എന്നത്തേക്കാൾ കൂടുതൽ ശക്തമായി നാം കണ്ടുകൊണ്ടിരിക്കുന്നു. ഈജിപ്തിനെ പ്രഹരിച്ച മഹാമാരികളെ അനുസ്മരിക്കുന്നതാണ് ലോകത്തെ മുഴുവൻ ഭയത്തിന്റെ മുൾമുനയിൽ നിർത്തി സംഹാരതാണ്ഡവമാടുന്ന കൊറോണാ വൈറസ്. അതുപോലെ എത്രയെത്ര മഹാമാരികൾ, കൃഷിനാശങ്ങൾ, കാലാവസ്ഥാവ്യതിയാനങ്ങൾ. മനസു തിരിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. വഴിമാറാൻ ഇനിയും മടിച്ചാൽ എന്താണു സംഭവിക്കുക എന്നു പറയാൻ ആർക്കും കഴിയില്ല. മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള സന്തുലിതാവസ്ഥ വീണ്ടെടുക്കണമെങ്കിൽ ദൈവപ്രമാണങ്ങൾ അനുസരിക്കണം. ബൈബിൾ നല്കുന്ന താക്കീതുകൾ ഇവിടെയും അവസാനിക്കുന്നില്ല. പ്രവാചകന്മാരിലൂടെ ദൈവം കൂടുതൽ ശക്തമായ ഓർമ്മപ്പെടുത്തലുകൾ നല്കി. അതിലേക്കാണ് നാം അടുത്തതായി ശ്രദ്ധ തിരിക്കുന്നത്.

# 13

## പ്രവാചക വീക്ഷണം

*“ഇസ്രായേൽ ജനമേ, ഈജിപ്തിൽനിന്നു കർത്താവു മോചിപ്പിച്ച ഇസ്രായേൽ ഭവനം മുഴുവനും എതിരേ അവിടുന്ന് അരുളിച്ചെയ്യുന്ന വചനം ശ്രവിക്കുവിൻ: ഭൂമിയിലുള്ള സകല ജനതകളിലുംവച്ച് നിങ്ങളെ മാത്രമാണ് ഞാൻ സ്വന്തമായി ഗണിച്ചത്. അതിനാൽ നിങ്ങളുടെ എല്ലാ പാപങ്ങൾക്കും ഞാൻ നിങ്ങളെ ശിക്ഷിക്കും”* (ആമോ 3, 1-2).

അബ്രാഹത്തോടും പിൻതലമുറകളോടും ചെയ്ത വാഗ്ദാനം ദൈവം നിറവേറ്റി. മോശയുടെ മരണത്തിനുശേഷം ജോഷ്വായുടെ നേതൃത്വത്തിൽ ഇസ്രായേൽ ജനം കാനാൻദേശത്തു പ്രവേശിച്ചു, ദേശം സ്വന്തമാക്കി വാസമുറപ്പിച്ചു. എന്നാൽ ജോഷ്വായുടെ മരണത്തിനുശേഷം ശക്തമായ നേതൃത്വത്തിന്റെ അഭാവം ജനത്തെ നിഷേധാത്മകമായി ബാധിച്ചു. പലപ്പോഴായി അയയ്ക്കപ്പെട്ട ന്യായാധിപന്മാർ നല്കിയ നേതൃത്വം ജനത്തെ ഒരുമിച്ചു നിർത്താനോ ദൈവത്തോടുള്ള വിശ്വസ്തതയിൽ നിലനിർത്താനോ പര്യാപ്തമായില്ല.

കാനാൻകാരുടെ മതവിശ്വാസവും ആചാരങ്ങളും ഇസ്രായേൽക്കാരെ സ്വാധീനിച്ചു. വിഗ്രഹാരാധന ജനത്തിനിടയിൽ പ്രചരിച്ചു. ഈ സാഹചര്യത്തിലാണ് ജനത്തെ വീണ്ടും ദൈവഹിതം അറിയിക്കാനും ദൈവവചനാധിഷ്ഠിതമായ ഒരു ജീവിതം നയിക്കാൻ ഉദ്ബോധിപ്പിക്കുന്നതിനും വേണ്ടി ശക്തരായ പ്രവാചകന്മാരെ ദൈവം ജനമധ്യത്തിലേക്കയച്ചത്. അവസാനത്തെ ന്യായാധിപനായ സാമുവേലിൽ തുടങ്ങുന്ന ആ നിര അവസാനത്തെ പ്രവാചകനായ മലാക്കിവരെ തുടർന്നു. ഇസ്രായേലിലെ പ്രവാചകന്മാരെ പൊതുവേ രണ്ടു ഗണമായി തിരിക്കാറുണ്ട്. സ്വന്തംപേരിൽ പുസ്തകം ഉള്ളവരും ഇല്ലാത്തവരും. ആദ്യത്തെ ഗണത്തിൽ ഏശയ്യാ മുതൽ മലാക്കിവരെ 16 പ്രവാചകന്മാരുണ്ട്. ബാറുക്, വിലാപങ്ങൾ എന്നീ രണ്ടു ഗ്രന്ഥങ്ങൾ ജറെമിയാ പ്രവാചകനു

മായി ബന്ധപ്പെട്ടിരുന്നതിനാൽ അവയെയും പ്രവാചകഗ്രന്ഥങ്ങളുടെ പട്ടികയിൽ ചേർക്കുന്നു. രണ്ടാംഗണത്തിൽ അനേകം പ്രവാചകരുണ്ട്. പ്രവാചകന്മാരിൽ അഗ്രഗണ്യനും അതുല്യനുമായി കരുതപ്പെടുന്ന മോശ (സംഖ്യ 12, 6–8; നിയ 34, 10–12) ഈ ഗണത്തിൽ വേറിട്ടുനില്ക്കുന്നു. തുടർന്ന് സാമുവേൽ, നാഥാൻ, ഏലിയാ, എലീഷാ, മിക്കായാ, ഹുൽദാ എന്നിങ്ങനെ അനേകം പ്രവാചകർ. ആ പ്രവാചകനിരയിൽ അവസാനത്തെ ആളാണ് പഴയനിയമത്തിനും പുതിയ നിയമത്തിനും ഇടയിൽ ഒരു ചുഴിക്കുറ്റിപോലെ നില്ക്കുന്ന സ്നാപക യോഹന്നാൻ.

സാമുവേൽ മുതൽ സ്നാപകൻവരെ ഏകദേശം പതിനൊന്ന് നൂറ്റാണ്ട് (ബി.സി. 1050 എഡി 27) ദീർഘിച്ച ഈ പ്രവാചക പരമ്പരയിലൂടെ മാനസാന്തരത്തിനായി ദൈവം നിരന്തരം നല്കിക്കൊണ്ടിരുന്ന ആഹ്വാനങ്ങളെ വളരെ ചുരുക്കമായി അവതരിപ്പിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്. ഇപ്പോഴെങ്കിലും വഴി മാറണം എന്നതാണ് മുഖ്യപ്രമേയം.

## സാമുവേൽ (ബി.സി. 1040–20)

ജനത്തെ നയിക്കാൻ ന്യായാധിപസംവിധാനം അപര്യാപ്തമെന്നു തെളിഞ്ഞു. ദൈവമനുഷ്യബന്ധത്തെ ഉറപ്പിക്കാനും ശക്തിപ്പെടുത്താനുമായി സ്ഥാപിക്കപ്പെട്ടിരുന്ന പൗരോഹിത്യം പരാജയപ്പെട്ടു. പുരോഹിതൻ ഏലി വൃദ്ധനായി. കാഴ്ചമങ്ങി, കണ്ണിന്റെ മാത്രമല്ല, മനസിന്റെയും. ഏലിയുടെ മക്കൾ പൗരോഹിത്യത്തെ ദുരുപയോഗിച്ചു; ജനത്തെ കൊള്ളയടിച്ചു; അവമാനിച്ചു. കർത്താവയച്ച ഒരാൾ നല്കിയ താക്കീതുകൾ ഏലിയും മക്കളും അവഗണിച്ചു. അവസാനം ഫിലിസ്ത്യരുടെ ആക്രമണത്തിൽ ജനം പരാജയപ്പെട്ടു. അവരുടെ വിശ്വാസത്തിന്റെ കേന്ദ്രവും ദൈവത്തിന്റെ സിംഹാസനവുമായി പരിഗണിക്കപ്പെട്ടിരുന്ന ഉടമ്പടിയുടെ പേടകം ശത്രുകരങ്ങളിലായി. ഏലിയുടെ മക്കൾ യുദ്ധത്തിൽ കൊല്ലപ്പെട്ടു. വിവരമറിഞ്ഞ ഏലി മറിഞ്ഞുവീണ് കഴുത്തൊടിഞ്ഞു മരിച്ചു (1 സാമു 1–4). ഇതാണ് സാമുവേൽ രംഗപ്രവേശം ചെയ്യുന്ന ചരിത്രപശ്ചാത്തലം.

ദൈവത്തിന്റെ തിരുഹിതം വ്യക്തമായി ജനത്തെ അറിയിക്കുക, അതനുസരിച്ചു ജീവിക്കാൻ പ്രേരിപ്പിക്കുക - ഇതായിരുന്നു ദൈവം സാമുവേലിനെ ഏല്പിച്ച ദൗത്യം. ആദ്യമാദ്യം ജനങ്ങൾ അംഗീകരിച്ചെങ്കിലും കാലക്രമത്തിൽ സാമുവേലിന്റെ

നേതൃത്വം അവർക്കു മതിയാവാതെ വന്നു. തങ്ങളെ നയിക്കാൻ ഒരു രാജാവിനെ വേണം എന്ന് അവർ ശഠിച്ചു. ഈ ശാഠ്യം തനിക്കെതിരേയല്ല, ദൈവത്തിനെതിരേയാണെന്നു മനസിലാക്കിയ സാമുവേൽ ആദ്യം എതിർത്തെങ്കിലും ദൈവകല്പനയനുസിച്ച് അവരുടെ ആഗ്രഹത്തിനു വഴങ്ങി. അതേസമയം രാജഭരണം ആവശ്യപ്പെടുന്നത് ദൈവത്തെ തിരസ്കരിക്കുന്നതിനു തുല്യമാണെന്നും അതു ഭീകരമായ വിനകൾ വരുത്തിവയ്ക്കുമെന്നും വ്യക്തമായ ഭാഷയിൽ അവരെ താക്കീതു ചെയ്തു. രാജഭരണം വരുത്തിവയ്ക്കാൻ പോകുന്ന ദുരിതങ്ങൾ അക്കമിട്ടു നിരത്തിയതിനുശേഷം സാമുവേൽ ഉപസംഹരിച്ചു: *"നിങ്ങൾ അവന്റെ അടിമകളായിത്തീരും. നിങ്ങൾ തിരഞ്ഞെടുക്കുന്ന രാജാവു നിമിത്തം അന്നു നിങ്ങൾ വിലപിക്കും, എന്നാൽ കർത്താവു നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല"* (1 സാമു 8, 18).

ദൈവത്തിൽ ആശ്രയിക്കുന്നതിനുപകരം മനുഷ്യനിൽ ആശ്രയിക്കുന്നതിന്റെ മൗഢ്യമാണ് സാമുവേൽ അവരെ ബോധ്യപ്പെടുത്താൻ ശ്രമിച്ചത്. മറ്റു ജനതകൾക്കുള്ളതുപോലെ ഞങ്ങൾക്കും വേണം രാജാവ് (1 സാമു 8,5) എന്നു ശഠിച്ച ജനത്തെ, അവർ മറ്റു ജനതകളെപ്പോലെയല്ല എന്നു ബോധ്യപ്പെടുത്താൻ സാമുവേലിനു കഴിഞ്ഞില്ല. ഫലം ദൂരവ്യാപകമായിരുന്നു. സാവൂൾ മുതൽ സെദെക്കിയാവരെ (1030 – 587) 42 രാജാക്കന്മാരും ഒരു രാജ്ഞിയും ഇസ്രായേൽ ജനത്തെ ഭരിച്ചു. അവസാനം രാജഭരണം വിദേശാധിപത്യത്തിലും അടിമത്തത്തിലും പ്രവാസത്തിലും കലാശിച്ചു. ആ ഭരണകാലത്ത് ജനത്തെ വീണ്ടും വീണ്ടും ഉടമ്പടിയുടെ പ്രമാണങ്ങൾ അനുസ്മരിപ്പിക്കാനും മാനസാന്തരത്തിനു ക്ഷണിക്കാനും അയയ്ക്കപ്പെട്ടവരാണ് പ്രവാചകന്മാർ.

## നാഥാൻ (ബി.സി. 1010 – 980)

സാവൂളിനെയും തുടർന്നു ദാവീദിനെയും രാജാക്കന്മാരായി അഭിഷേചിച്ച സാമുവേലിനുശേഷം വന്ന പ്രവാചകനാണ് ദാവീദിന്റെ ഉപദേഷ്ടാവും വിമർശകനും വഴികാട്ടിയുമായി വർത്തിച്ച നാഥാൻ. രാജ്യം മുഴുവൻ കൈപ്പിടിയിൽ ഒതുങ്ങുന്നതുവരെ ദാവീദ് ദൈവഭക്തനും അനുസരണമുള്ള ദൈവദാസനുമായിരുന്നു. തന്നെ രാജാവാക്കിയത് ദൈവത്തിന്റെ കൃപാകടാക്ഷം ഒന്നു മാത്രമാണെന്ന് ഏറ്റുപറഞ്ഞു; ദൈവത്തെ സ്തുതിച്ചു (2 സാമു 7).

എന്നാൽ കാലക്രമത്തിൽ ഇതെല്ലാം മറന്നു, അധികാരം ഒരു ലഹരിയായി, ആസക്തികളെ ഉണർത്തി. അയൽരാജ്യം കീഴടക്കാനായി സൈന്യത്തെ പറഞ്ഞയച്ചിട്ട് കൊട്ടാരത്തിൽ സുഖജീവിതം നയിച്ച രാജാവ് അലസനായി. ഉച്ചയുറക്കം കഴിഞ്ഞുണർന്നു മട്ടുപ്പാവിൽ ഉലാത്തിയ രാജാവ്, അകലെ കുളിക്കുന്ന സ്ത്രീയുടെ നഗ്നസൗന്ദര്യത്തിൽ ആകൃഷ്ടനായി. അതു തന്റെ തന്നെ ഒരു സൈന്യാധിപനായ ഊറിയായുടെ ഭാര്യയാണെന്നറിഞ്ഞിട്ടും കൂസലില്ലാതെ ആളയച്ച് അവളെ വരുത്തി; ആസക്തി ശമിപ്പിച്ചു. താൻ ഗർഭിണിയാണെന്ന വിവരം ബത്ഷേബാ ദൂതൻവഴി അറിയിച്ചപ്പോൾ ഊറിയായുടെ മേൽ അജാതശിശുവിന്റെ പിതൃത്വം കെട്ടിവയ്ക്കാൻ ശ്രമിച്ചു പരാജയപ്പെട്ടപ്പോൾ തന്ത്രപൂർവ്വം അയാളെ കൊലചെയ്യിച്ച് ബത്ഷേബായെ സ്വന്തം ഭാര്യയാക്കി. ഭക്തനായ ദാവീദ് പതിച്ച പടുകുഴിയുടെ ആഴം അളക്കുക പ്രയാസം. ജനം അറിഞ്ഞില്ല; അറിഞ്ഞവർ ഭയന്നു മൗനം പാലിച്ചു (2 സാമു 11).

*"പക്ഷേ ദാവീദിന്റെ പ്രവൃത്തി ദൈവത്തിനിഷ്ടമായില്ല"* (2 സാമു 11, 27). ഇവിടെയാണ് പ്രവാചകന്റെ തനിരൂപം പ്രത്യക്ഷപ്പെടുന്നത്. *"കർത്താവ് നാഥാൻ പ്രവാചകനെ ദാവീദിന്റെ അടുക്കലേക്കയച്ചു"* (2 സാമു 12,1), തികച്ചും അപകടകരമായൊരു ദൗത്യവുമായി. രാജ്യത്തെ സമുന്നത ന്യായാധിപനായ, സുപ്രീം കോടതിയിലെ ചീഫ് ജസ്റ്റിസ് ആയ രാജാവിനെ വിചാരണ ചെയ്തു വിധി പ്രസ്താവിക്കുക എന്നതാണ് ദൈവം നാഥാനെ ഏല്പിച്ച ദൗത്യം. പ്രവാചകൻ തന്റെ ദൗത്യം വളരെ തന്മയത്വത്തോടെ നിർവഹിച്ചു. ദരിദ്രനായ അയല്ക്കാരന്റെ ഏക പെണ്ണാട്ടിൻകുട്ടിയെ ബലമായി പിടിച്ചെടുത്ത് വിരുന്നുകാരനു കറിയൊരുക്കിയ ധനികന്റെ കഥയിലൂടെ, അറിയാതെ തന്നെ തന്റെമേൽ ശിക്ഷ പ്രഖ്യാപിക്കാൻ രാജാവിനു വഴിയൊരുക്കി. *"കർത്താവാണേ, ഇതു ചെയ്തവൻ മരിക്കണം"* (2 സാമു 12, 5).

കഠിനമാണ് വിധി. ഒരാടിനെ കൊന്നതിന് ഒരാളിനെകൊല്ലുക എന്നത് എന്തു ന്യായം എന്നു ദാവീദു ചോദിച്ചില്ല. പക്ഷേ ദാവീദറിഞ്ഞില്ല തന്റെ തന്നെ വധശിക്ഷയാണ് താൻ വിധിച്ചതെന്ന്. ***"ആ മനുഷ്യൻ നീ തന്നെ"*** (2 സാമു 12, 7). ഇതാണ് പ്രവാചകത്വം; ഇതാണ് പ്രവാചകവചനം. തെറ്റാരു ചെയ്താലും മുഖത്തു നോക്കി, കൂസലെന്യേ ദൈവത്തിന്റെ വിധി അറിയിക്കുക. ഇവിടെ

അടിമയും രാജാവും എല്ലാം ഒരുപോലെയാകുന്നു, ആകണം. അനീതി ആരു പ്രവർത്തിച്ചാലും അത് അനീതിയാണെന്ന്, സധൈര്യം, തെളിവു സഹിതം, പ്രഖ്യാപിക്കുകയാണിവിടെ പ്രവാചകൻ. ശിക്ഷാവിധി തുടർന്നു വിവരിക്കുന്നു.

ദൈവം ദാവീദിനുവേണ്ടി ചെയ്ത എല്ലാ കാര്യങ്ങളും എണ്ണിയെണ്ണി അവതരിപ്പിച്ചതിനുശേഷമാണ് ശിക്ഷാവിധി. അതു ദാവീദിന്റെ കുടുംബത്തെ മാത്രമല്ല, ഇസ്രായേൽ രാജ്യത്തെത്തന്നെ ശിഥിലമാക്കും. വ്യഭിചാരവും അതു മറച്ചുവയ്ക്കാൻ കൊലപാതകവും നടത്തിയ രാജാവിന്റെ മക്കൾ ഈ പാരമ്പര്യം കൂടുതൽ ഹീനവും നിന്ദ്യവുമായി തുടരും. ദാവീദിന്റെ ഒരു മകൻ ഒരു മകളെ വ്യഭിചരിക്കും; മക്കൾ പരസ്പരം വധിക്കും. ദാവീദ് മകനെ ഭയന്ന് നഗരത്തിൽനിന്നും പലായനം ചെയ്യും. മൂന്നാം തലമുറയാകുമ്പോൾ രാജ്യംതന്നെ പിളരും. ഒരാൾ, അതും അധികാരസ്ഥാനത്തിരിക്കുന്നയാൾ ചെയ്യുന്ന അതിക്രമത്തിന്റെ ഭീകരമായ ദോഷഫലങ്ങൾ നാഥാൻ നിർഭയം രാജാവിനെ അറിയിച്ചു. അതാണ് പ്രവാചകധർമ്മം. ദാവീദനുതപിച്ചു; മാപ്പിരന്നു; മാനസാന്തരപ്പെട്ടു. അതായിരുന്നു ലക്ഷ്യം (2 സാമു 12, 7-12).

## ഏലിയാ (ബി.സി. 870-860)

പ്രവാചകന്മാരുടെ നാൾവഴിയിൽ അടുത്തതായി കണ്ടുമുട്ടുന്ന അതിശക്തനായ, പ്രവാചകത്വത്തിന്റെ പ്രതീകമായി ബൈബിൾ അവതരിപ്പിക്കുന്ന പ്രവാചകനാണ് ഏലിയാ. വിഗ്രഹാരാധനയും അക്രമവും അനീതിയും, നിസഹായർക്കെതിരേ നടക്കുന്ന മർദ്ദനവും ചൂഷണവും വഴി അന്ധകാരനിബിഢമായ ഇസ്രായേലിന്റെ വിഹായസിലേക്ക് ഒരു കൊള്ളിയാൻപോലെ ഏലിയാ കടന്നുവന്നു; കർത്താവ് തന്നെ ഏല്പിച്ച ദൗത്യം നിർഭയം നിറവേറ്റിയതിനുശേഷം വന്നതുപോലെ തന്നെ പെട്ടെന്ന് കടന്നുപോയി, അഗ്നിരഥത്തിൽ!

ഏലിയായുടെ പ്രവാചകജീവിതത്തിൽ നിന്നു രണ്ടു മുഹൂർത്തങ്ങൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. കാർമ്മൽ മലയിലെ ബലിയും നബോത്തിന്റെ മുന്തിരിത്തോട്ടത്തിലെ വിധിയും. ഇസ്രായേൽജനത്തെ വിഗ്രഹാരാധനയിലേക്കു നയിച്ചതിൽ സുപ്രധാന പങ്കുവഹിച്ച രാജ്ഞിയാണ് ടയിർരാജാവിന്റെ മകളായ ജെസബെൽ. ഭർത്താവായ ആഹാബിനെ സ്വാധീനിച്ച് ബാൽ ആരാധന നാട്ടിൽ നിയമമാക്കി. ഇസ്രായേലിന്റെ

ദൈവമായ യാഹ്വെയെ ആരാധിക്കുന്നതു വിലക്കി. യാഹ്വേ ആരാധകരെ തടവിലാക്കി, പീഡിപ്പിച്ചു, വധിച്ചു. ഈ സാഹചര്യത്തിലാണ് യാഹ്വേയുടെ നാമത്തിൽ ബാലിനെ വെല്ലുവിളിച്ചുകൊണ്ട് ഏലിയാ രംഗത്തുവന്നത്.

മഴയുടെയും അതുവഴി ഭൂമിയുടെ ഫലപുഷ്ടിയുടെയും ദൈവമായിട്ടാണ് ബാൽ ആരാധിക്കപ്പെട്ടിരുന്നത്. എന്നാൽ ഏലിയാ അറിയിച്ച കർത്താവിന്റെ വാക്കുമൂലം ദേശത്തു മഴ നിലച്ചു (2 രാജാ 17). മൂന്നരവർഷത്തെ വരൾച്ച വലിയ ദുരിതങ്ങൾ വരുത്തിവച്ചു. അതിന്റെ അവസാനമാണു കാർമ്മൽ മലയിലെ വെല്ലുവിളി. ഏലിയാ പറഞ്ഞതനുസരിച്ച് ആഹാബ് രാജാവ് ബാലിന്റെ പ്രവാചകന്മാരെയും ജനത്തെയും കാർമ്മൽ മലയിൽ വിളിച്ചുകൂട്ടി. ഏലിയാ ഒരു വെല്ലുവിളി ഉയർത്തി. അഗ്നി അയച്ചു ബലി സ്വീകരിക്കുന്നവനായിരിക്കും യഥാർത്ഥ ദൈവം. ബാലിന്റെ 450 പ്രവാചകർ ഒരുവശത്ത്; ഏലിയാ ഒറ്റയ്ക്കു മറുവശത്ത്. ബാലിന്റെ പ്രവാചകർ പരാജയപ്പെട്ടു; ഏലിയായുടെ പ്രാർത്ഥന കർത്താവു കേട്ടു. അഗ്നിയിറങ്ങി, ബലിവസ്തു ചാമ്പലായി. ഉടനെ വന്നു ജനത്തിന്റെ പ്രതികരണം: *"കർത്താവുതന്നെ ദൈവം, കർത്താവുതന്നെ ദൈവം"* (1 രാജാ 18, 39). കനത്ത മഴ പെയ്തു, വരൾച്ച അവസാനിച്ചു. അങ്ങനെ മഴയുടെയും ഫലപുഷ്ടിയുടെയും നാഥൻ മനുഷ്യനിർമ്മിതമായ ബാൽദേവനല്ല, യഥാർത്ഥ ദൈവമായ യാഹ്വേ ആണെന്നു തെളിഞ്ഞു.

നീതിക്കുവേണ്ടി എടുക്കുന്ന പ്രവാചകന്റെ നിലപാടാണ് രണ്ടാമത്തെ സംഭവം (1 രാജാ 21). രാജകൊട്ടാരത്തിനടുത്തുള്ള മുന്തിരിത്തോട്ടം വില്ക്കാൻ വിസമ്മതിച്ച കർഷകനായ നാബോത്തിനെ നിഷ്കരുണം കൊലചെയ്തു തോട്ടം സ്വന്തമാക്കിയ ആഹാബ് രാജാവിനെ ഏലിയാ നേരിട്ടു, ആ മുന്തിരിത്തോട്ടത്തിൽ വച്ചുതന്നെ. രാജാവിനെ ഭയന്നു ന്യായാധിപന്മാർ അക്രമത്തിനു കൂട്ടുനില്ക്കുകയും ജനം നിശ്ശബ്ദത പാലിക്കുകയും ചെയ്തപ്പോഴാണ് തീപാറുന്ന വിധിവാചകവുമായി ഏലിയാ കടന്നുവന്നത്, ദാവീദിനെതിരേ നാഥാൻ എന്നതുപോലെ.

*"കർത്താവ് ചോദിക്കുന്നു: നീ അവനെ കൊലപ്പെടുത്തി അവന്റെ വസ്തു കയ്യേറിയോ? ... നാബോത്തിന്റെ രക്തം നായ്ക്കൾ നക്കിക്കുടിച്ച സ്ഥലത്തുവച്ചുതന്നെ നിന്റെ രക്തം നായ്ക്കൾ നക്കിക്കുടിക്കും... ഇസ്രേലിന്റെ അതിർത്തിക്കുള്ളിൽവച്ച്*

*ജസെബെലിനെ നായ്ക്കൾ തിന്നും"* (1 രാജാ 21, 19–23). നിഷ്കളങ്കരക്തത്തിന്റെ നിലവിളി ഏറ്റുവാങ്ങി പ്രതിധ്വനിപ്പിക്കുന്ന പ്രവാചകശബ്ദം. സ്വന്തം ജീവൻ കയ്യിലെടുത്തുകൊണ്ടാണ് പ്രവാചകൻ സംസാരിക്കുന്നത്. നിതി നിഷേധിക്കപ്പെട്ടവർക്കുവേണ്ടി, മർദകർക്കെതിരേ, ഉയരുന്ന ദൈവശബ്ദം. ആഹാബ് പശ്ചാത്തപിച്ചെങ്കിലും ദൈവം വിധി പിൻവലിച്ചില്ല. നിരപരാധിയെ കൊല്ലിച്ചവൻ നിഷ്കരുണം വധിക്കപ്പെട്ടു. മട്ടുപ്പാവിൽനിന്നു വലിച്ചെറിയപ്പെട്ട ജെസബെലിനെ നായ്ക്കൾ തിന്നു (1 രാജാ 22, 29–39; 2 രാജാ 9, 30–37).

കാലാവസ്ഥയുടെ കാവല്ക്കാരൻ ബാൽദേവനല്ല; ഭൂമിയുടെ ഉടമ രാജാവുമല്ല. സത്യദൈവത്തെ ആരാധിക്കുന്നവൻ അയല്ക്കാരന്റെ അവകാശങ്ങൾ മാനിക്കണം. ഏറ്റം നിസ്സാരർ എന്നു കരുതപ്പെടുന്നവർക്ക് ഏറ്റം വലിയ സംരക്ഷണം നല്കണം. ഇല്ലെങ്കിൽ പ്രകൃതി തന്നെ പ്രതികരിക്കും. ആകാശം അടയും, മഴ നിലയ്ക്കും. രക്തം കുടിച്ച ഭൂമിയിൽ രക്തം ഒഴുക്കിയവന്റെ രക്തം നായ്ക്കൾ നക്കിക്കുടിക്കും, ജഡം വന്യമൃഗങ്ങൾ ഭക്ഷിക്കും. ഭയാനകമായ താക്കീതാണ് ഏലിയായിലൂടെ ഇന്നും നല്കപ്പെടുന്നതു എന്നു മറക്കാതിരിക്കാം.

## ആമോസ് (ബി.സി. 760)

സ്വന്തം പേരിൽ പുസ്തകമുള്ള 16 പ്രവാചകന്മാരിൽ, ചരിത്രപരമായി നോക്കുമ്പോൾ ആദ്യത്തെ പ്രവാചകനാണ് ആമോസ്. സോളമന്റെ മരണത്തിനുശേഷം പത്തു ഗോത്രങ്ങൾ ഒരുമിച്ചു രൂപം കൊടുത്ത വടക്കൻ രാജ്യമായ ഇസ്രായേലിലാണ് ആമോസ് പ്രസംഗിച്ചത്. രാജ്യം സമൃദ്ധിയുടെ ഉച്ചകോടിയിൽ എത്തിയ സാഹചര്യമായിരുന്നു അത്. നാല്പതു വർഷം ദീർഘിച്ച ജറൊബൊവാം രണ്ടാമന്റെ ഭരണം (ബി.സി. 783–743) പുറമേനിന്നു നോക്കുമ്പോൾ ഇസ്രായേലിന്റെ സുവർണ്ണകാലഘട്ടമായിരുന്നു. ദേശത്തു സമ്പത്തു വർദ്ധിച്ചു. അതിർത്തികളിൽ സമാധാനം നിലനിന്നു. അയൽരാജ്യങ്ങളുമായുള്ള വ്യാപാരം വികസിച്ചു. മനോഹരമായ മാളികകൾ ഉയർന്നു, നവസമ്പന്നരുടെ കൊടി അടയാളം പോലെ.

ഈ സമൃദ്ധിയുടെ പിന്നാമ്പുറങ്ങളിൽ നരകയാതന അനുഭവിച്ച പാവപ്പെട്ടവരെ ആരും കണ്ടില്ല, അവരുടെ ദീനരോദനം ആരും കേട്ടില്ല, കർത്താവൊഴികെ. ഒരു ഭാഗത്ത് അതിസമ്പന്നരും

മറുഭാഗത്ത് ആവശ്യത്തിന് ആഹാരംപോലും ലഭിക്കാത്ത പട്ടിണിപ്പാവങ്ങളും തമ്മിലുള്ള വൈരുധ്യം എല്ലാ മനുഷ്യരുടെയും സ്രഷ്ടാവും പിതാവുമായ ദൈവം അംഗീകരിക്കുകയില്ല, അധികനാൾ തുടരാൻ അനുവദിക്കുകയില്ല എന്ന സന്ദേശവുമായാണ് തെക്ക് യൂദായിലെ തെക്കോവാ എന്ന ഗ്രാമത്തിലെ ഒരു ആട്ടിടയനായിരുന്ന ആമോസിനെ ഇസ്രായേലിന്റെ തലസ്ഥാനമായ സമറിയായിലേക്ക് ദൈവം അയച്ചത്. വീണ്ടും കൊള്ളിയാൻ പോലെ മിന്നിമറഞ്ഞ ഒരു പ്രവാചകൻ. ബി.സി. 760-ൽ ഏതാനും ആഴ്ചകൾ മാത്രമേ ആമോസിനു ദൗത്യം തുടരാൻ കഴിഞ്ഞുള്ളൂ. രാജാവ് കനത്ത കരത്താൽ ആ പ്രവാചകശബ്ദം അടിച്ചൊതുക്കി. സിംഹഗർജ്ജനം പോലെ ഉയർന്ന ആമോസിന്റെ പ്രവാചകശബ്ദം അനീതിയിൽ അടിയുറച്ച സംവിധാനങ്ങളെയും സിംഹാസനങ്ങളെയും കിടിലം കൊള്ളിച്ചുകൊണ്ട് ഇന്നും ദിഗന്തങ്ങളിൽ മുഴങ്ങുന്നു, കാതുള്ളവർക്കു കേൾക്കാം.

തന്റെ വിളിയുമായി ബന്ധപ്പെടുത്തി ആമോസ് വിവരിക്കുന്ന മൂന്നു ദർശനങ്ങൾ (ആമോ 7, 1-9) നമ്മുടെ പഠനവിഷയത്തിന് ഏറെ പ്രസക്തമാണ്. ദേശം മുഴുവൻ നശിപ്പിക്കാൻ പോകുന്ന വെട്ടുക്കിളിപ്പറ്റവും എല്ലാം വിഴുങ്ങുന്ന അഗ്നിപ്രവാഹവും പ്രവാചകന്റെ യാചനകേട്ട് ദൈവം വിലക്കി. എന്നാൽ ജനത്തിന്റെ മേൽ പിടിച്ചിരിക്കുന്ന നീതിയുടെ തൂക്കുകട്ടയിൽ മാറ്റമുണ്ടാകില്ല. ദൈവം വിധി പ്രസ്താവിച്ചു കഴിഞ്ഞു, ജനത്തിനുമേൽ പതിക്കാൻ പോകുന്ന സമൂലനാശം. അതു വിളംബരം ചെയ്യുകയാണ് ആമോസിന്റെ ദൗത്യം.

കേൾവിക്കാർക്കു വിശ്വസിക്കാൻ കഴിയുമായിരുന്നില്ല ആമോസിന്റെ വാക്കുകൾ. പക്ഷേ ആമോസ് നടത്തിയ സമൂഹ വിശകലനം ആർക്കും നിഷേധിക്കാനാവില്ല. അധികാരവും സമ്പത്തും കയ്യാളുന്നവരുടെ അനീതിയും അക്രമങ്ങളും പ്രവാചകൻ തുറന്നുകാട്ടി, അക്കമിട്ടു നിരത്തി. *"നീതിമാന്മാരെ വെള്ളിക്കു വില്ക്കുന്നു, ഒരു ജോഡി ചെരുപ്പിന് സാധുക്കളെയും. പാവപ്പെട്ടവരുടെ തല അവർ പൂഴിയിൽ ചവുട്ടി മെതിക്കുന്നു. ദരിദ്രരെ വഴിയിൽനിന്നു തള്ളിമാറ്റുന്നു. അപ്പനും മകനും ഒരേ യുവതിയെ പ്രാപിക്കുന്നു"* (ആമോ 2, 6-7). ദരിദ്രർക്കു നീതി നിഷേധിക്കുന്നു, കൈക്കൂലി വാങ്ങി അന്യായം വിധിക്കുന്നു (4,1; 5,6-7. 12; 6,12; 8,4-7).

സമൂഹത്തിന്റെ സകല മേഖലകളിലും നടമാടിയ അക്രമവും അനീതിയും ക്രൂരതയും അനിഷേധ്യമായ തെളിവുകൾ നിരത്തി അവതരിപ്പിച്ചതിനുശേഷം ദൈവത്തിന്റെ ശിക്ഷാവിധി പ്രഖ്യാപിച്ചു. സമൂലനാശത്തിന്റെ ശിക്ഷാവിധി പ്രഖ്യാപിക്കുന്നതിനു മുമ്പേ ദൈവം ജനത്തിന് പലതവണ അടയാളങ്ങളിലൂടെ താക്കീതുകൾ നല്കിയതാണ്.

പ്രതികൂലമായ കാലാവസ്ഥാ വ്യതിയാനവും തന്മൂലം ഉണ്ടായ രൂക്ഷമായ ക്ഷാമവും ആയിരുന്നു ആദ്യത്തേത്. സാംക്രമിക രോഗങ്ങളും കൃമികീടങ്ങളും വിളവു നശിപ്പിച്ചു; മഹാമാരികൾ മരണം വിതച്ചു. *"എന്നിട്ടും നിങ്ങൾ എന്റെ അടുത്തേക്കു മടങ്ങിവന്നില്ല"* എന്നത് ഒരു പല്ലവിപോലെ ശിക്ഷകളുടെ വിവരണങ്ങൾക്കിടയിൽ അഞ്ചുതവണ ആവർത്തിക്കുന്നു (ആമോ 4, 4-11) അതിന്റെ അവസാനമാണ് ഭീഷണമായ താക്കീത്. *"ഇസ്രായേൽ ജനമേ, നിങ്ങളുടെ ദൈവത്തിന്റെ സന്ദർശനദിനത്തിന് ഒരുങ്ങിക്കൊള്ളുവിൻ"* (ആമോ 4, 12).

അചിന്ത്യമായിരുന്നു ആ സന്ദർശനത്തിന്റെ ഫലം. നാല്പതു വർഷം ദീർഘിച്ച ജറൊബൊവാം രണ്ടാമന്റെ ഭരണം ബിസി 746-ൽ അവസാനിച്ചു. തുടർന്നു വന്ന 24 വർഷത്തിനിടയിൽ ആറു രാജാക്കന്മാർ ഭരിച്ചു. രാജ്യം ആഭ്യന്തരകലാപത്തിൽ മുഴുകി. അസീറിയാ ആഞ്ഞടിച്ചു. തലസ്ഥാനനഗരമായ സമറിയായ്ക്ക് 724-ൽ ഉപരോധമേർപ്പെടുത്തി. മൂന്നുവർഷം ദീർഘിച്ച ഉപരോധം നഗരവാസികളെ നരകയാതനയിലാഴ്ത്തി. അവസാനം 721-ൽ അസീറിയാ സമറിയാ കീഴടക്കി. ജനങ്ങളെ സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു നാടുകടത്തി; അടിമകളാക്കി (2 രാജാ 17,5-6). അതോടെ ഇസ്രായേലിലെ പത്തുഗോത്രങ്ങൾ ചരിത്രത്തിൽനിന്ന് എന്നേക്കുമായി അപ്രത്യക്ഷമായി. അങ്ങനെ ആമോസ് വഴി നല്കിയ താക്കീതുകൾക്കു കാതോർക്കാതിരുന്ന ജനത്തിന്റെ മേൽ കഠിനമായ ശിക്ഷാവിധി നടപ്പിലായി. ഒഴിവാക്കാമായിരുന്ന ഒരു ദുരന്തം. ഒന്നു മാത്രമാണ് ദൈവം ആമോസിലൂടെ ആവശ്യപ്പെട്ടത്. ***"നീതി ജലംപോലെ ഒഴുകട്ടെ, ധർമ്മനിഷ്ഠ ഒരിക്കലും വറ്റാത്ത നീർച്ചാൽപോലെയും"*** (ആമോ 5,24). പക്ഷേ അതുണ്ടായില്ല. എന്നും, ഇന്നും ഒരു പാഠമായി നില്ക്കുന്നു സമറിയായുടെ പതനവും പത്തുഗോത്രങ്ങളുടെ തിരോധാനവും.

## ഹോസിയാ ബി.സി. 746 – 736

സാമൂഹ്യനീതിയുടെ പ്രവാചകൻ എന്നറിയപ്പെടുന്ന ആമോസിനു പിന്നാലെ വടക്കൻ രാജ്യമായ ഇസ്രായേലിലേക്കു ദൈവം അയച്ച അവസാനത്തെ പ്രവാചകനാണ് ഹോസിയാ. ദൈവസ്നേഹത്തിന്റെ പ്രവാചകൻ എന്നാണ് ഹോസിയാ പൊതുവേ അറിയപ്പെടുന്നത്. ദൈവവും ഇസ്രായേൽ ജനവും തമ്മിലുള്ള ഉടമ്പടിയെ വിവാഹോടമ്പടിയോടു താരതമ്യം ചെയ്ത്, ദൈവത്തെ ഭർത്താവും ജനത്തെ ഭാര്യയുമായി ചിത്രീകരിക്കുന്ന പാരമ്പര്യം ആരംഭിച്ചത് ഹോസിയാ പ്രവാചകനാണ്. ഉടമ്പടി ലംഘനത്തെ വിശ്വാസത്യാഗമായും അന്യദൈവാരാധനയെ വ്യഭിചാരവും വേശ്യാവൃത്തിയുമായും ചിത്രീകരിച്ചുകൊണ്ട് ദൈവ-മനുഷ്യബന്ധത്തിന്റെ ഊഷ്മളതയും അതിന്റെ ലംഘനത്തിന്റെ കാഠിന്യവും പ്രവാചകൻ വ്യക്തമാക്കി.

ദൈവം ഇസ്രായേൽ ജനത്തെ സ്വന്തമായി തിരഞ്ഞെടുക്കുകയും അവരുമായി ഉടമ്പടി ബന്ധം ഉറപ്പിക്കുകയും ചെയ്തതിന്റെ മുഖ്യലക്ഷ്യം അവർ ജനതകൾക്കു മധ്യേ യാഹ്വേ എന്നുപേരുള്ള ഏകസത്യദൈവത്തിന്റെ സാക്ഷികൾ ആകുക എന്നതായിരുന്നു. ഉടമ്പടിയുടെ പ്രമാണങ്ങൾ അനുസരിച്ചുള്ള ജീവിതം വഴിയാണ് ജനം ദൈവത്തെ ആരാധിക്കുകയും ജനതകൾക്കു മുമ്പിൽ സാക്ഷ്യം നല്കുകയും ചെയ്യേണ്ടിയിരുന്നത്. ഇപ്രകാരം ഉടമ്പടിയനുസരിച്ചുള്ള ജീവിതത്തിൽ ജനത്തെ നയിക്കാൻ മുഖ്യപങ്കുവഹിക്കേണ്ടവരായിരുന്നു പുരോഹിതന്മാർ. പക്ഷേ ആ ദൗത്യത്തിൽ അവർ അമ്പേ പരാജയപ്പെട്ടു എന്ന് ഹോസിയാ പ്രവാചകൻ വിളിച്ചുപറഞ്ഞു.

ആരാധനയെന്നാൽ ചില ആചാരാനുഷ്ഠാനങ്ങൾ മാത്രമാണെന്നു തെറ്റിധരിച്ചവർ ആഘോഷങ്ങളുടെ മോടികൂട്ടാൻ ശ്രദ്ധിച്ചപ്പോൾ ഉടമ്പടിയുടെ പ്രമാണങ്ങൾ ജനത്തെ പഠിപ്പിക്കാനും അതിലൂടെ നേരായ വഴിയിൽ നയിക്കാനും മറന്നു. ഫലം ഭയാനകമായിരുന്നു. സമൂഹത്തിൽ കടുത്ത അനീതി നടമാടിയപ്പോഴും ദേവാലയങ്ങളിൽ ആഘോഷങ്ങൾ പൊടിപൂരം അരങ്ങേറി. ഇവിടെയാണ് ഒരു പുരോഹിതനായി കരുതപ്പെടുന്ന ഹോസിയായുടെ സന്ദേശത്തിന്റെ പ്രാധാന്യവും അതിന്റെ ആനുകാലിക പ്രസക്തിയും ശ്രദ്ധേയമാകുന്നത്.

ഉടമ്പടിയുടെ നിയമങ്ങൾ ഒന്നൊഴിയാതെ എല്ലാം ലംഘി

ക്കപ്പെടുന്നതായി പ്രവാചകൻ കണ്ടു: *"ഇവിടെ വിശ്വസ്തതയോ, സ്നേഹമോ ഇല്ല. ദൈവവിചാരം ദേശത്ത് അറ്റുപോയിരിക്കുന്നു. ആണയിടലും വഞ്ചനയും കൊലപാതകവും മോഷണവും വ്യഭി ചാരവും സീമാതീതമായിരിക്കുന്നു. ഒന്നിനു പിറകേ ഒന്നായി കൊലപാതകം നടക്കുന്നു. അതിനാൽ ദേശം വിലപിക്കുന്നു, അതിലെ സകല നിവാസികളും ക്ഷയിക്കുന്നു. വയലിലെ മൃഗ ങ്ങളും ആകാശത്തിലെ പറവകളും സമുദ്രത്തിലെ മത്സ്യങ്ങൾ പോലും അപഹരിക്കപ്പെടുന്നു"* (ഹോസി 4,1-3). ദേശം നേരി ടുന്ന ഭീകരമായ പ്രതിസന്ധിയുടെ ഒരു നേർക്കാഴ്ച ഇവിടെ കാണാം. ദൈവപ്രമാണങ്ങൾ ലംഘിക്കപ്പെടുമ്പോൾ പ്രപഞ്ച ത്തിൽ മുഴുവൻ അതിന്റെ പ്രത്യാഘാതങ്ങൾ ദൃശ്യമാകും, ഇന്നു നാം നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ പോലെ. എന്താ ണിതിനെല്ലാം കാരണം? ആരാണിതിനു മുഖ്യ ഉത്തരവാദി? പ്രവാ ചകൻ തന്നെ തുടർന്നു പറയുന്നു.

*"എന്നാൽ ആരും തർക്കിക്കേണ്ടാ, കുറ്റപ്പെടുത്തുകയും വേണ്ടാ. പുരോഹിതാ, നിനക്കെതിരേയാണ് എന്റെ ആരോ പണം... അജ്ഞത നിമിത്തം എന്റെ ജനം നശിക്കുന്നു. നീ വിജ്ഞാനം തിരസ്കരിച്ചതുകൊണ്ട് എന്റെ പുരോഹിതനായി രിക്കുന്നതിൽനിന്ന് നിന്നെ ഞാൻ തിരസ്കരിക്കുന്നു"* (ഹോസി 4, 4-6). ജനത്തെ നേർവഴിക്കു നയിക്കേണ്ട പുരോഹിതനു തന്നെ വഴിതെറ്റുന്നു. ഫലം സർവനാശമായിരിക്കും. ഇവിടെ ഔദ്യോ ഗികമായി ബലിയർപ്പിക്കാൻ അഭിഷിക്തരായ ലേവീ പുരോഹി തന്മാർ മാത്രമല്ല പ്രതിക്കൂട്ടിലാകുന്നത്; മറിച്ച് ജനത്തെ പഠിപ്പി ക്കാനും നയിക്കാനും കടപ്പെട്ട സകല നേതാക്കളുമാണ്.

സമൂലനാശം വിളിച്ചറിയിക്കുമ്പോഴും അതിനപ്പുറം പ്രത്യാ ശയുടെ പ്രകാശകിരണം തെളിയുന്നത് പ്രവാചകൻ കാണുന്നുണ്ട്. വിവാഹോടമ്പടി ലംഘിച്ചു വേശ്യയായിത്തീർന്ന ജനത്തോട് ദൈവം ചെയ്യാൻ പോകുന്നതെന്ത് എന്നു പ്രവാചകൻ വീണ്ടും ഒരു പ്രതീകത്തിലൂടെ അവതരിപ്പിക്കുന്നു: *"ഞാൻ അവളെ വശീ കരിച്ച് ഒരു വിജനപ്രദേശത്തേക്കു കൊണ്ടുപോകും. അവളോടു ഞാൻ ഹൃദ്യമായി സംസാരിക്കും... എന്നേക്കുമായി നിന്നെ ഞാൻ പരിഗ്രഹിക്കും. നീതിയിലും സത്യത്തിലും സ്നേഹത്തിലും കാരു ണ്യത്തിലും നിന്നെ ഞാൻ സ്വീകരിക്കും. വിശ്വസ്തതയിൽ നിന്നെ ഞാൻ സ്വന്തമാക്കും. കർത്താവിനെ നീ അറിയും"* (ഹോസി 2, 14-23).

സമൂല പരിവർത്തനമാണ് ദൈവം ജനത്തിൽനിന്ന് ആവശ്യപ്പെടുന്നത്. അതിനവരെ പ്രാപ്തരാക്കുന്നതായിരിക്കും ഉടനെ സംഭവിക്കാൻ പോകുന്ന നാശങ്ങളും പരാജയങ്ങളും. സ്വന്തം എന്നു കരുതിയതെല്ലാം നഷ്ടപ്പെട്ടു കഴിയുമ്പോൾ അവർ പൂർണ്ണ ഹൃദയത്തോടെ വീണ്ടും ദൈവത്തിലേക്കു തിരിയും. അതൊരു മരുഭൂമി അനുഭവംപോലെ ആയിരിക്കും. ആസന്നമായിരിക്കുന്ന നാശത്തിന്റെ ലക്ഷ്യം ഈ മാനസാന്തരമാണ്. ദൈവം തന്നെ അതിനു ജനത്തെ പ്രാപ്തരാക്കും. വരൻ വധുവിനു നല്കുന്ന സ്ത്രീധനം പോലെയാണ് ഈ ഹൃദയപരിവർത്തനത്തെ അവതരിപ്പിക്കുന്നത്. നീതി, ധർമ്മനിഷ്ഠ, സ്നേഹം, കാരുണ്യം, വിശ്വസ്തത - ഇതെല്ലാം ഉണ്ടാകുമ്പോഴാണ് ദൈവത്തെ അറിയുക. ആ ജ്ഞാനവും ദൈവം തന്നെ ദാനമായി നല്കും. അങ്ങനെ ***"ബലിയല്ല സ്നേഹമാണ് ഞാൻ അഗ്രഹിക്കുന്നത്, ദഹനബലികളല്ല, ദൈവജ്ഞാനമാണ് എനിക്കിഷ്ടം"*** (ഹോസി 6,6) എന്നു ജനം ഗ്രഹിക്കും എന്നും പ്രസക്തമായ പാഠം.

## മിക്കാ (ബി.സി. 750-700)

ദൈവസ്നേഹത്തിന്റെ പ്രവാചകൻ എന്നറിയപ്പെടുന്ന ഹോസിയായുടെ സമകാലികനാണ് മിക്കാ. ഹോസിയാ വടക്കൻ രാജ്യമായ ഇസ്രായേലിൽ പ്രസംഗിച്ചപ്പോൾ മിക്കാ തെക്ക് യൂദയായിലാണ് പ്രവാചകവൃത്തി നിർവഹിച്ചത്. യൂദായെ സംബന്ധിച്ച് വലിയ യുദ്ധങ്ങളുടെയും ക്ലേശങ്ങളുടെയും കാലമായിരുന്നു ബി.സി. 8-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി. അസീറിയായ്ക്കെതിരേ ഉണ്ടാക്കിയ സഖ്യത്തിൽ ചേരാൻ വിസമ്മതിച്ച യൂദായ്ക്കെതിരേ ഇസ്രായേലും സിറിയായും ഒരുമിച്ചു യുദ്ധം ചെയ്തു (736-34). ഈ രണ്ടു രാജ്യങ്ങളെയും നാമാവശേഷമാക്കിയ അസീറിയാ തുടർന്ന് യൂദായ്ക്കെതിരേ യുദ്ധത്തിനു വന്നു. അനേകം നാശനഷ്ടങ്ങൾ വരുത്തി.

ഈ യുദ്ധങ്ങൾക്കും നാശങ്ങൾക്കും ഇടയിലും സമൂഹത്തിലെ അധികാരികളും സമ്പന്നരും സുഖലോലുപതയിൽ മുഴുകി; പാവപ്പെട്ടവരെ കൊള്ളയടിച്ചു, കഠിനമായി ചൂഷണം ചെയ്തു. ഇപ്രകാരം മർദിതരായവരിൽ ഒരുവനെയാണ് ദൈവം പ്രവാചകനായി തിരഞ്ഞെടുത്തത്. മിക്കായുടെ വാക്കുകൾക്ക് അയാൾ അനുഭവിച്ച വേദനയുടെ തീവ്രതയുണ്ട്; കണ്ണീരിന്റെ ഈർപ്പമുണ്ട്. തെരുവിൽ ഒഴുകുന്ന നിഷ്കളങ്കരക്തത്തിന്റെ ഗന്ധ

മുണ്ട്. വായ്ത്തല മടങ്ങിയ വാളോ മുന ഒടിഞ്ഞ കുന്തമോ പോലെ യല്ല മിക്കായുടെ വാക്കുകൾ. അതിന് ഇരുവായ്ത്തലവാളിന്റെ മൂർച്ചയുണ്ട്, പാറയെ തകർക്കുന്ന കൂടത്തിന്റെ കരുത്തുണ്ട്, സർവ പ്രതിബന്ധങ്ങളും ചുട്ടുചാമ്പലാക്കുന്ന അഗ്നിയുടെ തീവ്രതയുണ്ട്.

*"കിടക്കയിൽ കിടന്നു തിന്മ നിരൂപിക്കുകയും ദുരുപായങ്ങൾ ആലോചിക്കുകയും ചെയ്യുന്നവർക്കു ദുരിതം! കയ്യൂക്കുള്ളതിനാൽ പുലരുമ്പോൾ അവരതു ചെയ്യുന്നു. അവർ വയലുകൾ മോഹിക്കുന്നു; അവ പിടിച്ചടക്കുന്നു. വീടുകൾ മോഹിക്കുന്നു; അവ സ്വന്തമാക്കുന്നു. വീട്ടുടമസ്ഥനെയും അവന്റെ കുടുംബത്തെയും, മനുഷ്യനെയും അവന്റെ അവകാശത്തെയും അവർ പീഡിപ്പിക്കുന്നു"* (മിക്കാ 2,1-2). കഠിനമായ നികുതിഭാരവും കടത്തിന് ഈടാക്കുന്ന അമിതപലിശയും കിട്ടാക്കടമാകുമ്പോൾ സ്ഥലവും വീടും ജപ്തി ചെയ്യപ്പെടുന്നു. മനുഷ്യർ വഴിയാധാരമാകുന്നു; പോരാ, അടിമകളായി വില്ക്കപ്പെടുന്നു. തന്റെ സ്വന്തം ജനം എന്നു ദൈവം വിശേഷിപ്പിച്ച ജനത്തിനിടയിൽത്തന്നെയാണിതു സംഭവിക്കുന്നത് എന്ന പ്രവാചകൻ എടുത്തുകാട്ടുന്നു.

സമ്പന്നരായ അധികാരവർഗ്ഗം ജനത്തിനെതിരേ ചെയ്യുന്ന ക്രൂരതകളുടെ ഭീബത്സരൂപം പ്രവാചകൻ വരച്ചുകാട്ടുന്നുണ്ട്: *"യാക്കോബിന്റെ തലവന്മാരേ, ഇസ്രായേൽ ജനത്തിന്റെ, അധിപന്മാരേ, ശ്രവിക്കുവിൻ. നീതി അറിയുക നിങ്ങളുടെ കടമയല്ലേ? നന്മയെ ദ്വേഷിക്കുകയും തിന്മയെ സ്നേഹിക്കുകയും ചെയ്യുന്ന നിങ്ങൾ എന്റെ ജനത്തിന്റെ തൊലി ഉരിഞ്ഞെടുക്കുന്നു. അവരുടെ അസ്ഥികളിൽനിന്നു മാംസവും. നിങ്ങൾ എന്റെ ജനത്തിന്റെ മാംസം ഭക്ഷിക്കുന്നു; തൊലി ഉരിഞ്ഞെടുക്കുന്നു. അവരുടെ അസ്ഥികൾ തകർക്കുന്നു. ചട്ടിയിലെ ഇറച്ചിയും കുട്ടകത്തിലെ മാംസവും പോലെ അവരെ നുറുക്കുകയും ചെയ്യുന്നു"* (മിക്കാ 3, 1-3). ഭയാനകമായൊരു ചിത്രം! തകർക്കപ്പെടുന്ന കർഷകജീവിതത്തിന്റെ ഒരു നേർക്കാഴ്ച!

ആരാണിതിന്റെയെല്ലാം മുഖ്യ ഉത്തരവാദികൾ? മിക്കായ്ക്കു സംശയമില്ല. ജനത്തെ നയിക്കാൻ നിയുക്തരായവർ തന്നെ. *"രക്തത്താൽ നിങ്ങൾ സീയോൻ പണിതുയർത്തുന്നു. അധർമ്മത്താൽ ജറുസലെമും. അതിന്റെ ന്യായാധിപന്മാർ കോഴവാങ്ങി വിധിക്കുന്നു. പുരോഹിതന്മാർ കൂലിവാങ്ങി പഠിപ്പിക്കുന്നു. പ്രവാചകന്മാർ പണത്തിനുവേണ്ടി ഭാവി പറയുന്നു"* (3, 10-11). ജനത്തെ

ദൈവഹിതം അറിയിക്കേണ്ട പ്രവാചകൻ, ദൈവികനിയമങ്ങൾ പഠിപ്പിക്കേണ്ട പുരോഹിതൻ, ദൈവികനിയമം അടിസ്ഥാനമാക്കി നീതിപൂർവം വിധിക്കേണ്ട, അനീതിക്ക് ഇരയായവന് നീതി ലഭ്യമാക്കേണ്ട ന്യായാധിപൻ. ഇവരെല്ലാം തസ്കരസംഘത്തെപ്പോലെ ഒരുമിച്ചു ചേർന്നു ജനത്തെ കൊള്ളയടിക്കുന്നു. ഇതു തുടരാൻ ദൈവം അനുവദിക്കുകയില്ല.

*"നിങ്ങൾ നിമിത്തം സീയോൻ വയൽപോലെ ഉഴുതു മറിക്കപ്പെടും. ജറുസലെം നാശക്കൂമ്പാരമാകും. ദേവാലയ ഗിരിവനമാകും"* (മിക്കാ 3,12). ഒരു നൂറ്റാണ്ടിനുശേഷം ജറെമിയായും (26,18) ഏഴു നൂറ്റാണ്ടുകൾക്കുശേഷം യേശുക്രിസ്തുവും (മർക്കോ 13,1–2) ഇതേ പ്രവചനം ആവർത്തിച്ചു. ബി.സി. 587–ൽ പ്രവചനം യാഥാർത്ഥ്യമായി. പ്രവാസത്തിൽനിന്നു മടങ്ങിവന്നവർ 515–ൽ പണിതതും ബി.സി. 26–ൽ ഹേറോദേസ് പുതുക്കിപ്പണിയാൻ ആരംഭിച്ചതുമായ ജറുസലെം ദേവാലയം എ.ഡി. 70–ൽ റോമൻ സൈന്യം തകർത്തു. കഴിഞ്ഞ കാലങ്ങളെ ഓർത്തു വിലപിക്കാനായി ഇന്നും അവശേഷിക്കുന്നു "വിലാപത്തിന്റെ മതിൽ".

ശിക്ഷാവിധി പ്രഖ്യാപിക്കുന്നുണ്ടെങ്കിലും അത് ഒഴിവാക്കാൻ ഇനിയും കഴിയും എന്ന് പ്രവാചകൻ ജനത്തെയും ജനനേതാക്കളെയും അനുസ്മരിപ്പിക്കുന്നുണ്ട്. ഒന്നേ അവർ ചെയ്യേണ്ടതുള്ളൂ. ***"നീതി പ്രവർത്തിക്കുക, കരുണ കാണിക്കുക, നിന്റെ ദൈവമായ കർത്താവിന്റെ മുമ്പിൽ വിനീതനായി ചരിക്കുക"*** (മിക്കാ 6,8). നീതി, കാരുണ്യം, വിനയം – ഇതാണ്, ഇതു മാത്രമാണ് ദൈവം ആവശ്യപ്പെടുന്നത്. ദേവാലയത്തിന്റെ മോടിയും ആഘോഷങ്ങളുടെ ധാടിയും വർദ്ധിപ്പിക്കുന്നതുകൊണ്ട് കർത്താവിനെ പ്രീതിപ്പെടുത്താനാവില്ല. *"രക്തത്താൽ സീയോൻ പണിയുന്നു"* എന്ന കുറ്റാരോപണം ഇവിടെ ശ്രദ്ധേയമാകുന്നു. പാവപ്പെട്ടവനെ പിഴിഞ്ഞ് ആഡംബരസാധനങ്ങൾ നിർമ്മിച്ചും പെരുന്നാളുകൾ ആഘോഷിച്ചും ദൈവപ്രീതി നേടാനാവില്ല. മറിച്ച് അതു ഭീകരനാശമായിരിക്കും വരുത്തിവയ്ക്കുക എന്ന് മിക്കാ പ്രവാചകനിലൂടെ പ്രഘോഷിക്കപ്പെടുന്ന ദൈവവചനം ഇന്നും, ജനജീവിതത്തിന്റെ സകല മേഖലകളിലും, പ്രത്യേകിച്ച് മതമേഖലയിൽ ഏറെ പ്രസക്തമാണെന്നതു മറക്കാതിരിക്കാം.

മാനസാന്തരമാണാവശ്യം. വിമോചകനും രക്ഷകനുമായ ദൈവം നല്കിയിരിക്കുന്ന പ്രമാണങ്ങൾ അനുസരിച്ച്, പ്രത്യേ

കിച്ചും സ്വയം മറന്നും സഹോദരനെ സ്നേഹിക്കാൻ സ്വന്തം മാതൃകയിലൂടെ പഠിപ്പിച്ച യേശു നല്കിയ പുതിയ പ്രമാണം അനുസരിച്ചുള്ള ജീവിതത്തിലേക്കു നയിക്കുന്ന ആഴമേറിയ മാനസാന്തരം, ജീവിതനവീകരണം. അപ്പോൾ കേൾക്കാം ആശ്വാസം നല്കുന്ന വാഗ്ദാനം:

*"അവിടുന്ന് തന്റെ കോപം എന്നേക്കുമായി വച്ചുപുലർത്തുന്നില്ല; എന്തെന്നാൽ അവിടുന്ന് കാരുണ്യത്തിൽ ആനന്ദിക്കുന്നു. അവിടുന്ന് വീണ്ടും നമ്മോടു കാരുണ്യം കാണിക്കും. നമ്മുടെ അകൃത്യങ്ങളെ അവിടുന്ന് ചവുട്ടിമെതിക്കും. ആഴിയുടെ അഗാധങ്ങളിലേക്ക് നമ്മുടെ പാപങ്ങളെ അവിടുന്ന് തൂത്തെറിയും"* (മിക്കാ 7, 18–19). അതിനാൽ ഭയവും നിരാശയുമല്ല, വഴിമാറാനുള്ള ഉറച്ചതീരുമാനമാണ് ആവശ്യമെന്നു മിക്കായും പഠിപ്പിക്കുന്നു.

## ഏശയ്യാ (ബി.സി. 750–700)

*"സോദോമിന്റെ അധിപതികളേ, കർത്താവിന്റെ വചനം ശ്രദ്ധിക്കുവിൻ. ഗൊമോറാ ജനമേ, നമ്മുടെ ദൈവത്തിന്റെ പ്രബോധനങ്ങൾ ശ്രദ്ധിക്കുവിൻ. കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളുടെ നിരവധിയായ ബലികൾ എനിക്കെന്തിന്?... നിങ്ങളുടെ അമാവാസികളും ഉത്സവങ്ങളും ഞാൻ വെറുക്കുന്നു. അവ എനിക്കു ഭാരമായിരിക്കുന്നു. അവ എനിക്കു ദുഃസഹമായിരിക്കുന്നു... അകൃത്യങ്ങൾ അവസാനിപ്പിക്കുവിൻ. നന്മ പ്രവർത്തിക്കാൻ ശീലിക്കുവിൻ. നീതി അന്വേഷിക്കുവിൻ. മർദനം അവസാനിപ്പിക്കുവിൻ. അനാഥരോടു നീതി ചെയ്യുവിൻ. വിധവകൾക്കുവേണ്ടി വാദിക്കുവിൻ... നിങ്ങളുടെ പാപങ്ങൾ കടുംചുമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെണ്മയുള്ളതായിത്തീരും"* (ഏശ 1, 10–20).

സ്വന്തം പേരിൽ പുസ്തകമുള്ള പ്രവാചകന്മാരിൽ അഗ്രഗണ്യനാണ് വിശുദ്ധിയുടെ പ്രവാചകൻ എന്നറിയപ്പെടുന്ന ഏശയ്യാ. ഹോസിയായുടെയും മിക്കായുടെയും സമകാലികനായ ഏശയ്യാ മുഖ്യമായും ജറുസലെം കേന്ദ്രമാക്കിയാണ് പ്രവർത്തിച്ചത്. യൂദായിലെ നാലു രാജാക്കന്മാരുടെ ഭരണകാലത്ത് ഏകദേശം 40 വർഷം ദീർഘിച്ച (ബി.സി. 740–700) പ്രവാചക ശുശ്രൂഷ നീതിക്കുവേണ്ടിയുള്ള നിരന്തരമായ നിലവിളിയായിരുന്നു.

ഏശയ്യായുടെ പേരിൽ ഇന്നറിയപ്പെടുന്ന 66 അധ്യായങ്ങളുള്ള പുസ്തകം മൂന്നു വ്യത്യസ്ത കാലഘട്ടങ്ങളിൽ രചിക്കപ്പെ

ട്ടതായി കരുതപ്പെടുന്നു. ഒന്നാം ഏശയ്യാ എന്നറിയപ്പെടുന്ന 1-39 അധ്യായങ്ങൾ ബി.സി. 740-700; രണ്ടാം ഏശയ്യാ 40-55 അധ്യായങ്ങൾ ബാബിലോൺ പ്രവാസത്തിന്റെ അവസാനത്തോടെ (ബി.സി. 540)യും മൂന്നാം ഏശയ്യാ 56-66 അധ്യായങ്ങൾ പ്രവാസാനന്തരവും (520-500) രചിക്കപ്പെട്ടതായി ബൈബിൾ വ്യാഖ്യാതാക്കൾ കരുതുന്നു. ഇവയിൽ ഒന്നും മൂന്നും ഭാഗങ്ങളിൽ മാനസാന്തരത്തിനുള്ള ആഹ്വാനവും വഴി മാറിയില്ലെങ്കിൽ സംഭവിക്കാൻ പോകുന്ന ഭീകരദുരന്തങ്ങളും മുഖ്യപ്രമേയങ്ങളായി നില്ക്കുമ്പോൾ രണ്ടാം ഭാഗം മനം തകർന്നു നിരാശയിലമർന്നു പോകുന്ന പ്രവാസികൾക്കു ധൈര്യവും പ്രത്യാശയും നല്കുന്നു. ഇവയിൽ ഒന്നും മൂന്നും ഭാഗങ്ങളാണ് പഠനവിഷയത്തിന് ഏറ്റം പ്രസക്തം.

## മതാനുഷ്ഠാനങ്ങളും സാമൂഹ്യനീതിയും

തുടക്കത്തിൽ ഉദ്ധരിച്ച വചനങ്ങളിൽ പ്രവാചകസന്ദേശത്തിന്റെ രത്നചുരുക്കം കാണാം. ബലിയർപ്പണങ്ങളും ഉത്സവാഘോഷങ്ങളും ദൈവത്തിനു സ്വീകാര്യമാകണമെങ്കിൽ സമൂഹത്തിൽ നീതി നിലനില്ക്കണം. ഏറ്റം എളിയവരുടെ പ്രതീകങ്ങളായ അനാഥർക്കും വിധവകൾക്കും പരദേശികൾക്കും ലഭിക്കുന്ന സംരക്ഷണമാണ് നീതിയുടെ മാനദണ്ഡം. എന്നാൽ അതിനു ഘടകവിരുദ്ധമായ സാഹചര്യങ്ങളാണ് സമൂഹത്തിൽ നിലനില്ക്കുന്നത് എന്നു പ്രവാചകൻ കണ്ടു. അതിനെതിരേ ദൈവനാമത്തിൽ അതിശക്തമായി പ്രതിഷേധിച്ചു.

ജനത്തിനുവന്നു ഭവിച്ചിരിക്കുന്ന സകല ദുരിതങ്ങളുടെയും കാരണം ഈ അനീതിയാണെന്ന് അനേകം ഉദാഹരണങ്ങളിലൂടെ പ്രവാചകൻ വ്യക്തമാക്കി. ജനം ദൈവത്തെ മറന്നു, ഉപേക്ഷിച്ചു, നിന്ദിച്ചു, തീർത്തും അകന്നുപോയി എന്ന് ആമുഖമായി പറഞ്ഞുവച്ചതിനുശേഷം അതുതന്നെയാണ് അനുഭവിക്കുന്ന സകല ക്ലേശങ്ങളുടെയും നഷ്ടങ്ങളുടെയും കാരണം എന്നു സംശയത്തിനു പഴുതടച്ച്, വിളിച്ചുപറഞ്ഞു. *"ഇനിയും നിങ്ങളെ പ്രഹരിക്കണമോ? എന്തേ നിങ്ങൾ തിന്മയിൽത്തന്നെ തുടരുന്നു? നിങ്ങളുടെ ശിരസുമുഴുവൻ വ്രണമാണ്. ഹൃദയം തളർന്നുപോയിരിക്കുന്നു. ഉള്ളംകാൽ മുതൽ ഉച്ചിവരെ ക്ഷതമേല്ക്കാത്ത ഒരിടവുമില്ല. ചതവുകളും വ്രണങ്ങളും രക്തമൊലിക്കുന്ന മുറിവുകളും മാത്രം"* (ഏശ 1, 5-6).

യൂദാ നിവാസികൾ അനുഭവിക്കുന്ന ഭീകര ദുരന്തത്തിന്റെ ഒരു നേർക്കാഴ്ച. ശത്രുക്കളുടെ ആക്രമണം, കൃഷിനാശം, മാറാ രോഗങ്ങൾ പട്ടിണി മുതലായവയുടെ പ്രതീകാത്മകമായ ചിത്രീ കരണമാണ് ഇവിടെ നാം കാണുന്നത്. ഇതിന്റെ കാരണമെന്തെന്ന് അനേകം ഉദാഹരണങ്ങളിലൂടെ ഏശയ്യാ വ്യക്തമാക്കുന്നുണ്ട്. ഭൂരിഭാഗത്തെയും ദാരിദ്ര്യത്തിലാഴ്ത്തുന്ന സമ്പന്നവർഗ്ഗത്തിന്റെ ആർത്തിയും ആഡംബരപ്രിയവുമാണ് ഒരു കാരണം. *"മറ്റാർക്കും വസിക്കാൻ ഇടം കിട്ടാത്തവിധം വീടോടു വീടുചേർത്ത്, വയ ലോടുവയൽചേർത്ത് അതിനു മധ്യേ തനിച്ചു വസിക്കുന്നവർക്കു ദുരിതം"* (ഏശ 5,8).

പത്തുതവണ ആവർത്തിക്കുന്ന ദുരിതങ്ങളിൽ ആദ്യത്തേ താണിത്. 5,9-24-ൽ ബാക്കി ഒമ്പതു ദുരിതങ്ങൾ വിവരിക്കുന്നു. അതുകൊണ്ടും അവസാനിക്കാതെ 10,1-2-ൽ വീണ്ടും ദുരിതം എന്നാവർത്തിക്കുന്നു. വിഷഫലം പുറപ്പെടുവിച്ച മുന്തിരിത്തോ ട്ടത്തിന്റെ കഥ പറഞ്ഞുകൊണ്ടാണ് (ഏശ 5,1-7) ഈ ദുരിതങ്ങ ളുടെ പട്ടികയ്ക്കു തുടക്കം കുറിക്കുന്നത്. യൂദാ ജനമാണ് കർത്താ വിന്റെ മുന്തിരിത്തോട്ടം. *"നീതിക്കുവേണ്ടി അവിടുന്ന് കാത്തി രുന്നു. ഫലമോ രക്തച്ചൊരിച്ചിൽ മാത്രം. ധർമ്മനിഷ്ഠയ്ക്കു പകരം നീതി നിഷേധിക്കപ്പെട്ടവരുടെ നിലവിളി"* (ഏശ 5,7).

വഴിമാറണം എന്ന നിരന്തരമായ ആഹ്വാനങ്ങൾക്കു കാത ടച്ച ജനം പ്രവാചകന്മാർ വഴി മുൻകൂട്ടി അറിയിക്കപ്പെട്ട ശിക്ഷക ളെല്ലാം ഏറ്റുവാങ്ങി - പ്രവാസികളായി. നിരാശയിൽ ആണ്ടു പോകാതെ ദൈവം അവരെ വാഗ്ദാനങ്ങൾ നല്കി ശക്തിപ്പെടു ത്തിയെങ്കിലും തിരിച്ചു വന്നവരുടെ ജീവിതവീക്ഷണങ്ങളിലും പ്രവർത്തനങ്ങളിലും മാറ്റമുണ്ടായില്ല. ആചാരാനുഷ്ഠാനങ്ങളുടെ നിഷ്ഠയിൽ ശ്രദ്ധ കേന്ദ്രീകരിച്ച പുരോഹിതനേതൃത്വം ദേവാലയം പണിയാനും ബലിയർപ്പണങ്ങൾക്കും ഉത്സവാഘോഷങ്ങൾക്കും മോടികൂട്ടാനും മാത്രം ശ്രദ്ധിച്ചു. പാവപ്പെട്ടവർ വീണ്ടും അവഗ ണിക്കപ്പെട്ടു; ചൂഷണത്തിനു വിധേയരായി; ദാരിദ്ര്യത്തിന്റെ കാഠി ന്യത്താൽ സ്വയം അടിമകളായി വില്ക്കാൻ നിർബന്ധിതരായി (നെഹെ 5,1-5).

## മൂന്നാം ഏശയ്യാ

ഈ സാഹചര്യത്തിലാണ് തീപാറുന്ന വചനവുമായി മൂന്നാം ഏശയ്യാ കടന്നുവരുന്നത്: *"ആവുന്നത്ര ഉച്ചത്തിൽ വിളിച്ചുപറ*

*യുക. കാഹളംപോലെ സ്വരം ഉയർത്തുക. എന്റെ ജനത്തോട് അവരുടെ അതിക്രമങ്ങൾ, യാക്കോബിന്റെ ഭവനത്തോട് അവരുടെ പാപങ്ങൾ വിളിച്ചുപറയുക"* (ഏശ 56, 1). തുടർന്നുവരുന്നത് ജനത്തിനിടയിൽ നടമാടുന്ന അക്രമത്തിന്റെയും അനീതിയുടെയും നീണ്ട പട്ടികയാണ്. അതിനാൽത്തന്നെ അവരുടെ പ്രാർത്ഥനയും ഉപവാസവും ഒന്നും ദൈവത്തിനു സ്വീകാര്യമാവുകയില്ല. അന്തഃസത്ത ചോർന്നുപോയ ആചാരാനുഷ്ഠാനങ്ങളല്ല ആവശ്യം. മറിച്ച്, *"ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്?"* (ഏശ 56, 6-7).

യഥാർത്ഥ മതാത്മകതയുടെ സ്വഭാവം പ്രവാചകൻ ഇവിടെ വരച്ചുകാട്ടുന്നു. എന്നും പ്രസക്തമാണ് ഏശയ്യാ എടുത്തുകാട്ടുന്ന, ദൈവത്തിനു സ്വീകാര്യമായ മതാത്മകതയുടെ ഈ ദർശനം. ഇതുതന്നെയല്ലേ അന്തിമവിധിയുടെ മാനദണ്ഡമായി യേശു എടുത്തുകാട്ടിയത് (മത്താ 25, 31-46)? എല്ലാ മതങ്ങൾക്കും പ്രസക്തമാണ് ഈ വിമർശനവും നിർദ്ദേശവും. പക്ഷേ 26 നൂറ്റാണ്ടുകഴിഞ്ഞിട്ടും ഈ പ്രവാചക വചനം വനരോദനമായി കഴിയുകയല്ലേ എന്നു ചിന്തിക്കാൻ പ്രേരിപ്പിക്കുന്നതല്ലേ നമ്മുടെ ആനുകാലിക വ്യവസ്ഥിതി?

## അവിശ്വസ്തതയുടെ പ്രത്യാഘാതങ്ങൾ

പ്രവാചകന്മാരിലൂടെ ദൈവം നിരന്തരമായി നല്കിയ ആഹ്വാനങ്ങളും ശക്തമായ താക്കീതുകളും ജനഹൃദയത്തിൽ ചലനം സൃഷ്ടിച്ചില്ല; ജീവിതശൈലിയിൽ മാറ്റം വരുത്തിയതുമില്ല. ബി.സി. 721-ൽ ഇസ്രായേൽ എന്നപേരിൽ അറിയപ്പെട്ടിരുന്ന പത്തുഗോത്രങ്ങൾ അസീറിയായുടെ ആക്രമണത്തിൽ തകർന്നു ചിതറി, നാമാവശേഷമായി. സമാനമായൊരു ദുരന്തം തെക്കൻ രാജ്യമായ യുദായ്ക്കു സംഭവിക്കാൻ പോകുന്നു; അതൊഴിവാക്കണമെങ്കിൽ അടിയന്തിരവും സമഗ്രവുമായ ഒരു പരിവർത്തനം ആവശ്യമാണെന്നറിയിക്കാൻ ദൈവം അനേകം പ്രവാചകന്മാരെ യൂദായിലേക്കയച്ചു. ബി.സി. 7-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ

ബാബിലോൺ ശക്തിയാർജ്ജിച്ചു; 612-ൽ അസീറിയായുടെ തലസ്ഥാനമായ നിനവേ കീഴടക്കി, മധ്യപൗരസ്ത്യദേശത്തെ ഏക വൻശക്തിയായി മാറി. തുടർന്ന് പടിഞ്ഞാട്ട് പടയാത്രകൾ ആരംഭിച്ചു. ബാബിലോണിന്റെ ആക്രമണത്തെ ചെറുത്തുനില്ക്കാം എന്നു വ്യാമോഹിച്ച യൂദാ ഈജിപ്തുമായി സഖ്യം ചെയ്തു, പക്ഷേ വിജയിച്ചില്ല. ബി.സി. 598-ൽ ബാബിലോൺ ചക്രവർത്തി നബുക്കദ്നേസറിന്റെ സൈന്യം ജറുസലെം കീഴടക്കി, അനേകായിരങ്ങളെ, രാജാവായ യഹോാക്കിനോടൊപ്പം അടിമകളാക്കി ബാബിലോണിലേക്കു നാടുകടത്തി; കനത്ത കപ്പം ഈടാക്കി. അങ്ങനെ ബാബിലോൺ പ്രവാസത്തിന്റെ ആദ്യഘട്ടം ആരംഭിച്ചു. എന്നാൽ ഇതുകൊണ്ടും നേതാക്കന്മാർ പാഠം പഠിച്ചില്ല.

നാലുവർഷം കഴിഞ്ഞപ്പോൾ കപ്പം കൊടുക്കൽ നിർത്തി. ആഭ്യന്തരകലാപത്തിൽ പെട്ട ബാബിലോൺ തിരിച്ചുവരില്ല എന്നു കരുതി. എന്നാൽ നബുക്കദ് നേസർ തിരിച്ചുവന്നു, കീഴടക്കാനല്ല, നശിപ്പിക്കാൻ. ബി.സി. 598-ൽ ജറുസലെം നഗരത്തിന് ഉപരോധം ഏർപ്പെടുത്തി. ഒന്നരവർഷത്തെ ഉപരോധത്തിനുശേഷം കോട്ട തകർത്തു, നഗരം കീഴടക്കി; രാജകൊട്ടാരങ്ങളും ദേവാലയവും അഗ്നിക്കിരയാക്കി. ആയിരങ്ങളെ വീണ്ടും അടിമകളാക്കി ബാബിലോണിലേക്കു കൊണ്ടുപോയി. പ്രവാസത്തിന്റെ രണ്ടാംഘട്ടം.

ഒഴിവാക്കാമായിരുന്ന ഈ ദുരന്തത്തെക്കുറിച്ചു മുന്നറിയിപ്പു നല്കാനും ജനത്തെ മാനസാന്തരത്തിലേക്കു നയിക്കാനുമായി അയയ്ക്കപ്പെട്ട അനേകം പ്രവാചകരിൽ ഏറ്റം പ്രധാനപ്പെട്ടവനാണ് ജറെമിയാ. എന്നാൽ വേറെയും ചില പ്രവാചകന്മാരുടെ ശക്തമായ സന്ദേശങ്ങൾ ബൈബിൾ രേഖപ്പെടുത്തിയിട്ടുണ്ട്.

## നാഹും ബി.സി. 613

അസീറിയായുടെ നാശം ആസന്നമായിരിക്കുന്നു എന്നു വിളിച്ചറിയിച്ച പ്രവാചകനാണ് നാഹും. നിനവേയുടെ പതനത്തിനു കാരണം ആ രാജ്യം ചെയ്തു കൂട്ടിയ ക്രൂരകൃത്യങ്ങളാണെന്ന് എടുത്തുപറയുമ്പോൾ പ്രവാചകൻ എല്ലാവർക്കും ഒരു താക്കീതു നല്കുകയാണ്. വന്യമൃഗങ്ങളെ കടിച്ചുകീറുന്ന സിംഹത്തോട് അസീറിയായെ ഉപമിച്ചുകൊണ്ട് പ്രവാചകനിലൂടെ കർത്താവു അരുൾചെയ്തു.

*"ഇതാ ഞാൻ നിനക്കെതിരാണ്. ഞാൻ നിന്റെ രഥങ്ങൾ കത്തിച്ചുകളയും... രക്തപങ്കിലമായ നഗരത്തിന് ഹാ കഷ്ടം!*

*വ്യാജവും കൊള്ളയും കൊണ്ട് അതു നിറഞ്ഞിരിക്കുന്നു. കുതിക്കുന്ന കുതിരപ്പടയാളികൾ. ജ്വലിക്കുന്ന വാൾ. തിളങ്ങുന്ന കുന്തങ്ങൾ... എണ്ണമറ്റ ശവശരീരങ്ങൾ. വേശ്യാവൃത്തികൊണ്ട് ജനതകളെയും വശീകരണശക്തികൊണ്ട് രാജ്യങ്ങളെയും വഞ്ചിച്ച മോഹിനിയും മാരകവശ്യതയുള്ളവളുമായ വേശ്യയുടെ എണ്ണമറ്റ വേശ്യാവൃത്തികൾ നിമിത്തമാണിതെല്ലാം സംഭവിച്ചത്... ഇതാ ഞാൻ നിനക്കെതിരാണ്"* (നാഹും 2,13-3,5).

***"ഞാൻ നിനക്കെതിരാണ്"*** എന്നു തുടക്കത്തിലും ഒടുക്കത്തിലും നടത്തുന്ന പ്രസ്താവന പ്രത്യേക ശ്രദ്ധയർഹിക്കുന്നു. നിരപരാധികളും നിസ്സഹായരുമായ ദരിദ്രരെ ചവുട്ടിമെതിക്കുന്നവർ, ചൂഷണം ചെയ്തു നശിപ്പിക്കുന്നവർ, അവർ ആരുതന്നെ ആയാലും ദൈവം അവരെ ശത്രുക്കളായി കരുതും എന്ന താക്കീത് ഉപഭോഗസംസ്കാരത്തിന്റെ മാസ്മരികതയിൽ നീതിബോധം നഷ്ടപ്പെടുന്ന എല്ലാവരും ശ്രദ്ധിച്ചുകേൾക്കണം. വിഗ്രഹാരാധനയിലൂടെ സത്യദൈവത്തെ പരിത്യജിച്ചതിനാണ് രാജ്യത്തെ വേശ്യ എന്നു വിശേഷിപ്പിക്കുന്നത്. ഏറ്റം വലിയ വിഗ്രഹാരാധനയായ മാമ്മോൻസേവ നടത്തുന്നവർക്ക് അനുയോജ്യമായ വിശേഷണം!

## ഹബക്കുക്ക് ബി.സി. 615

ജറെമിയായുടെ സമകാലികനായ മറ്റൊരു പ്രവാചകനാണ് ഹബക്കുക്ക്. ദരിദ്രരെയും നിസ്സഹായരെയും ചൂഷണം ചെയ്തു നശിപ്പിക്കുന്ന സമ്പന്നർക്കും അധീശശക്തികൾക്കും എതിരേ ദൈവത്തിന്റെ ശിക്ഷാവിധി അറിയിക്കുന്നതോടൊപ്പം പാവപ്പെട്ടവരോടു പക്ഷം ചേരുന്ന ദൈവത്തിന്റെ ചിത്രവും ഹബക്കുക്കിന്റെ പ്രവചനങ്ങളിൽ തെളിയുന്നു. പ്രവാചകന്റെ ആവലാതികൾക്കു ദൈവം നല്കുന്ന മറുപടി ആയിട്ടാണ് പ്രവചനങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്.

*"നിയമം നിർവീര്യമാക്കപ്പെടുന്നു; നീതി നിർവഹിക്കപ്പെടുന്നില്ല. ദുഷ്ടൻ നീതിമാനെ വളയുന്നു. നീതി വികലമാക്കപ്പെടുന്നു"* (ഹബ 1,4). നമ്മുടെ ആനുകാലിക സമൂഹത്തിന്റെ നേർക്കാഴ്ച എന്ന പ്രതീതി നല്കുന്ന ഒരു ചിത്രം. ദൈവം പ്രതികരിക്കുന്നില്ല എന്ന പ്രവാചക വിലാപത്തിനു മറുപടി ലഭിക്കുന്നുണ്ട്, അപ്രതീക്ഷിതമാംവിധമായിരിക്കും ആ മറുപടി (ഹബ 1,5-11). ഇതേ ആവലായി കൂടുതൽ വേദനാപൂർവം പ്രവാചകൻ

ആവർത്തിക്കുമ്പോൾ പ്രതികരണം തീർച്ചയായും ഉണ്ടാകും എന്ന് ദൈവം ഉറപ്പുനല്കുന്നു. *"ദർശനം അതിന്റെ സമയം കാത്തിരിക്കുന്നു. ആ സമയം അടുത്തുകൊണ്ടിരിക്കുന്നു. അതിനു മാറ്റം ഉണ്ടാവുകയില്ല. അതു വൈകുന്നെങ്കിൽ അതിനായി കാത്തിരിക്കുക. അതു തീർച്ചയായും വരും"* (ഹബ 2,3-4).

പാവപ്പെട്ടവരെ പീഡിപ്പിക്കുന്നവർ ആരായാലും എല്ലാം കാണുന്ന ദൈവം അവരെ വെറുതെ വിടുകയില്ല. *"ഭിത്തിയിൽ നിന്നു കല്ലു വിളിച്ചു പറയും. മേല്ക്കൂരയിൽനിന്നു തുലാം മറുപടി പറയും. രക്തംകൊണ്ട് നഗരം പണിയുകയും ആ കൃത്യം കൊണ്ട് പട്ടണം സ്ഥാപിക്കുകയും ചെയ്യുന്നവന് ഹാ കഷ്ടം!"* (ഹബ 2,11-12). വ്യവസായങ്ങളുടെയും ടൂറിസം വികസനത്തിന്റെയും വനസംരക്ഷണത്തിന്റെയും മറ്റും പേരുകളിൽ കുടിയിറക്കപ്പെടുന്ന, വഴിയാധാരമാക്കപ്പെടുന്ന ആധുനിക ജനകോടികളുടെ നിലവിളികളും ഈ പ്രവാചകവചനങ്ങളിൽ കേൾക്കുന്നില്ലേ? മനോഹരമായ മാളികകളുടെ കല്ലുകൾക്കിടയിൽനിന്നുയരുന്ന മനുഷ്യരക്തത്തിന്റെ നിലവിളി! എന്തേ ദൈവം പ്രതികരിക്കുന്നില്ല എന്ന പ്രവാചകന്റെ ആവലാതിക്കുള്ള മറുപടിയല്ലേ ഇന്നു നാം കണ്ടുകൊണ്ടിരിക്കുന്ന പ്രകൃതിയിലെ പ്രതിഭാസങ്ങൾ?

ഹബക്കുക്കിന്റെ അവസാനത്തെ വാക്കുകൾ മർദ്ദിതരായ ഏവർക്കും പ്രത്യാശ നല്കുന്നതാണ്. *"അത്തിവൃക്ഷം പൂക്കുന്നില്ലെങ്കിലും... വയലുകളിൽ ധാന്യം വിളയുന്നില്ലെങ്കിലും... കന്നുകാലികൾ തൊഴുത്തിൽ ഇല്ലാതായാലും ഞാൻ കർത്താവിൽ ആനന്ദിക്കും... കർത്താവായ ദൈവമാണ് എന്റെ ബലം"* (ഹബ 3, 17-19).

## സെഫാനിയ ബി.സി. 630-625

സത്യദൈവത്തെ ഉപേക്ഷിച്ച്, അന്യദൈവങ്ങളുടെ പിന്നാലെ പോയി വിഗ്രഹാരാധനയിൽ മുഴുകിയ ജനത്തിനെതിരേ ശക്തമായ താക്കീതുകളുമായി വന്ന പ്രവാചകനാണ് സെഫാനിയാ. സമഗ്രമായൊരു മതനവീകരണത്തിന് ജോസിയാ രാജാവിനെ പ്രേരിപ്പിക്കുന്നതിൽ സെഫാനിയാ നിർണ്ണായകമായൊരു പങ്കുവഹിച്ചു. വിഗ്രഹാരാധനയും അനീതിയും വഴി ദൈവത്തിൽ നിന്നകലുന്നത് എത്ര ഭയാനകമായ ദുരന്തങ്ങൾക്കു കാരണമാകും എന്നു പ്രവാചകൻ ജനത്തെ ബോധ്യപ്പെടുത്തി.

*“കർത്താവ് അരുളിച്ചെയുന്നു. ഞാൻ ഭൂമുഖത്തുനിന്ന് സർവവും തുടച്ചുമാറ്റും. മനുഷ്യരെയും മൃഗങ്ങളെയും ആകാശത്തിലെ പക്ഷികളെയും കടലിലെ മത്സ്യങ്ങളെയും ഞാൻ ഉന്മൂലനം ചെയ്യും”* (സെഫ 1, 2-3). ദൈവ-മനുഷ്യബന്ധം എപ്രകാരം ഈ പ്രപഞ്ചത്തെ തന്നെ സ്വാധീനിക്കുന്നു എന്നു വ്യക്തമാക്കുന്ന വാക്കുകൾ; ഉല്പത്തി മുതൽ നിരന്തരം ആവർത്തിക്കപ്പെടുന്ന പ്രമേയം. തങ്ങൾ എങ്ങനെ ജീവിച്ചാലും കർത്താവ് ഒന്നും ചെയ്യാൻ പോകുന്നില്ല എന്ന മനോഭാവത്തെ പ്രവാചകൻ നിശിതമായി വിമർശിക്കുന്നു: *“കർത്താവ് നന്മയോ തിന്മയോ ചെയ്യുകയില്ല എന്ന് ആത്മഗതം ചെയ്ത് വീഞ്ഞിന്റെ മട്ടിൽ കിടന്നു ചീർക്കുന്നവരെ ഞാൻ ശിക്ഷിക്കും”* (സെഫ 1,12).

ശിക്ഷയുടെ മുന്നറിയിപ്പും അനുതാപത്തിനുള്ള ആഹ്വാനവും ഇടകലർത്തി അവതരിപ്പിക്കുന്ന സെഫാനിയാ യൂദയായുടെയും ജറുസലെമിന്റെയും മേൽ പതിക്കാൻ പോകുന്ന വലിയ നാശത്തെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. അതിന്റെ കാരണം മതാനുഷ്ഠാനങ്ങളുടെ കുറവല്ല, മറിച്ച് വഴിപിഴച്ച മതാത്മകതയും പാവങ്ങളെ നശിപ്പിക്കുന്ന അനീതിയുമാണ്. *“ധിക്കാരിയും മലിനയും മർദ്ദകയുമായ നഗരത്തിനു ദുരിതം! അവൾ ആരു പറഞ്ഞാലും കേൾക്കുകയില്ല. അവൾ ശിക്ഷണത്തിനു വഴങ്ങുന്നില്ല. അവൾ കർത്താവിൽ ആശ്രയിക്കുന്നില്ല. അവൾ ദൈവത്തിങ്കലേക്കു തിരിയുന്നില്ല. അവളുടെ പ്രഭുക്കന്മാർ അവളുടെ മധ്യേ ഗർജ്ജിക്കുന്ന സിംഹങ്ങളാണ് അവളുടെ ന്യായാധിപന്മാർ സന്ധ്യയ്ക്കു ഇര പിടിക്കാൻ ഇറങ്ങുന്ന ചെന്നായ്ക്കളാണ്... അവളുടെ പ്രവാചകന്മാർ ദുർമ്മാർഗികളും അവിശ്വസ്തരുമാണ്. അവളുടെ പുരോഹിതന്മാർ വിശുദ്ധമായതിനെ അശുദ്ധമാക്കുന്നു”* (സെഫ 3,1-4).

നേതൃത്വനിരയിലെ സകലരും ഒന്നുപോലെ വഴിതെറ്റിപ്പോകുന്നു. രാഷ്ട്രീയഭരണാധികാരികളും ദൈവവചനം പ്രഘോഷിക്കേണ്ട പ്രവാചകന്മാരും ജനത്തെ ദൈവത്തിന്റെ വഴിയിലൂടെ നടത്തേണ്ട പുരോഹിതരും എല്ലാം ഒരുപോലെ സ്വാർത്ഥലാഭത്തിൽ മാത്രം ശ്രദ്ധചെലുത്തുമ്പോൾ ദൈവവും അവിടുത്തെ കല്പനകളും വിസ്മരിക്കപ്പെടുന്നു. ആരാധനയും ആഘോഷങ്ങളും ദൈവത്തെ അവഹേളിക്കുന്ന ആഭാസങ്ങളായിത്തീരുന്നു. ജനം ചൂഷണത്തിനിരയാകുന്നു. ശിക്ഷാവിധി വിളിച്ചുവരുത്തുന്ന സാഹചര്യത്തിന്റെ ചിത്രം.

ശിക്ഷയെക്കുറിച്ചു പറയുമ്പോഴും അതിനപ്പുറം സംരക്ഷിക്കപ്പെടുന്ന ഒരു ചെറിയ വിഭാഗത്തെക്കുറിച്ചു പ്രവാചകൻ പ്രതീക്ഷ നല്കുന്നുണ്ട്. *"ഞാൻ നിന്റെ മധ്യത്തിൽ വിനയവും എളിമയുമുള്ള ഒരു ജനത്തെ അവശേഷിപ്പിക്കും. അവർ കർത്താവിന്റെ നാമത്തിൽ അഭയം പ്രാപിക്കും"* (സെഫ 3,12) എന്നും പ്രസക്തമാണ് ഈ വാഗ്ദാനം. ഭൂരിപക്ഷത്തോടു ചേർന്നു തിന്മ ചെയ്യാതെ മാറിനില്ക്കുന്നവരിലൂടെയാണ് രക്ഷാചരിത്രം മുന്നേറുന്നത്; ഈ ഭൂമിയിൽ നന്മ വിളയുന്നത്; ദൈവരാജ്യം യഥാർത്ഥ്യമാകുന്നത്.

## ജറെമിയാ ബി.സി. 626-587

*"കർത്താവു കൈനീട്ടി എന്റെ അധരത്തിൽ സ്പർശിച്ചുകൊണ്ടു പറഞ്ഞു: ഇതാ എന്റെ വചനം നിന്റെ നാവിൽ ഞാൻ നിക്ഷേപിച്ചിരിക്കുന്നു. പിഴുതെറിയാനും ഇടിച്ചുതകർക്കാനും നശിപ്പിക്കാനും തകിടം മറിക്കാനും പണിതുയർത്താനും നട്ടുവളർത്താനും വേണ്ടി ഇന്നിതാ ജനതകളുടെയും രാജ്യങ്ങളുടെയും മേൽ നിന്നെ ഞാൻ അവരോധിച്ചിരിക്കുന്നു"* (ജറെ 1, 9-10).

അപകടകരമായൊരു ദൗത്യമാണ് ദൈവം യുവാവായ ജറെമിയായെ ഏല്പിച്ചത്. വിളി ലഭിക്കുമ്പോൾ *"ഞാൻ കേവലം ബാലനാണ്"* എന്നു പറഞ്ഞു ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നതിൽ നിന്നുതന്നെ ജറെമിയായുടെ പ്രായത്തെക്കുറിച്ച് ഏകദേശരൂപം കിട്ടും. 16 വയസ്സ് എന്ന് ഭൂരിഭാഗം വ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നു. മാതാവിന്റെ ഉദരത്തിൽ രൂപം നല്കുന്നതിനുമുമ്പേ അറിഞ്ഞ്, ജനിക്കുന്നതിനുമുമ്പുതന്നെ വിശുദ്ധീകരിച്ച്, ജനതകൾക്കു പ്രവാചകനായി ദൈവം നിയോഗിച്ചതാണ് (ജറെ 1,5) ജറെമിയായെ. രാജാവിനും പ്രഭുക്കന്മാർക്കും പുരോഹിതന്മാർക്കും പ്രവാചകന്മാർക്കും ജനം മുഴുവനും എതിരേ (ജറെ 1,18) ഒറ്റയാൾപട്ടാളമായി തിരഞ്ഞെടുക്കപ്പെട്ട പ്രവാചകൻ!

അനേകം വ്യാജപ്രവാചകന്മാരും പുരോഹിതന്മാരും കൂടി വഴി തെറ്റിച്ച ജനം. അവരുടെ മനസിൽ ആഴത്തിൽ പതിഞ്ഞിരിക്കുന്ന തെറ്റായ ബോധ്യങ്ങൾ, അവർ സ്വന്തമാക്കിയിരിക്കുന്ന മനോഭാവങ്ങൾ, ജീവിതശൈലികൾ, മത-രാഷ്ട്രീയ സംവിധാനങ്ങൾ, എല്ലാം ഇടിച്ചുതകർക്കണം, പിഴുതെറിയണം. ജനങ്ങൾക്ക് എളുപ്പം മനസിലാകുന്ന ഭാഷ. തകർന്നുവീഴുന്ന കോട്ടമതിലുകൾ, മണിമന്ദിരങ്ങൾ, കൊടുങ്കാറ്റിൽ കടപുഴകി വീഴുന്ന

വൻവൃക്ഷങ്ങൾ. ഇതാണ് ജറെമിയായുടെ ഒരു ദൗത്യം. എന്നാൽ അതു മാത്രമല്ല. എല്ലാം തകർന്നടിഞ്ഞു കഴിയുമ്പോൾ വീണ്ടും പണിതുയർത്തണം, നട്ടുവളർത്തണം. സമൂഹത്തിന്റെ എല്ലാ തലങ്ങളിലും ഒരു സമൂല പരിവർത്തനം. അതിനുവേണ്ടിയാണ് യുവാവും ലോലഹൃദയനുമായ ജറെമിയാ വിളിക്കപ്പെട്ടത്.

## രണ്ടു ഘട്ടങ്ങൾ

ജറെമിയായുടെ പ്രവാചക ജീവിതത്തിൽ മുഖ്യമായും രണ്ടു ഘട്ടങ്ങളുണ്ട്. ജോസിയാ രാജാവിന്റെ മതനവീകരണശ്രമങ്ങൾക്കു മധ്യേയാണ് ജറെമിയാ വിളിക്കപ്പെടുന്നത് (ബി.സി. 626). ജോസിയാ രാജാവ് യുദ്ധത്തിൽ വധിക്കപ്പെടുന്നതുവരെ (609) ഈ കാലഘട്ടം തുടർന്നു. അന്നു പ്രവാചകനു രാജാവിന്റെ പിന്തുണ ഉണ്ടായിരുന്നു. ജനം പൂർണ്ണമായി സ്വീകരിച്ചില്ലെങ്കിലും അധികാരത്തിന്റെ പിന്തുണ പ്രവാചകനു പ്രോത്സാഹനം നല്കി. ഈ ആരംഭകാലത്തെക്കുറിച്ച് വലിയ ഗൃഹാതുരത്വത്തോടെ പ്രവാചകൻ അനുസ്മരിക്കുന്നുണ്ട്. *"അങ്ങയുടെ വചനങ്ങൾ കണ്ടെത്തിയപ്പോൾ ഞാൻ അവ ഭക്ഷിച്ചു. അവ എനിക്ക് ആനന്ദാമൃതമായി; എന്റെ ഹൃദയത്തിനു സന്തോഷവും"* (ജറെ 15, 16).

## ഇടിച്ചു തകർക്കാൻ

എന്നാൽ ജോസിയായുടെ മരണത്തോടെ സാഹചര്യങ്ങൾ ആകെ മാറി. ജറെമിയാ ഒറ്റയ്ക്കായി. ആസന്നമായിരിക്കുന്ന സർവനാശത്തിന്റെ ഭീകരരൂപം കണ്ട് സംഭ്രമിച്ച ജറെമിയാ ഏതുവിധേനയും ജനത്തെ മാനസാന്തരപ്പെടുത്താൻ ശ്രമിച്ചു; ആക്രോശിച്ചു, കേണപേക്ഷിച്ചു. വിലപിച്ചു. വരാൻപോകുന്ന നാശത്തിന്റെ ചിത്രം ഒരു ദർശനത്തിലെന്നപോലെ ജെറെമിയാ കണ്ടു, ഭയന്നു, വിവരിച്ചു. *"ഞാൻ ഭൂമിയിലേക്കു നോക്കി; അത് രൂപരഹിതവും ശൂന്യവുമായിരുന്നു. ഞാൻ ആകാശത്തേക്കു നോക്കി; പ്രകാശം കെട്ടുപോയിരുന്നു. ഞാൻ മലകളിലേക്കു നോക്കി; കുന്നുകളെല്ലാം ആടി ഉലയുന്നുണ്ടായിരുന്നു. ഞാൻ നോക്കി, ഒരു മനുഷ്യനെയും കണ്ടില്ല... കർത്താവിന്റെ ഉഗ്രകോപത്തിൽ നഗരങ്ങളെല്ലാം നിലംപതിച്ചു..."* (ജറെ 4,23-28).

സൃഷ്ടികർമ്മത്തിനു മുമ്പുള്ള അവസ്ഥയിലേക്കു പ്രപഞ്ചം തിരിയുന്ന പ്രതീതി, രൂപരഹിതവും ശൂന്യവും (ഉൽപ 1,2), മനുഷ്യന്റെ തിന്മ, ദൈവത്തോടും അവിടുത്തെ നിയമങ്ങളോടുമുള്ള

അവിശ്വസ്തത, പ്രപഞ്ചത്തിൽ വരുത്തിവയ്ക്കുന്ന ദുരന്തത്തിന്റെ വെളിപാടു സാഹിത്യശൈലിയിലുള്ള ഒരു നേർക്കാഴ്ച കണ്ടു ഭയന്ന പ്രവാചകൻ അസഹ്യമായ ആന്തരികവ്യഥകൾ അനുഭവിച്ചു (ജറെ 4, 19-21). ദൗത്യം ഉപേക്ഷിച്ച് മരുഭൂമിയിൽ പോയി ഒളിക്കാൻ ആഗ്രഹിച്ചു (9,2).

ദൈവനാമത്തിൽ മേലിൽ സംസാരിക്കുകയില്ല എന്നു തീരുമാനിച്ചെങ്കിലും ദൈവവചനം അസ്തികൾക്കുള്ളിൽ അടച്ചിട്ടിരിക്കുന്ന അഗ്നിപോലെ പ്രവാചകന്റെ ഉള്ളുപൊള്ളിച്ചു (ജറെ 20,9). വായ് തുറന്നപ്പോൾ ഒഴുകിയത് ഭീകരമായ നാശത്തിന്റെ ലാവപോലുള്ള മുന്നറിയിപ്പുകളായിരുന്നു. ബാബിലോൺ സൈന്യം ജറുസലെം കീഴടക്കും, ദേവാലയം നശിപ്പിക്കും, നേതാക്കളെയും ജനങ്ങളെയും അടിമകളാക്കി നാടുകടത്തും (ജറെ 7,1-15; 19,1-20; 26,1-15). ഈ നാശങ്ങൾക്കെല്ലാം കാരണം ജനം ഉടമ്പടി ലംഘിച്ച് വിഗ്രഹാരാധനയിലും അനീതിയിലും മുഴുകിയതാണെന്ന് അനിഷേധ്യമായ തെളിവുകൾ സഹിതം അനേകം തവണ ആവർത്തിച്ച് അനുസ്മരിപ്പിച്ചു.

*"എന്റെ ജനം രണ്ടു തിന്മകൾ പ്രവർത്തിച്ചു. ജീവജലത്തിന്റെ ഉറവയായ എന്നെ ഉപേക്ഷിച്ചു; ജലം സൂക്ഷിക്കാൻ കഴിവില്ലാത്ത പൊട്ടക്കിണറുകൾ കുഴിക്കുകയും ചെയ്തു"* (ജറെ 2,13). അന്യദൈവങ്ങളെ ആരാധിച്ച് *"നികൃഷ്ടമായ വേശ്യാവൃത്തിയാൽ നാടു ദുഷിപ്പിച്ചു, തന്നിമിത്തം മഴ പെയ്യാതായി"* (ജറെ 3,2-3). *"നിങ്ങൾ കൊല്ലുകയും മോഷ്ടിക്കുകയും വ്യഭിചാരം ചെയ്യുകയും കള്ളസാക്ഷ്യം പറയുകയും ബാലിനു ധൂപമർപ്പിക്കുകയും നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത ദേവന്മാരെ പിഞ്ചെല്ലുകയും ചെയ്യുന്നു. എന്നിട്ട് എന്റെ നാമത്തിലുള്ള ഈ ആലയത്തിൽ, എന്റെ സന്നിധിയിൽ വന്നുനിന്നു ഞങ്ങൾ സുരക്ഷിതരാണെന്നു പറയുന്നുവോ? ഈ മ്ലേച്ഛതകളെല്ലാം സുരക്ഷിതമായി തുടരാമെന്നോ? എന്റെ നാമം വഹിക്കുന്ന ഈ ആലയം നിങ്ങൾക്കു മോഷ്ടാക്കളുടെ ഗുഹയോ?"* (ജറെ 7,8-11).

"ദേവാലയശുദ്ധീകരണ"ത്തോടനുബന്ധിച്ച് യേശു ഉദ്ധരിച്ചതാണ് ജറെമിയായുടെ ഈ പ്രവചനത്തിലെ അവസാനത്തെ വാക്കുകൾ (മത്താ 21,13). ആന്തരികത നഷ്ടപ്പെട്ട മതാത്മകത, നീതിനിഷേധത്തിനു ചൂട്ടുപിടിക്കുന്ന പൗരോഹിത്യം, ജീവിത നവീകരണത്തിനു സഹായിക്കാത്ത അനുഷ്ഠാനങ്ങൾ, ആഘോ

ഷങ്ങൾ. ഇതൊന്നുമല്ല ദൈവം ആവശ്യപ്പെടുന്നത്. ആസന്നമായിരിക്കുന്ന സമൂല നാശത്തിൽ നിന്നു രക്ഷപ്പെടാൻ ഇതൊന്നും സഹായിക്കുകയുമില്ല. *"അവിശ്വസ്തയായ ഇസ്രായേലേ, തിരിച്ചുവരുക... അവിശ്വസ്തരായ മക്കളേ തിരിച്ചുവരുവിൻ"* (ജറെ 3, 12-14). പക്ഷേ പ്രവാചകവചനം വനരോദനമായി പരിണമിച്ചു.

*"ജറുസലെമിന്റെ തെരുവീഥികളിൽ ചുറ്റിനടന്ന് അന്വേഷിക്കുക; പൊതുസ്ഥലത്തു പരിശോധിക്കുക. നീതിപ്രവർത്തിക്കുകയും സത്യം അന്വേഷിക്കുകയും ചെയ്യുന്ന ഒരുവനെയെങ്കിലും കണ്ടാൽ ഞാൻ അവനോടു ക്ഷമിക്കാം"* (ജറെ 5,1). ആമോസ് തുടങ്ങിയുള്ള പ്രവാചകന്മാരിലൂടെ ദൈവം നിരന്തരം നടത്തുന്ന ആഹ്വാനം, വാഗ്ദാനം. നീതി പ്രവർത്തിക്കാതെ ദൈവത്തെ പ്രീതിപ്പെടുത്താനാവില്ല എന്ന് ആവർത്തിച്ചുദ്ബോധിപ്പിച്ചിട്ടും നേതാക്കൾക്കും ജനത്തിനും മനസിലായില്ല. ഇന്നോ?

ദൈവം അനേകം തവണ അറിയിച്ച, മാനസാന്തരം വഴി ഒഴിവാക്കാമായിരുന്ന ദുരന്തം പ്രതീക്ഷിച്ചതിന്റെ പത്തിരട്ടി ഭീകരതയോടെ ജനത്തിനുമേൽ പതിച്ചു. ദൈവം വസിക്കുന്നു എന്നു കരുതിയ ദേവാലയം അഗ്നിക്കിരയായി; ദൈവജനം അടിമകളായി, ബാബിലോൺ പ്രവാസം. എന്നും പ്രസക്തമാണ് ഈ താക്കീതുകൾ. സാഹചര്യങ്ങൾക്കും സംവിധാനങ്ങൾക്കും മാറ്റമുണ്ടാകാം, എന്നാൽ ദൈവവചനത്തിനു മാറ്റമില്ല.

## ദുരന്തങ്ങൾക്ക് ഉത്തരവാദികൾ

എന്താണ് ഈ ദുരന്തങ്ങൾക്കു കാരണം എന്ന് അനേകം തവണ ബൈബിളിൽ ആവർത്തിക്കുന്നുണ്ട്. 2 രാജാ 17, 5-23ൽ ദീർഘമായൊരു വിവരണം കാണാം. ഉടമ്പടി ലംഘിച്ചു, ദൈവത്തെ മറന്നു, വിഗ്രഹാരാധനയിൽ മുഴുകി, അനീതിയിൽ തുടർന്നു. വടക്കൻ രാജ്യമായ ഇസ്രായേലിന്റെ പതനത്തിനു നല്കുന്ന ഈ വിശദീകരണം എന്നും പ്രസക്തമാണ്. ആരാണിതിനെല്ലാം മുഖ്യ ഉത്തരവാദികൾ എന്ന ചോദ്യത്തിനു നേതൃത്വനിരയുടെ നേരെയാണ് ദൈവം വിരൽചൂണ്ടുന്നത്.

ദൈവനാമത്തിൽ നുണ പറഞ്ഞ വ്യാജപ്രവാചകരും ഭൗതികലാഭങ്ങൾക്കുവേണ്ടി ജനത്തെ വഴിതെറ്റിച്ച പുരോഹിതന്മാരുമാണ് കുറ്റാരോപിതരുടെ മുൾനിരയിൽ. *"നിന്റെ പ്രവാചകന്മാർ നിനക്കുവേണ്ടി കണ്ടത് വഞ്ചനാത്മകമായ വ്യാജദർശനങ്ങളാണ്. നിന്റെ ഐശ്വര്യം പുനഃസ്ഥാപിക്കാൻ വേണ്ടി നിന്റെ അകൃത്യ*

*ങ്ങൾ അവർ മറനീക്കി കാണിച്ചില്ല"* (വിലാ 2,14). നഷ്ടപ്പെട്ട മക്കളെ ഓർത്തു വിലപിക്കുന്ന ഒരമ്മയെപ്പോലെ ജറുസലെം താൻ അനുഭവിക്കുന്ന ദുരിതങ്ങളുടെ കാരണം എന്തെന്നും ആരാണതിനുത്തരവാദികളും എന്നു വ്യക്തമാക്കുന്നു.

## അസ്തമിക്കാത്ത പ്രത്യാശ

എല്ലാം നഷ്ടപ്പെട്ടാലും ദൈവം തങ്ങളെ പൂർണ്ണമായും പരിത്യജിക്കുകയില്ല എന്ന വിശ്വാസം ജറെമിയായ്ക്കുണ്ട്. ആസന്നമായിരിക്കുന്ന നാശത്തെക്കുറിച്ചു മുന്നറിയിപ്പു നല്കിയ അതേ തീവ്രതയോടെ ദൈവത്തിന്റെ ക്ഷമിക്കുന്ന സ്നേഹത്തെക്കുറിച്ചും പുതിയ ഉടമ്പടിയെക്കുറിച്ചും പ്രവാചകൻ ജനത്തെ ഉദ്ബോധിപ്പിച്ചു. പുതിയ ഉടമ്പടിയുടെ നിയമങ്ങൾ കല്പകകളിലല്ല, ഹൃദയഭിത്തിയിലായിരിക്കും ദൈവം എഴുതുക. ഒരു ഹൃദയപരിവർത്തനം, അഥവാ ദൈവസ്നേഹത്താൽ നിറഞ്ഞ ഒരു പുതിയ ഹൃദയം ദൈവം നല്കും. അത് ഒരു പുതിയ സൃഷ്ടിപോലെ ആയിരിക്കും (ജറെ 31, 23-37).

തീവ്രമായ ദുഃഖത്തിന്റെ മധ്യത്തിലും ഈ ഒരു പ്രതീക്ഷയാണ് വിലാപഗ്രന്ഥകാരനു പ്രത്യാശ നല്കുന്നത്: *"കർത്താവിന്റെ സ്നേഹം അസ്തമിക്കുന്നില്ല; അവിടുത്തെ കാരുണ്യം അവസാനിക്കുന്നുമില്ല. ഓരോ പ്രഭാതത്തിലും അതു പുതിയതാണ്; അവിടുത്തെ വിശ്വസ്തത ഉന്നതമാണ്"* (വിലാ 3, 22-23). അസ്തമിക്കാത്ത സ്നേഹം, ദൈവം നല്കുന്ന പുതിയ ഹൃദയം. അതുതന്നെയാണ് പ്രവാസത്തിന്റെ ആരംഭകാലത്തു പ്രസംഗിച്ച എസെക്കിയേലിനും പറയാനുള്ളത്. *"..... ഒരു പുതിയ ഹൃദയം നിങ്ങൾക്കു ഞാൻ നല്കും. ഒരു പുതു ചൈതന്യം നിങ്ങളിൽ ഞാൻ നിക്ഷേപിക്കും. നിങ്ങളുടെ ശരീരത്തിൽനിന്നു ശിലാഹൃദയം എടുത്തുമാറ്റി മാംസളമായ ഹൃദയം നല്കും. എന്റെ ആത്മാവിനെ ഞാൻ നിങ്ങളിൽ നിവേശിപ്പിക്കും. നിങ്ങളെ എന്റെ കല്പനകൾ കാക്കുന്നവരും നിയമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധയുള്ളവരുമാക്കും"* (എസെ 36, 25-28)

## പ്രവാസാനന്തരം

സെഫാനിയാ, ജറെമിയാ, എസെക്കിയേൽ, രണ്ടാം ഏശയ്യാ മുതലായ പ്രവാചകന്മാരുടെ വാക്കുകൾ പ്രവാസത്തിൽ കഴിഞ്ഞ ജനത്തിനു പ്രത്യാശ നല്കി; അവരുടെ വിശ്വാസം നഷ്ടപ്പെടാതെ

കാത്തുസൂക്ഷിച്ചു. ബി.സി. 538 ൽ പേർഷ്യൻ ചക്രവർത്തി സൈറസ് ബാബിലോണിനെ പരാജയപ്പെടുത്തിയതോടെ ഇസ്രാ യേൽക്കാരുടെ നിർബന്ധിതപ്രവാസം അവസാനിച്ചു. താൽപ ര്യമുള്ളവർക്കു സ്വദേശത്തേക്കു മടങ്ങിപ്പോകാൻ അനുവാദം ലഭിച്ചു.

എന്നാൽ വലിയ പ്രതീക്ഷയോടെ മടങ്ങിവന്നവർക്ക് അവർ സ്വപ്നംകണ്ട സമ്പൽസമൃദ്ധിയും സൗഭാഗ്യവും ലഭിച്ചില്ല. ബാബി ലോൺ പ്രവാസത്തിൽനിന്നു പഠിച്ച പാഠങ്ങൾ നേതാക്കൾ വേഗം മറന്നു. തകർന്നുകിടന്ന ദേവാലയം പുതുക്കി പണിയാൻ ശ്രമിച്ചു. പണി പൂർത്തിയായപ്പോൾ വീണ്ടും അനുഷ്ഠാനങ്ങളി ലായി ശ്രദ്ധ. രാജാവും പ്രവാചകന്മാരും ഇല്ലാത്ത ഒരു കാലഘ ട്ടത്തിനു തുടക്കമായി. അധികാരം മുഴുവൻ പുരോഹിതന്മാരുടെ കൈകളിലൊതുങ്ങി.

ഈ സാഹചര്യത്തിലാണ് മൂന്നാം ഏശയ്യായിലൂടെ ദൈവം വീണ്ടും സമൂഹത്തിൽ നീതി പുലർത്തുകയാണ് മുഖ്യധർമ്മം എന്ന് അനുസ്മരിപ്പിച്ചത്. അനീതിക്കറുതി വരുത്തണം; പാവ പ്പെട്ടവർക്കു നീതി ഉറപ്പുവരുത്തണം (ഏശ 58–59). എന്നാൽ പ്രവാചകശബ്ദം വീണ്ടും അവഗണിക്കപ്പെട്ടു. മാത്രമല്ല, ഇനി ഒരു പ്രവാചകനും വരുകയില്ല എന്നു പുരോഹിതനേതാക്കൾ ഉറപ്പു വരുത്തി (സഖ 13, 1–6).

## മലാക്കി ബി.സി. 450

ഇസ്രായേലിലേക്ക് അയയ്ക്കപ്പെട്ട അവസാനത്തെ പ്രവാ ചകനായാണു മലാക്കി പരിഗണിക്കപ്പെടുന്നത്. രക്ഷകന്റെ മുന്നോ ടിയായി ഏലിയാ വരും എന്ന പ്രവചനമാണ് മലാക്കിയെക്കു റിച്ചു കേൾക്കുമ്പോൾ പൊതുവേ മനസിൽ ഉണരുന്ന ചിത്രം (മലാ 3, 1;4, 5–6). എന്നാൽ അതിനേക്കാൾ ഏറെ പ്രാധാന്യമു ള്ളതാണ് മലാക്കി ഉയർത്തുന്ന സമൂഹ വിമർശനവും മാനസാ ന്തരത്തിനുള്ള ആഹ്വാനവും. ആരാധനയും സാമൂഹ്യനീതിയും തമ്മിലുണ്ടായ വിടവാണ് മലാക്കിയുടെയും മുഖ്യപ്രമേയം.

ദേവാലയത്തിന്റെ താഴികക്കുടം അടിച്ചുടയ്ക്കാൻ കല്പി ക്കുന്ന കർത്താവിന്റെ ചിത്രം ആമോസ് വരച്ചുകാട്ടിയതിനു സമാ നമാണ് മലാക്കി അവതരിപ്പിക്കുന്ന കർത്താവിന്റെ ചിത്രം. *“നിങ്ങൾ എന്റെ ബലിപീഠത്തിൽ വ്യർത്ഥമായി തീ കത്തിക്കാ തിരിക്കാൻ നിങ്ങളിൽ ആരെങ്കിലും വാതിൽ അടച്ചിരുന്നെങ്കിൽ!”*

(മലാ 1,10). ബലി ദൈവത്തിനു സ്വീകാര്യമാകണമെങ്കിൽ സമൂഹത്തിൽ നീതി നിലനില്ക്കണം. അതിന് ജനം ദൈവഹിതം തിരിച്ചറിയണം. അതിന്റെ ഉത്തരവാദിത്വം പുരോഹിതനാണ്. *“പുരോഹിതൻ അധരത്തിൽ വചനം സൂക്ഷിക്കണം. ജനം പ്രബോധനം തേടി അവനെ സമീപിക്കണം”* (മലാ 2,7). എന്നാൽ അതുണ്ടായില്ല. സ്വന്തം താല്പര്യങ്ങൾ ദൈവഹിതമായി പഠിപ്പിച്ച പുരോഹിതന്മാർ ജനത്തെ വഴിതെറ്റിച്ചു. അതിനുള്ള ശിക്ഷ അവരുടെ മേൽ പതിക്കും എന്നു മലാക്കി വിളിച്ചുപറഞ്ഞു (മലാ 2, 1-3). മുൻഗാമികൾ പറഞ്ഞുവച്ചതു തന്നെയാണ് അവസാനത്തെ പ്രവാചകനും പറയാനുള്ളത്, അനീതിയും ദൈവാരാധനയും ഒരുമിച്ചുപോകില്ല.

## ജോയേൽ

എന്നാണ് ജോയേൽ പ്രവാചകൻ രംഗപ്രവേശനം ചെയ്തതെന്നു വ്യാഖ്യാതാക്കൾക്കിടയിൽ ഐക്യമില്ല. അഞ്ചാം നൂറ്റാണ്ടിൽ, ഒരുപക്ഷേ മലാക്കിക്ക് മുമ്പ് എന്നു കരുതുന്നവരുണ്ട്. കാലം ഏതായാലും സന്ദേശത്തിൽ മാറ്റമുണ്ടാകുന്നില്ല. ഭീകരമായൊരു വെട്ടുക്കിളിയാക്രമണത്തിന്റെ പശ്ചാത്തലത്തിൽ സമഗ്രമായൊരു മാനസാന്തരത്തിനു ക്ഷണിക്കുകയാണ് പ്രവാചകന്റെ മുഖ്യലക്ഷ്യം.

ദേശം നേരിടുന്ന വലിയൊരു വിപത്തിനു മുമ്പിൽ ഭയന്നു പകച്ചുനില്ക്കുന്ന ജനം. ഈജിപ്തിലെ മഹാമാരികളെ മറികടക്കുന്ന മറ്റൊരു മഹാമാരി. പച്ചയായതെല്ലാം തിന്നുതീർക്കുന്ന എണ്ണമറ്റ വെട്ടുക്കിളികൾ. *“വീട്ടിൽ ശേഷിച്ചത് വെട്ടുക്കിളി തിന്നു. വെട്ടുക്കിളി ശേഷിപ്പിച്ചത് പച്ചക്കുതിര തിന്നു. പച്ചക്കുതിര ശേഷിപ്പിച്ചതു കമ്പിളിപ്പുഴു തിന്നു... വയലുകൾ ശൂന്യമായി. ഭൂമി വിലപിക്കുന്നു”* (ജോയേൽ 1,4-10).

എന്താണിനി ഒരു പരിഹാരം? ഒന്നുമാത്രം. പൂർണ്ണഹൃദയത്തോടെ കർത്താവിലേക്കു തിരിയുക. കണ്ണീരോടെ മാപ്പിരക്കുക. വഴിമാറുക. ജീവിതം കർത്താവിന്റെ കല്പനയനുസരിച്ചു ക്രമപ്പെടുത്തുക. പുരോഹിതർ നേതൃത്വം നൽകണം. *“പുരോഹിതരേ, ചാക്കുടുത്തു വിലപിക്കുവിൻ. ബലിപീഠ ശുശ്രൂഷകരേ വിലപിക്കുവിൻ... ഉപവാസം പ്രഖ്യാപിക്കുവിൻ. മഹാസഭ വിളിച്ചുകൂട്ടുവിൻ... കർത്താവിന്റെ ആലയത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുവിൻ”* (ജോയേൽ 1,10-15).

ദേവാലയത്തിലെ മഹാസമ്മേളനവും പ്രാർത്ഥനയും യഥാർത്ഥമായ മാനസാന്തരത്തിന്റെ ബാഹ്യമായ പ്രകടനമായിരിക്കണം. ഈ മഹാമാരി അതിനുള്ള അവസരമായി കരുതണം, ദൈവം നല്കുന്ന താക്കീതായും. ***"കർത്താവരുളിച്ചെയ്യുന്നു. ഇപ്പോഴെങ്കിലും ഉപവാസത്തോടും വിലാപത്തോടും നെടുവീർപ്പോടും കൂടെ, നിങ്ങൾ പൂർണ്ണഹൃദയത്തോടെ എന്റെ അടുക്കലേക്കു തിരിച്ചുവരുവിൻ. വസ്ത്രമല്ല ഹൃദയമാണ് കീറേണ്ടത്"*** (ജോയേൽ 2,12-13).

## ചുരുക്കത്തിൽ

സാമുവേൽ മുതൽ മലാക്കിവരെയുള്ള സകല പ്രവാചകന്മാരിലൂടെയും ദൈവം നല്കിയ സന്ദേശത്തിന്റെ ഒരു രത്നചുരുക്കം ജോയേലിന്റെ ഈ ആഹ്വാനത്തിൽ കാണാം. വഴിതെറ്റിയാണു നടക്കുന്നതെന്നു തിരിച്ചറിയുക. ചെയ്തുപോയ തെറ്റുകൾ ഏറ്റുപറഞ്ഞ് മനസുതിരിയുക, നേരായ വഴി തിരഞ്ഞെടുക്കുക. നീതി, കാരുണ്യം, വിനയം, വിശ്വസ്തത ഇതാണ് ദൈവം ആഗ്രഹിക്കുന്നത്. ആവശ്യം അനുഭവിക്കുന്ന അയല്ക്കാരനെ മറന്ന് ബലിയർപ്പിച്ചാൽ ആ ബലി ദൈവത്തിനു സ്വീകാര്യമാകില്ല.

*"ദരിദ്രന്റെ സമ്പത്തു തട്ടിയെടുത്ത് ബലിയർപ്പിക്കുന്നവൻ പിതാവിന്റെ മുമ്പിൽ വച്ചു പുത്രനെ കൊല്ലുന്നവനെപ്പോലെയാണ്. ദരിദ്രന്റെ ജീവൻ അവന്റെ ആഹാരമാണ്. അത് അപഹരിക്കുന്നവൻ കൊലപാതകിയാണ്. അയല്ക്കാരന്റെ ഉപജീവനമാർഗ്ഗം തടയുന്നവർ അവനെ കൊല്ലുകയാണ്. വേലക്കാരന്റെ കൂലി കൊടുക്കാതിരിക്കുന്നതു രക്തച്ചൊരിച്ചിലാണ്"* (പ്രഭാ 34, 20-22). ഈ പ്രഭാഷക വചനങ്ങൾ ചർച്ചാവിഷയത്തിന്റെ സാഹചര്യത്തിൽ പ്രവാചകസന്ദേശത്തിന്റെ സംഗ്രഹമായി കരുതാം. ഇന്നു നാം നേരിടുന്ന വലിയ പ്രതിസന്ധിയിലൂടെ ദൈവം എന്താണ് നമ്മോടു പറയുന്നത് എന്നു ഗ്രഹിക്കാൻ ഇതു സഹായിക്കും.

ബൈബിളിലെ അവസാനത്തെ വാക്ക് പ്രവാചകന്മാരുടേതല്ല, പ്രവചനങ്ങളുടെ പൂർത്തീകരണമായ യേശുക്രിസ്തുവിന്റേതാണ്. അതിലേക്കാണ് അടുത്തതായി ശ്രദ്ധ തിരിക്കുന്നത്.

# 14

## പുതിയനിയമത്തിൽ

*“യേശു ജനക്കൂട്ടത്തോടു പറഞ്ഞു: പടിഞ്ഞാറുമേഘം ഉയരുന്നതു കണ്ടാൽ മഴ വരുന്നു എന്നു നിങ്ങൾ പറയുന്നു. അങ്ങനെ തന്നെ സംഭവിക്കുകയും ചെയ്യുന്നു. തെക്കൻ കാറ്റടിക്കുമ്പോൾ അത്യുഷ്ണം ഉണ്ടാകും എന്നു നിങ്ങൾ പറയുന്നു. അതും സംഭവിക്കുന്നു. കപടനാട്യക്കാരേ, ഭൂമിയുടെയും ആകാശത്തിന്റെയും ഭാവഭേദം വ്യാഖ്യാനിക്കാൻ നിങ്ങൾക്കറിയാം. എന്നാൽ ഈ കാലത്തെ വ്യാഖ്യാനിക്കാൻ നിങ്ങൾക്ക് അറിയാത്തത് എന്തുകൊണ്ട്? എന്തുകൊണ്ട് നിങ്ങൾ ശരിയായി വിധിക്കുന്നില്ല?”* (ലൂക്കാ 12, 54-56).

പ്രവാചകന്മാരിലൂടെ ദൈവം നല്കിയ മുന്നറിയിപ്പുകൾ അനുസരിച്ച് വഴിമാറാൻ വിസമ്മതിച്ച ജനം ശിക്ഷാവിധി ഏറ്റുവാങ്ങി. അനേകം തവണ ശിക്ഷിക്കപ്പെട്ടെങ്കിലും പാഠം പഠിച്ചില്ല. നീതിപൂർവകമായ ജീവിതം നയിക്കുന്നതിനുപകരം മതാനുഷ്ഠാനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. രക്ഷകനെ സംബന്ധിച്ച് ദൈവം നല്കിയ വാഗ്ദാനങ്ങൾ പൂർത്തിയാകുന്നു എന്ന് അറിയിക്കാൻ വേണ്ടി ഇസ്രായേൽ ജനത്തിന്റെ അടുത്തേക്ക് അയയ്ക്കപ്പെട്ട അവസാനത്തെ പ്രവാചകനാണ് സ്നാപക യോഹന്നാൻ.

### സ്നാപകന്റെ ആഹ്വാനം

പഴയനിയമത്തിൽ നിന്നു പുതിയ നിയമത്തിലേക്കു തുറക്കുന്ന വാതിൽ പോലെയാണ് രക്ഷാചരിത്രത്തിൽ സ്നാപക യോഹന്നാന്റെ സ്ഥാനം. രക്ഷകനെ സ്വീകരിക്കാനായി ജനഹൃദയങ്ങളിൽ വഴിയൊരുക്കാൻ അയയ്ക്കപ്പെട്ട യോഹന്നാനെ മടങ്ങിവരുന്ന ഏലിയായെക്കുറിച്ചുള്ള പ്രവചനങ്ങളുടെ (മലാ 3,2; 4,5-6) പൂർത്തീകരണമായി സുവിശേഷങ്ങൾ ചിത്രീകരിക്കുന്നു. താപസന്റെ ജീവിതശൈലിയും രോമക്കുപ്പായവും തോൽവാറും ഏലിയായെ അനുസ്മരിപ്പിക്കുന്നു (മത്താ 3,4; 2 രാജാ 1,8). വേഷം മാത്രമല്ല വാക്കുകളും ഏലിയായുടേതിനു സമാനമായിരുന്നു.

ആസന്നമായിരിക്കുന്ന ശിക്ഷാവിധിയെ മുന്നിൽകണ്ട് അടിയന്തിരമായി തീരുമാനമെടുക്കാൻ സ്നാപകൻ ജനത്തെ ആഹ്വാനം ചെയ്തു. കോടാലിയും വീശുമുറവും തീപ്പന്തവുമായി പിന്നാലെ വരുന്ന മിശിഹാ ദൈവത്തിന്റെ ശിക്ഷാവിധി നിഷ്കരുണം നടപ്പിലാക്കും, അതിനുമുമ്പേ വഴിമാറണം എന്ന് യോഹന്നാൻ ഉദ്ഘോഷിച്ചു. *"വൃക്ഷങ്ങളുടെ വേരാലിനു കോടാലി വച്ചു കഴിഞ്ഞു. നല്ല ഫലം കായ്ക്കാത്ത വൃക്ഷങ്ങളെല്ലാം വെട്ടി തീയിൽ എറിയപ്പെടും... ഗോതമ്പ് അറപ്പുരയിൽ ശേഖരിക്കും. പതിര് കെടാത്ത തീയിൽ ദഹിപ്പിക്കും"* (മത്താ 3, 10-12).

ശിക്ഷാവിധിക്കു മുമ്പുള്ള അവസാനത്തെ ആഹ്വാനം പോലെയാണ് യോഹന്നാന്റെ സന്ദേശം അവതരിപ്പിച്ചിരിക്കുന്നത്. തങ്ങൾ അബ്രാഹത്തിന്റെ മക്കളാണെന്ന അവകാശവാദം ശിക്ഷയിൽ നിന്ന് ഒഴിവാക്കാൻ പര്യാപ്തമല്ല. ആന്തരികതയില്ലാത്ത അനുഷ്ഠാനങ്ങൾ അർത്ഥശൂന്യമാണ്. പുഴയിൽ മുങ്ങിയതുകൊണ്ടു മാത്രം ആരും രക്ഷപ്പെടുകയില്ല. മാനസാന്തരം നാളെയാകട്ടെ എന്നു മാറ്റിവയ്ക്കുന്നതു മാരകമാകും, സ്നാനം സ്വീകരിക്കാനായി തന്റെ അടുക്കലേക്കു വന്ന യഹൂദമത നേതാക്കളെ യോഹന്നാൻ അനുസ്മരിപ്പിച്ചു. *"അണലി സന്തതികളേ"* എന്ന അഭിസംബോധന മുങ്ങാൻ വന്നവരുടെ മനോഭാവം മറനീക്കി കാണിക്കുന്നു. പാമ്പിനു ചെവിയില്ല. അതുകൊണ്ടാണ് യോഹന്നാൻ ഈ പ്രതീകം ഉപയോഗിക്കുന്നത്. വചനം കേട്ട്, മനസു തിരിഞ്ഞ്, വഴിമാറി പുതിയ ജീവിതശൈലി സ്വീകരിക്കുന്നതിനുപകരം പുഴയിൽ മുങ്ങുക എന്ന അനുഷ്ഠാനത്തിലൂടെ രക്ഷപ്പെടാം എന്ന ചിന്താഗതിയെ സ്നാപകൻ ശക്തിയുക്തം നിഷേധിക്കുന്നു. ഇനി എന്താണവർ ചെയ്യേണ്ടത്? അതു വളരെ വ്യക്തമായി ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട്.

*"രണ്ടുടുപ്പുള്ളവൻ ഒന്ന് ഇല്ലാത്തവനു കൊടുക്കട്ടെ. ഭക്ഷണമുള്ളവനും അങ്ങനെ തന്നെ ചെയ്യട്ടെ. ..... ആജ്ഞാപിച്ചിട്ടുള്ളതിൽ കൂടുതൽ ഈടാക്കരുത്... ആരെയും ഭീഷണിപ്പെടുത്തരുത്. വ്യാജമായ കുറ്റാരോപണവും അരുത്. വേതനം കൊണ്ടു തൃപ്തിപ്പെടണം"* (ലൂക്കാ 3, 10-14). നീതിനിഷ്ഠമായ ഒരു ജീവിതം. സമൂഹത്തിന്റെ എല്ലാ തലങ്ങളിലും മേഖലകളിലും നീതിനിലനില്ക്കണം. ദരിദ്രർക്കു പ്രത്യേക സംരക്ഷണം ലഭിക്കണം. ഉദ്യോഗസ്ഥന്മാർ വേതനം കൊണ്ടു തൃപ്തിപ്പെടണം. കൈക്കൂലി അരുത്. ഓരോരുത്തർക്കും അർഹമായത്, അർഹ

മായതു മാത്രം, ലഭിക്കണം; അതുകൊണ്ട് തൃപ്തിപ്പെടുകയും വേണം. ഇതാണ് നീതിയുടെ ഫലം. ഇതില്ലെങ്കിൽ കെടാത്ത തീയിൽ ദഹിക്കേണ്ടിവരും, ഫലമില്ലാത്ത മരംപോലെ, ഉപയോഗശൂന്യമായ പതിരുപോലെ.

വിശദീകരണം ആവശ്യമില്ലാത്തത്ര വ്യക്തവും പ്രസക്തവുമായ പ്രബോധനം. രക്ഷകനെ സ്വീകരിക്കാനായി ഹൃദയമൊരുക്കാൻ ഇതാണാവശ്യം. ഇതില്ലാതെ ഏതെല്ലാം നദിയിലും എത്രതവണ മുങ്ങിയാലും നിത്യരക്ഷ ലഭ്യമാകില്ല.

## യേശുവിന്റെ പ്രബോധനം

മുന്നോടിയിൽനിന്നു മാമ്മോദീസാ സ്വീകരിച്ച യേശുവിനെ പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവന്ന് പരിശുദ്ധാത്മാവ് പ്രവാചക ദൗത്യത്തിനായി അഭിഷേകം ചെയ്തു. സ്വർഗ്ഗത്തിൽനിന്നു മുഴങ്ങിയ പിതാവിന്റെ ശബ്ദം പുത്രനായി ഏറ്റുപറഞ്ഞു. യേശുവിനു മുകളിൽ സ്വർഗ്ഗം തുറന്നു. ആദിപാപത്തിലൂടെ അറ്റുപോയ ദൈവമനുഷ്യബന്ധം പുനഃസ്ഥാപിക്കുകയാണ് യേശുവിന്റെ ദൗത്യം എന്ന് ഈ സംഭവം വ്യക്തമാക്കി; അതിനായി ഒരുക്കി.

## മരുഭൂമിയിലെ തീരുമാനം

തുടർന്നുണ്ടായ മരുഭൂമിയിലെ പ്രലോഭനങ്ങളിൽ യേശു തന്റെ ദൗത്യത്തിന്റെ യഥാർത്ഥ സ്വഭാവം വെളിപ്പെടുത്തി. പ്രലോഭകൻ മുന്നോട്ടുവച്ച അപ്പം, അദ്ഭുതം, അധികാരം എന്നീ മൂന്നു മാർഗങ്ങളും തിരസ്കരിച്ച്, രക്ഷയുടെ മാർഗം കുരിശുമരണത്തിലൂടെ പൂർത്തിയാകുന്ന ദൈവിക പദ്ധതിയോടുള്ള പൂർണ്ണമായ അനുസരണവും സമ്പൂർണ്ണ സമർപ്പണവും ആണെന്ന് യേശു പ്രഖ്യാപിച്ചു (മത്താ 4, 1-11; ലൂക്കാ 4, 1-13). മനുഷ്യനെ ഭൗതികവസ്തുക്കളുടെ അടിമയാക്കരുത് എന്ന് അപ്പത്തിന്റെയും, അസാധാരണ സംഭവങ്ങളിലും അദ്ഭുത പ്രതിഭാസങ്ങളിലുമല്ല ദൈവഹിതം തേടേണ്ടത് എന്ന് അദ്ഭുതത്തിന്റെയും, ആധിപത്യമല്ല, സേവനമാണ് അധികാരത്തിന്റെ സ്വഭാവം എന്ന് രാജാധികാരത്തിന്റെയും പ്രലോഭനങ്ങൾക്ക് യേശു മറുപടി നല്കി. അത് ഒരു നിലപാടു വ്യക്തമാക്കലായിരുന്നു; താൻ ഈ ഭൂമിയിലേക്കു വന്നതിന്റെ ലക്ഷ്യവും അതു പൂർത്തിയാക്കുന്ന പ്രവർത്തനങ്ങളുടെ സ്വഭാവവും വ്യക്തമാക്കുന്ന നിലപാട്.

## ആഹ്വാനം

മനസുമാറണം, വഴിമാറണം. ഇതായിരുന്നു യേശു നല്കിയ ആദ്യത്തെ സന്ദേശം, അഥവാ ആഹ്വാനം. *"സമയം പൂർത്തിയായി. ദൈവരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെടുവിൻ. സുവിശേഷത്തിൽ വിശ്വസിക്കുവിൻ"* (മർക്കോ 1, 15). കാത്തിരിപ്പിന്റെ കാലം കഴിഞ്ഞു. ദൈവം തന്റെ ഭരണം ഈ ഭൂമിയിൽ സ്ഥാപിക്കാൻ തുടങ്ങിയിരിക്കുന്നു. കണ്ണു തുറന്നു കാണുക, കാതു തുറന്നു കേൾക്കുക. വചനം ഹൃദയത്തിൽ സ്വീകരിച്ച് ജീവിതത്തിൽ പരിവർത്തനം വരുത്തുക. ഇതുവരെ നടന്നു തഴങ്ങിയ വഴിമാറുക. ഒരു പ്രഖ്യാപനവും ഒരാഹ്വാനവും. ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്കനുസരിച്ച് ജീവിതം ക്രമീകരിക്കുക. ഇതാണ് യേശു പ്രഘോഷിക്കുന്ന സുവിശേഷത്തിന്റെ രത്നച്ചുരുക്കം.

നസ്രത്തിലെ നയപ്രഖ്യാപനത്തിൽ (ലൂക്കാ 4, 16-30) യേശു ഈ സന്ദേശം വളരെ വ്യക്തമായി അവതരിപ്പിച്ചു. ദൈവരാജ്യം എന്നാൽ ദൈവം നല്കുന്ന സമഗ്രമോചനമാണ്; ദൈവഹിതം ഈ ഭൂമിയിൽ നടപ്പിലാകുന്ന അവസ്ഥയാണ്. അത് ഒരു ദാനമായി ദൈവം വച്ചുനീട്ടുന്നു, യേശുവിലൂടെ. ഹൃദയം തുറന്നു വിശ്വസിക്കുക, സ്വീകരിക്കുക, അനുസരിക്കുക. *"നിങ്ങൾ കേട്ടിരിക്കെത്തന്നെ, ഇന്ന്, ഈ തിരുവെഴുത്തു നിറവേറിയിരിക്കുന്നു"* (ലൂക്കാ 4, 21). എല്ലാ തലങ്ങളിലുമുള്ള മോചനം, ദൈവമക്കളുടെ സ്വാതന്ത്ര്യം. അതാണ് നസ്രത്തിലെ സിനഗോഗിൽ യേശു പ്രഖ്യാപിച്ചത്. പക്ഷേ ജനം സ്വീകരിക്കാൻ തയ്യാറായില്ല. മറിച്ച് കല്ലെറിഞ്ഞു കൊല്ലാനാണു ശ്രമിച്ചത് (ലൂക്കാ 4, 29).

## പ്രബോധനം

നിരവധിയായ അദ്ഭുതങ്ങളിലൂടെ യേശു ദൈവരാജ്യത്തിന്റെ സാന്നിധ്യം പ്രകടമാക്കി; സ്വഭാവം വ്യക്തമാക്കി. രോഗികൾക്കു സൗഖ്യം, വിശക്കുന്നവർക്കാഹാരം, പാപികൾക്കു മോചനം, പ്രകൃതിശക്തികളുടെ ആക്രമണത്തിൽനിന്നു സംരക്ഷണം, മരിച്ചവർക്കു ജീവൻ. സർവ്വോപരി തിന്മയുടെ ശക്തിയായ പിശാചിൽനിന്നു വിടുതൽ. എല്ലാം ദൈവരാജ്യത്തിന്റെ സാന്നിധ്യവും സ്വഭാവവും വ്യക്തമാക്കി.

കൊച്ചുകുട്ടികൾക്കുപോലും മനസിലാകുന്ന ഭാഷയിൽ, അനുദിന ജീവിതത്തിൽനിന്ന് അടർത്തിയെടുത്ത അനേകം ഉദാ

ഹരണങ്ങളിലൂടെ യേശു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിച്ചു. സ്നേഹനിധിയായ പിതാവാണു ദൈവം. ആപി താവ് എല്ലാ മനുഷ്യരെയും സ്നേഹിക്കുന്നു. മക്കളായി സ്വീക രിക്കാൻ ആഗ്രഹിക്കുന്നു. അതിന്റെ ഏറ്റം വ്യക്തമായ സാക്ഷ്യ മാണ് തന്റെ ഏകജാതനായ യേശുവിനെ ഈ ഭൂമിയിലേക്ക് അയ ച്ചിരിക്കുന്നത് (യോഹ 3, 16). മനുഷ്യർ ഒന്നേ ചെയ്യേണ്ടതുള്ളൂ. വിശ്വസിക്കുക. യേശുവിന്റെ വാക്കു വിശ്വസിച്ച്, ആഹ്വാനം സ്വീക രിച്ച്, ജീവിതം ക്രമീകരിക്കുക.

സ്നാപകൻ അറിയിച്ചതുപോലെ ശിക്ഷാവിധിയുടെ കോടാ ലിയുമായല്ല യേശു വന്നത്. മറിച്ച് സ്നേഹസാന്ത്വനം; മുറിവു ണക്കുന്ന, ശക്തിപ്പെടുത്തുന്ന, ദൈവമക്കൾ എന്ന മഹനീയ സ്ഥാനം നല്കി ആത്മാഭിമാനമുണർത്തുന്ന സ്നേഹം, ക്ഷമി ക്കുന്ന സ്നേഹം. അതാണ് യേശു വച്ചുനീട്ടിയത്. ഭയന്ന് മുട്ടുമ ടക്കുന്ന അടിമയുടെ അനുസരണല്ല, സന്തോഷത്തോടെ സ്വയം സമർപ്പിക്കുന്ന മക്കളുടെ സ്നേഹമാണ് ദൈവം ആഗ്രഹിക്കു ന്നത്. കൊച്ചുകുഞ്ഞുങ്ങൾ സ്വന്തം പിതാവിനെ എന്നപോലെ ദൈവത്തെ അപ്പാ, ഡാഡീ എന്നു വിളിക്കാൻ പഠിപ്പിച്ചുകൊ ണ്ടാണ് യേശു തന്റെ സുവിശേഷം അറിയിച്ചത്.

## ജനത്തിന്റെ പ്രതികരണം

പക്ഷേ പ്രവാചകന്മാർക്കു സംഭവിച്ചതു തന്നെ യേശുവിനും ലഭിച്ചു, തിരസ്കരണം. സ്നാപകന്റെ തല വെട്ടിയ അധികാര വൃന്ദം യേശുവിനെയും തങ്ങൾക്കൊരു ഭീഷണിയായി കരുതി ഉന്മൂലനം ചെയ്യാൻ ശ്രമിച്ചു. മതാധികാരികൾ ആരംഭം മുതലേ സംശയദൃഷ്ടിയോടെയാണ് വീക്ഷിച്ചത്. യേശുവിന്റെ ജീവിതശൈ ലിയെയും പ്രബോധനങ്ങളെയും അവർ ചോദ്യം ചെയ്തു. നിയ മലംഘകനായി ചിത്രീകരിച്ചു. വധിക്കാൻ പലതവണ ശ്രമിച്ചു. സാധാരണ ജനത്തിൽ ആദ്യമാദ്യം പ്രകടമായ താൽപര്യവും ഉത്സാഹവും കുറഞ്ഞു. അദ്ഭുതങ്ങൾ വിരളമായി. ജനം സാവ ധാനം അകന്നു. അധികാരക്കസേരയിൽ കണ്ണുനട്ടു പിന്തുടർന്ന ശിഷ്യന്മാരിൽപോലും അസ്വസ്ഥതയും സംശയങ്ങളും തല പൊക്കി. ഈ സാഹചര്യത്തിലാണ് വരാൻപോകുന്ന ശിക്ഷയെ ക്കുറിച്ച് യേശു താക്കീതുകൾ നല്കിയത്.

പരസ്യജീവിതത്തിന്റെ പകുതിക്കാലം പിന്നിട്ടപ്പോൾ ഗലീ ലിയുടെ വടക്കെ അതിർത്തിയിലുള്ള കേസറിയാ ഫിലിപ്പിയിൽ

വച്ച് യേശു ഒരു ഇടക്കാലാവലോകനം നടത്തി. തന്റെ പ്രവർത്തനങ്ങൾ എന്തു സ്വാധീനമാണ് ജനങ്ങളിൽ ചെലുത്തുന്നത്? ആരായിട്ടാണ് അവർ തന്നെ കാണുന്നത്? ശിഷ്യന്മാർ മറുപടി നല്കി. ജനത്തിന് യേശു ഒരു പ്രവാചകനാണ്, ഏലിയായെയും ജറെമിയായെയും സ്നാപകനെയും പോലെ ഒരു പ്രവാചകൻ. അടുത്തചോദ്യം ശിഷ്യന്മാരോടായിരുന്നു. ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്? ശിഷ്യന്മാർ മൗനം പാലിച്ചപ്പോൾ നേതാവായ പത്രോസ് പറഞ്ഞു. നീ ക്രിസ്തുവാണ് (മർക്കോ 8, 27-30). അവർക്ക് അത്രയേ അറിയൂ! ദാവീദിന്റെ രാജ്യം പുനഃസ്ഥാപിക്കുന്ന മിശിഹാ രാജാവ്. അതാണ് യഹൂദരുടെ പ്രതീക്ഷയിലെ ക്രിസ്തു. ശിഷ്യരുടെ ചിന്തയും വ്യത്യസ്തമായിരുന്നില്ല.

ഇനി അങ്ങോട്ട് യേശു തന്റെ ദൗത്യത്തിന്റെ രണ്ടാംഘട്ടം വ്യക്തമാക്കുകയായി. ജറുസലെം യാത്ര, അന്തിമതിരസ്കരണം, കഠിനപീഡനം, ക്രൂരമായ മരണം. ഇതിന് ഒരുക്കമുള്ളവർ കൂടെ പോന്നാൽമതി (മർക്കോ 8,31-38; 9, 31-32; 10, 32-34). കുരിശിന്റെ വഴി ഇവിടെ തുടങ്ങുകയായി. പ്രബോധനത്തിന്റെ ശൈലി മാറി; പ്രഘോഷണത്തിന്റെ സ്വരം കടുത്തു. ദൈവം രക്ഷവച്ചു നീട്ടിയ അവസാനത്തെ അവസരം നഷ്ടപ്പെടുത്തുന്നവരെക്കുറിച്ച് യേശു ദുഃഖിച്ചു, വാക്കുകൾ പരുഷമായി.

## അടയാളങ്ങൾ

ഈ അധ്യായത്തിന്റെ ആരംഭത്തിൽ ഉദ്ധരിച്ച ഗുരുവചനം ഒരു ഉദാഹരണമാണ്. കാലത്തിന്റെ അടയാളങ്ങൾ മനസിലാക്കാൻ വിസമ്മതിക്കുന്ന ജനം. അത് ആദ്യം മുതലേ ഹൃദയമടച്ച മതാധികാരികൾ മാത്രമല്ല, സാധാരണ ജനവും സ്ഥിരം കൂടെ നടക്കുന്ന ശിഷ്യന്മാരുംപോലും കാലത്തിന്റെ അടയാളങ്ങൾ മനസിലാക്കുന്നതിൽ പരാജയപ്പെടുന്നു. യേശുവിന്റെ പ്രവൃത്തികളും വാക്കുകളും എല്ലാം അടയാളങ്ങളായിരുന്നു; ദൈവം ചരിത്രത്തിൽ നിർണ്ണായകമാംവിധം ഇടപെടുന്നതിന്റെ, പ്രവചനങ്ങളുടെ പൂർത്തീകരണത്തിന്റെ, അടയാളങ്ങൾ. പക്ഷേ ജനം അതു മനസ്സിലാക്കിയില്ല; മാനസാന്തരത്തിനുള്ള ആഹ്വാനം സ്വീകരിച്ചതുമില്ല.

സ്വർഗ്ഗത്തിൽനിന്ന് അസാധാരണമായൊരു അടയാളം ആവശ്യപ്പെട്ട മതനേതാക്കൾക്ക് യേശു നല്കിയ ഒരേ ഒരടയാളം

സുവിശേഷ പ്രഘോഷണവും അനുതാപത്തിനുള്ള ആഹ്വാനവുമായിരുന്നു (ലൂക്കാ 11, 29-32). അനേകം അദ്ഭുതപ്രവർത്തനങ്ങൾ കണ്ടിട്ടും മനസുതിരിയാത്ത കഫർണാം, ബേത്സയ്ദാ, കൊറാസിൻ നഗരങ്ങളെക്കുറിച്ചുള്ള യേശു വിലാപം (ലൂക്കാ 10, 13-16) അടയാളങ്ങൾ തിരിച്ചറിയാത്തവർക്കു സംഭവിക്കാൻ പോകുന്ന നാശത്തിന്റെ ഉദാഹരണമാണ്.

യേശുവിന്റെ വാക്കും പ്രവൃത്തിയും ഇപ്പോൾത്തന്നെ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്ന ദൈവരാജ്യത്തിന്റെ മാത്രമല്ല, വിശ്വസിച്ച് മാനസാന്തരപ്പെടാൻ തയ്യാറാകുന്നില്ലെങ്കിൽ നാശം അകലെയല്ല എന്നതിന്റെയും അടയാളങ്ങളായിരുന്നു. ജറുസലെമിൽ വച്ചു കൊല്ലപ്പെട്ട ഗലീലിയക്കാരും, സീലോഹാ ഗോപുരം തകർന്നുവീണു മൃതിയടഞ്ഞവരും ഇപ്രകാരമുള്ള അടയാളങ്ങളാണ്. "മാനസാന്തരപ്പെടുന്നില്ലെങ്കിൽ നിങ്ങൾ എല്ലാവരും അതുപോലെ നശിക്കും" (ലൂക്കാ 13,3-5) എന്ന് ആവർത്തിക്കുന്ന താക്കീത് സംശയം അവശേഷിപ്പിക്കുന്നില്ല. ഫലം തരാത്ത അത്തിവൃക്ഷത്തിന് നല്കപ്പെട്ടിരിക്കുന്ന ഒരു വർഷത്തെ കാലാവധി (ലൂക്കാ 13, 6-9) മാനസാന്തരത്തിന്റെ അടിയന്തിരമായ ആവശ്യകതയിലേക്കു വിരൽചൂണ്ടുന്നു.

## നാശം ആസന്നം

*"ജറുസലെം... ജറുസലെം, പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുത്തേക്ക് അയയ്ക്കപ്പെടുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ, പിടക്കോഴി കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർത്തുനിർത്തുന്നതുപോലെ നിന്റെ മക്കളെ ഒന്നിച്ചു ചേർക്കുന്നതിന് ഞാൻ എത്രയോ തവണ ആഗ്രഹിച്ചു! പക്ഷേ നിങ്ങൾ സമ്മതിച്ചില്ല. ഇതാ, നിങ്ങളുടെ ഭവനം പരിത്യക്തമായിരിക്കുന്നു. ഞാൻ നിങ്ങളോടു പറയുന്നു. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ എന്നു നിങ്ങൾ പറയുന്നതുവരെ നിങ്ങൾ എന്നെ കാണുകയില്ല"* (ലൂക്കാ 13, 34-35). ഏറ്റുപറയുന്നത് വിശ്വസിച്ചു സ്വീകരിക്കുന്നതിന്റെ അടയാളമാണ്. അത്തിമരത്തിനു ഫലം പുറപ്പെടുവിക്കാൻ നല്കിയിരിക്കുന്ന ഒരു വർഷത്തെ കാലാവധിയോടു സമാനമാണിത്.

പരസ്യജീവിതത്തിന്റെ അവസാനത്തെ ആഴ്ചയുടെ തുടക്കത്തിൽ സഖറിയായുടെ പ്രവചനത്തെ (സഖ 9, 9) അനുസ്മരിപ്പിക്കുമാറ്, യേശു കഴുതപ്പുറത്ത് ജറുസലെമിലേക്കുവന്നു. ജന

ങ്ങൾ സന്തോഷിച്ചാർത്തു വിളിച്ചു. ശിഷ്യന്മാർക്കു ഹരമായി. തങ്ങൾ പ്രതീക്ഷിച്ച നിമിഷം, ദാവീദിന്റെ രാജ്യം പുനഃസ്താപിക്കപ്പെടുന്ന നിമിഷം സമാഗതമായി എന്ന് അവർ കരുതി. എന്നാൽ യേശുവിന്റെ പ്രതികരണം തികച്ചും വിപരീതമായിരുന്നു.

*"അവൻ അടുത്തുവന്ന്, പട്ടണം കണ്ടപ്പോൾ അതിനെക്കുറിച്ചു വിലപിച്ചുകൊണ്ടു പറഞ്ഞു: സമാധാനത്തിനുള്ള മാർഗങ്ങൾ ഈ ദിവസത്തിലെങ്കിലും നീ അറിഞ്ഞിരുന്നെങ്കിൽ! എന്നാൽ അവ ഇപ്പോൾ നിന്റെ ദൃഷ്ടിയിൽനിന്നു മറയ്ക്കപ്പെട്ടിരിക്കുന്നു. ശത്രുക്കൾ നിനക്കു ചുറ്റും പാളയമടിച്ച് നിന്നെ വളയുകയും എല്ലാ ഭാഗത്തുനിന്നും നിന്നെ ഞെരുക്കുകയും ചെയ്യുന്ന ദിവസങ്ങൾവരും. നിന്നെയും നിന്റെ മക്കളെയും നശിപ്പിക്കുകയും നിന്നിൽ കല്ലിന്മേൽ കല്ലുശേഷിപ്പിക്കാതിരിക്കുകയും ചെയ്യും. എന്തെന്നാൽ നിന്റെ സന്ദർശനദിനം നീ അറിഞ്ഞില്ല"* (ലൂക്കാ 19, 41–44). മാനസാന്തരത്തിനു തയ്യാറാകാതെ ആഘോഷങ്ങളിൽ അഭിരമിച്ച ഒരു സമൂഹത്തിന് യേശു നല്കിയ വലിയൊരു താക്കീതായിരുന്നു ഇത്. സന്ദർശനദിനം തിരിച്ചറിയാത്തിനാൽ സംഭവിക്കുന്ന ദുരന്തം, സർവ്വനാശം!

## അവസാനത്തെ അടയാളം

ദേവാലയത്തിൽനിന്നു കച്ചവടക്കാരെ പുറത്താക്കാൻ ശ്രമിച്ച യേശുവിനെ മതാധികാരികൾ ചോദ്യം ചെയ്തു. അവന്റെ അധികാരപത്രം ആവശ്യപ്പെട്ടു. ഒന്നേ യേശുവിനു പറയാനുള്ളു: നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുവിൻ. മൂന്നു ദിവസത്തിനകം ഞാനതു പുനരുദ്ധരിക്കും (യോഹ 2, 18–21). അതായിരുന്നു അവസാനത്തെ അടയാളം, യേശുവിന്റെ മരണവും ഉത്ഥാനവും. താൻ പ്രഘോഷിച്ച സുവിശേഷത്തിനു സ്വന്തം ജീവരക്തം കൊണ്ട് ഒപ്പുവച്ച യേശു! പക്ഷേ ആ അടയാളവും സ്വീകരിക്കാൻ വഴിപിഴച്ച ജനവും അവരെ വഴിതെറ്റിച്ച നേതാക്കളും തയ്യാറായില്ല.

ശുദ്ധീകരിച്ച ദേവാലയത്തിൽ യേശു മൂന്നുദിവസം പ്രസംഗിച്ചു. അവസാനത്തെ സുവിശേഷപ്രഘോഷണം, മാനസാന്തരത്തിനുള്ള അന്തിമാഹ്വാനം (മത്താ 21–23; മർക്കോ 11–12). എന്നാൽ സുവിശേഷപ്രഘോഷണം മാനസാന്തരത്തിലേക്കല്ല സംഘട്ടനത്തിലേക്കാണു നയിച്ചത്. ദൈവവചനത്തിനെതിരേ ഹൃദയവാതിലുകൾ കൊട്ടിയടച്ച മതനേതാക്കൾ യേശുവിനെ

വ്യാജപ്രവാചകനായി കണ്ടു; ദൈവപുത്രനെ ദൈവദൂഷകനായി ചിത്രീകരിച്ചു, ഉന്മൂലനം ചെയ്യാൻ തീരുമാനിച്ചു. ദൈവവചനത്തിന് കാതടയ്ക്കുന്നവർക്ക്, ദൈവം നല്കുന്ന അടയാളങ്ങൾക്കെതിരേ കണ്ണടയ്ക്കുന്നവർക്കു സംഭവിക്കുന്ന ദുരന്തം!

## യേശുവിന്റെ വിലാപം

**"ഭാഗ്യവാന്മാർ"** എന്ന് ഒമ്പതു തവണ ആവർത്തിച്ചുദ്ഘോഷിച്ചുകൊണ്ട് സുവിശേഷ പ്രഘോഷണം ആരംഭിച്ച യേശു (മത്താ 5, 1-12) തന്റെ പ്രഘോഷണജീവിതം അവസാനിപ്പിക്കുന്നത് **"ദുരിതം"** എന്ന വിലാപം ഏഴുതവണ ആവർത്തിച്ചുകൊണ്ടാണ് (മത്താ 23, 13-36). കാപട്യമാണു മുഖ്യപ്രമേയം. യഥാർത്ഥ മാനസാന്തരം കൂടാതെ, അനുഷ്ഠാനങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച മതനേതൃത്വത്തെയും അവരെ അനുഗമിച്ച വിശ്വാസികളെയും നോക്കിയാണ് യേശു വിലപിക്കുന്നത്. "ദുരിതം" എന്നത് ശാപമല്ല, ഹൃദയം തകർന്നുള്ള നിലവിളിയാണ്. അതിഭീകരമായ ദുരന്തത്തെ മുന്നിൽ കാണുന്നവന്റെ ഹൃദയത്തിൽ നിന്നുയരുന്ന വിലാപം. **"ഹാ കഷ്ടം!"** എന്ന വിവർത്തനമായിരിക്കും അർത്ഥം ഗ്രഹിക്കാൻ കൂടുതൽ സഹായം. Alas! എന്നു ഇംഗ്ലീഷിൽ, **"ഹോയ്"** എന്നു ഹീബ്രുവിൽ.

എന്താണീ വിലാപത്തിനു കാരണം? യേശുതന്നെ വ്യക്തമാക്കുന്നുണ്ട്. നിയമത്തിന്റെ വിശദാംശങ്ങളിലും ബാഹ്യാനുഷ്ഠാനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ചവർ നിയമത്തിന്റെ ഹൃദയം കാണാതെ പോയി, അഥവാ മനഃപൂർവം അവഗണിച്ചു. *"തുളസി, ചതകുപ്പ, ജീരകം എന്നിവയുടെ ദശാംശം കൊടുക്കുന്നു. എന്നാൽ നിയമത്തിലെ ഗൗരവമേറിയ കാര്യങ്ങളായ നീതി, കാരുണ്യം, വിശ്വസ്തത എന്നിവ അവഗണിക്കുന്നു"* (മത്താ 23, 23).

അവസാനത്തെ അവസരവും പാഴാക്കിയവർ ശിക്ഷ ഏറ്റുവാങ്ങേണ്ടിവന്നു. എഡി. 64 ൽ ആരംഭിച്ച കലാപത്തെ റോമാക്കാർ ശക്തമായി അടിച്ചൊതുക്കി. 69 ൽ ജറുസലെമിനു ചുറ്റും പട്ടാളം പാളയമടിച്ചു. ഒരു വർഷത്തെ ഉപരോധത്തിനുശേഷം മതിലുകൾ തകർത്തു, ദേവാലയം അഗ്നിക്കിരയാക്കി. അനേകായിരങ്ങൾ അടിമകളായി നാടുകടത്തപ്പെട്ടു. ദൈവജനം എന്ന സ്ഥാനം തന്നെ ഇസ്രായേലിനു നഷ്ടപ്പെട്ടു. അതിന്റെ കാരണം അനുസ്മരിപ്പിക്കാനായി ഒരു സ്മാരകംപോലെ ഇന്നും

നില്ക്കുന്നു, തകർന്നുപോയ ദേവാലയത്തിന്റെ അവശിഷ്ടം, **"വിലാപത്തിന്റെ മതിൽ"**.

## നിത്യനാശത്തിന്റെ പ്രതീകം

ജറുസലെമിന്റെ നാശം ഒരു പ്രതീകമാണ്, ദൈവവചനത്തിനു കാതടച്ച്, മാനസാന്തരത്തിനു വിസമ്മതിച്ചാൽ സംഭവിക്കാൻ പോകുന്ന ഭീകര ദുരന്തത്തിന്റെ പ്രതീകം. യുഗാന്ത പ്രഭാഷണത്തിൽ (മത്താ 24-25) ഇത് യേശു വ്യക്തമാക്കുന്നുണ്ട്. യഥാർത്ഥ മാനസാന്തരം എന്നാൽ ദൈവത്തിലേക്കു തിരിയലാണ്, ആവശ്യം അനുഭവിക്കുന്ന അയല്ക്കാരനായി എന്റെ മുമ്പിൽ നില്ക്കുന്ന മനുഷ്യനിലൂടെ. ദരിദ്രനെ മറക്കുന്ന മതാത്മകത ദൈവത്തിനു സ്വീകാര്യമല്ല. ഒരു വറ്റു ചോറിനായ് നിങ്ങളുടെ മുമ്പിൽ കൈ നീട്ടി വിവശനായി നിന്നതു ഞാനായിരുന്നു. അന്ന് നിങ്ങൾ എന്നെ തിരിച്ചറിഞ്ഞോ ഇല്ലയോ? ഇതാണ് അന്തിമവിധിയിലെ ഏകചോദ്യം എന്നു യേശു പഠിപ്പിച്ചു. ഇല്ലെങ്കിൽ നിങ്ങൾക്കു പോകാം. നിത്യനാശത്തിലേക്ക്!

ഇതാണ് അന്തിമവിധിയുടെ ഉപമയിലൂടെ (മത്താ 25, 31-46) യേശു നല്കുന്ന പാഠം, എന്നും പ്രസക്തമായ പാഠം. ദൈവത്തിലേക്കു നയിക്കുന്ന വഴി അയല്ക്കാരനിലൂടെയാണ് കടന്നുപോകുന്നത്. ആരാണ് എന്റെ അയല്ക്കാരൻ എന്ന ചോദ്യത്തിന് നല്ല സമറിയന്റെയും (ലൂക്കാ 10, 25-37) അന്തിമവിധിയുടെയും (മത്താ 7, 21-23; 25, 31-46; ലൂക്കാ 13, 25-27) ഉപമകളിലൂടെ വ്യക്തമായ ഉത്തരം നല്കുന്നുണ്ട്.

കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിയണം. മാനസാന്തരത്തിന് ഇനിയും വൈകിക്കൂടാ! വഴിമാറുന്നില്ലെങ്കിൽ സംഭവിക്കാൻപോകുന്ന ദുരന്തങ്ങൾ ഊഹാതീതമായിരിക്കും എന്ന് ഇന്നു നമ്മെയും അനുസ്മരിപ്പിക്കുന്നതല്ലേ യേശുവചനങ്ങൾ? സന്ദർശനദിനം മറക്കാതിരിക്കാൻ അടിയന്തിരസ്വഭാവമുള്ള ആഹ്വാനം!

## ആദിമസഭയിൽ

*"വിശ്വാസികളുടെ സമൂഹം ഒരു ഹൃദയവും ഒരാത്മാവും ആയിരുന്നു. ആരും തങ്ങളുടെ വസ്തുവകകൾ സ്വന്തം എന്ന് അവകാശപ്പെട്ടില്ല. എല്ലാം പൊതു സ്വത്തായിരുന്നു... അവരുടെ ഇടയിൽ ദാരിദ്ര്യമനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല"* (അപ്പ 4, 32-34).

പരിശുദ്ധാത്മാവിന്റെ ആഗമനത്തോടെ ശക്തിയാർജ്ജിച്ച ശിഷ്യസമൂഹം സധൈര്യം സുവിശേഷം പ്രഘോഷിച്ചു. യേശു ക്രിസ്തുവിന്റെ മരണവും ഉത്ഥാനവും മഹത്വീകരണവും വഴി മനുഷ്യവർഗ്ഗത്തിനു ലഭ്യമായ രക്ഷയായിരുന്നു സുവിശേഷ പ്രഘോഷണത്തിന്റെ കാതൽ. കേൾവിക്കാരിൽ മാനസാന്തരമുണ്ടായി. ആയിരങ്ങൾ സുവിശേഷം സ്വീകരിച്ചു. ഒരു പുതിയ സമൂഹം രൂപംകൊണ്ടു, യേശു ഉദ്ഘാടനം ചെയ്ത ദൈവരാജ്യത്തിന്റെ ദൃശ്യമായൊരു പതിപ്പ്. അവരുടെ സവിശേഷത ഒറ്റ വാക്യത്തിൽ അപ്പസ്തോലപ്രവർത്തനങ്ങൾ വരച്ചുകാട്ടുന്നു. *"അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവം പങ്കു ചേർന്നു"* (അപ്പ 2, 42).

യേശു പ്രഘോഷിച്ച സുവിശേഷമാണ് അപ്പസ്തോലന്മാർ പഠിപ്പിച്ചത്. അതാണു പ്രബോധനം. വിശ്വാസവും സമ്പത്തും പങ്കുവയ്ക്കുന്നതാണ് കൂട്ടായ്മ. അതിന്റെ കേന്ദ്രമാണ് യേശുവിന്റെ അന്ത്യഅത്താഴത്തെ അനുസ്മരിക്കുന്ന അപ്പംമുറിക്കൽ. ഈ സമൂഹത്തിന്റെ ജീവശ്വാസമായിരുന്നു പ്രാർത്ഥന. ആചാരാനുഷ്ഠാനങ്ങൾക്കുപരി, പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി, ഉള്ളും ഉള്ളതും പങ്കുവയ്ക്കുന്ന, സഹോദരങ്ങളുടെ സമൂഹം. അവർ ഒരു കുടുംബമായി. ഇതായിരന്നു യേശു പങ്കുവച്ച ദൈവരാജ്യം എന്ന സ്വപ്നം. എല്ലാവരും തുല്യർ, തുല്യ അവകാശവും മഹത്വവുമുള്ള ദൈവമക്കൾ. ഭൂമിയിൽ വിടരുന്ന ദൈവരാജ്യത്തിന്റെ ഒരു നേർക്കാഴ്ച.

അപ്പസ്തോലപ്രവർത്തനങ്ങളുടെ കർത്താവായ ലൂക്കാ വരച്ചുകാട്ടുന്ന മാതൃകാപരമായ ഈ ചിത്രത്തിനു കാലക്രമത്തിൽ മങ്ങലേറ്റു. ക്രിസ്തുശിഷ്യരുടെ ഇടയിൽത്തന്നെ വിവേചനമുണ്ടായി. യേശുവിനെ ഏകരക്ഷകനായി സ്വീകരിച്ച യഹൂദരും വിജാതീയരും അടങ്ങുന്നതായിരുന്നു ക്രൈസ്തവസമൂഹം. അതിൽ യഹൂദക്രൈസ്തവർ സാവകാശം വിജാതീയ ക്രൈസ്തവരെ അവഗണിക്കാനും രണ്ടാം തരക്കാരായി പരിഗണിക്കാനും തുടങ്ങി. ഭക്ഷണകാര്യത്തിലാണ് ഈ വ്യത്യാസം ഏറ്റം പ്രകടമായത്.

*"പ്രതിദിനമുള്ള സഹായവിതരണത്തിൽ തങ്ങളുടെ വിധവകൾ അവഗണിക്കപ്പെടുന്നുവെന്ന് ഗ്രീക്കുകാർ ഹെബ്രായർക്കെ*

*തിരേ പിറുപിറുത്തു"* (അപ്പ 6,1). സഭാസമൂഹത്തിന്റെ നേതാക്കന്മാരായ അപ്പസ്തോലന്മാർ പരാതി അടിയന്തിരമായി പരിഗണിച്ചു, കർശനമായ നിലപാടുകൾ സ്വീകരിച്ചു. എല്ലാവർക്കും നീതിപൂർവം അർഹമായ വിഹിതം ലഭിക്കുന്നു എന്നു ഉറപ്പുവരുത്താൻ വേണ്ടി സഭയിൽ ഒരു ശുശ്രൂഷാപദവി രൂപപ്പെടുത്തി: "ഡീക്കന്മാർ". അവരാണ് സഭാസമൂഹത്തിന്റെ ഭൗതികകാര്യങ്ങളിൽ ജാഗ്രത പാലിക്കേണ്ടത്. അപ്പസ്തോലന്മാരുടെ മുഖ്യദൗത്യം ദൈവവചനം പ്രഘോഷിക്കലായിരിക്കും.

*"ഞങ്ങൾ ദൈവവചന ശുശ്രൂഷയിൽ ഉപേക്ഷ കാണിച്ച്, ഭക്ഷണമേശയിൽ ശുശ്രൂഷിക്കുന്നതു ശരിയല്ല. അതിനാൽ സഹോദരരേ, സുസമ്മതരും ആത്മാവും ജ്ഞാനവും കൊണ്ടു നിറഞ്ഞവരുമായ ഏഴുപേരെ നിങ്ങളിൽനിന്നു കണ്ടുപിടിക്കുവിൻ. അവരെ ഞങ്ങൾ ഈ ചുമതല ഏല്പിക്കാം. ഞങ്ങൾ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും നിരന്തരം വ്യാപരിച്ചുകൊള്ളാം"* (അപ്പ 6, 2-4). പങ്കാളിത്ത നേതൃത്വത്തിന്റെ ഉത്തമോദാഹരണം. അപ്പസ്തോലന്മാരും അവരുടെ പിൻഗാമികളും തങ്ങളുടെ കടമകൾ കണിശമായി നിർവഹിക്കുകയും വിവിധങ്ങളായ ശുശ്രൂഷകൾ അതിനു കഴിവുള്ളവരെ ഏല്പിക്കുകയും ചെയ്തപ്പോൾ സഭയിൽ സമാധാനമുണ്ടായി; എല്ലാവർക്കും സംതൃപ്തിയും സന്തോഷവും. എന്നും പ്രചോദനം നല്കേണ്ട ഉത്തമമാതൃക. വചനപ്രഘോഷണത്തിലും ആരാധന ജീവിതത്തിലും കോട്ടം തട്ടുമ്പോൾ സമൂഹജീവിതത്തിന്റെ താളം തെറ്റും. ഓരോരുത്തരും അവരവരുടെ മേഖലകളിൽ യേശുവിന്റെ കല്പനകളും പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങളും അനുസരിച്ച് ജീവിക്കുന്നതിന് ആദിമസഭയുടെ ഈ മാതൃക പ്രചോദനമാകണം.

## പൗലോസിന്റെ വീക്ഷണത്തിൽ

ആദിമസഭയെ പടുത്തുയർത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ച വ്യക്തിയാണ് വി. പൗലോസ്. പന്ത്രണ്ടുപേരിൽ ഒരാളല്ലെങ്കിലും അപ്പസ്തോലൻ എന്നു സ്വയം വിശേഷിപ്പിക്കുന്ന പൗലോസിലൂടെയാണ് ദൈവം വിജാതീയരുടെ ഇടയിൽ സുവിശേഷം പ്രഘോഷിക്കാൻ നേതൃത്വം നല്കിയതും വിജാതീയർക്കു സഭയിൽ തുല്യസ്ഥാനം ഉറപ്പുവരുത്തിയതും. ആദ്യത്തെ സാർവത്രിക സൂനഹദോസ് എന്നു വിശേഷിപ്പിക്കപ്പെടുന്ന ജറുസലെം

സൂനഹദോസിലെ ചർച്ചകളും തീരുമാനവും ഇതിന് സാക്ഷ്യം വഹിക്കുന്നു (അപ്പ 15, 1-29).

സുവിശേഷപ്രഘോഷണത്തിലൂടെ താൻ സ്ഥാപിച്ച സഭകൾക്ക്, അവരുടെ ആവശ്യങ്ങൾക്കനുസരിച്ചു നിർദേശങ്ങൾ നല്കുന്നതിനായി പൗലോസ് എഴുതിയ ലേഖനങ്ങൾ പുതിയ നിയമത്തിന്റെ കാൽഭാഗത്തിൽ കൂടുതൽ വരും. 13 ലേഖനങ്ങളിൽ പൊതുവേ കാണുന്ന ഒരു ഘടനയുണ്ട്. ആദ്യഭാഗം ക്രിസ്തീയ ജീവിതത്തിന്റെ അടിത്തറയായ വിശ്വാസസത്യങ്ങൾ വിശദമായി അവതരിപ്പിക്കുന്നു. ഇതിന്റെ വെളിച്ചത്തിൽ രണ്ടാം ഭാഗത്ത് ക്രിസ്തീയ ജീവിതക്രമത്തിന് ആവശ്യമായ നിർദേശങ്ങളും തിരുത്തലുകളും നല്കുന്നു.

റോമാ 12, 1-21; 13, 8-9; 1 കോറി 11, 17-34; ഗലാ 6, 1-10; 2 തെസ 3, 10-11 എന്നീ ഭാഗങ്ങളിൽ നമ്മുടെ പഠനവിഷയത്തെ സംബന്ധിച്ച് നിർണ്ണായകമായ ചില നിർദേശങ്ങൾ കാണാം. ഒളിച്ചോടി തന്റെയടുക്കൽ അഭയം പ്രാപിച്ച ഒണേസിമോസ് എന്ന അടിമയെ യജമാനനായ ഫിലമോന്റെയടുക്കലേക്കു തിരിച്ചയയ്ക്കുമ്പോൾ കൂടെ കൊടുത്തയയ്ക്കുന്ന കത്തിലെ ഒരു നിർദേശം സവിശേഷ ശ്രദ്ധയർഹിക്കുന്നു. *"ഇനി ഒരു ദാസനായിട്ടല്ല, അതിലുപരി, ലൗകികമായും കർത്താവിലും എനിക്കും അതിലേറെ നിനക്കും പ്രിയപ്പെട്ട ഒരു സഹോദരനായി അവനെ ലഭിച്ചിരിക്കുന്നു"* (ഫിലെ 16). ക്രിസ്ത്യാനികൾ സഹോദരങ്ങളുടെ കൂട്ടായ്മയാണ്.

## ഊട്ടുമേശയിലെ ഭിന്നത

യേശുക്രിസ്തുവിനെ ഏകരക്ഷകനായി സ്വീകരിക്കുന്നവർ ഒരു കുടുംബമാകുന്നു; എല്ലാവരും പരസ്പരം സഹോദരർ. ഇതാണ് സമൂഹത്തിൽ നിലനില്ക്കേണ്ട മനോഭാവവും ബന്ധവും. ഇതിനെ ഊട്ടി ഉറപ്പിക്കുന്നതാണ് ഭവനംതോറും നടത്തിയിരുന്ന അപ്പംമുറിക്കൽ ശുശ്രൂഷ. ഊട്ടുമേശ കൂട്ടായ്മയുടെ ഉറവിടമായിരുന്നു. എന്നാൽ അതിനും കാലക്രമത്തിൽ കോട്ടംതട്ടി. ഈ ഒരു സാഹചര്യത്തിൽ അപ്പസ്തോലൻ ഉയർത്തുന്ന ശക്തമായ വിമർശനങ്ങളും നല്കുന്ന നിർദ്ദേശങ്ങളും ഏറെ ശ്രദ്ധേയമാണ്.

കോറിന്തോസിലെ സഭയ്ക്കെഴുതുന്ന ആദ്യലേഖനത്തിലാണ് അപ്പസ്തോലൻ ഈ പ്രശ്നം വിശദമായി ചർച്ച ചെയ്യുന്നത്.

ഊട്ടുമേശയിലെ കൂട്ടായ്മയിലുണ്ടായ ഭിന്നിപ്പിനെക്കുറിച്ചുള്ള വിവരണവും അതിനോടുള്ള അപ്പസ്തോലന്റെ പ്രതികരണവും ഒരുമിച്ചു പോകുന്ന പ്രമേയമാണ്. അതിനെ രണ്ടായി പിളർന്ന്, അതിനുമധ്യേ യേശു പുതിയ ഉടമ്പടി സ്ഥാപിച്ചതും അതിന്റെ അടയാളമായി അപ്പംമുറിക്കൽ ശുശ്രൂഷ നടത്തിയതും വിവരിക്കുന്നു (1 കോറി 11, 17-34). വിശുദ്ധ കുർബാനയുടെ സ്ഥാപനത്തെക്കുറിച്ചുള്ള ബൈബിളിലെ ഏറ്റം പുരാതനമായ വിവരണമാണിത്. സുവിശേഷങ്ങൾ എല്ലാം പിന്നീടാണ് എഴുതപ്പെട്ടത്.

ആഴ്ചയുടെ ആദ്യദിവസം ക്രിസ്തു വിശ്വാസികളിൽ അവരുടെ കൂട്ടായ്മയിലെ ഏതെങ്കിലും ഒരു കുടുംബത്തിൽ സമ്മേളിച്ച് ഒരുമിച്ചു ഭക്ഷണം കഴിക്കും. ഓരോരുത്തരും സ്വന്തം വീടുകളിൽ തയ്യാറാക്കിയ ഭക്ഷണം കൊണ്ടുവരും. എല്ലാംകൂടി പൊതുവായി ശേഖരിച്ച്, എല്ലാവർക്കുമായി വീതിച്ച്, എല്ലാവരും ഭക്ഷിക്കും. ഇതായിരുന്നു പതിവ്. ഈ ഭക്ഷണത്തിന്റെ മധ്യത്തിലാണ് യേശുവിന്റെ അന്ത്യഅത്താഴത്തിന്റെയും പുതിയ ഉടമ്പടിയുടെയും ഓർമ്മയാചരിച്ച്, അപ്പം മുറിച്ചും പാനപാത്രം വാഴ്ത്തിയും പങ്കുവച്ചിരുന്നത്. ക്രൈസ്തവ കൂട്ടായ്മയെ ഊട്ടിഉറപ്പിക്കുന്ന ശക്തികേന്ദ്രമായിരുന്നു ഇത്.

എന്നാൽ കാലക്രമത്തിൽ ഈ കൂട്ടായ്മയിൽ വിള്ളൽ വീണു. ഒരുമിച്ചു ഭക്ഷിക്കുന്നവരുടെ ഇടയിൽ, സമ്പന്നരും ദരിദ്രരും തമ്മിൽ വ്യത്യാസമുണ്ടായി. ഒരേ കൂട്ടത്തിൽത്തന്നെ പല വിഭാഗങ്ങളുണ്ടായി. സമ്പന്നർ അവരുടെ ഗ്രൂപ്പുകളിൽ സമൃദ്ധമായി ഭക്ഷിച്ചു. ദരിദ്രർക്ക് ഒന്നും കിട്ടാതായി. ഇതാണ് അപ്പസ്തോലന്റെ പ്രതിഷേധത്തിനു കാരണമായത്. *"ഒരുവൻ വിശന്നും അപരൻ കുടിച്ച് ഉന്മത്തനായും ഇരിക്കുന്നു. എന്ത്, തിന്നാനും കുടിക്കാനും നിങ്ങൾക്കു വീടുകളില്ലേ? അതോ നിങ്ങൾ ദൈവത്തിന്റെ സഭയെ അവഗണിക്കുകയും ഒന്നും ഇല്ലാത്തവനെ അവഹേളിക്കുകയും ചെയ്യുന്നുവോ?"* (1 കോറി 11, 21-22).

## ഔഷധം വിഷമായിത്തീരാം

ഒട്ടും സ്വീകാര്യമല്ലാത്ത സാഹചര്യം വിവരിച്ചതിനുശേഷം യേശുവിന്റെ അന്ത്യഅത്താഴത്തെ അപ്പസ്തോലൻ അനുസ്മരിക്കുന്നു. വിഭജിക്കപ്പെട്ട ശരീരം, ചിന്തപ്പെട്ട രക്തം. യേശുവിന്റെ രക്തത്തിൽ ഒപ്പുവച്ച പുതിയ ഉടമ്പടിയുടെ അടയാളമാണ് അവർ ഇപ്പോൾ പങ്കുവയ്ക്കുന്ന അപ്പവും പാനീയവും. അതു നിത്യ

ജീവന്റെ ഔഷധമാണ്. എന്നാൽ, തെറ്റായ മനോഭാവത്തോടെ, വേണ്ടത്ര ഒരുക്കം കൂടാതെ സ്വീകരിക്കുന്നവർക്ക് ഇതു മാരകമായ വിഷമായിത്തീരും എന്ന് അപ്പസ്തോലൻ അനുസ്മരിപ്പിക്കുന്നു.

*"ആരെങ്കിലും അയോഗ്യതയോടെ കർത്താവിന്റെ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽനിന്നു പാനം ചെയ്യുകയും ചെയ്താൽ അവൻ കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരേ പാപം ചെയ്യുന്നു... ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവൻ തന്റെതന്നെ ശിക്ഷാവിധിയാണു ഭക്ഷിക്കുന്നതും പാനംചെയ്യുന്നതും. നിങ്ങളിൽ പലരും രോഗികളും ദുർബലരും ആയിരിക്കുന്നതിനും ചിലർ മരിച്ചുപോയതിനും കാരണം ഇതാണ്"* (1 കോറി 11, 27-30).

സ്വയം പങ്കുവച്ചവന്റെ സ്നേഹമാണ് വിശുദ്ധ കുർബാനയിൽ നാം സ്വീകരിക്കുന്നത്. നമ്മുടെ ജീവിതത്തിലും ഈ പങ്കുവയ്ക്കുന്ന സ്നേഹം ഉണ്ടാകണം. വിശുദ്ധ കുർബാന ക്രിസ്തീയ സമൂഹത്തെ വളർത്തുന്ന ആഹാരമാണ്, ശക്തികേന്ദ്രമാണ്. ആസമൂഹത്തിൽ ഉച്ചനീചത്വം ഉണ്ടാകാൻ പാടില്ല. ഇല്ലാത്തവരുമായി പങ്കുവയ്ക്കാൻ തയ്യാറാകാത്ത ഉള്ളവർ യേശുവിന്റെ മുറിക്കപ്പെട്ട ശരീരം ഭക്ഷിച്ചാൽ അവർക്ക് അതു ജീവനല്ല, മരണമായിരിക്കും സമ്മാനിക്കുക. അതുകൊണ്ട് ഓരോരുത്തരും കർശനമായ ഒരാത്മശോധനയ്ക്കു നിർബന്ധിക്കപ്പെടുന്നു.

ഈ ഒരു ആത്മശോധന ശരിക്കു നടന്നിരുന്നെങ്കിൽ നമ്മുടെ ക്രിസ്തീയ സമൂഹങ്ങൾ കുറെക്കൂടി നീതിനിഷ്ഠവും ലോകത്തിനു മുമ്പിൽ യേശുവിനു സാക്ഷ്യവും ആകുമായിരുന്നു. എന്നാൽ കുർബാനയുടെ ചടങ്ങുകളും ചൊല്ലുന്ന പ്രാർത്ഥനകളും തിരിഞ്ഞുനില്ക്കുന്ന ദിക്കും പണ്ഡിതോചിതമായ തർക്കവിതർക്കങ്ങൾക്കും ഗവേഷണപരീക്ഷണങ്ങൾക്കും എല്ലാം വിധേയമാക്കാനുള്ള തത്രപ്പാടിനിടയിൽ കൂട്ടായ്മയെ ഊട്ടിവളർത്തുക എന്ന മുഖ്യലക്ഷ്യം നഷ്ടപ്പെടുകയല്ലേ എന്ന സംശയം ഉണരുന്നു. അപ്പസ്തോലന്റെ വിമർശനങ്ങളുടെ വെളിച്ചത്തിൽ ഒരു വീണ്ടുവിചാരം അനിവാര്യമായിരിക്കുന്നു. ഇപ്പോഴെങ്കിലും സഭാനേതൃത്വം ഈ യാഥാർത്ഥ്യത്തിലേക്കു കണ്ണു തുറക്കുകയും അണികളെ അതനുസരിച്ചു ബോധ്യപ്പെടുത്തി നയിക്കുകയും ചെയ്തിരുന്നെങ്കിൽ! ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രമായ അപ്പംമുറിക്കൽ തന്നെ വിവാദവിഷയവും അനൈക്യത്തിനും

പിളർപ്പുകൾക്കും കാരണമാവുകയും ചെയ്യുന്നതു കാണുമ്പോൾ അപ്പസ്തോലന്റെ വാക്കുകൾ ഇന്നെത്രയേറെ പ്രസക്തമായിരിക്കുന്നു എന്നു മനസിലാകും. നിത്യജീവന്റെ അപ്പം നിത്യനാശം വരുത്തുന്ന വിഷമായിത്തീരാം എന്ന താക്കീതു മറക്കാതിരിക്കാം!

## യാക്കോബിന്റെ താക്കീത്

*"ധനവാന്മാരേ, നിങ്ങൾക്കു സംഭവിക്കാനിരിക്കുന്ന ദുരിതങ്ങളോർത്ത് ഉച്ചത്തിൽ നിലവിളിക്കുവിൻ. നിങ്ങളുടെ സമ്പത്ത് ക്ഷയിച്ചുകഴിഞ്ഞിരിക്കുന്നു. നിങ്ങളുടെ വസ്ത്രങ്ങൾ പുഴു അരിച്ചുപോയി. നിങ്ങളുടെ സ്വർണ്ണത്തിനും വെള്ളിക്കും കറപിടിച്ചിരിക്കുന്നു. ആ കറ നിങ്ങൾക്കെതിരായ സാക്ഷ്യമായിരിക്കും. തീപോലെ അതു നിങ്ങളുടെ മാംസത്തെ തിന്നുകളയും. അവസാനനാളുകളിലേക്കാണ് നിങ്ങൾ സമ്പത്തു ശേഖരിച്ചുവച്ചത്. നിങ്ങളുടെ നിലങ്ങളിൽനിന്നു വിളവു ശേഖരിച്ച വേലക്കാർക്കു കൊടുക്കാതെ പിടിച്ചുവച്ച കൂലി ഇതാ നിലവിളിക്കുന്നു. കൊയ്ത്തുക്കാരുടെ നിലവിളി സൈന്യങ്ങളുടെ കർത്താവിന്റെ കാതുകളിൽ എത്തിയിരിക്കുന്നു"* (യാക്കോ 5, 1-6).

സാമൂഹ്യനീതിയുടെ പ്രവാചകൻ എന്നറിയപ്പെടുന്ന ആമോസിന് പഴയനിയമത്തിലുള്ള സ്ഥാനമാണ് പുതിയനിയമത്തിൽ യാക്കോബ് എന്ന ലേഖനകർത്താവിനുള്ളത്. പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരുവനും ഹൽപൈയുടെ പുത്രനും (മർക്കോ 3, 18) യേശുവിന്റെ അടുത്ത ബന്ധുവും (മർക്കോ 6, 3) ജറുസലെമിലെ മെത്രാനും (അപ്പ 15, 13; ഗലാ 2,9) ആയ യാക്കോബാണ് ഈ ലേഖനത്തിന്റെ കർത്താവ് എന്നു പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. വി. പൗലോസ് വിശ്വാസത്തിനു നല്കിയ പ്രാധാന്യം തെറ്റിധരിക്കപ്പെട്ടു. വിശ്വസിച്ചാൽ മാത്രം മതി, രക്ഷ പ്രാപിക്കാം എന്നൊരു ചിന്താഗതി ക്രൈസ്തവർക്കിടയിൽ രൂപംകൊണ്ടു. ഇപ്രകാരം വിശ്വസിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന ക്രിസ്ത്യാനികൾ ഇന്നും ഏറെയുണ്ട്. ഈ കാഴ്ചപ്പാട് ഭാഗികവും അതിനാൽത്തന്നെ അസ്വീകാര്യവും, അപകടകരവും ആണെന്ന് യാക്കോബ് ശക്തമായി ഉദ്ബോധിപ്പിച്ചു.

*"വചനം കേൾക്കുക മാത്രം ചെയ്യുന്ന ആത്മവഞ്ചകരാകാതെ അത് അനുവർത്തിക്കുന്നവരും ആയിരിക്കുവിൻ"* (യാക്കോ 1, 22) എന്ന ഉപദേശം പ്രവൃത്തിയിലൂടെ വിശ്വാസം പ്രകടമാക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്നു. എന്താണ് ആ പ്രവൃത്തി

എന്ന്, അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധത്തിൽ തുടർന്നുദ്ബോധിപ്പിക്കുന്നു. *"പിതാവായ ദൈവത്തിന്റെ മുമ്പിൽ പരിശുദ്ധവും നിഷ്കളങ്കവുമായ ഭക്തി ഇതാണ്. അനാഥരുടെയും വിധവകളുടെയും ഞെരുക്കങ്ങളിൽ അവരുടെ സഹായത്തിനെത്തുക, ലോകത്തിന്റെ കളങ്കമേല്ക്കാതെ തന്നെത്തന്നെ കാത്തുസൂക്ഷിക്കുക"* (യാക്കോ 1, 27).

*"ആത്മാവില്ലാത്ത ശരീരം പോലെ പ്രവൃത്തി കൂടാതെയുള്ള വിശ്വാസവും മൃതമാണ്"* (യാക്കോ 2, 26). എന്താണ് ആ പ്രവൃത്തി എന്നു വിശദീകരിച്ചതിനുശേഷമാണ് ഈ പ്രസ്താവന. വിശപ്പും ദാഹവും നഗ്നതയും രോഗവും അനുഭവിക്കുന്ന സഹോദരങ്ങളെ ക്രിയാത്മകമായി സഹായിക്കാതെ, ഉപദേശം മാത്രം നല്കി വിടുന്നത് ക്രിസ്തീയമല്ല, അതിനാൽത്തന്നെ രക്ഷാകരമല്ല, സ്വീകാര്യവുമല്ല (യാക്കോ 2, 14-25). ഈ പ്രബോധനത്തിന്റെ ഏറ്റം രൂക്ഷമായ, ഒരു ശിക്ഷാവിധിയുടെ രൂപത്തിലുള്ള, അവതരണമാണ് ആരംഭത്തിൽ ഉദ്ധരിച്ച ധനികർക്കെതിരേയുള്ള താക്കീത്.

വിശദീകരണം ആവശ്യമില്ലാത്തത്ര ലളിതവും വ്യക്തവും അതേസമയം ഭയാനകവുമാണ് യാക്കോബ് അപ്പസ്തോലന്റെ വാക്കുകൾ. ധനികന്റെ സമ്പത്താണ് വസ്ത്രവും സ്വർണ്ണവും വെള്ളിയും. പ്രൗഢി പ്രകടിപ്പിക്കാനായി വാങ്ങി സൂക്ഷിക്കുകയും ചിലപ്പോൾ മാത്രം ധരിക്കുകയും ചെയ്യുന്ന വിലകൂടിയ പട്ടുടുപ്പുകളാണ് "വസ്ത്രങ്ങൾ"; പടിവാതില്ക്കൽ പട്ടിണി കിടന്നു മരിക്കുന്ന ലാസറിനെ കാണാതെ ദിനംതോറും വിരുന്നാഘോഷിച്ച ധനികന്റെ വേഷം (ലൂക്കാ 16,19). പെട്ടിയിലും ചിലപ്പോൾ നിലത്തു കുഴികുത്തി കുഴിയിലും (ഒരു താലന്തു കിട്ടിയ ഭൃത്യനെപോലെ - മത്താ 25,25) സൂക്ഷിക്കുന്ന സമ്പത്താണ് പൊന്നും വെള്ളിയും. മണ്ണിൽ കിടന്ന് അതിനു കറപിടിക്കും. ഇതാണ് ഉദാഹരണങ്ങളുടെ സാഹചര്യം.

ന്യായമായ വേതനം നല്കാതെ, മിച്ചമൂല്യമുണ്ടാക്കി സമ്പത്താർജ്ജിക്കാൻ പ്രേരിപ്പിക്കുന്ന, അതിനെ ന്യായീകരിക്കുന്ന സകല സാമ്പത്തിക വ്യവസ്ഥകൾക്കും മനോഭാവങ്ങൾക്കും എതിരേയാണ് ഇവിടെ ദൈവവചനം വിധി പ്രസ്താവിക്കുന്നത്. ചിതലരിച്ച പട്ടുടയാടയും തുരുമ്പുപിടിച്ച നാണയങ്ങളും അതിന്റെ ഉടമസ്ഥരുടെ അനീതിക്കു തെളിവായി സാക്ഷ്യം നില്ക്കുന്നു.

ചാമ്പലാകാതെ നിത്യാഗ്നിയിൽ എരിഞ്ഞുകൊണ്ടിരിക്കുന്ന വിറകുപോലെ ആയിരിക്കും സമ്പന്നന്റെ ശരീരം. അനീതിക്കിര യായവരുടെ നിലവിളി കർത്താവു കേൾക്കും. അത് അനീതി പ്രവർത്തിക്കുന്നവരുടെ മേൽ ഭീകരമായ ശിക്ഷാവിധി വരുത്തി വയ്ക്കും, ഒരിക്കലും അവസാനിക്കാത്ത നിത്യശിക്ഷ.

നമ്മുടെ ആനുകാലിക സമ്പദ് വ്യവസ്ഥകളെയും സമ്പ ത്തിനെ സംബന്ധിച്ചു സമൂഹത്തിൽ, ക്രിസ്തീയ സമൂഹത്തിലും അധികാരികളുടെയും വലിയ ഭക്തരായി കരുതപ്പെടുന്നവരു ടെയും ഉള്ളിൽപോലും, നിലനില്ക്കുന്ന മനോഭാവങ്ങളെയും നിശിതമായ ഒരു വിമർശനത്തിനു പ്രേരിപ്പിക്കുന്നതാണ് യാക്കോബ് അപ്പസ്തോലൻ വഴി ദൈവം നല്കുന്ന ഈ താക്കീത്. ഇന്നു നാം നേരിടുന്ന ആരോഗ്യ - സാമ്പത്തിക പ്രതിസന്ധി കൾ കൂടുതൽ ഭീകരമായവയുടെ മുന്നോടിയും താക്കീതുമായി കരുതി വഴിമാറാൻ കാലം അതിക്രമിച്ചിരിക്കുന്നു.

## യോഹന്നാന്റെ ആഹ്വാനം

യേശു സ്നേഹിച്ച ശിഷ്യൻ എന്ന പേരിൽ അറിയപ്പെടുന്ന യോഹന്നാന്റെ രചനയായി അഞ്ചു പുസ്തകങ്ങൾ (സുവിശേഷം, 3 ലേഖനങ്ങൾ, വെളിപാട്) പുതിയ നിയമത്തിലുണ്ട്. ഈ രചന കളിൽ ഉടനീളം നിരന്തരം മുഴങ്ങി കേൾക്കുന്നതാണ് സ്നേഹി ക്കാനുള്ള ആഹ്വാനം. യേശു സ്നേഹിച്ചതുപോലെ, സ്നേഹി തനുവേണ്ടി ജീവൻ അർപ്പിക്കുന്നതിനുവരെ പ്രേരിപ്പിക്കുന്ന (യോഹ 13, 34; 15, 12-13) സ്നേഹം. ഈ സ്നേഹം പ്രവൃത്തിയി ലൂടെ പ്രകടമാകണം. യേശുവിലൂടെ സ്വയം വെളിപ്പെടുത്തിയ ദൈവത്തിന്റെ പേരാണ് സ്നേഹം (1 യോഹ 4, 8.16). വാക്കുക ളിൽ മാത്രം ഒതുങ്ങി നില്ക്കുന്നതാവരുത് ക്രിസ്തുശിഷ്യന്റെ സ്നേഹം.

*"ലൗകിക സമ്പത്തുണ്ടായിരിക്കെ, ഒരുവൻ തന്റെ സഹോ ദരനെ സഹായം അർഹിക്കുന്നവനായി കണ്ടിട്ടും അവനെതിരേ ഹൃദയം അടയ്ക്കുന്നെങ്കിൽ അവനിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും? കുഞ്ഞുമക്കളേ, വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്; പ്രവൃത്തിയിലും സത്യത്തിലുമാണ്"* (1 യോഹ 3, 17-18).

എല്ലാ മനുഷ്യരും ദൈവത്തിന്റെ മുഖം വഹിക്കുന്ന മക്കളും

തുല്യമഹത്വവും അവകാശങ്ങളും ഉള്ളവരും ആണെന്ന സത്യം ആദ്യമേ അംഗീകരിക്കണം. അപ്പോൾ ഞാനും എനിക്കുള്ളതും മുഴുവനായും ദൈവത്തിന്റെ ദാനമാണെന്നും, അവിടുത്തെ തിരുഹിതം അനുസരിച്ചുമാത്രം ഈ ദാനം ഉപയോഗിക്കാൻ ഞാൻ കടപ്പെട്ടിരിക്കുന്നു എന്നും ബോധ്യമുണ്ടാകും. ഇതാണ് യഥാർത്ഥ മതാത്മകതയുടെ കാതൽ. മറിച്ച് അനീതിയും ചൂഷണവും വഴി അപരന്റേതുകൂടി സ്വന്തമാക്കി വയ്ക്കാനാണു തീരുമാനമെങ്കിൽ ദൈവത്തിന്റെ മുമ്പിൽ കണക്കു കൊടുക്കേണ്ടിവരും. വെറും വാക്കല്ല, വിശ്വാസം അനുസരിച്ചുള്ള, പങ്കുവയ്ക്കുന്ന സ്നേഹത്തിലൂടെ പ്രകടമാകുന്ന, ജീവിതസാക്ഷ്യമാണു പ്രധാനം.

## വെളിപാടിന്റെ വെല്ലുവിളികളും വാഗ്ദാനങ്ങളും

*"ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഞാൻ കണ്ടു... അവിടുന്ന് അവരോടൊത്തു വസിക്കും. അവരുടെ മിഴികളിൽ നിന്നു കണ്ണീർ തുടച്ചുനീക്കും. ഇനി മരണം ഉണ്ടായിരിക്കുകയില്ല. ഇനിമേൽ ദുഃഖമോ മുറവിളിയോ വേദനയോ ഉണ്ടാവുകയില്ല. പഴയതെല്ലാം കടന്നുപോയി"* (വെളി 21, 1-4).

ബൈബിളിലെ അവസാനത്തെ പുസ്തകം "യോഹന്നാനു ലഭിച്ച വെളിപാട്" എന്ന പേരിൽ അറിയപ്പെടുന്നു. ബൈബിളിലെ ഇതരഗ്രന്ഥങ്ങളിൽനിന്നു വ്യത്യസ്തമായൊരു ശൈലിയിൽ രചിക്കപ്പെട്ടതാകയാൽ മനസിലാക്കാൻ പ്രയാസമുള്ള ഏറെ കാര്യങ്ങൾ ഈ പുസ്തകത്തിലുണ്ട്. മുഖ്യമായും പ്രതീകങ്ങളിലൂടെ കാര്യങ്ങൾ പറയാൻ ഉപയോഗിക്കുന്ന വെളിപാട് (apocalyptic) എന്നറിയപ്പെടുന്ന ഒരു സാഹിത്യരൂപമാണ് ഈ പുസ്തകത്തിൽ ഉടനീളം ഉപയോഗിച്ചിരിക്കുന്നത്. പുസ്തകത്തിന്റെ ആദ്യഭാഗം, 1-3 അധ്യായങ്ങൾ, ആനുകാലിക സഭാസമൂഹത്തിന്റെ ഒരു നേർക്കാഴ്ച അവതരിപ്പിക്കുമ്പോൾ രണ്ടാംഭാഗം, 4-22 അധ്യായങ്ങൾ രക്ഷാചരിത്രത്തെ വിവരിക്കുന്നു. രണ്ടുഭാഗത്തും വിമർശനങ്ങളും താക്കീതുകളും വാഗ്ദാനങ്ങളും കാണാം. ഈ രണ്ടു ഭാഗത്തും നമ്മുടെ പഠനവിഷയത്തെ സംബന്ധിച്ച സുപ്രധാനമായ ചില ഉൾക്കാഴ്ചകൾ നല്കുന്നുണ്ട്.

## ഓർമ്മിക്കുക - മടങ്ങിവരുക

2-3 അധ്യായങ്ങളിൽ ഏഷ്യാമൈനറിലെ ഏഴു സഭകൾക്ക് യേശുക്രിസ്തു നല്കുന്ന സന്ദേശങ്ങളാണ് അവതരിപ്പിച്ചിരിക്കു

ന്നത്. ആ സഭകളിൽ പ്രമുഖ സ്ഥാനമുള്ള എഫേസോസിലെ സഭയ്ക്കാണ് ആദ്യത്തെ ലേഖനം. അതിൽ പീഡനങ്ങൾ സഹിച്ചും വിശ്വാസത്തിൽ ഉറച്ചു നില്ക്കുന്നതിന്റെ പേരിൽ പ്രശംസിക്കുമ്പോഴും സഭയ്ക്കു സംഭവിച്ചിരിക്കുന്ന വലിയൊരു വീഴ്ച എടുത്തുകാട്ടുന്നുണ്ട്. *"നിനക്കെതിരേ എനിക്കൊന്നു പറയാനുണ്ട്. നിനക്ക് ആദ്യം ഉണ്ടായിരുന്ന സ്നേഹം നീ കൈവെടിഞ്ഞു"* (വെളി 2,4). വിശ്വാസത്തനിമ കാത്തുസൂക്ഷിക്കാനുള്ള വ്യഗ്രതയിൽ യേശു നല്കിയ സുപ്രധാന കല്പനയായ "സ്നേഹം" നഷ്ടപ്പെട്ടുപോയ സഭ! മൂന്നു നിർദേശങ്ങളാണ് സഭയ്ക്കു നല്കുന്നത്. കടന്നുപോന്ന വഴികൾ ഓർമ്മിക്കുക, അനുതപിക്കുക, വഴിമാറുക (വെളി 2,5).

പെർഗാമോസിലെ സഭയ്ക്കു സംഭവിക്കുന്നത് വിശ്വാസത്തിൽ മായം ചേർത്ത്, അന്ധവിശ്വാസങ്ങളും വിഗ്രഹാരാധനയും അറിയാതെ പ്രോത്സാഹിപ്പിക്കുന്നു എന്നതാണ്. ബാലാമിന്റെ ഉപദേശവും നിക്കോളാവോസ് പക്ഷക്കാരും (വെളി 2,14–15) ക്രിസ്തീയ വിശ്വാസത്തിനും ധാർമ്മികതയ്ക്കും നിരക്കാത്ത ആചാരങ്ങളും അനുഷ്ഠാനങ്ങളും പ്രചരിപ്പിക്കുന്നവരാണ്. തിയത്തീറായിലെ സഭയിലും സമാനമായ വിശ്വാസപ്രതിസന്ധി നിലനില്ക്കുന്നു (വെളി 2, 20–25). വ്യർത്ഥമായ സുരക്ഷിതത്വബോധമാണ് സാർദിസിലേ സഭയുടെ പ്രശ്നം, എല്ലാം ഭദ്രമെന്നു കരുതി ഉറങ്ങുന്ന സഭ (വെളി 3, 3–4).

വിശ്വാസ തീക്ഷ്ണത നഷ്ടപ്പെട്ട്, ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്നതുപോലെ ഉർദ്ധശ്വാസം വലിക്കുകയാണ് ലാവോദിക്യായിലെ സഭ. എന്നാൽ ഇതിനെക്കുറിച്ച് ആ സഭയ്ക്കു അല്പംപോലും അവബോധമില്ല. എല്ലാം ഭദ്രമാണെന്ന് കരുതി, മൂഢസ്വർഗത്തിൽ കഴിയുന്ന സഭാസമൂഹം. *"എനിക്കു സമ്പത്തുണ്ട്, ഒന്നിനും കുറവില്ല എന്നു നീ പറയുന്നു. എന്നാൽ നീ നികൃഷ്ടനും ദയനീയനും ദരിദ്രനും അന്ധനും നഗ്നനുമാണെന്നു നീ അറിയുന്നില്ല"* (2 വെളി 3, 17) എന്ന രൂക്ഷവിമർശനത്തിന്റെ ആനുകാലിക പ്രസക്തി വ്യക്തമാണ്. ഭൗതികസമ്പത്തിലും സംവിധാനങ്ങളിലും ഊറ്റം കൊള്ളുമ്പോൾ ഉള്ളു പൊള്ളയാണെന്നറിയാതെ പോകുന്ന ദുരവസ്ഥ.

എല്ലാ സഭകളോടും നാഥന് ഒന്നേ പറയാനുള്ളൂ. **"ഇനിയെങ്കിലും മനസു തിരിയുക"**. അന്ത്യഅത്താഴമേശയിലും കുരി

ശിൻചുവട്ടിലും മാളികമുറിയിലും ആരംഭിച്ച ക്രിസ്തീയതയുടെ തുടക്കങ്ങളെയും കടന്നുപോന്ന വഴികളെയും ഓർമ്മിച്ചെടുക്കുക. എവിടെയാണ് വഴിതെറ്റിയത്, കാലിടറിയത് എന്നു മനസിലാക്കുക. വഴി മാറുക. ഓർമ്മിക്കുക, അനുതപിക്കുക, ആദ്യത്തെ പ്രവൃത്തികൾ ചെയ്യുക. ഇതിനു തയ്യാറായില്ലെങ്കിൽ സംഭവിക്കാൻ പോകുന്ന ഭീകര നാശങ്ങളെക്കുറിച്ചാണ് പുസ്തകത്തിന്റെ രണ്ടാം ഭാഗത്തു വിശദമായി പ്രതിപാദിക്കുന്നത്.

## താക്കീതുകൾ

സ്വർഗ്ഗീയ ദർശനത്തിന്റെ ഒരു വിവരണത്തിനുശേഷം (വെളി 5-6) ഒന്നിനൊന്നു കൂടുതൽ രൂക്ഷമാകുന്ന ശിക്ഷാവിധികളുടെ മൂന്നു സപ്തഗണങ്ങളാണ് അവതരിപ്പിക്കുന്നത്. രക്ഷാചരിത്രത്തെ സൂചിപ്പിക്കുന്ന ചുരുളിന്റെ ഓരോ മുദ്രയും തുറക്കുമ്പോൾ ഓരോ ദുരിതങ്ങൾ ഭൂമിയിൽ അരങ്ങേറുന്നു. യുദ്ധം, ആഭ്യന്തര കലാപങ്ങൾ, ക്ഷാമം, പട്ടിണി എന്നിങ്ങനെ നാലു ദുരിതങ്ങൾ (വെളി 6,1-8) പ്രതീക്ഷിച്ച മാനസാന്തരത്തിന്റെ ഫലം പുറപ്പെടുവിക്കാൻ പര്യാപ്തമായില്ല. തുടർന്ന് ഭൂകമ്പവും മറ്റ് ഭയാനകപ്രതിഭാസങ്ങളും ഉണ്ടായെങ്കിലും അവയും പ്രതീക്ഷിച്ച ഫലം കണ്ടില്ല (വെളി 6, 12-17).

തുടർന്നു വരുന്നത് കാഹളങ്ങളുടെ സപ്തഗണമാണ് (വെളി 8, 1-21). തീമഴ, ജലമലിനീകരണം, അന്ധകാരം, വെട്ടുക്കിളിശല്യം, വിവിധ മഹാമാരികൾ എന്നിവ ഒന്നിനു പിറകേ ഒന്നായി ആഞ്ഞടിച്ചു (വെളി 9). എന്നാലും ഈ മഹാമാരികളെ അതിജീവിച്ചവർ *"തങ്ങളുടെ കരവേലയെപ്പറ്റി അനുതപിക്കുകയോ... വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽ നിന്നു പിന്മാറുകയോ ചെയ്തില്ല"* (വെളി 10,21). അതിനാൽ കൂടുതൽ രൂക്ഷവും സർവ്വനാശം വിതയ്ക്കുന്നതുമായ മഹാമാരികൾ വീണ്ടും വരുന്നു, ക്രോധത്തിന്റെ പാത്രങ്ങളുമായി ബന്ധപ്പെടുത്തി (വെളി 16).

ദുർഗന്ധം വമിക്കുന്ന വ്രണങ്ങൾ മനുഷ്യരെ പീഡിപ്പിച്ചു. കടൽവെള്ളം ചത്തവന്റെ ചോരപോലെ ആയി. നദികളിലും നീരുറവകളിലും വിഷജലം നിറഞ്ഞു. എല്ലാം ചുട്ടെരിക്കുംവിധം അന്തരീക്ഷത്തിൽ ചൂടു വർദ്ധിച്ചു. ദീർഘമായ സൂര്യഗ്രഹണം ഉണ്ടായി; ഭൂമി അന്ധകാരത്തിലാണ്ടു, ആടിയുലഞ്ഞു. നഗരങ്ങൾ നിലംപതിച്ചു. കല്ലുകളുടെ പെരുമഴ മനുഷ്യരെയും മൃഗങ്ങളെയും

കൊന്നെടുക്കി. പക്ഷേ ഇതൊന്നും മാനസാന്തരത്തിലേക്കു നയിക്കുന്നില്ല. അനുഭവിക്കുന്ന ദുരിതങ്ങളുടെ പേരിൽ ദൈവത്തെ ശപിക്കുകയല്ലാതെ സ്വന്തം തെറ്റുകൾ മനസിലാക്കി തിരുത്താൻ തയ്യാറാകുന്നില്ല. അതിനാൽ വരുന്നത് സമൂലനാശമാണ് (വെളി 17, 17-20).

വെളിപാടുപുസ്തകത്തിൽ പ്രതീകങ്ങളിലൂടെ വിവരിക്കുന്ന ദുരന്തങ്ങൾ ഒന്നൊന്നായി ഈ ഭൂമിയിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നതു നാം കാണുന്നു, ഭൂമിയെ നശിപ്പിക്കുന്നവരെ നശിപ്പിക്കുന്ന ഭീകര പ്രതിഭാസങ്ങൾ. ഒന്നിനൊന്നു കൂടുതൽ രൂക്ഷമാകുന്ന ജല-വായു മലിനീകരണം, പകർച്ചവ്യാധികൾ, മഹാമാരികൾ, തീ തുപ്പുന്ന അഗ്നിപർവ്വതങ്ങൾ. വ്യാപകമായ കൃഷിനാശങ്ങൾ. എന്തെല്ലാം താക്കീതുകൾ! പക്ഷേ ഇതൊന്നും കാണാനും കേൾക്കാനും മനുഷ്യൻ തയ്യാറാകുന്നില്ല. വഴി നയിക്കേണ്ടവർ തന്നെ ഇരുട്ടിൽ തപ്പിത്തടയുന്നതുപോലെ, നേതാക്കൾക്കു കാലിടറുന്നതുപോലെ. എല്ലാം ശരിയാക്കാം എന്ന് ഉറപ്പു നല്കുന്ന നേതാക്കന്മാർ സ്വന്തം സുരക്ഷിതത്വവും സമ്പത്തും ഉറപ്പാക്കാൻ മാത്രം ശ്രദ്ധിക്കുമ്പോൾ ദൈവം നല്കുന്ന താക്കീതുകൾ കാണാതെ പോകുന്നു, മതമേഖലയടക്കം ജീവിതത്തിന്റെ സകല മേകലകളിലും.

## പ്രത്യാശയുടെ പ്രകാശം

അനേകം താക്കീതുകളും ഭയാനകമായ ശിക്ഷീവിധികളും സർവനാശം വിതയ്ക്കുന്ന പ്രകൃതി ക്ഷോഭങ്ങളും മനുഷ്യനിർമ്മിതയുദ്ധങ്ങളും എല്ലാം അവയുടെ സർവഭീകരതയോടെയും കൂടെ വരച്ചുകാട്ടിയതിനുശേഷം പ്രത്യാശ നല്കുന്ന ഒരു പ്രകാശത്തിലേക്കു കണ്ണുതുറന്നുകൊണ്ടാണ് വെളിപാടുപുസ്തകം സമാപിക്കുന്നത്. ദൈവം എല്ലാം നവീകരിക്കും. ഒരു പുതിയ ലോകം സംജാതമാകും. ദൈവം മനുഷ്യരുടെ ഇടയിൽ വസിക്കും; അഥവാ ഈ ഭൂമി തന്നെ ദൈവത്തിന്റെ കൂടാരമാകും. ദൈവം ആരെന്ന് എല്ലാവരും അനുഭവിച്ചറിയും. പിതാവും മാതാവുമായ ദൈവത്തിന്റെ സ്നേഹം എല്ലാവരും നുകരും. ഇനി അങ്ങോട്ട് ഭയമില്ല, രോഗമില്ല, മരണവും വേർപാടുമില്ല. ദുഃഖവും നിലവിളിയുമില്ല. എല്ലാവരും ദൈവമക്കൾ. അതിനാൽത്തന്നെ സഹോദരർ. പിതാവും മാതാവും, സഹോദരനും സ്നേഹിതനുമായ

ദൈവത്തിൽ ഒന്നായി, നിത്യസന്തോഷത്തിൽ കഴിയുന്ന ഒരു കാലം വരും.

ഈ പ്രത്യാശ നല്കിക്കൊണ്ടാണ് 73 പുസ്തകങ്ങളുടെ സമാഹാരമായ ബൈബിൾ സമാപിക്കുന്നത്. ഭീരുക്കളുടെ ദിവാസ്വപ്നമല്ലിത്; മർദിതനെ മയക്കുന്ന കറപ്പുമല്ല. നീതിക്കുവേണ്ടി നിലകൊള്ളാൻ, ജീവൻ ത്യജിച്ചും സഹോദരനെ സ്നേഹിക്കാൻ തയ്യാറാകുന്നവർക്കു മാത്രമേ ഈ പുതിയ ലോകത്തിൽ സ്ഥാനമുള്ളൂ (വെളി 21,8). ഇതിനു തയ്യാറാകാത്തവരുടെ മുമ്പിൽ വാപിളർന്നു നില്ക്കുന്നു ഗന്ധകമെരിയുന്ന അഗ്നിത്തടാകം (വെളി 20, 15)! ഏതുവേണം എന്ന് ഓരോരുത്തർക്കും തീരുമാനിക്കാം, ഇപ്പോൾ!

# ഉപസംഹാരം

*"ഇനിയും നിങ്ങളെ പ്രഹരിക്കണമോ? എന്തേ നിങ്ങൾ തിന്മയിൽത്തന്നെ തുടരുന്നു?"* (ഏശ 1,5).

ലോകം മുഴുവൻ ഭയന്നുവിറങ്ങലിച്ചു നില്ക്കുകയാണ്, ഒരു മില്ലീമീറ്ററിന്റെ ആയിരത്തിൽ ഒരംശം പോലും വലുപ്പമില്ലാത്ത, സ്വന്തമായൊരു ന്യൂക്ലിയസ് പോലും ഇല്ലാത്ത, കൊറോണ എന്നു മനുഷ്യൻ പേരുനല്കിയിരിക്കുന്ന, അതിസൂക്ഷ്മ ജീവിയായ വൈറസിന്റെ മുമ്പിൽ. വിപണികളിൽ ഓഹരികൾ കൂപ്പുകുത്തി. ആഗോള സാമ്പത്തിക സംവിധാനങ്ങൾ തളർന്നു; ആരോഗ്യപരിരക്ഷാ കേന്ദ്രങ്ങൾ നിസ്സഹായങ്ങളായി. വിനോദയാത്രകൾ നിലച്ചു, വിനോദകേന്ദ്രങ്ങൾ അടഞ്ഞു. പതിനായിരങ്ങൾ പങ്കെടുക്കുന്ന പള്ളിപ്പെരുന്നാളുകളും ലക്ഷങ്ങൾ പങ്കെടുക്കുന്ന പൂരങ്ങളും കോടികൾ ഒന്നുചേർന്നാഘോഷിക്കുന്ന കുംഭമേളകളും എല്ലാം പേരിൽമാത്രം ഒതുങ്ങുന്നു.

ദിവസങ്ങൾ കഴിയുന്തോറും മനുഷ്യന്റെ അഹങ്കാരത്തെയും താൻപോരിമയെയും വെല്ലുവിളിച്ചുകൊണ്ട് കൊറോണാ വൈറസിന്റെ കുതിപ്പു കൂടുതൽ ശക്തിയാർജ്ജിക്കുന്നു. വൈറസിന്റെ തന്നെ ജനിതകഘടകങ്ങൾ മാറുന്നു. മനുഷ്യൻ നിർമ്മിക്കുന്ന വാക്സിനുകളും മരുന്നുകളും വെറും നോക്കുകുത്തികളായി പരിണമിക്കുന്നു. ആധുനിക മനുഷ്യൻ പടുത്തുയർത്തിയ വിവേചനാത്മകമായ, സാമൂഹിക സാമ്പത്തികക്രമങ്ങൾ ചീട്ടുകൊട്ടാരം പോലെ തകർന്നടിയുന്നു. അധികാരിയും അധീനരും, ഉടമയും അടിമയും, കറുത്തവനും വെളുത്തവനും എല്ലാം കൊറോണായ്ക്കു മുമ്പിൽ തുല്യർ, രോഗബാധയിലും മരണത്തിലും.

സംഭ്രമജനകമായ ഈ സാഹചര്യത്തിൽ എന്താണു ഇതിലൂടെ ദൈവം നമ്മോടു പറയുന്നത് എന്നു ദൈവവചനമായ ബൈബിളിന്റെ വെളിച്ചത്തിൽ നാം അന്വേഷിക്കുകയായിരുന്നു. വിലക്കപ്പെട്ട കനി തിന്നു ദൈവമാകാൻ ശ്രമിച്ചിടത്തു തുടങ്ങിയ

വീഴ്ചകളുടെയും ശിക്ഷകളുടെയും പരമ്പരയലൂടെ കടന്ന്, സമൂലനാശത്തിനുശേഷം വിരിയുന്ന പുതിയ ലോകത്തിന്റെ ചിത്രം അവതരിപ്പിച്ചുകൊണ്ടാണ് ബൈബിൾ സമാപിക്കുന്നത്. അതിൽ നിന്നു ലഭിക്കുന്ന സുപ്രധാനമായ ഉൾക്കാഴ്ചകളെയും ആഹ്വാനങ്ങളെയും ഇപ്രകാരം സമാഹരിക്കാം.

**1. പരിധികൾ അറിയണം, അംഗീകരിക്കണം:** മനുഷ്യൻ ദൈവമല്ല, ഒന്നിന്റെയും അധിപനുമല്ല. ദൈവത്തിന്റെ സൃഷ്ടിയാണ്, പരിധികളും പരിമിതികളും ഉള്ള സൃഷ്ടി. ആദ്യമേ ഈ പരിധികൾ അംഗീകരിച്ചേ മതിയാകൂ! ഞാനാണ് സർവശക്തൻ, എന്റെ ഇഷ്ടം പ്രമാണം എന്ന നിലപാടു നാശമേ വരുത്തൂ.

ഉത്തരാധുനിക ലോകമെന്നും സത്യാനന്തരയുഗമെന്നും വിശേഷിപ്പിക്കുന്ന, മനുഷ്യന്റെ കഴിവുകളെ ഊതിവീർപ്പിച്ച ഒരു മിഥ്യാലോകത്തിലാണു നാം ജീവിക്കുന്നത് എന്ന് ഈ നിസ്സാര വൈറസ് ബോധ്യപ്പെടുത്തുന്നു. കുറുവടിയും കവണക്കല്ലും, പിന്നീട് കൊടുവാളും കുന്തവും ഉപയോഗിച്ചു യുദ്ധം ചെയ്ത കാലത്തിനു പിന്നാലെ വെടിമരുന്നിന്റെ കാലം വന്നു; തുടർന്ന് ആണവായുധങ്ങളും രാസായുധങ്ങളും, ഇപ്പോഴിതാ ജൈവായുധങ്ങളും. ഇനി എന്താണ് കണ്ടുപിടിക്കാൻ പോകുന്നതെന്നറിയില്ല. മനുഷ്യൻ മനുഷ്യനെ ശത്രുവെന്നു കരുതി ഉന്മൂലനം ചെയ്യാൻ ശ്രമിക്കുന്നതിന്റെ മൗഢ്യം ഈ വൈറസിന്റെ വെളിച്ചത്തിൽ തെളിയുന്നു. ജൈവായുധ നിർമ്മാണത്തിന്റെ പരിണിതിയാണീ വൈറസ് എന്ന് അടക്കം പറച്ചിലുകൾ!

ശാസ്ത്രീയ കണ്ടുപിടുത്തങ്ങളുടെ കുതിച്ചുചാട്ടത്തിന്റെ കാലമായിരുന്നു ഇത്. കണക്കുകൂട്ടാൻ സഹായിക്കുന്ന ഗണിതയന്ത്രങ്ങളിൽ (Computer) തുടങ്ങി യാന്ത്രിക ബുദ്ധിയിൽ എത്തിനില്ക്കുന്നു ഉത്തരാധുനിക മനുഷ്യൻ. സാധാരണ മനുഷ്യമസ്തിഷ്കത്തിന്റെ ആയിരം ഇരട്ടി ഗ്രഹണശക്തിയുള്ള യാന്ത്രികബുദ്ധി (artificial intelligence) ഒരു യാഥാർത്ഥ്യമായി കഴിഞ്ഞു. ഇനി എന്താണു അടുത്തപടി? ധാർമ്മികബോധമില്ലാത്ത മനുഷ്യനിർമ്മിത യന്ത്രം മനുഷ്യസമൂഹത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുമ്പോൾ എന്തായിരിക്കും സംഭവിക്കുക എന്ന ഉൽക്കണ്ഠ വളരുന്നു.

സ്രഷ്ടാവിനെ മറികടന്ന് സൃഷ്ടികർമ്മം നടത്താൻ കെല്പുള്ളവനാണ് താൻ എന്നു മനുഷ്യൻ കരുതി. ആദിവിസ്ഫോടന

(Big Bang)ത്തോടെയാണ് പ്രപഞ്ചത്തിന്റെ ഉത്ഭവം എന്നു കരുതുന്നവർ ഒരു മഹാവിസ്ഫോടനം നടത്തി പുതുസൃഷ്ടികർമ്മം വഴി സ്രഷ്ടാവാകാൻ ഉദ്യമിക്കുന്നു. അതിരുകളില്ലാത്ത മോഹങ്ങൾ. മനുഷ്യൻ നിർമ്മിച്ച മഹാഗോപുരം കാണാൻ ഇറങ്ങിവന്ന ദൈവത്തിന്റെ സ്വഗതം: *"അവർ ചെയ്യാനിരിക്കുന്നതിന്റെ തുടക്കമേ ആയിട്ടുള്ളൂ. ചെയ്യാൻ ഒരുമ്പെടുന്ന ഒന്നും അവർക്കിനി അസാധ്യമായിരിക്കുകയില്ല"* (ഉൽപ 11,6), ഈ സാഹചര്യത്തിൽ പ്രസക്തമാകുന്നു.

പറുദീസാനഷ്ടം മുതൽ അനേകം ഉദാഹരണങ്ങൾ ഈ സത്യം വിളിച്ചറിയിക്കുന്നു. എല്ലാറ്റിനെയും മുക്കിക്കൊന്ന പ്രളയജലവും മനുഷ്യരെ ചിതറിച്ചുകൊണ്ട് തകർന്നടിയുന്ന ബാബേൽ ഗോപുരവും ചാരമായിത്തീരുന്ന സോദോം -ഗൊമോറായും എല്ലാം നല്കുന്ന ഒന്നാം പാഠമിതാണ്. പിരിമിതികൾ തിരിച്ചറിയുക, അംഗീകരിക്കുക.

**2. എല്ലാം ദാനമാണെന്നു തിരിച്ചറിയണം:** ഞാനും എനിക്കുള്ളതും എല്ലാം ദൈവം നല്കിയ ദാനങ്ങളാണ്. ഒന്നും എനിക്ക് അവകാശപ്പെട്ടതല്ല. ഞാൻ ജനിച്ചെങ്കിൽ, ജീവിക്കുന്നെങ്കിൽ അതു ദൈവം കനിഞ്ഞ് അനുഗ്രഹിച്ചതുകൊണ്ടു മാത്രമാണെന്ന് അറിയണം. ദാനമെങ്കിൽ, ദാതാവിനോടു നന്ദിയുണ്ടാകണം.

**3. ദൗത്യം മനസിലാക്കണം – പ്രാവർത്തികമാക്കണം:** ഓരോ വ്യക്തിയെയും ഓരോ സമൂഹത്തെയും, മനുഷ്യവർഗ്ഗം മുഴുവനെയും കുറിച്ച് ദൈവത്തിന് ഒരു പദ്ധതിയുണ്ട്. ആരുടെയും നാശത്തിനല്ല, എല്ലാവരുടെയും ക്ഷേമത്തിനുള്ള പദ്ധതി (ജറെ 29,11). ഈ പദ്ധതിയിൽ എന്റെ സ്ഥാനമെന്ത്? എന്റെ ദൗത്യമെന്ത് എന്ന് ഓരോരുത്തരും തിരിച്ചറിയണം. രാജാവിനും പുരോഹിതനും പ്രവാചകനും എന്നല്ല സകല മനുഷ്യർക്കുമുണ്ട് ദൈവദത്തമായൊരു ദൗത്യം. അതു തിരിച്ചറിയുക; വിശ്വസ്തതയോടെ നിറവേറ്റുക. ഭരണാധികാരികൾക്കും മതാധികാരികൾക്കും, മാതാപിതാക്കൾക്കും അധ്യാപകർക്കും, ക്രമസമാധാന പാലകർക്കും ജനസേവകർക്കും എല്ലാം ഈ തിരിച്ചറിവ് അത്യാവശ്യമായിരിക്കുന്നു. ദൈവമാണ് എന്നെ ഈ ജോലി, ഈ ദൗത്യം ഏല്പിച്ചിരിക്കുന്നത്. ദൈവം കണക്കു ചോദിക്കും എന്നതു മറക്കരുത്.

**4. ബന്ധങ്ങൾ മാനിക്കണം:** പരസ്പരബന്ധങ്ങളിലൂടെയാണ്

ഈ പ്രപഞ്ചം നിലനില്ക്കുന്നത്. ക്ഷീരപഥങ്ങളും ആകാശഗോളങ്ങളും മുതൽ പരമാണുക്കളും കണികകളും വരെ നിലനില്ക്കുന്നതും പ്രവർത്തിക്കുന്നതും പരസ്പരബന്ധങ്ങളിലൂടെയാണ്. ഈ ബന്ധങ്ങളെ നിശ്ചയിക്കുന്നത് പ്രപഞ്ചസ്രഷ്ടാവ് നല്കിയിരിക്കുന്ന, പ്രകൃതിനിയമങ്ങൾ എന്നു നാം വിശേഷിപ്പിക്കുന്ന, നിയമസംവിധാനങ്ങളിലൂടെയാണ്. ഈ നിയമങ്ങൾ ലംഘിച്ചാൽ ഗോളങ്ങൾ തമ്മിലിടിച്ചു തകരും. സർവ്വനാശമായിരിക്കും ഫലം.

മനുഷ്യജീവിതത്തിലും ഈ ബന്ധങ്ങളും നിയമങ്ങളും അസ്തിത്വത്തിന്റെ തന്നെ അടിസ്ഥാനമാണ്. ഓരോ മനുഷ്യനും ഇതര മനുഷ്യരോടും പ്രപഞ്ചത്തോടും തന്നോടുതന്നെയും, ഇതിനെല്ലാം അടിസ്ഥാനമായ ദൈവത്തോടും ഉള്ള ബന്ധം നിലനില്ക്കണം. ഈ ബന്ധത്തെയാണ് ഉടമ്പടിയുടെ പ്രമാണങ്ങളിലൂടെ ഉറപ്പിച്ചിരിക്കുന്നത്. ഈ ബന്ധത്തിൽ എവിടെയെങ്കിലും വിള്ളലുണ്ടായാൽ അതു മനുഷ്യനെയും പ്രപഞ്ചത്തെയും ബാധിക്കും എന്ന് അനേകം സംഭവങ്ങൾ നിരത്തിവച്ച് ബൈബിൾ ഉദ്ബോധിപ്പിക്കുന്നു.

**5. അനുഷ്ഠാനങ്ങളേക്കാൾ ആന്തരികത പ്രധാനം:** പ്രപഞ്ചത്തിന്റെ സന്തുലിതാവസ്ഥയ്ക്കും മനുഷ്യജീവിതത്തിന്റെ സുഗമമായ നിലനില്പിനും വളർച്ചയ്ക്കും സുപ്രധാനമായ ഒരു പങ്കു മതാത്മകതയ്ക്കുണ്ട്. അത് ഏതാനും ബാഹ്യാനുഷ്ഠാനങ്ങളിൽ ഒതുങ്ങുന്നതല്ല. മേൽ സൂചിപ്പിച്ച ചതുർവിധ ബന്ധങ്ങളെ നിലനിർത്തുകയും പോഷിപ്പിക്കുകയും ചെയ്യുന്നതായിരിക്കണം യഥാർത്ഥ മതാത്മകത. അവിടെ വർണ്ണ-വർഗ്ഗ-ജാതിവ്യത്യാസങ്ങൾക്കു സ്ഥാനമില്ല; മനുഷ്യർ തമ്മിൽ ഉച്ചനീചത്വം നിലനില്ക്കില്ല. അനുഷ്ഠാനങ്ങളുടെ നിഷ്ഠയും ആഘോഷങ്ങളുടെ മോടിയുമല്ല, നീതി, കാരുണ്യം, വിനയം, വിശ്വസ്തത മുതലായ മൂല്യങ്ങളാണ് മതാത്മകതയുടെ ഊടും പാവും. ഇതില്ലാതെ ദൈവ-മനുഷ്യബന്ധം നിലനിർത്താനാവില്ല.

**6. മതി എന്നു പറയാൻ പഠിക്കണം:** എത്ര കിട്ടിയാലും തൃപ്തിയാകാതെ വീണ്ടും വീണ്ടും വാരിക്കൂട്ടാനും വാരിവിഴുങ്ങാനും വെമ്പുന്ന ഉപഭോഗ സംസ്കാരത്തിനു കടിഞ്ഞാൺ ഇട്ടേ പറ്റൂ. മതി എന്നു പറയാൻ പഠിക്കണം. ഭൗതികവസ്തുക്കളുടെയും സുഖസൗകര്യങ്ങളുടെയും ആധിക്യമല്ല യഥാർത്ഥ സന്തോഷവും സംതൃപ്തിയും ആനന്ദവും നല്കുന്നത്. അയല്ക്കാരന്റെ ആവ

ശ്യമാണ് എന്റെ അവകാശത്തിന്റെ പരിധി എന്നു ഞാൻ മനസിലാക്കണം. അപ്പോൾ സ്വീകരിക്കുന്നതിനേക്കാൾ കൊടുക്കുന്നതിൽ സന്തോഷം കണ്ടെത്താൻ കഴിയും. മനുഷ്യജീവിതത്തിന്റെ സകല മേഖലകളിലും ഈ മിതത്വം സുപ്രധാനമാണ്.

**7. വഴിമാറണം:** ഇപ്പോൾ പോകുന്ന രീതിയിൽ മുന്നോട്ടു പോകാനാവില്ല. ദൈവം അതനുവദിക്കുകയില്ല എന്ന വലിയൊരു ഓർമ്മപ്പെടുത്തലും താക്കീതുമായി ഈ കൊറോണാ മഹാമാരിയെയും അതുമൂലം സംജാതമായിരിക്കുന്ന ഭീകര പ്രതിസന്ധികളെയും കാണണം. ഇതെല്ലാം അടയാളങ്ങളാണ്; മനോഭാവത്തിലും ജീവിതശൈലിയിലും പരസ്പരബന്ധങ്ങളിലും സമൂലമായൊരു പരിവർത്തനം അത്യാവശ്യമായിരിക്കുന്നു എന്നു പഠിപ്പിക്കുന്ന, പ്രകൃതി നല്കുന്ന, കാലത്തിന്റെ അടയാളങ്ങൾ മാനിച്ചില്ലെങ്കിൽ കൂടുതൽ ഭീകരമായതു വരും എന്നറിയിക്കുന്ന അടയാളങ്ങൾ.

ഭൂമിയെ അമ്മയായി കാണണം. ഇതരമനുഷ്യരെ സഹോദരങ്ങളായും. സകലജീവജാലങ്ങളോടും കരുണയുണ്ടാകണം. ജീവിക്കാൻ ആവശ്യമായതിൽ കൂടുതൽ എടുക്കരുത് – ഒന്നിൽ നിന്നും. അയൽക്കാരൻ ശത്രുവല്ല, സഹോദരനാണെന്നു മനസിലാക്കണം, അംഗീകരിക്കണം. മതാനുയായികൾ തങ്ങളുടെ മതങ്ങളുടെ അന്തരാത്മാവിലേക്കു കടക്കണം. “ലോകാ സമസ്താ സുഖിനോ ഭവന്തു, ഓംശാന്തി, ശാന്തി, ശാന്തിഃ” എന്ന ശാന്തിമന്ത്രം ഉരുവിടുന്ന ഹിന്ദുക്കളും സമാധാനവാഹകർ എന്ന മുഖമുദ്ര വഹിക്കുന്ന മുസ്ലീമുകളും ലോകത്തിനു മുഴുവൻ സമാധാനം നല്കുന്ന സമാധാന രാജാവായി യേശുവിനെ ഏറ്റു പറയുന്ന ക്രിസ്ത്യാനികളും എല്ലാം താന്താങ്ങളുടെ ഉറവിടങ്ങളിലേക്കു മടങ്ങി, യഥാർത്ഥ ദൈവത്തിന്റെ, വിവിധ ഭാഷകളിലും രീതികളിലും സംസാരിക്കുന്ന ഏക ദൈവത്തിന്റെ ഹിതം ജീവിതത്തിൽ പ്രാവർത്തികമാക്കണം.

**8. കർത്താവിലേക്കു തിരിയണം, വിളിച്ചപേക്ഷിക്കണം:** “സീയോനിൽ കാഹളം മുഴക്കുവിൻ. ഉപവാസം പ്രഖ്യാപിക്കുവിൻ. മഹാസഭ വിളിച്ചുകൂട്ടുവിൻ. ജനത്തെ ഒരുമിച്ചു കൂട്ടുവിൻ. സമൂഹത്തെ വിശുദ്ധീകരിക്കുവിൻ. കുട്ടികളെയും മുലകുടിക്കുന്ന ശിശുക്കളെയും ഒന്നിച്ചുക്കൂട്ടുവിൻ. മണവാളൻ തന്റെ മണവറയും

മണവാട്ടി തന്റെ ഉറക്കറയും വിട്ടു പുറത്തുവരട്ടെ! കർത്താവിന്റെ ശുശ്രൂഷകരായ പുരോഹിതന്മാർ പൂമുഖത്തിനും ബലിപീഠത്തിനും മദ്ധ്യേനിന്ന് കരഞ്ഞുകൊണ്ടു പ്രാർത്ഥിക്കട്ടെ: കർത്താവേ അങ്ങയുടെ ജനത്തെ ശിക്ഷിക്കരുതേ!..." (ജോയേൽ 2,15-17). അഹന്തവെടിഞ്ഞ്, അനുതപിക്കുന്ന ഹൃദയത്തോടെ, കർത്താവിലേക്കു തിരിയണം; വിളിച്ചപേക്ഷിക്കണം. പുരോഹിതർ നേതൃത്വം നല്കണം. മനുഷ്യനല്ല, ദൈവമാണ് ഈ പ്രപഞ്ചത്തെ നയിക്കുന്നതെന്ന് തിരിച്ചറിയണം. ഏതു പേരിൽ വിളിച്ചപേക്ഷിച്ചാലും കേൾക്കുന്നതും മറുപടി നല്കുന്നതും ഒരേ ഒരു ദൈവമാണെന്നറിയണം. കാരണം ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും നിയന്താവുമായി ഒരു ദൈവം മാത്രമേ ഉള്ളൂ.

ലോകത്തിനുമേൽ ഭീതിയുടെ കരിനിഴൽ വിരിച്ച് ഉറഞ്ഞുതുള്ളുന്ന കൊറോണ വൈറസിലൂടെ ഇതല്ലേ ദൈവം ആവശ്യപ്പെടുന്നത്? അഹങ്കാരത്തിന്റെ പത്തിമടക്കുക. വിനയത്തോടെ ദൈവത്തിലേക്കു തിരിയുക. അമ്മ ഭൂമിയോടും സഹോദരങ്ങളോടും ഹൃദയം നൊന്ത് മാപ്പിരക്കുക. മടങ്ങിവരുക. ***"നീതി പ്രവർത്തിക്കുക, കരുണ കാണിക്കുക, നിന്റെ ദൈവമായ കർത്താവിന്റെ മുമ്പിൽ വിനീതനായി ചരിക്കുക"*** (മിക്കാ 6,8).

അപ്പോൾ കേൾക്കാം നാഥന്റെ സ്വരം: ***"എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ... നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ"*** (മത്താ 25, 34). അപ്പോൾ കാണാം ഒരു പുതിയ ആകാശവും പുതിയ ഭൂമിയും. കണ്ണീരും വിലാപവുമില്ലാത്ത, മരണവും വേർപാടുമില്ലാത്ത, നിത്യാനന്ദത്തിന്റെ പറുദീസാ (വെളി 21, 1-4). അതിനാൽ ഇപ്പോഴെങ്കിലും ദൈവസ്വരത്തിനു കാതോർക്കാം, ഹൃദയം തുറക്കാം, വഴിമാറാം. അതിനു കർത്താവിന്റെ കൃപ നമ്മെ പ്രാപ്തരാക്കട്ടെ. **ഈ കൊറോണയും കടന്നുപോകും. ഇതു നല്കുന്ന പാഠങ്ങൾ മറക്കാതിരിക്കാൻ ദൈവം തന്നെ കനിഞ്ഞ് അനുഗ്രഹിക്കട്ടെ!**

◆